Date of Publication: 9 നവംബർ 2018
വോള്യം 15/ലക്കം 4 / വില 20 ₹
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# പെൺപാട്ടുവഴികൾ

# സംഘടിത

സംഘടിത/ നവംബർ 2018/വോള്യം 15/ലക്കം 4





ചിത്രം കടപ്പാട് : 1850ൽ രചിക്കപ്പെട്ട തഞ്ചോർ ചിത്രങ്ങളിലൊന്ന്


പെൺപദപ്പെരുക്കം 6
**അനു പാപ്പച്ചൻ**

കറുത്ത സംഗീതത്തിലെ
കടുത്ത നിറങ്ങൾ 9
**രേണുക അരുൺ**

രണ്ടു മഹാനദികൾ 15
**സി.എസ്. മീനാക്ഷി**

കാണുന്നീലൊരക്ഷരവും
എന്റെ വംശത്തെപ്പറ്റി 22
**മീനാക്ഷി അജയകുമാർ**

പടപ്പാട്ടിന്റെ പരുക്കൻ വഴികളിലൂടെ 26
**സജിത മഠത്തിൽ**

സംഗീതം, സമരം, സഞ്ചാരം 33
**രശ്മി സതീഷ്**

നിന്നെക്കാണാൻ എന്നെക്കാളും 40
**പ്രസീദ ചാലക്കുടി**

നൂർജഹാൻ.. മെലഡിയുടെ ചക്രവർത്തി 42
**ജാനകി**

വയലാറിന്റെ പെൺപാട്ടുകൾ 44
**രേണുക പി.സി.**

അടുക്കള മുതൽ ആട്ടക്കഥ വരെ 49
**രാധാമാധവൻ**

വിവാഹത്തിലെ തെരഞ്ഞെടുപ്പുകൾ 53
അന്വേഷി കേസ് ഡയറി/**സ്മിത**

അഭയാർഥികൾ 54
കവിത/**ഗീതാഞ്ജലി കൃഷ്ണൻ**

ചരിത്രം മുന്നോട്ടു പോവുകയോ
പുറകോട്ടടിക്കുകയോ ? 55
പെൺപക്ഷം/**അജിത കെ.**

കാൽനൂറ്റാണ്ട് പിന്നിടുന്ന
അന്വേഷിക്ക് അഭിവാദ്യങ്ങൾ! 56
**സാറാ ജോസഫ്**

മീ ടൂവിൽ തകരുന്ന മുഖംമൂടികൾ 58
വാസ്തവം/**ഡോ. ജാൻസി ജോസ്**

സുനീതിയുടെ ലോകത്തേക്ക്
ഒരു എത്തിനോട്ടം 59
വഴിത്താരകൾ/**ജാനകി**

കാതറിനും നാസയും 61
ശാസ്ത്രം/**സീമാ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : പെൺപാട്ടുവഴികൾ**


**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** സി.എസ്. മീനാക്ഷി, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

അങ്ങേയറ്റം പ്രക്ഷുബ്ധമായൊരു മാസമാണ് കടന്നു പോയത്. ശബരിമലയിൽ എല്ലാ സ്ത്രീകൾക്കും പ്രായഭേദമെന്യേ പ്രവേശിക്കാം എന്ന സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നത് ഏതുവിധേനയും തടയുമെന്ന മുറവിളിയുമായി ഹിന്ദുത്വശക്തികൾ രംഗത്തെത്തി. സ്ത്രീപ്രവേശനം എന്ന 'ആചാരലംഘനം' തടയാൻ അസഭ്യവർഷം ചൊരിഞ്ഞും മുണ്ടു പൊക്കിക്കാണിച്ചും അത്യന്തം ഹീനവും ലജ്ജാകരവുമായ തന്ത്രങ്ങളാണ് ശബരിമലയുടെ സ്വയം പ്രഖ്യാപിത രക്ഷാകർത്താക്കൾ അവലംബിച്ചത്. മാധ്യമ പ്രവർത്തകരെയടക്കം ആക്രമിച്ചും മലകയറാൻ വന്ന സ്ത്രീകളുടെ വീടുകൾ പോലും തകർത്തും അവർ വിശ്വാസത്തെ രക്ഷിക്കാൻ ഒരുമ്പെട്ടു ! ഇങ്ങനെ ഭരണഘടനയെയും രാജ്യത്തെ പരമോന്നതകോടതിയുടെ തീർപ്പുകളെയും നിസ്സാരമായി തള്ളിക്കളയാൻ മുതിർന്നവരെ രാജ്യദ്രോഹക്കുറ്റത്തിനുതന്നെ ശിക്ഷിക്കേണ്ടതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന് വേറെയും. ജനാധിപത്യസഭ്യസംസ്കാര സൃഷ്ടിയിൽ കേരളം എത്രയോ ദുരാചാരങ്ങൾ തകർത്തെറിഞ്ഞിട്ടുണ്ട്! അതെല്ലാം കടുത്ത എതിർപ്പുകളെ നേരിട്ടു കൊണ്ടുതന്നെയായിരുന്നു. എന്നിട്ടും ജാതിബോധത്തെയും പുരുഷാധിപത്യജീവിതക്രമങ്ങളെയും പടിക്കു പുറത്തുനിർത്താൻ നമുക്കിനിയുമായില്ലല്ലോ എന്ന അമർഷം നിലനിൽക്കെയാണ് ഈ സംഭവവികാസങ്ങൾ. ഈ ആണധികാരപ്രകടനങ്ങൾ ദൈവത്തെയോ വിശ്വാസത്തെയോ രക്ഷിക്കാനല്ല തന്നെ. നഗ്നമായ ഹിന്ദുത്വ അധികാരഹുങ്കിന്റെയും അതിക്രമത്തിന്റെയും ചെയ്തികൾക്ക് വിശ്വാസത്തിന്റെ മുഖം നൽകി വിശ്വാസികളെ വെല്ലുവിളിക്കുന്നതായിപ്പോയി യഥാർത്ഥത്തിൽ ഈ നടപടികൾ. വിശ്വാസികളായ സ്ത്രീകളുടെ അവകാശങ്ങളെ ഉയർത്തിപ്പിടിച്ച ഈ കോടതിവിധിക്കു വേണ്ടി നിലനിന്നുകൊണ്ട് ഈ അധികാരപരിസരത്തു നിന്നും വിശ്വാസത്തെ മോചിപ്പിക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടുന്നത്.

സ്വന്തം വീട്ടിലെ പുരുഷൻമാരുടെ ആജ്ഞാനുവർത്തികളായി അവർ വിരൽഞൊടിക്കുമ്പോൾ തെരുവിലും പിന്നെ ഗൃഹാന്തർഭാഗത്തും മാറി മാറി വിന്യസിക്കപ്പെടാൻ വിധിക്കപ്പെട്ട സ്ത്രീകളുടെ നീണ്ട നിര പുരുഷാധിപത്യത്തിന്റെ പാരമ്പര്യപ്രഖ്യാപനങ്ങളുടെ അപകടകരമായ നേർക്കാഴ്ചകളായി. വഴി നടക്കാനല്ലാതെ ഒരിക്കൽ പോലും തെരുവിലിറങ്ങാത്ത സ്ത്രീകളെ മുന്നിൽ നിർത്തി സ്ത്രീവിരുദ്ധ നയങ്ങൾ നടപ്പാക്കുന്ന അത്യന്തം ഖേദകരവും ആപൽസൂചകവുമായ കാഴചയായിരുന്നു അത്. 'എന്റെ ശരീരം അശുദ്ധമാണ്, എന്റെ അവകാശങ്ങൾ തടയൂ' എന്ന് അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗത്തെക്കൊണ്ട് ഉറക്കെയും ഉറച്ചും അക്രമാസക്തമായും പ്രഖ്യാപിപ്പിക്കാൻ ഏകാധിപത്യസ്വഭാവമുള്ള പ്രത്യയശാസ്ത്രങ്ങൾക്ക് മാത്രമേ കഴിയൂ. സ്ത്രീയും പുരുഷനും വിശ്വാസിയും അവിശ്വാസിയും കമ്മ്യൂണിസ്റ്റും അല്ലാത്തവരുമൊക്കെ തമ്മിലുള്ള ദ്വന്ദ്വയുദ്ധങ്ങളായി ഈ സമരത്തെ ഒതുക്കിക്കളയാൻ അനുവദിക്കാതെ സ്ത്രീപുരുഷജനാധിപധ്യ ജീവിതത്തിനുള്ള കരുത്തുറ്റ സംഘാടനമായി ഈ സമരത്തെ ഉയർത്തിപ്പിടിക്കേണ്ടതുണ്ട് ഇനിയുമിനിയും. ശബരിമല പ്രശ്നം സുവർണ്ണാവസരമായി കാണുന്ന സവർണ്ണഫാസിസ്റ്റ് ശക്തികൾക്ക് കേരളരാഷ്ട്രീയത്തിൽ വേരോടാനുള്ള സാധ്യതകൾ ശക്തിയുക്തം ചെറുക്കേണ്ടതാണ്.

ലൈംഗികപീഡനത്തിന്റെ തിക്താനുഭവങ്ങളിലേക്ക് തള്ളപ്പെട്ടവരുടെ ജീവിതങ്ങൾ മൗനത്തിലും ആത്മഹത്യയിലുമൊക്കെ ചെന്നവസാനിക്കുന്നതിന് ശക്തമായ മാറ്റമുണ്ടാക്കിയിരിക്കുകയാണ് 'മീ ടൂ' എന്ന വെളിപ്പെടുത്തൽ പരമ്പര. വർഷങ്ങൾക്ക് മുമ്പേ സംഭവിച്ചതോ വിസ്മൃതിയിലേക്ക് അമർത്തി വെയ്ക്കാൻ ശ്രമിച്ചതോ ആണെങ്കിലും സ്വന്തം സ്വത്വത്തെ തന്നെ ഉലച്ചു കളഞ്ഞ സംഭവങ്ങൾ വെളിപ്പെടുത്തി പല പ്രമുഖരുടേയും യഥാർത്ഥ പീഡകമുഖങ്ങൾ പുറത്തു കാട്ടിയിരിക്കുകയാണ് 'മീ ടൂ'വിലെ തുറന്നുപറച്ചിലുകൾ. സ്ത്രീപക്ഷത്തുള്ളവരെന്നും പുരോഗമനവാദികളെന്നുമൊക്കെ നാം നിനച്ചവർ ഇരുളടഞ്ഞ അധികാരഭോഗതൃഷ്ണകളുടെ നടത്തിപ്പുകാരാണെന്ന തിരിച്ചറിവ് ഞെട്ടിക്കുന്നതാണ്. വെളിപ്പെടുത്തലിൽ കുറ്റാരോപിതനായ പ്രമുഖ പത്രപ്രവർത്തകനായിരുന്ന ഗൗരിദാസൻ നായരെപ്പോലുള്ളവരെയാണ് കേരളത്തിന്റെ നവോത്ഥാനപാരമ്പര്യങ്ങളുടെ കാവൽക്കാരായി നാം കരുതിപ്പോന്നത് എന്നാലോചിക്കുമ്പോൾ നമ്മുടെ 'കേരള മാതൃക'യുടെ ഭീകരത വെളിവാകും. ഇരുപത് കൊല്ലമൊക്കെ കഴിഞ്ഞ് ഇതൊക്കെ പറയുന്നതിൽ ഗൂഢാലോചന ആരോപിക്കാനേ പൊതു സമൂഹത്തിനു കഴിയുന്നുള്ളൂവെങ്കിൽ പീഡിപ്പിക്കപ്പെട്ടവളുടെ ജീവിതവഴികൾ അവർക്ക് അജ്ഞാതമാണെന്നു മാത്രമേ പറയുവാനാകൂ. തൊഴിലിടങ്ങളിൽ നിന്നുള്ള സ്വയം രാജിവെക്കൽ മാത്രമാണ് ശിക്ഷയായി ഇവർക്ക് ലഭിക്കുന്നത് എന്നതെത്ര പരിമിതമാണ് നീതിയുടെ ചക്രവാളം എന്ന് വെളിവാക്കുന്നു.

സംഗീതം മനസ്സിനെയും ശരീരത്തെയും പരിവർത്തിപ്പിക്കുന്ന ഒരു സവിശേഷ ഇന്ദ്രിയാനുഭവമാണ്. അതീന്ദ്രിയസ്വഭാവം കൈവരിക്കുന്ന മാസ്മരികതയും അതിനവകാശപ്പെടാവുന്നതാണ്. എന്നാൽ പ്രപഞ്ച സത്യങ്ങളെയും, മനുഷ്യസംസ്കാരങ്ങളെയും, ജീവിതാവസ്ഥകളെയും, സാമൂഹ്യക്രമങ്ങളെയുമൊക്കെ കുറിക്കുന്ന ഭൗതിക പരിസരങ്ങളും സംഗീതത്തിനുണ്ട്. സംഗീത ലോകങ്ങളിൽ അധികാര വിന്യാസങ്ങളുമുണ്ട്. പുരുഷലോകങ്ങളിൽ സ്വന്തം ഇടങ്ങൾ കണ്ടെത്തി ശോഭിച്ച പ്രതിഭകളുടെ 'പെൺപാട്ടുവഴികൾ' അന്വേഷിക്കുന്ന സി.എസ്.മീനാക്ഷി അതിഥി പത്രാധിപയായ ഈ ലക്കം സംഘടിത വേറിട്ട വായനാനുഭവത്തിനായി സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



സി.എസ്. മീനാക്ഷി

# പെൺപാട്ടുവഴികൾ

**പട്ട** മരങ്ങളെ തളിർപ്പിക്കുന്ന, കാട്ടുമൃഗങ്ങളെപ്പോലും മയക്കുന്ന, വാനവെളിയിലെ താരാഗണങ്ങളെ കേൾവിക്കാരാക്കുന്ന ഒരു ഗീതമതാകാറ്റിൽ എന്ന് മീര. വാക്കുകൾ കൊണ്ട് പ്രകാശിപ്പിക്കാനാവാത്ത എന്നാൽ നിശ്ശബ്ദതയിലൊതുങ്ങാത്തതെന്തോ അതാണ് സംഗീതം എന്ന് വിക്ടർ ഹ്യൂഗോ. സമ്പത്തും ഭാഗ്യവും ഒന്നിച്ചു ചേർന്നാൽ, സങ്കല്പം പോലെല്ലാം സാധിക്കുമെന്നാൽ സംഗീതമേ ജീവിതം എന്ന് തിരുനയനാർകുറിച്ചി. അപ്രകാരമെല്ലാം സമ്യക്കായിരിക്കുന്ന ഗീതവും പെൺജീവിതവും എങ്ങിനെ ലയിച്ചിരിക്കുന്നു എന്ന ഒരു അന്വേഷണമാണ് ഈ ലക്കം. ആനുകാലികങ്ങളിലും ദൃശ്യമാദ്ധ്യമങ്ങളിലും എന്നും കാണുന്ന ഗായികമാർക്കപ്പുറം സംഗീതത്തെ ആത്മാന്വേഷണവും ജീവിതോപാധിയും രാഷ്ട്രീയ പ്രവർത്തനവുമാക്കിയ ചില സവിശേഷ സംഗീത വ്യക്തിത്വങ്ങളെയാണ് ഇതിൽ പരിചയപ്പെടുത്തുന്നത്.

പാട്ടു പാടുക എന്നത് രാഷ്ട്രീയ പ്രവർത്തനമാക്കി മാറ്റിയ പി.കെ. മേദിനിയുടെ ജീവിതം കേരള ചരിത്രത്തിൽ തുടിച്ചു നിൽക്കുന്ന ഒന്നാണ്. ആ വിപ്ലവഗായികയെ പരിചയപ്പെടുത്തുന്നത് സജിതാ മഠത്തിലാണ്. അമേരിക്കയിലും ആഫ്രിക്കയിലുമടക്കമുള്ള വിദേശ രാജ്യങ്ങളിൽ വർണ്ണവെറിയെ ചെറുക്കാനും അതിനെതിരെ പാട്ടുകൾ പാടി രംഗത്തെത്തുവാനും മുതിർന്ന വിദേശ ഗായികമാരെപ്പറ്റിയുള്ള ഹൃദയസ്പർശിയായ അടയാളപ്പെടുത്തലാണ് രേണുക അരുണിന്റെ ലേഖനം.

പാട്ടിനെ പരീക്ഷണമാക്കുന്ന, പ്രതിരോധമാക്കുന്ന, ആൾക്കൂട്ടങ്ങളുടെ ലഹരിയും ആത്മാനുഭൂതിയുമാക്കുന്ന പുതുപെൺഗായികമാരുണ്ടിവിടെ. സിനിമാരംഗത്ത്, കലാശാലകളിൽ എല്ലാം ജാതിവർണ്ണ വിവേചനം ഇപ്പോഴും തുറന്നും മറഞ്ഞും പ്രവർത്തിക്കുന്നുണ്ടെന്ന് ഇവർ സാക്ഷ്യപ്പെടുത്തുന്നു. എന്നിട്ടും കഴിവും കഠിനാദ്ധ്വാനവും ആത്മവിശ്വാസവും കൊണ്ട് പെർഫോമൻസ് മേഖലയിൽ പിടിച്ചുനിൽക്കുന്ന ഇവർ പാട്ട് പിഴപ്പാക്കിയവരാണ്. അത്തരത്തിലുള്ള മൂന്നു ഗായികമാരുടെ, പുഷ്പാവതി, രശ്മി സതീഷ്, പ്രസീദ ഒരു അടയാളപ്പെടുത്തലുണ്ടിവിടെ.

ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റി വളർന്നു വന്ന കഥകളി പോലുള്ള ക്ലാസിക്കൽ കലാരൂപങ്ങളിൽ സ്ത്രീപങ്കാളിത്തം വളരെ വളരെ കുറവാണ്. ആ രംഗത്ത് മുദ്ര പതിപ്പിച്ച ആട്ടക്കഥാകൃത്തായ ശ്രീമതി രാധാമാധവനെയും പദം പാടുന്ന ശ്രീമതി ദീപ പാലനോടിനെയും ഇവിടെ പരിചയപ്പെടുത്തുന്നുണ്ട്.

ഒരു പുരുഷന്റെ ഈഗോ കാരണം വേദികൾ വിടേണ്ടി വന്ന അന്നപൂർണ്ണാദേവി ജീവിത വേദി വിട്ടൊഴിഞ്ഞത് ഇക്കഴിഞ്ഞ മാസം (ഒക്ടോബർ) പതിമൂന്നിനാണ്. പുരുഷമേധാവിത്വത്തിനോട് പട പൊരുതി തിരുവയ്യാർ ത്യാഗരാജോത്സവവേദി പിടിച്ചു വാങ്ങിയ നാഗരത്നമ്മ ആറരപ്പതിറ്റാണ്ടുകൾക്കു മുൻപ് ജീവിച്ചിരുന്ന പ്രതിഭാധനയായ ഒരു ദേവദാസിയായിരുന്നു. രണ്ടു മഹാനദികൾ എന്ന ലേഖനത്തിലൂടെ രണ്ടു ധ്രുവങ്ങളിലൂടൊഴുകുന്ന ഈ രണ്ട് സവിശേഷ ഗായികമാരെ പരിചയപ്പെടുത്തുന്നു.

പെണ്ണിനെ വസ്തുവത്ക്കരിക്കുന്ന കഥാതന്തു, അവളെ കാമക്കാചം കൊണ്ട് കാണുന്ന സിനിമാക്യാമറകൾ, പുരുഷകാമനകളെ തൃപ്തിപ്പെടുത്തുന്ന പാട്ടുകൾ ഇതൊക്കെയാണ് പഴയ മലയാളസിനിമാലോകം. ആ ലോകത്തെ ഒരു ഗാനരചയിതാവായ വയലാറിന്റെ പാട്ടുകളിലെ പെൺബിംബങ്ങളെക്കുറിച്ച് രേണുക എഴുതുന്നു. അവിഭജിതഭാരതത്തിലെ ജനപ്രിയഗായികയായ നൂർജഹാന്റെ അത്യന്തം നാടകീയമായ ഒരു ജീവിതത്തെയാണ് ജാനകി കാണിച്ചു തരുന്നത്.

ഈ പെൺപാട്ടു വഴികളിലൂടെ നിങ്ങളും സഞ്ചരിക്കുക.

(സിവിൽ എഞ്ചിനീയർ, നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ, കിൻഫ്ര, കേരള തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ ഇടങ്ങളിൽ സേവനമനുഷ്ഠിച്ചു. 'ഭൗമചാപം' എന്ന കൃതിക്ക് മികച്ച ശാസ്ത്ര കൃതിക്കുള്ള കേരള സർക്കാർ പുരസ്ക്കാരം (2017), ഭൗമ പ്രതിഭാ പുരസ്ക്കാരം (2017), ഒ.വി. വിജയൻ പുരസ്ക്കാരം (2018) എന്നിവ ലഭിച്ചു)







**അനു പാപ്പച്ചൻ**
എഴുത്തുകാരി,
മലയാള വിഭാഗം അദ്ധ്യാപിക,
വിമല കോളേജ്, തൃശ്ശൂർ

# പെൺപദപ്പെരുക്കം

**ക**ഥകളി എന്ന കലയിൽ പ്രചുരപ്രചാരമുള്ള വാഴ്ത്തുഗാഥകൾ അണിയറയിലും അരങ്ങിലും പ്രഗല്ഭരായ വിവിധ ആശാൻമാരുടെ വീരചരിതങ്ങളാണ്.ആൺ പെരുമയുടെ ഈ മഹാമേരുവിലേക്ക് ദീപ പാലനാട് എന്ന പെൺകുട്ടി നടത്തിയ കഥകളിസംഗീതയാത്രയെ, കലാചരിത്രത്തിൽ 'പെൺപദപ്പെരുക്കം' എന്നടയാളപ്പെടുത്താം. പെരിന്തൽമണ്ണയിലെ ഒരു കൊച്ചു ഗ്രാമത്തിൽ നിന്ന്, ഒരു പെൺകുട്ടി, മൂന്നു വയസ്സിലാരംഭിച്ച സംഗീതസപര്യ മുപ്പത്തിയാറാം വയസിലും അതേ തീക്ഷ്ണതയോടെ തുടരുന്നു എന്നത് നമ്മെ അദ്ഭുതപ്പെടുത്തും. കഥകളി സംഗീതമെന്ന കല ആത്മാവിൽ ചേർത്തു വെച്ച കലാകാരിയാണ് ദീപ. കഥകളി സംഗീതപ്രഗല്ഭനായ പാലനാട് ദിവാകരന്റെ മകൾക്ക് ഓർമ്മയുടെ അങ്ങേയറ്റത്തു പോലും കഥകളിപ്പദമാണ്. മൂന്നാം വയസ്സിൽ അച്ഛന് ദക്ഷിണ വെച്ചു തുടങ്ങിയ പഠനവും പരിശീലനവും ഇന്നും തുടരുന്നു.

"അച്ഛൻ പോകുന്ന വേദികളിലൊക്കെ അമ്മ എന്നെയും കൊണ്ടു പോകും. ഒരു വയസ്സു മുതൽ അമ്മയുടെ മടിയിലിരുന്ന് കളി കണ്ടിട്ടുണ്ട്. മയങ്ങിപ്പോയാലും ചെവിയിൽ പാട്ടിങ്ങനെ കേൾക്കാം. ബാല്യത്തിൽ കുറുപ്പാശാന്റ മടിയിലിരുന്ന് പാടിയതൊക്കെ ഇപ്പോഴും ഓർമ്മയുണ്ട്"

കഥകളി സംഗീതത്തിലെ അസാമാന്യ പ്രതിഭയായ ഉണ്ണികൃഷ്ണക്കുറുപ്പിന്റെ സ്വാധീനം തന്റെ പാട്ടു ജീവിതത്തിലുടനീളമുണ്ടെന്ന് ദീപ ഓർത്തെടുക്കുന്നു. ഗുരുമുഖത്തു നിന്ന് നേരിട്ടു കേട്ട് മനസ്സിലേക്ക് പകർത്തുന്ന രീതിയാണ് ദീപയ്ക്ക്. ദൈർഘ്യമേറിയ കഥകളി സാഹിത്യത്തെ ഹൃദിസ്ഥമാക്കലും തെറ്റില്ലാതെ പാടി പ്രതിഫലിപ്പിക്കലും എളുപ്പമല്ല. പക്ഷേ അതാണ് ദീപയുടെ പാട്ടിന്റെ കരുത്തും.

"പദങ്ങൾ ആത്മവിശ്വാസത്തോടെ പാടുവാൻ, മന:പാഠമാക്കൽ സഹായിക്കും. ഇക്കാലം വരെ എനിക്കൊരു പാട്ടുബുക്കില്ല, താളവും ഭാവവും പ്രധാനമാണ്. മുദ്രകൾ കണ്ട് പാടുമ്പോഴാണ് പദത്തിന് ജീവനുണ്ടാകുക."

പതിനേഴാം വയസ്സിൽ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ അനുജൻ സുദിപുമൊത്താണ് അരങ്ങേറ്റം. കഥകളിയിലെ പേരെടുത്ത ആശാന്മാരുടെ കളിക്ക് വരിക്കു വരി തെറ്റാതെ

കുചേലവൃത്തം പാടിയ അതേ ആത്മവിശ്വാസവും അഭ്യാസബലവും താളബോധവും ഏറ്റവും ഒടുവിലത്തെ വേദിയിലും അതുപോലെത്തന്നെ തുടരുന്നു.

കേരളത്തിലെ കഥകളിയരങ്ങുകളിൽ ഇരുപത് വർഷമായി ദീപയുടെ സാന്നിദ്ധ്യമുണ്ട്. കഥകളിസംഗീതം അഭിനയ സംഗീതമാണ്. അരങ്ങത്ത് അഭിനയിക്കുന്നവരുടെ/കഥാപാത്രങ്ങളുടെ അഭിനയത്തിനനുസൃതമാകണം പാട്ട്. മുദ്രകളും ഭാവാഭിനയങ്ങളും ശ്രദ്ധിച്ച് വേഷത്തിനോട് പാരസ്പര്യപ്പെടണം. പിന്നിൽ നിന്ന് നടന്റെ മുദ്രകൾ മനസ്സിലാക്കാനാകുന്നു എന്നതു തന്നെയാണ് കഥകളി ഗായകരുടെ മേന്മ. വേഷം മാത്രം നന്നായാൽ കാര്യമില്ല. പാട്ടും ചേരണം. പാട്ട് അഭിനേതാക്കളെ പിന്തുടരുന്ന/വ്യാഖാനിക്കുന്ന അപൂർവ്വ സന്ദർഭങ്ങളാണ് ഓരോ കളിയിലും നടക്കുന്നത്. പിന്നണിയിലെ ശാരീരവും അരങ്ങിലെ ശരീരവും ചേർന്നുള്ള ഈ ഒത്തിണക്കം വളരെ ക്രിയാത്മകമായി സംഭവിക്കേണ്ട കാര്യമാണ്. അസുര വാദ്യമായ ചെണ്ടയുടെ ഒച്ചയ്ക്കു മീതെ ഒരു പെൺ ശബ്ദം ശക്തിയുക്തം വേഷത്തിന് അകമ്പടി പോവുന്ന അപൂർവതയാണ് ദീപ പാടുമ്പോൾ ആസ്വാദകർ അനുഭവിക്കുന്നത്.

"നേരത്തെ പദ്ധതിയിട്ട് ഇതുപോലെ പാടണം എന്ന രീതി കഥകളിയിൽ പറ്റില്ല. നടൻ കളിക്കുന്നതിനുസരിച്ചാണ് പാട്ട്. ചിലത് വേഷക്കാർ നന്നായി വിസ്തരിക്കും. 'ഹരിണാക്ഷി'യും മറ്റും നന്നായി ഇംപ്രവൈസ് ചെയ്യുന്ന കലാകാരുണ്ട്. ചിലത് സന്ദർഭം പോലെ വെട്ടിച്ചുരുക്കും. അപ്പോൾ പാട്ടും അതുപോലാകണം. വേഷം കുറച്ച് പഠിച്ചു എന്നത് എനിക്ക് ഗുണമായിട്ടുണ്ട്. പാട്ടും വേഷവും മാത്രമല്ല, കൊട്ടും ചേരണം. 'മിന്നൽ' എന്നു അഭിനയിക്കുമ്പോൾ ആ മിന്നലിന്റെ കൊട്ട് അവിടെ വീഴണം. എന്നാലേ അതിനൊരനുഭവം വരൂ. ഇതൊരു ടീം വർക്കാണ്. എല്ലാവരും എത്ര പഠിച്ചു പരിശീലിച്ച് വന്നാലും കഥകളി ഒരു ലൈവ് പെർഫോമൻസാണ്. കളിക്കുന്ന അതേ നിമിഷങ്ങളിലാണ് കളിയുടെ സൗകുമാര്യം ഊറിവരുന്നത്."

ചേങ്ങിലയിൽ താളമിട്ട് അരങ്ങിനെ മുന്നോട്ടു കൊണ്ടു പോകുന്ന പ്രധാന ഗായകരാണ് പൊന്നാനി പാട്ടുകാർ. കഥകളിയിൽ പൊന്നാനി പാട്ടുകാരിയാണ് ദീപ. കളി തീരുവോളം താളമിട്ട് രംഗത്തെ നിയന്ത്രിക്കുന്നതിന് സിദ്ധി മാത്രമല്ല, കരുത്തുള്ള അഭ്യാസപാടവം കൂടി വേണം. ശ്രുതി തെറ്റാതെ കഥ തീരുവോളം അരങ്ങിനെ നിയന്ത്രിച്ചു കൊണ്ടുപോവുക വെല്ലുവിളി തന്നെയാണ്.



ദീപ പാലനാട്

ആൺവേഷത്തിന് പെൺപാട്ട് എന്നതും ജാഗ്രതയോടെ ചെയ്യേണ്ടി വരും. മണിക്കൂറുകൾ നീളുന്ന പ്രകടനങ്ങൾ ഉയർത്തുന്ന ശാരീരിക വെല്ലുവിളികൾ സ്ത്രീയെന്ന നിലയിൽ അതിജീവിക്കണം. കത്തി, താടി വേഷങ്ങൾക്ക് ഊർജം കൊടുത്ത് പാടി പ്രതിഫലിപ്പിക്കൽ ശ്രമകരമെന്ന് ദീപ പങ്കുവയ്ക്കുന്നു. "പുരുഷവേഷത്തിന് പുരുഷനും സ്ത്രീ വേഷത്തിന് സ്ത്രീയും പാടുന്ന രീതി പരീക്ഷിച്ചിട്ടുണ്ട്. പക്ഷേ പ്രായോഗികമല്ലയെന്നാണ് അനുഭവം. രണ്ടു ശ്രുതികളിൽ പാടേണ്ടി വരുന്നു എന്നത് ബുദ്ധിമുട്ടുണ്ടാക്കും. പക്ഷേ വീരരസപ്രധാനമായ പുരുഷ കഥാപാത്രങ്ങൾക്ക് പാടുക ഒരു ഹരമാണ്. ആസ്വാദകരിൽ ഭൂരിപക്ഷവും സ്ത്രീശബ്ദത്തെ ഇന്ന് അംഗീകരിക്കുന്നുണ്ട്. ധാരാളം ആസ്വാദകർ അവതരണത്തെ അഭിനന്ദിക്കാറുമുണ്ട്."

കലാമണ്ഡലം ഹൈദരാലിയടക്കമുള്ള പ്രഗല്ഭരായ സംഗീതജ്ഞരുടെ കൂടെ പാടിയ പെരുമയുള്ളപ്പോൾ തന്നെ ദീപ പാലനാട് എന്ന പെൺപേര് ഒറ്റക്കു തന്നെ കഥകളിയരങ്ങിൽ തലയുയർത്തി നിലനില്ക്കുന്നു.

കളിയരങ്ങിൽ മാത്രമല്ല കഥകളി സംഗീത കച്ചേരിയിലും ദീപ സജീവമാണ്. കച്ചേരിയിൽ സ്വാതന്ത്ര്യങ്ങളുണ്ട്. രാഗങ്ങളൊക്കെ ഇടയ്ക്ക് മാറ്റാം. പ്രേക്ഷകരുടെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്ന ശൈലികളൊക്കെ പരീക്ഷിക്കാം. പക്ഷേ കച്ചേരിക്കായി കഥകളി സംഗീതത്തിന്റെ ജൈവികതയെ നഷ്ടപ്പെടുത്തരുത് എന്നാണ് ദീപയുടെ പക്ഷം. കുറുപ്പാശാന്റെ ശൈലി ഉൾക്കൊണ്ടു പാടുന്നതാണ് തന്റെ സാഫല്യമെന്ന് ദീപ പങ്കുവയ്ക്കുന്നു.

"കച്ചേരിക്കു പാടുമ്പോഴും നടനെ മനസ്സിൽ കാണും. ഓരോ മുദ്രകളും ഓർമ്മിക്കും. ജനപ്രിയാഭിരുചിക്കായി ഗിമ്മിക്കുകൾ കാണിക്കാറില്ല. കർണ്ണാട്ടിക് സംഗീതവുമായി ചേർത്ത് ജുഗൽബന്ദികൾ നടത്തുമ്പോഴും കഥകളി സംഗീതത്തിന്റെ വ്യക്തിത്വം നിലനിർത്തി തന്നെയാണ് പാടാറുള്ളത്.'

ടെക്നോളജി എല്ലാ രംഗത്തുമെന്ന പോലെ കഥകളി സംഗീതത്തിലുമെത്തിയിട്ടുണ്ട്. പല ഗായകരും നല്ല ശബ്ദസംവിധാന സാങ്കേതികത വേണമെന്ന് ആവശ്യപ്പെടാറുണ്ട്. അതിൽ തെറ്റുപറയാനാവില്ല. അനായാസമായി പാടുവാനും തടസ്സമില്ലാതെ ആസ്വാദകരിലെത്താനും അത് സഹായകമാണ്. പഴയകാലത്ത് ഉച്ചസ്ഥായിയിൽ പാടിയതുപോലെ ഇപ്പോൾ ആസ്വാദകരെ കേൾപ്പിക്കാൻ പാടുപെടാറില്ല. പക്ഷേ ഏതു മാറ്റത്തിലും വ്യക്തിത്വമുള്ള ശൈലിയും തനതു സംഭാവനകളും കഥകളി പാട്ടുകാർക്ക് അധികമാനമാണ്. ഉണ്ണി



കൃഷ്ണക്കുറുപ്പ്, ശങ്കരൻ എമ്പ്രാന്തിരി, ഹൈദരാലി, വെൺമണി ഹരിദാസ് എന്നു പറയുന്ന അതേ ആവേശത്തോടെ ദീപ പാലനാട് എന്ന പേര് ഇന്ന് ഉറപ്പായും കൂട്ടിച്ചേർക്കാം.

"ഇപ്പോൾ മൈക്ക് വന്നു. കളി വിളക്കിനു മുന്നിൽ നിന്ന് കളി എ.സി ഹാളിലെത്തി. കഥകളി സംഗീതത്തെ മറ്റു ശാസ്ത്രീയ/സംഗീതധാരകളുമായി കൂട്ടിയിണക്കി അവതരിപ്പിക്കുന്ന ഫ്യൂഷൻ കൺസേർട്സ് ഒക്കെ വന്നു. പക്ഷേ കഥകളി സംഗീതത്തിന്റെ സത്ത/മൗലികത ചോർന്നു പോകാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്. പ്രേക്ഷകർ രണ്ടു തരത്തിലുണ്ട്. പരമ്പരാഗത രീതിയെ മുറുകെപ്പിടിക്കുന്നവരും പുത്തൻ പ്രവണതകളെ തേടുന്നവരും. ആസ്വാദകരെ മുഴുവൻ തൃപ്തിപ്പെടുത്തി പാടാനാവില്ല. സോഷ്യൽ മീഡിയ ഒക്കെ വന്ന ശേഷം കഥകളിക്കു കൂടുതൽ പ്രചാരം ലഭിച്ചിട്ടുണ്ട്. കൂടുതൽ ആസ്വാദകർ കളി കാണുന്നതും ചർച്ച ചെയ്യുന്നതുമൊക്കെ സന്തോഷം തരുന്നു. അതോടൊപ്പം അനാവശ്യ വിവാദങ്ങളും ഉണ്ടാകാറുണ്ട്. അത് യഥാർഥ കഥകളിയുടെ നിലനില്പിനെ ബാധിക്കാറുണ്ട് എന്നതും സത്യമാണ്."

പണത്തിനും പ്രശസ്തിക്കും വേണ്ടി ഇന്നോളം പാടിയിട്ടില്ല ദീപ എന്നതിന് ഇരുപത് വർഷവും സാക്ഷ്യം നല്കും. പല സ്ഥലങ്ങളിലും പണം വാങ്ങാതെ പാടിയ അനുഭവങ്ങളുണ്ട്. തീവ്രമായ ഇഷ്ടം കൊണ്ടു മാത്രമാണത്.

"എനിക്കിത് കേവലമൊരു വരുമാനത്തൊഴിലല്ല. കുഞ്ഞുനാൾ മുതലുള്ള മോഹം, പാഷൻ, അത് കൂടിക്കൂടി വരുന്നേയുള്ളൂ. ഡെഡിക്കേഷനാണ് എന്നെ തുടരാൻ പ്രേരിപ്പിക്കുന്നത്" പെൺകുട്ടികളുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ലക്ഷ്യങ്ങളും പാതിവഴി മുറിഞ്ഞുപോകുമ്പോൾ ദീപ വ്യത്യസ്തയാകുന്നതും ഇങ്ങനെയാണ്. കലയോടുള്ള തന്റെ സ്നേഹത്തെ കൈവിടാൻ തയ്യാറായില്ല എന്നു മാത്രമല്ല, തന്റെ പ്രതിഭയെ ജീവിതത്തിന്റെ ഭാഗം തന്നെയാക്കി മാറ്റാൻ ദീപക്കു കഴിഞ്ഞു. അഭിമാനത്തോടെ അന്തസ്സോടെ തനിക്കിഷ്ടപ്പെട്ട കലയെ ആസ്വദിച്ച് അവതരിപ്പിക്കുന്നു. കലയുടെ രാഷ്ട്രീയം കലയാണ്. അത് ആത്മാർപ്പണത്തോടെ ചെയ്ത് നിശബ്ദമായ വിപ്ലവം തന്നെയാണ് ദീപ തുടരുന്നത്.

ക്ഷേത്രവുമായി ബന്ധപ്പെട്ട എന്തിനും, അത് ആചാരാനുഷ്ഠാനങ്ങളാകട്ടെ, കലയാകട്ടെ സ്ത്രീയുടെ സാന്നിധ്യവും ഇടപെടലും ഇരുകൈ നീട്ടി സ്വീകരിക്കുന്ന ഒരു സമൂഹമല്ല നമ്മുടേത്. വിമർശനവും പരിഹാസപുച്ഛങ്ങളുമേറെയാണുതാനും. കഥകളിയരങ്ങിൽ പാടാൻ പോകുന്നത് മിക്കവാറും രാത്രിയാണ്. പുലർച്ച വരെ ചിലതു നീളും. കൂടെ വേഷക്കാരും ചെണ്ടക്കാരുമായുള്ളത് ആൺ പ്രജകളുമാകും. രാത്രി ജോലികളിൽ വ്യാപൃതരാകുന്ന സ്ത്രീകളോട് നെറ്റി ചുളിയുന്ന സമൂഹത്തിന് വലിയ മാറ്റമൊന്നും വന്നിട്ടില്ല.

"എന്റെ അനുഭവങ്ങളും വ്യത്യസ്തമല്ല. വീട്ടുകാരിലും നാട്ടുകാരിലും പെട്ടവർ പലപ്പോഴും ഇത്തരം ചോദ്യങ്ങൾ ചോദിച്ച സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. കഥകളിസംഗീതത്തിലേക്ക് സ്ത്രീകളുടെ കടന്നുവരവ് കുറയുന്നതിന് കാരണം സമൂഹത്തിന്റെ മനസ്സിനിയും പാകപ്പെടാത്തതു കൊണ്ടു തന്നെയാകണം. സ്കൂൾ കലോത്സവങ്ങൾ കഴിഞ്ഞാൽ കഥകളി സംഗീതത്തെ പെൺകുട്ടികൾ കൈവിടാറാണ് പതിവ്. എനിക്ക് എന്റെ പങ്കാളിയുടെയും (പ്രദീപ് തെന്നാട്) വീട്ടുകാരുടെയും പിന്തുണയുണ്ട് എന്നതാണ് കാര്യം. അവർ എന്നെ പിന്തുണച്ചില്ലെങ്കിൽ രാത്രി പാടാൻ പോകുന്ന എന്നെ നാട്ടുകാർ എന്ത് പറയുമെന്ന് എനിക്കൂഹിക്കാം."

കാലം മാറിയിട്ടൊന്നുമില്ല. കലാമണ്ഡലത്തിൽ കഥകളിസംഗീതത്തിൽ ഇപ്പോഴും പെൺകുട്ടികൾക്ക് പ്രവേശനമില്ല എന്നാണറിവ്. കലയുടെ മണ്ഡലത്തിൽ പെണ്ണിന് പരിമിതികളില്ല എന്നു തെളിഞ്ഞിട്ടും കലാമണ്ഡലത്തിൽ കഥകളി സംഗീതത്തിൽ പെൺകുട്ടികൾക്ക് പ്രവേശനമില്ല എന്നത് വിരോധാഭാസമാണ്. സംഗീതത്തിന് ജാതി മത ലിംഗ വേലിക്കെട്ടുകളൊന്നും തന്നെയില്ല. ദീപയുൾപ്പെടെയുള്ളവർ തരുന്ന വിജയ പാഠങ്ങളിൽ നിന്ന് തിരുത്തലുണ്ടായേ പറ്റൂ. കാരണം പ്രതികൂല സാഹചര്യങ്ങളിലും പ്രതിരോധജീവിതം കൊണ്ടാണ് അവർ മാതൃകയാകുന്നത്.

"The greatest respect an artist can pay to music is to give it life."

ദീപ അതു ചെയ്യുന്നുണ്ട്. കാലമതു രേഖപ്പെടുത്തുക തന്നെ ചെയ്യും.

■



**രേണുക അരുൺ**
കർണാടക സംഗീതജ്ഞ,
പിന്നണി ഗായിക, ഐ.ടി.
പ്രൊഫഷണൽ

# കറുത്ത സംഗീതത്തിലെ കടുംനിറങ്ങൾ

**മഴ** പെയ്യുമ്പോളൊക്കെയും തോരാതിരുന്നെങ്കിൽ എന്നായിരുന്നു എന്റെ പ്രാർത്ഥന. മഴ എനിക്ക് ഒരു രാഗം തന്നെയായിരുന്നു. പ്രത്യേകിച്ച് ഒരു ആരോഹണ അവരോഹണ നിയമം പാലിക്കേണ്ടാത്ത എന്റെ പ്രിയപ്പെട്ട രാഗം. ഹിന്ദുസ്ഥാനി കച്ചേരികളും മേഘ മൽഹറും അമൃതവർഷിണിയും കേൾക്കുമ്പോൾ മഴ അപ്പാടെ നനഞ്ഞ അനുഭൂതി എന്നെ തേടിയെത്തി. ഒരിയ്ക്കൽ എന്റെ പാട്ടുകച്ചേരി മഴ കാരണം ചെറുതായി അലങ്കോലപ്പെട്ടു. മഴയിൽ നിന്ന് രക്ഷപ്പെടുവാനായി കാണികൾ വേദിയിൽ വന്ന് നിന്നതും എനിക്ക് സന്തോഷമുള്ള ഓർമ്മയാണ്. ആ ഞാൻ മഴയെ എന്നന്നേയ്ക്കുമായി ശപിച്ചു പോയത് പ്രളയം വന്നപ്പോൾ ആണ്. പെരിയറിന്റെ തീരത്ത് താമസിയ്ക്കുന്ന എനിയ്ക്ക് ആ നടുക്കം ഒരിക്കലും മാറുമെന്ന് തോന്നുന്നില്ല. മൂന്നു നാളുകൾ കറന്റും ഇന്റർനെറ്റും ഒന്നുമില്ലാതെ മഴ നിൽക്കുവാൻ പ്രാർഥിച്ചു വെറുതെ ഇരുന്നു. ഒരു മൂളിപ്പാട്ട് പോലും പാടാനാവാത്ത ദിവസങ്ങൾ. മഴ നിന്നപ്പോൾ ആണ് ആ വാർത്ത അറിഞ്ഞത്. അറീത്താ ഫ്രാങ്ക്ളിൻ ഇനിയില്ല. 'Amazing Grace' എന്ന അവരുടെ പാട്ട് പോലെ തന്നെ അത്യധികം 'Grace' നിറഞ്ഞ അറുപത് വർഷങ്ങൾ നീണ്ട സംഗീത യുഗം അവസാനിച്ചു.

### സോൾ സംഗീതത്തിന്റെ രാജ്ഞി

"Queen of Soul" എന്നാണ് അറീത്തയെ ലോകം വിളിച്ചത്. അവരുടെ സംഗീതത്തിലൂടെ നമ്മേ അവർ സുഖപ്പെടുത്തി എന്ന് ഒബാമയെ പോലുള്ള ലോകനേതാക്കന്മാർ അത്ഭുതത്തോടെ



അറീത്താ ഫ്രാങ്ക്ളിൻ

അനുസ്മരിച്ചു. അറീത്തയുടെ ശബ്ദത്തിൽ നിറഞ്ഞിരുന്നു അമേരിക്കയുടെ ചരിത്രം - ഇരുട്ടും വെളിച്ചവും വേദനയും അധികാരവും ഇടകലർന്ന അമേരിക്കൻ ചരിത്രം. ബരാക് ഒബാമയ്ക്കായി വൈറ്റ് ഹൗസിൽ അറീത്താ ഫ്രാങ്ക്ളിൻ 'You make me feel like a Natural Woman' പാടിയപ്പോൾ അദ്ദേഹം സാധാരണ കേൾവിക്കാരനായി ഇരുന്നു കണ്ണീരണിഞ്ഞു. ഒരു തലമുറയുടെ തന്നെ ഗാനം ആയിരുന്നു 'You make me feel like a Natural Woman'. ഇന്നും അന്താരാഷ്ട്ര വനിതാ ദിനത്തിന് ലോകമമ്പാടും കേൾപ്പിക്കുന്ന പാട്ട്. സ്ത്രീത്വത്തിന്റെ ശക്തിയെ കുറിച്ച് അറീത്ത പാടുമ്പോൾ ആ ശബ്ദം ശക്തി ആയി മാറുന്നു. 'Voice Modulation Technique' അത്രയ്ക്കും പ്രാവീണ്യത്തോടെ ഉപയോഗിച്ച ഗായകർ ഉണ്ടോ എന്ന് സംശയം ആണ്. ഇതേ ഗാനത്തിൽ തന്നെ 'When my soul was in the lost



നീന സിമോൺ

and found' എന്ന വരിയിൽ ആ ശബ്ദത്തിൽ നൈരാശ്യവും ഇച്ഛാഭംഗവും നിറയുന്നു. 'No longer doubtful of what I am living for' എന്ന് പാടി നിർത്തുമ്പോൾ ശബ്ദത്തിന് അത്രയ്ക്കും കരുത്തുണ്ട്. ഗോസ്പൽ സംഗീതത്തിൽ നിന്നും ആരംഭിച്ച അവരുടെ കരിയറിലെ ഏറ്റവും മികച്ച ഗാനങ്ങളിൽ ഒന്നാണ് 'I say a little prayer'. പുഴയിലെ വെള്ളത്തെ തൊട്ട് നനഞ്ഞ കാറ്റ് പോലെ നനവാർന്ന ശബ്ദത്തിൽ അവർ ആലപിച്ച ഗോസ്പൽ ഗാനങ്ങൾ എത്ര അശരണർക്കു പ്രതീക്ഷയേകി. 'Young, Gifted and Black' എന്ന ആൽബത്തിലൂടെ (1972) അവർ കറുപ്പിന്റെ രാഷ്ട്രീയത്തെ കൃത്യം ആയി അവതരിപ്പിച്ചു. ഈ ആൽബത്തിലെ 'ഹൈലൈറ്റ്' എന്ന് പറയാവുന്ന 'Young, Gifted and Black' എന്ന ഗാനം എഴുതിയത് ഗായിക നീന സിമോൺ ആണ്. ആ കാലയളവിലെ എല്ലാ സംഗീതജ്ഞരും തങ്ങളുടെ സമകാലികരുടെ പാട്ടുകൾ സ്വന്തം പതിപ്പായി ഇറക്കിയിട്ടുണ്ട്. നീന സിമോൺ എന്ന അതുല്യ ഗായികയ്ക്ക് ബില്ലി ഹോളിഡേയ് എന്ന ഗായികയുടെ ഗാനം പുനരാവിഷ്ക്കരിക്കുന്നതിൽ അഭിമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. 'Good Morning Heartache' എന്ന ബില്ലി ഹോളിഡേ ഗാനം എല്ലാ ഫിറ്റ്സ്ജെറാൾഡ് സ്വന്തം ശബ്ദത്തിൽ അവതരിപ്പിച്ചു. കൊടുക്കൽ വാങ്ങലുകളിൽ നിന്നും കലർപ്പുകളിൽ നിന്നും സംഗീത ശാഖകൾക്ക് വ്യക്തതയും മുന്നേറ്റവും സംഭവിച്ചു.

**'ബ്ലൂ' പൈതൃകവും 'ബ്ളാക്' ഗായികമാരും**

അറീത്താ ഫ്രാങ്ക്ളിൻ പാട്ടിലൂടെ സൃഷ്ടിച്ച വിപ്ലവത്തെ കുറിച്ച് അവരുടെ മരണശേഷം അത്യധികം ആദരവോടെയും കൗതുകത്തോടെയും ഞാൻ വീണ്ടും കേട്ടു, വായിച്ചു. 'മദർ ഓഫ് ബ്ലൂസ്' എന്ന് വിളിക്കപ്പെട്ട 'Ma Rainey' മുതൽ നൂറു വർഷങ്ങൾക്കിപ്പുറം തങ്ങളുടെ ശബ്ദം നിലനിർത്തുന്ന 'കറുത്ത ഗായികമാർ' സംഗീതത്തിന്റെ മാത്രം ചരിത്ര രേഖകളിൽ ഒതുങ്ങുന്നില്ല. ആഫ്രിക്കൻ അടിമകളുടെ ചരിത്രത്തിന്റെ അത്രയും തന്നെ പഴക്കം ഉണ്ട് ആഫ്രിക്കൻ അമേരിക്കൻ സംഗീതത്തിനും. പണിസ്ഥലങ്ങളിൽ ആഫ്രിക്കൻ അടിമകൾ പിരിമുറുക്കങ്ങൾക്ക് അല്പം അയവു വരുത്തുവാനും വിനോദത്തിനും വേണ്ടി ഉണ്ടാക്കിയ സംഗീതം ആണ് പിന്നീട് ബ്ലൂസ്, ഗോസ്പൽ മ്യൂസിക്, ജാസ്, റിഥം & ബ്ലൂസ്, കൺട്രി മ്യൂസിക് എന്നീ ശാഖകൾ ആയി പന്തലിച്ച് റോക്ൻ റോളിലും റാപ്പിലും ഒക്കെ എത്തി നിൽക്കുന്നത്. 1929 ൽ പുറത്തിറങ്ങിയ 'St Louis Blues' എന്ന ചലച്ചിത്രത്തിലെ നായിക ബെസ്സി സ്മിത്ത് ബ്ലൂസ് സംഗീതത്തിന്റെ ചക്രവർത്തിനി എന്നറിയപ്പെട്ടു. 'Bisexuality' പോലുള്ള സങ്കീർണ്ണ വിഷയങ്ങൾ വരെ അവരുടെ പാട്ടുകളിൽ കടന്നു വന്നു. നൂറു വർഷങ്ങൾക്ക് മുൻപുള്ള കാര്യമാണ്. അപകടത്തിൽ പെട്ട് ഗുരുതരമായി പരിക്കേറ്റ ബെസ്സി സ്മിത്തിനെ വെള്ളക്കാരുടെ ആശുപത്രിയിൽ കയറ്റിയില്ല. മണിക്കൂറുകൾക്ക് ശേഷം ആഫ്രോ അമേരിക്കൻ ആശുപത്രിയിൽ അവരെ എത്തിക്കുമ്പോൾ മരണം സംഭവിച്ചു കഴിഞ്ഞിരുന്നു. അടിമത്തം ഒക്കെ വ്യാപകമായിരുന്ന അക്കാലത്ത് പെണ്ണിന്റെ അവകാശങ്ങൾ എന്നത് ലോകം ആലോചിക്കുവാൻ തുടങ്ങുന്നതേയുള്ളൂ. അവിടെയാണ് സംഗീതത്തിന്റെ രാജ്ഞിയും ചക്രവർത്തിനിയും ഒക്കെ ഇരിപ്പിടം നേടിയെടുക്കുന്നത്. കറുത്ത വർഗ്ഗക്കാരെ എന്നും ബ്ലാക്ക് എന്ന് തന്നെ ആണ് ലോകത്തിന്റെ സംബോധന. അമേരിക്കൻ പ്രസിഡന്റ് കറുത്ത വർഗ്ഗത്തിന്റെ പ്രതിനിധി ആകുമ്പോൾ ലോകത്തിനത് ബ്ലാക്ക് പ്രസിഡന്റ് ആണ്. അതേ അളവുകോലിൽ അളക്കുന്ന സംഗീതം ബ്ലാക്ക് സംഗീതവും. സാമ്രാജ്യ ശക്തി തന്നെ ആയ അമേരിക്കയിൽ കറുത്ത വർഗ്ഗക്കാരികളായ പാട്ടുകാരികൾക്ക് എന്തെല്ലാം ചെയ്യുവാനായി എന്നത് സംഗീതത്തിലെ ഇതര വിഭാഗങ്ങൾക്ക് (Genres) ഉണ്ടായ പുരോഗതിയിൽ മാത്രം ഒതുങ്ങുന്നില്ലല്ലോ. സിവിൽ റൈറ്റ്സ് മൂവ്മെന്റ് മുതൽ എത്രയോ സമരങ്ങളിൽ അവർ സംഗീതം കൊണ്ട് ഇടപ്പെട്ടു. അതിൽ ഭൂരിഭാഗം പാട്ടുകളും ആ ഗായികമാർ അവരുടെ അനുഭവത്തിൽ നിന്നും എഴുതിയവ ആണ്. കൂർത്ത പരിഹാസവും കറുത്ത ഹാസ്യവും ലാക്കാക്കിയ പാട്ടുകളിൽ തന്നെ വാക്കുകൾ പൂക്കളും ആകുന്നുണ്ട്. റോക്ൻ റോൾ സംഗീതത്തിന്റെ ഗോഡ് മദർ എന്നറിയപ്പെട്ട സിസ്റ്റർ റോസറ്റ തോർപ്പേ, ഇലക്ട്രിക്ക് ഗിറ്റാർ വായിച്ചു അനായാസേന പാടുന്നതിൽ സ്വാധീനിക്കപ്പെട്ട ഗായകൻ ആണ് എൽ

വിസ് പ്രിസ്‌ലി, ഓപ്പറ ഗായിക മരിയൻ ആൻഡേഴ്സൺ, ആറ് ഗ്രാമി പുരസ്ക്കാരം നേടിയ നാറ്റലി കോൾ തുടങ്ങി എത്രയോ പാട്ടുകാരികൾ ഈ കറുത്ത വിപ്ലവത്തിൽ നിറങ്ങൾ കലർത്തി, ആലാപനം കൊണ്ട് കരുത്തേകി. വെളുപ്പിനെന്നും അധീശ ഭാവവും കറുപ്പിന് അടിമത്തത്തിന്റെ ദൈന്യതയും എന്ന പൊതുബോധത്തെ പൊളിച്ചടുക്കുവാനായി അവർ വേദികളിൽ നിറപ്പകിട്ടാർന്ന വസ്ത്രങ്ങൾ ധരിച്ചു. വെളുപ്പും കറുപ്പും മാത്രമായാൽ മഴവില്ല് കണ്ടാൽ നിങ്ങൾ എങ്ങനെ ആനന്ദിക്കും ഹാ ലോകമേ എന്ന് അവർ ഉച്ചത്തിൽ പാടി കൊണ്ടേയിരുന്നു.

**നാല് പെണ്ണുങ്ങൾ**

My skin is black
My arms are long
Strong enough to take the pain
inflicted again and again
What do they call me
My name is AUNT SARAH
What do they call me
My name is SAFFRONIA
What do they call me
My name is SWEET THING
What do they call me
My name is SWEET THING
What do they call me
My name is PEACHES

നീന സിമോൺ എന്ന കറുത്ത വർഗ്ഗക്കാരി ആയ ഗായികയുടെ ഏറ്റവും മികച്ച ഗാനങ്ങളിൽ ഒന്നാണ് 'Four Women'. ആഫ്രിക്കൻ വംശജരായ നാല് പെണ്ണുങ്ങളെ കുറിച്ചുള്ള പാട്ട്. ആന്റി സാറാ എന്ന അടിമ ഇന്ന് വൃദ്ധ ആയി കഴിഞ്ഞു. സഫ്രോണിയ എന്ന കഥാപാത്രത്തിനാകട്ടെ തന്റെ വംശം കറുപ്പോ വെളുപ്പോ എന്ന് സംശയം ആണ്. വെളുത്തവനാൽ ബലാൽസംഗം ചെയ്യപ്പെട്ട കറുത്ത വർഗക്കാരി അമ്മയ്ക്ക്  ജനിച്ച മകൾ. കറുപ്പിനും വെളുപ്പിനും മദ്ധ്യേ എവിടെയോ നിൽക്കുന്ന ഒരുത്തി. 'സ്വീറ്റ് തിങ്' എന്നത് ആ വേശ്യയെ ഇടപാടുകാർ വിളിക്കുന്ന പേര്. അവൾക്കു പേര് പോലുമില്ല. പീച്ചസ് ആകട്ടെ അടിമകളുടെ മകൾ. അവൾ വളരെ മര്യാദകെട്ട രീതിയിൽ ആണ് പെരുമാറ്റം. പാട്ടിന്റെ അവസാന വരിയിൽ 'പീച്ചസ്' എന്ന് നീന സിമോൺ പാടുകയല്ല, തുപ്പുകയാണ്. ആ കാലഘട്ടത്തിലെ കറുത്ത വർഗക്കാരികൾക്കു സമൂഹത്തിൽ കിട്ടിയിരുന്ന സ്ഥാനം ഇതാണെന്നുള്ള  നിരൂപണപരമായ ആഖ്യാനം ആണ് 'ഫോർ വിമൻ' എന്ന പാട്ട്. വളരെ ലളിതമായ സംഗീതം. യാതൊരു വെച്ചുകെട്ടലും പളപളപ്പും ഇല്ലാത്ത പാട്ട്. കറുത്ത വർഗ്ഗക്കാരനു  വേണ്ട അഭിമാന ബോധത്തെ കുറിച്ച് നിരന്തരം കവിത എഴുതിയ ലാങ്സ്റ്റൻ ഹ്യൂഗ്സിന്റെ 'Harlem Sweeties" എന്ന കവിതയോട് ചേർത്തു നിർത്താവുന്ന രചന ആണ് 'ഫോർ വിമൻ'. കറുത്ത വർഗ്ഗക്കാരികളുടെ സൗന്ദര്യത്തെ ബ്രൗൺ ഷുഗർ, പീച്ചസ്, കാരമൽ, വാൾനട്ട് എന്നിവയോടൊക്കെ കവി അഭിമാനപൂർവ്വം ഉപമിക്കുന്നുണ്ട്. കറുത്ത പെണ്ണുങ്ങളുടെ വീര്യത്തേയും ധൈര്യത്തേയും കുറിച്ചുള്ള ആഘോഷം ആണ് 'Harlem Sweeties". വെളുപ്പിലും മീതെ തന്നെ അല്ലേ കറുപ്പിന്റെ കരുത്ത് എന്ന് കവി വരികളിൽ ഒളിപ്പിക്കുന്നുണ്ട്. ഫോർ വിമൻ എന്ന പാട്ടിൽ ആകട്ടെ കറുത്ത ഹാസ്യം മികവോടെ മിഴിഞ്ഞു നിൽക്കുന്നു.

Oh but this whole country is full of lies
You're all gonna die and die like flies
I don't trust you any more

Why don't you see it
Why don't you feel it

You don't have to live next to me
Just give me my equality

സിമോണിന്റെ തന്നെ 'Mississippi Goddam' എന്ന പാട്ടിലെ വരികൾ അസ്ഥിയും തുളച്ചു അകത്ത് ചെന്നെത്തും, തലയ്ക്കുള്ളിൽ മൂളലുകൾ കേട്ടേയ്ക്കും. അത്രയ്ക്കും അസ്വസ്ഥത ഉണ്ടാക്കുന്ന ഈ പാട്ട് നീനയുടെ പ്രതികരണം ആണ്. സിവിൽ റൈറ്റ്സ് ആക്ടിവിസ്റ്റ് മെഡ്ഗർ ഈവെസ്റിന്റെ കൊലപാതകത്തിനും അലബാമയിലെ പള്ളി സ്ഫോടനത്തിൽ കൊല്ലപ്പെട്ട നാല് പെൺകുട്ടികൾക്കും വേണ്ടിയുള്ള ശബ്ദം. 'Just give me my equality' എന്ന വരിയ്ക്ക് എല്ലാ കാലത്തും പ്രസക്തിയുണ്ടല്ലോ.

""In the whole world you know / There are a billion boys and girls / Who are young, gifted and black / And that's a fact!" സിമോണിന്റെ എല്ലാ ഗാനങ്ങളും അവർ എഴുതിയതല്ല. എന്നാൽ എഴുതിയ ഗാനങ്ങളിൽ ഏറ്റവും മികച്ചതെന്ന് നിസ്സംശയം പറയാവുന്ന ഗാനം. അനേകം തലമുറകളിലെ കറുത്ത കുഞ്ഞുങ്ങൾക്ക് ആത്മവിശ്വാസം പകരാൻ ഈ ഒരൊറ്റ പാട്ട് മതിയാകും. നീന സിമോണും അറീത്താ ഫ്രാങ്ക്ളിനുമൊക്കെ മികച്ച പിയാനിസ്റ്റുകളും ആയിരുന്നു. സ്റ്റെയ്ജിൽ പിയാനോ വായിച്ചു പാടുമ്പോൾ പാട്ടിന്റെ മധ്യ ഭാഗത്ത് വെച്ച് ശ്രുതി മാറ്റുകയും ഒപ്പം ഗോസ്പൽ, ഫോക്ക് തുടങ്ങിയ ശൈലികൾ ജാസ് മ്യൂസിക്കിൽ തുന്നി ചേർക്കുകയും ചെയ്തു. 'Live Improvisation' ൽ വിദഗ്ദ്ധ ആയിരുന്നു സിമോൺ.

**മാക് ദ് നൈഫ്**

Oh Bobby Darin and Louis Armstrong
They made a record, oh but they did
And now Ella, Ella, and her fellas
We're making a wreck, what a wreck of Mack the Knife"



എല്ലാ ഫിറ്റ്സ്ജെറാൾഡ്



ജാസ് മ്യൂസിക്കിലെ ക്ലാസിക് ആയ ഗാനം ആണ് 'മാക് ദ് നൈഫ്'. പാട്ടിനെ പോപ്പുലർ ആക്കിയത് ലൂയി ആംസ്ട്രോങ് എന്ന വല്യ പാട്ടുകാരൻ. ബോബി ഡാരിൻ ഇതേ ഗാനത്തിന് ഗ്രാമി നേടി. ഒട്ടു മിക്ക ഗായകരും പുനരാവിഷ്കരിച്ച ഗാനം. എല്ലാ ഫിറ്റ്സ്ജെറാൾഡ് എന്ന അമേരിക്കൻ ജാസ് ഗായിക 1960 ൽ ഇതേ ഗാനം ബെർലിനിലെ സ്റ്റെയ്ജിൽ അവതരിപ്പിച്ചപ്പോൾ വരികൾ മറന്നു പോയി. വായിൽ തോന്നിയ പോലെ പാടിയ വരികൾ കാണികളെ ആവേശത്തിലാഴ്ത്തി. ഈ പ്രകടനത്തിന് ഗ്രാമി അവാർഡും അവർക്ക് ലഭിച്ചു. എല്ലയ്ക്കു തോന്നിയ പോലെ പാടിയ വരികളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആ തോന്ന്യവാസത്തിലെ കവിതയോ ? ഒരു 'ബീറ്റ്' പോലും തെറ്റാത്ത ആ കണിശതയോ? കാണികളെ ചിരിപ്പിച്ച കുസൃതിയോ? ആ പ്രതിഭയ്ക്ക് മുൻപിൽ നമിച്ചു പോകും. കലയിൽ കുറച്ചെങ്കിലും കൗശലം കലരുമല്ലോ, പ്രത്യേകിച്ചും രംഗാവതരണം എന്നതിൽ കൗശലം ആവശ്യം തന്നെ. എല്ലാ ഫിറ്റ്സ്ജെറാൾഡിന്റെ മാനേജർ നോർമൻ ഗ്രാൻസ് പിന്നീട് വെളിപ്പെടുത്തിയിരുന്നു ബെർലിനിലെ ആ മറവി ഒരു പദ്ധതി ആയിരുന്നു! മാക് ദ നൈഫ് എന്ന ഗാനത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ജർമ്മനി എന്ന രാജ്യവുമായുള്ള ബന്ധം തെളിഞ്ഞു വരും. ബെർത്തോളിത്ത് ബ്രെക്റ്റിന്റെ ത്രീ പെന്നി ഓപ്പറയിലെ കഥാപാത്രം ആണ് മാക് ദ് നൈഫ്. 1933 ൽ ആണ് ജർമ്മൻ ഭാഷയിൽ നിന്നും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ മാക് ദ് നൈഫ് അമേരിക്കയിലെത്തുന്നത്. വളരെ വേഗം പ്രചാരത്തിലായ ആ ഓപ്പറ ഗാനത്തെ ജാസ് ഗായകർ അവരുടേതാക്കി. ഒരു ഡസൻ ഗായകരെങ്കിലും അത് തങ്ങളുടെ രീതിയിൽ അവതരിപ്പിച്ചു. മാക് ദ നൈഫ് കേട്ട് ലോകം ഏറ്റവും ചിരിച്ചത് എല്ലാ പാടിയപ്പോൾ ആകണം. നോർമൻ ഗ്രാസ് വെറും ഒരു മാനേജർ ആയിരുന്നില്ല, മ്യൂസിക് പ്രൊഡ്യൂസറും മെന്ററും ഒക്കെ ആയിരുന്നു. 1955 ൽ ഹ്യൂസ്റ്റണിലെ ഒരു വേദിയ്ക്ക് പിന്നിലെ ബാത്റൂമുകളെ വേർതിരിച്ചിരുന്ന 'വൈറ്റ്', 'നീഗ്രോ' എന്ന ബോർഡ് നോർമൻ ഗ്രാൻസ് എടുത്തു മാറ്റുകയുണ്ടായി. ഇരച്ചെത്തിയ പോലീസ് എല്ലയെയും കൂട്ടരെയും അറസ്റ്റ് ചെയ്തു. അറസ്റ്റിനു വന്ന പോലീസുകാരിൽ ഒരാൾ എല്ലയോട് ഓട്ടോഗ്രാഫിനായി അഭ്യർത്ഥിച്ചു! ജൂത കുടിയേറ്റക്കാരുടെ പുത്രൻ ആയിരുന്ന നോർമൻ ഗ്രാൻസ് അമേരിക്കൻ സിവിൽ റൈറ്റ്സ് പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തിരുന്നു. 'Into Each Life Some Rain Must Fall" എല്ലയുടെ മികച്ച ഗാനങ്ങളിൽ ഒന്നാണിത്. വെൽവെറ്റ് പോലെ മാർദ്ദവം ഉള്ള ശബ്ദവും അസാമാന്യ റേഞ്ചും ആണ് എല്ലാ ഫിറ്റ്സ്ജെറാൾഡിന്റെ ആലാപനത്തിന്റെ എടുത്തു പറയേണ്ട പ്രത്യേകതകൾ. 'But Not for Me" എന്ന ഗാനത്തിൽ നിറയുന്നത് ശോകം മാത്രമാണ്. പാട്ടിനു കൂട്ട് ഒരു പിയാനോ മാത്രം. 'Lady is the Tramp" എന്ന പാട്ടിൽ പ്രസിദ്ധ ഗായകൻ ഫ്രാങ്ക് സിനാട്രയും ശബ്ദം നൽകിയിരിക്കുന്നു.

**"സ്ട്രെയ്ഞ്ച് ഫ്രൂട്ട്"**

നൂറ്റമ്പത് വർഷങ്ങൾ കൊണ്ട് നാലായിരത്തോളം ആഫ്രിക്കൻ അമേരിക്കക്കാരെ,കറുത്ത വർഗക്കാരെ കൊന്നു കളഞ്ഞതിന്റെ ചരിത്രം ഒരൊറ്റ പാട്ടിൽ തെളിയുകയാണ്. ബില്ലി ഹോളിഡേയ് എന്ന ഗായിക വിചിത്രമായ ഒരു പഴത്തിന്റെ

വിത്തുകൾ പാകിയപ്പോൾ മുളച്ചത് ഒരു നാടിന്റെ നാണം കെട്ട ചെയ്തികളത്രയും ആയിരുന്നു. 1930 ൽ അമേരിക്കയിലെ ഇന്ത്യാനയിൽ അബ്രഹാം സ്മിത്ത്, തോമസ് ഷിപ്പ് എന്നീ രണ്ട് യുവാക്കളെ ജനക്കൂട്ടം കൈയേറ്റം ചെയ്യുകയും വധിക്കുകയും ചെയ്യുന്നു. തലേന്ന് ഇവരെ മോഷണം, കൊല പാതകം, ബലാൽസംഗം എന്ന കുറ്റം ആരോപിച്ചു ജയിലിൽ അടച്ചിരുന്നു. ആയിരങ്ങൾ സ്റ്റേഷൻ ആക്രമിച്ചു ഈ യുവാക്കളെ കൈകാര്യം ചെയ്തു കൊന്ന് കെട്ടി തൂക്കി. എയ്ബെൽ മീറോപോൾ എന്നൊരു ജൂത അദ്ധ്യാപകൻ ആ ചിത്രം കണ്ട് വേദന സഹിക്കാൻ വയ്യാതെ എഴുതിയ ഗാനം ആണ് 'സ്ട്രെയ്ഞ്ച്ഫ്രൂട്ട്'. കരിഞ്ഞ മാംസത്തിന്റെ ദുർഗന്ധം, തൂങ്ങിയാടുന്ന കറുത്ത ശരീരങ്ങൾ പോലുള്ള തീക്ഷ്ണമായ ബിംബങ്ങൾ മീറോ പോൾ വരികളിൽ വരച്ചു ചേർത്തപ്പോൾ അതിലും തീക്ഷണമായ ആലാപനം കൊണ്ട് ബില്ലി ഹോളി ഡേയ് നമ്മെ നടുക്കി കളയുന്നു. അമേരിക്കൻ



ബില്ലി ഹോളിഡേയ്

സെനറ്റിലേയ്ക്ക് ഈ ഗാനം അയച്ചു കൊടുക്കു ന്നത് ന്യൂയോർക് തിയേറ്റർ ആർട്സ് കമ്മിറ്റി ആണ്. 'Anti Lynching' ബിൽ പിൽക്കാലത്ത് കോൺഗ്രസ്സ് നടപ്പിലാക്കിയതിനു വരെ ഈ പാട്ട് കാരണമായി. വെളുത്ത വർഗ്ഗക്കാരുടെ ഇടയിൽ ഈ ഗാനം ശ്രദ്ധിക്കപ്പെട്ടതേയില്ല. ആൾക്കൂട്ട വിചാരണയും കൊലപാതകവും ഒക്കെ ഭൂരിപക്ഷം വെളുത്തവർഗ്ഗക്കാർക്കും ഒരു വിനോദം മാത്രമായി രുന്നുവല്ലോ. ബില്ലി ഹോളിഡേയ് ആണ് 'വെളുത്ത' ഓർക്കസ്ട്രയ്ക്കൊപ്പം ആദ്യമായി പരിപാടി അവതരിപ്പിച്ച കറുത്ത സംഗീതജ്ഞ. 'Ooh, what a little moonlight can do to you ' എന്ന ബില്ലി ഹോളിഡേയുടെ ഗാനം ആണ് ഇന്നും ജാസ് സംഗീതത്തിന്റെ അളവുകോൽ. ജാസ്സ് ജീനിയസ് എന്ന് പേര് കിട്ടിയ ഒന്നാന്തരം ഗായിക. തന്നെ ഏറ്റവും സ്വാധീനിച്ച ഗാനങ്ങളിൽ ഒന്ന് സ്ട്രെയ്ഞ്ച് ഫ്രൂട്ട് ആണെന്ന് ബോബ് ഡിലൻ പറഞ്ഞിട്ടുണ്ട്. ഫ്രാങ്ക് സിനാട്ര അവരുടെ ഉച്ചാരണ ശുദ്ധിയിൽ അത്ഭുതപ്പെട്ടു. 'Billies Blues', 'I gotta right to sing the Blues' തുടങ്ങിയ ഗാനങ്ങൾ ബ്ലൂസ് പാഠ പുസ്തകം തന്നെയാണ്.

എന്നാൽ ബന്ധങ്ങളിൽ അധിക്ഷേപങ്ങൾ മാത്രം അനുഭവിക്കേണ്ടി വന്ന അവരുടെ ജീവിതം അത്യധികം പ്രക്ഷുബ്ധമായി. ആ സംഘർഷങ്ങ ളൊക്കെയും പാട്ടുകളിൽ അവർ പ്രതിഫലിപ്പി ക്കുകയും ചെയ്തു. മയക്കുമരുന്ന് കൈവശം വെച്ചതിനും വ്യഭിചാരത്തിനും ജയിൽവാസം വരെ അനുഭവിച്ചു. 'T'ant nobodys business I do' , 'This years kisses' , 'Mean to me' തുടങ്ങിയ ഗാന ങ്ങൾ അവരുടെ ആത്മാവിഷ്ക്കാരം തന്നെയാണ്. ദാരിദ്ര്യം, പ്രണയം തുടങ്ങിയ വാക്കുകൾ ഏറ്റവും മികവോടെ ആലപിക്കുന്നത് താനാണെന്നുള്ള പ്രശംസ എത്ര വിചിത്രം എന്ന് അവർ അന്തംവിട്ടു. വെളുത്തവർ മാത്രമുള്ള ഓർക്കസ്ട്രയിൽ പാടി പ്പിച്ചു എന്നത് ബഹുമതി തന്നെ യെങ്കിലും യാത്രാവേളയിൽ മൂത്ര പ്പുര സൗകര്യങ്ങൾ പോലും ലഭി ക്കാതെ റോഡുവക്കത്ത് അഭയം തേടേണ്ടി വന്ന പോലുള്ള നിര വധി അപമാനങ്ങൾ അവർ നേരിട്ടു. അവരുടെ അച്ഛന് കറുത്തവൻ ആയതു കൊണ്ട് മാത്രം ചികിത്സ നിഷേധിക്കപ്പെടുകയും മരിക്കു കയും ചെയ്തതും അവർക്ക് വേദനയും അമർഷവും മാത്രം നൽകി. വളരെ ചെറുപ്പത്തിൽ അവർ മരിച്ചു. അസുഖ ബാധിത യായി ആശുപത്രിയിൽ കിടക്കു മ്പോഴും ഹെറോയിൻ ഉപയോഗ ത്തിന് പോലീസ് അറസ്റ്റ് ചെയ്യുകയുമുണ്ടായി. മരണശേഷം എത്രയോകാലം കഴിഞ്ഞപ്പോൾ നൂറ്റാണ്ടിന്റെ ഗായിക ആയി ടൈം മാഗസിൻ തിരഞ്ഞെടുത്തത് ബില്ലി ഹോളിഡേയെയാണ്. കാലം കാത്തു സൂക്ഷിച്ച നീതി.

**ലെമണേയ്ഡ്/ട്രാൻസ്-ഫോർമേഷൻ**

'If life gives you Lemons, make Lemonade' എന്നല്ലേ ബിയോൺസെ എന്ന പാട്ടുകാരി ലെമണേയ്ഡ് എന്ന ആൽബത്തിലൂടെ തരുന്ന ലളിതമായ സന്ദേശം എന്ന് ഒറ്റകേൾവിയിൽ എനിയ്ക്ക് അനുഭവപ്പെട്ടു. അപ്പോൾ ഫോർമേഷൻ എന്ന പാട്ടിലെ ദൃശ്യങ്ങൾക്ക് എന്താണിത്ര



ബിയോൺസെ

അസാധാരണത്വം എന്ന് ഞാൻ തല പുകച്ചു. പ്രകോപനപരമായ ദൃശ്യങ്ങൾ. 'I like my baby hair, with baby hair and afros, I like my negro nose with Jackson Five nostrils' എന്ന വരികളിൽ ഒക്കെ തികഞ്ഞ പരിഹാസം. എന്റെ വലിയ മൂക്കിനെ കുറിച്ചുള്ള അപകർഷത ഇന്നവസാനിച്ചു എന്ന് നിരവധി സെലിബ്രിറ്റികൾ ഈ പാട്ട് കേട്ടിട്ട് ടിറ്ററിൽ കുറിച്ചു. പാട്ടിന്റെ വരികളും ദൃശ്യങ്ങളുടെ ആശയത്തെയും കുറിച്ചു കൂടുതൽ ചികഞ്ഞപ്പോൾ ആണ് ബിയോൺസെ തന്റെ മകൾ ബ്ലൂ ഐവിയെ വീഡിയോയിൽ കൊണ്ട് വന്നതും മറ്റൊരു മറുപടിയാണ് എന്നെനിയ്ക്ക് മനസ്സിലാകുന്നത്. ആ കുഞ്ഞിന്റെ മുടിയുടെ നിറത്തെ കുറിച്ച് ടാബ്ലോയിഡുകളും ചില മാധ്യമങ്ങളും എഴുതിയതിനുള്ള പ്രതികരണം. പോലീസിനെ ഈ പാട്ടിലൂടെ അവർ വിമർശിയ്ക്കുന്നു. വീഡിയോയിൽ അവർ ധരിക്കുന്ന വസ്ത്രങ്ങൾ, കൂടെ നൃത്തം ചെയ്യുന്ന ഡാൻസേർസ്, നൃത്ത ചുവടുകൾ എന്നിവയെല്ലാം തിരഞ്ഞെടുപ്പ് നടത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. ബ്ലാക്ക് ഫെമിനിസത്തെ കുറിച്ച് കൃത്യം ആയ കാഴ്ചപ്പാട് പുലർത്തുന്ന, നിലപാടുകൾ ഉറക്കെ പ്രഖ്യാപിക്കുന്ന ബിയോൺസെ തന്നെയാണ് നീന സിമോണിന്റെയും ബില്ലി ഹോളിഡെയുടെയും യഥാർത്ഥ പിൻഗാമി. 'Beyonce Effect : Sexuality, Race & Feminism' എന്ന ഡോക്റ്ററൽ തീസിസ് വരെ ഉണ്ട് എന്നതിൽ നിന്നും അവരുടെ സംഗീതത്തിന്റെ പ്രസക്തി തിരിച്ചറിയാം. ബിയോൺസെയുടെ പാട്ടുകളിൽ ട്രാജഡിയെ അവഗണിച്ച് പെണ്ണത്തത്തിന്റെ ആഘോഷമാണ്.

**ഇരുട്ട് ശീലമായവർ**

ഈ ലേഖനം എഴുതി നിർത്തുമ്പോൾ അന്നപൂർണ ദേവിയുടെ വിയോഗ വാർത്ത അറിഞ്ഞു. അവരുടെ സംഗീതത്തെ കുറിച്ച് ലോകത്തോട് പറഞ്ഞത് ജീനിയസുകൾ ആയ സംഗീതജ്ഞർ ആണ്. ചൗരസ്യ അത് വരെയും പഠിച്ച പാഠങ്ങൾ അപ്പാടെ മറന്ന് കളഞ്ഞിട്ടാണ് അന്നപൂർണാദേവിയുടെ ശിഷ്യത്വം സ്വീകരിച്ചത്. ജോർജ്ജ് ഹാരിൻസൺ എത്രയോ ദിവസങ്ങൾ പരിശ്രമിച്ചപ്പോൾ താൻ സാധകം ചെയ്യുന്നത് കേൾക്കുവാൻ അന്നപൂർണാദേവി അദ്ദേഹത്തെ അനുവദിച്ചു. അപകർഷതയും തെല്ല് അസൂയയും കൊണ്ട് അന്നപൂർണയുടെ സംഗീതത്തെ പൊതുവേദികളിൽ നിന്നും പിന്മാറ്റിച്ച ഭർത്താവിന്റെ സിത്താർ വാദനം ലോകത്തെ ആനന്ദിപ്പിച്ചുവല്ലോ. പണ്ഡിറ്റ് രവിശങ്കർ എന്ന ഭർത്താവിന്റെ ആഗ്രഹം മാനിച്ച് സംഗീതജീവിതം ഔദ്യോഗികമായി അവസാനിപ്പിച്ച് മൗനം വരിച്ച സംഗീതജ്ഞ എന്നായിത്തീർന്നു അന്നപൂർണാദേവിയുടെ ചരിത്രം. അവരോട് ജീവിതം ചെയ്ത അനീതിയിലും കൂടുതൽ ആണ് ആ അടയാളപ്പെടുത്തൽ. ജീവചരിത്രങ്ങൾ എങ്കിലും സ്വതന്ത്രം ആകട്ടെ. അറീത്താ ഫ്രാങ്ക്ളിൻ അറുപതു വർഷങ്ങൾ ലോകത്തിനു മുൻപിൽ പാടിയപ്പോൾ അന്നപൂർണാദേവിയുടെ സംഗീതം അറുപതു വർഷം മുംബൈ മഹാനഗരത്തിലെ ഒരു ചെറിയ ഫ്ളാറ്റിൽ ഒതുങ്ങി. ചില മനുഷ്യർ അവരുടെ ദുഃഖങ്ങളെ മൗനം ആയി മാറ്റിക്കളയും! പെൺജാതിയുടെ സംഗീതത്തെ തഴയുക എന്ന വസ്തുതയ്ക്കു നേരെ നമ്മൾ എന്തിന് കണ്ണടയ്ക്കണം? 1979 ൽ ബെർലിൻ ഫിൽഹാർമണിക് ഓർക്കസ്ട്ര പുറത്തിറക്കിയ ഒരു കമ്പോസിഷന്റെ പേരിതാണ് – 'They belong to kitchen'. ഞങ്ങളുടെ ലോകം ഞങ്ങൾ തീരുമാനിക്കുമല്ലോ എന്ന് മറുപടി നൽകിയ പെണ്ണുങ്ങളുടെ സംഗീതം ഇവിടെ നിറഞ്ഞു. അല്ലെങ്കിലും സ്വപ്നങ്ങൾക്ക് ബലം ഉള്ള പെണ്ണുങ്ങൾ അബലകൾ അല്ലല്ലോ.

(രേണുക എഴുന്നൂറോളം സംഗീത കച്ചേരികൾ അവതരിപ്പിച്ചിട്ടുണ്ട്. തെലുങ്കിലെ മികച്ച പിന്നണി ഗായികയ്ക്കുള്ള അവാർഡ് ലഭിച്ചു. മാതൃഭൂമി പത്രത്തിലെ സ്പെഷ്യൽ മ്യൂസിക് കോളംനിസ്റ്റ് ആയി അൻപതോളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഗോൾഡൻ ലയർ മ്യൂസിക് ഫൗണ്ടേഷൻ ട്രസ്റ്റ് ഡയറക്ടർ കൂടിയാണ്)

■



സി.എസ്. മീനാക്ഷി

# രണ്ടു മഹാനദികൾ

**ഇന്ത്യ** കണ്ടതിൽ വെച്ച് ഉന്നതരായ രണ്ട് ഗായികമാർ. കേരളത്തിൽ അത്ര തന്നെ അറിയപ്പെടാത്ത എന്നാൽ അറിയപ്പെടേണ്ട രണ്ട് പേർ. അന്നപൂർണ്ണാദേവി, നാഗരത്നമ്മ. സ്വഭാവം കൊണ്ടും ജീവിതവ്യാപാരങ്ങൾ കൊണ്ടും രണ്ട് ധ്രുവങ്ങളിൽ പ്രവഹിക്കുന്ന നദികൾ. അവരുടെ സംഗീതജീവിത സഞ്ചാരങ്ങൾ സൃഷ്ടിപരവും അതേസമയം വെല്ലുവിളികൾ നിറഞ്ഞതുമായിരുന്നു. മഹാനദികളുടെ ഒഴുക്കുപാതകൾ പോലെ ചിലപ്പോഴൊക്കെ സുഖകരമായ ചരിവും പലപ്പോഴും പാറക്കെട്ടുകളും തടസ്സങ്ങളും നിറഞ്ഞതായിരുന്നു. അതിലൊരു നദി അന്നപൂർണ്ണ ഇടയ്ക്ക് വെച്ച് അന്തർവാഹിനിയായി 'ആകാശഗംഗ*'യിലലയടിച്ചു കൊണ്ടിരിക്കുന്നു. ആ സംഗീതധാര നിഖിൽ ബാനർജിയുടെ സിത്താറിലൂടെ, ഹരിപ്രസാദ് ചൌരാസ്യയുടെ പുല്ലാങ്കുഴലിലൂടെ എത്രയോ കേൾവിക്കാരെ ആനന്ദനിർവൃതിയിലാഴ്ത്തിക്കൊണ്ടിരിക്കുന്നു. മറ്റേ നദി നാഗരത്നമ്മ പുരുഷമേധാവിത്വവും സാമുദായികമേൽക്കോയ്മകളുമുയർത്തിയ തടസ്സങ്ങൾ തകർത്തെറിഞ്ഞു കൊണ്ട് സമുദ്രം പൂകുന്നതു വരെ ഒഴുകി. പുരുഷമേധാവിത്വത്തിനോട് രണ്ടു തരത്തിൽ പ്രതികരിച്ചു ഈ പ്രതിഭകൾ.

ഭാരതീയസംഗീതത്തെ ലോക വേദിയിലേക്കെത്തിച്ച പണ്ഡിറ്റ് രവിശങ്കറിന്റെ ആദ്യഭാര്യയായിരുന്നു അന്നപൂർണ്ണ. പ്രശസ്തിയിലും പലതരം സുഖഭോഗങ്ങളിലും ആമഗ്നനായ രവിശങ്കർ ക്രമേണ അന്നപൂർണ്ണയിൽ നിന്നകന്നു. രണ്ടു പേരും ചേർന്നവതരിപ്പിച്ചിരുന്ന സംഗീത പരിപാടികളിൽ കൂടുതൽ കയ്യടി കിട്ടിയിരുന്നത് അന്നപൂർണ്ണയ്ക്കായിരുന്നു. അതും അവർ തമ്മിലകലാൻ ഒരു കാരണമായിരുന്നിരിക്കണം. തന്നെ എടുത്തു കാട്ടുന്ന വെള്ളിവെളിച്ചങ്ങളിൽ നിന്നും അന്നപൂർണ്ണ ഒഴിഞ്ഞു മാറി. ജനപ്രീതിയ്ക്കായി സംഗീതത്തിൽ സൂത്രവിദ്യകൾ സന്നിവേശിപ്പിച്ചില്ല. ശുദ്ധസംഗീതമൊഴിച്ച് ഒന്നും അവരെ ആനന്ദിപ്പിച്ചില്ല. പ്രശസ്തിയോ ആരാധകവൃന്ദങ്ങളോ അവരെ പ്രലോഭിപ്പിച്ചില്ല. സ്വത്തിലോ സുഖസൗകര്യങ്ങളിലോ ഭ്രമിച്ചുമില്ല. കച്ചേരികൾക്കൊടുവിൽ ആർത്തിരമ്പുന്ന കയ്യടികളുടെ ശബ്ദത്തിലേക്ക്, തന്നെ പൊതിയുന്ന ആൾത്തിരക്കിലേക്ക് അവർ തന്നെ വിട്ടു കൊടുത്തില്ല. അതിൽ നിന്നെല്ലാമൊഴിഞ്ഞു മാറി സ്വരങ്ങളിൽ നിന്ന് സ്വരങ്ങളിലേക്ക് മന്ദമന്ദമൊഴുകുന്ന ശുദ്ധസംഗീതത്തിന്റെ അന്തരാനന്ദനിർവൃതിയിലേക്കൊതുങ്ങി. ഒരു രാവു പോലും മുടങ്ങാതെ റിയാസ് (സാധന) തുടർന്നു കൊണ്ടിരിക്കുന്നു. രാവേറെ ചെല്ലുമ്പോൾ കൌശികിയുടെ, യമൻ കല്യാണിന്റെ, ഖമാജിന്റെ ത്രസിപ്പിക്കുന്ന സ്വരവിസ്താരങ്ങളിലൂടെ, ലയാനുഭൂതികളിലൂടെ സ്വയം മറന്ന് സുർബഹാർ മീട്ടി. ഉള്ളിൽ നിറഞ്ഞു തുളുമ്പുന്ന സ്വരരാഗാമൃതം അർഹരെന്ന് അവർക്ക് തോന്നുന്നവർക്ക് മാത്രം പകർന്നു നൽകിക്കൊണ്ടിരിക്കുന്നു. ലോകം കണ്ടതിലേക്കും വെച്ച് മഹാന്മാരായ ശിഷ്യസമ്പത്തിനുടമയാണ് അന്നപൂർണ്ണ. നിഖിൽ ബാനർജിയെപോലെയും ചൌരാസ്യയെപ്പോലെയുമുള്ള ശിഷ്യർ വഴിയാണ് ഈ പുണ്യ ഗുരുവിന്റെ പുകൾ ലോകത്തിന്റെ മുക്കിലും മൂലയിലുമെത്തിയത്.

ഒരു അഭിമുഖത്തിൽ ചൌരാസ്യ (മാതൃഭൂമി വാരാന്തപ്പതിപ്പ്, 25 /02/2018)ഇങ്ങനെ പറയുന്നു: 1957ൽ ഒഡിഷയിലെ കട്ടക്കിൽ ഓൾ ഇൻഡ്യ റേഡിയോയിൽ ജൂനിയർ ആർട്ടിസ്റ്റായി ചേർന്നു. ഇക്കാലത്താണ് എന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടാകുന്നത്. ബാബാഅല്ലാവുദ്ദീൻ ഖാന്റെ പുത്രിയായിരുന്ന അന്നപൂർണ്ണാദേവിയിൽ നിന്ന് എനിക്ക് ശിക്ഷണം ലഭിച്ചതായിരുന്നു ആ വഴി



**അന്നപൂർണ്ണാദേവി**

ത്തിരിവ്. വടക്കേ ഇന്ത്യയിൽ ഏറ്റവും പ്രസിദ്ധി യുള്ള പുല്ലാങ്കുഴൽ പ്രതിഭയായിരുന്നു അന്നവർ. താൻ പഠിപ്പിക്കണമെങ്കിൽ അന്നുവരേക്ക് പഠിച്ച തെല്ലാമുപേക്ഷിച്ച് പൂജ്യത്തിൽ നിന്നാരംഭിക്കണ മെന്നവർ പറഞ്ഞു. ഞാൻ അക്കാലത്ത് വലത്തെ കൈ കൊണ്ടാണ് വായിച്ചിരുന്നത്. എന്നാൽ, ദേവി ഇടത്തോട്ട് പിടിച്ച് വായിക്കാൻ പറഞ്ഞു. അത് ഏറ്റവും വിഷമം പിടിച്ച ഒന്നായിരുന്നു. പക്ഷെ എന്റെ തീവ്രമായ സംഗീതമോഹം കാരണം വലതുകൈ വായന ഉപേക്ഷിച്ച് ഇടതുകൈ കൊണ്ട് ഞാൻ പരിശീലനം തുടങ്ങി.

**അന്നപൂർണ്ണാദേവി ജീവിതരേഖ**

1927ൽ ചൈത്രപൂർണ്ണിമ ദിവസം ബാബ എന്നറിയപ്പെടുന്ന ബാബ അല്ലാവുദ്ദിൻ ഖാന്റെയും മദീനാബീഗത്തിന്റെയും പുത്രിയായി മദ്ധ്യപ്രദേ ശിലെ മൈഹർ എന്ന സ്ഥലത്ത് ജനിച്ചു. റോഷൻ ആരാ എന്നായിരുന്നു യഥാർത്ഥനാമം. രാം പൂർ മഹാരാജാവിന്റെ നിർദ്ദേശപ്രകാരമാണ് പേര് അന്നപൂർണ്ണ എന്നാക്കിയത്. 1941ൽ കേവലം പതിനാല് വയസ്സ് മാത്രമുള്ളപ്പോൾ അച്ഛനായ ബാബയുടെ അടുത്ത് സിത്താർ പഠിക്കാൻ വന്ന രവിശങ്കറിനെ വിവാഹം കഴിച്ചു. നർത്തകനായ ജ്യേഷ്ഠൻ ഉദയശങ്കറിന്റെ ട്രൂപ്പിൽ ഒരു നർത്തക നായി ചെറുപ്പത്തിലേ വിദേശരാജ്യങ്ങളിലടക്കം കറങ്ങിയ രവിശങ്കറിന് ഒരു സ്ത്രീയുടെ കൂടെ സ്ഥിരമായി ചിട്ടയായ കുടുംബജീവിതത്തി ലേർപ്പെടുക പ്രയാസകരമായിരുന്നു. വിവാഹ ത്തിനുമുൻപേ പരിചയമുണ്ടായിരുന്ന കമലയു മായി വീണ്ടുമടുക്കുകയും അവരൊന്നിച്ച് വിദേശയാത്രകൾക്ക് പോവുകയും ചെയ്യുന്ന തോടെ അദ്ദേഹം അന്നപൂർണ്ണയുമായി അകന്നു. 1982ൽ ഇരുവരും വിവാഹമോചിതരായി. സംഗീതപ്രേമികൾക്കിടയിൽ അന്നപൂർണ്ണയ്ക്കാ യിരുന്നു കൂടുതൽ സ്വീകാര്യത കിട്ടിയത്. എന്നാൽ വിവാഹമോചനത്തിനുശേഷം രവിശങ്കർ എല്ലാ വരുടേയും പണ്ഡിറ്റ്ജിയായി മാറി. ഇന്ത്യയിലും വിദേശത്തും വേദികളിൽനിന്നും വേദികളിലേക്ക് തന്റെ സിത്താർനാദവുമായി പറന്നു നടന്നു. രവിശങ്കർ വഴി ഭാരതീയസംഗീതവും ഭാരതീയ സംഗീതം വഴി രവിശങ്കറും ലോകവേദികളിലെത്തി. വെള്ളിവെളിച്ചത്തിന്റെ, പ്രശസ്തിയുടെ പ്രഭ പണ്ഡിറ്റ്ജി അങ്ങേയറ്റം ആസ്വദിച്ചു. മറുപുറത്ത് രവിശങ്കറോളം തന്നെ, ഒരു പക്ഷെ രവിശങ്കറെ ക്കാളും നല്ല ഒരു സംഗീതജ്ഞയായ അന്നപൂർണ്ണ യാകട്ടെ പൂർണ്ണമായും വേദികളിൽനിന്നകന്ന് സംഗീതത്തിന്റെ ആത്മരതിയിൽ മുഴുകി. അവർ മകനായ സുബേന്ദ്രശങ്കറുമൊത്ത് ബോംബേ യിലെ ഒരു ഫ്ളാറ്റിൽ താമസം തുടങ്ങി. മകനെ സിത്താർ പഠിപ്പിച്ചു. സുബോ നല്ലൊരു വാദക നായി എന്ന് അന്നപൂർണ്ണയ്ക്ക് തൃപ്തി വരും മുൻപേ രവിശങ്കർ ഇടപെട്ട് മകനെ ചിത്രകലാ പഠനത്തിനു ചേർത്തു. പിന്നീട് തന്നോടൊപ്പം

**സിത്താറുമായി കാഴ്ചയിൽ സാമ്യമുണ്ടെങ്കിലും രാഗങ്ങളുടെ സ്വരങ്ങളിൽ നിന്നും സ്വരങ്ങളിലേക്കുള്ള സഞ്ചാരങ്ങൾ, ഇഴുകലുകൾ അതിന്റെ ഏറ്റവും ശുദ്ധതയിൽ സാദ്ധ്യമാക്കുന്ന ഒരുപകരണമാണ് സുർബഹാർ. പഠിച്ചെടുക്കാനും പരിശീലിയ്ക്കാനും സിത്താറിനേക്കാൾ കാഠിന്യമേറും ചിലരങ്ങനെയാണ്. ജീവിതത്തിലെ കഠിനമായ വഴികൾ നോക്കി സഞ്ചരിക്കുന്നവർ. ചെറുപ്പം മുതലേ വിഷമപാതകളിലൂടെ അന്നപൂർണ്ണ സഞ്ചരിച്ചു ചിലപ്പോൾ സ്വന്തം തിരഞ്ഞെടുപ്പിലൂടെ, ചിലപ്പോൾ വിധിവിഹിതം കൊണ്ട്.**

അമേരിക്കയിലേക്ക് കൊണ്ടുപോയി. അവിടെവെച്ച് തന്റെ അമ്പത്തിയൊന്നാം വയസ്സിൽ സുബോ ചരമമടഞ്ഞു. തികച്ചും ഏകാന്തയായ അന്നപൂർണ്ണ സാധനയിൽ മുഴുകി. അവരുടെ വീട്ടിൽ ആർക്കും പ്രവേശനമില്ല. തിരഞ്ഞെടുക്കപ്പെട്ട ശിഷ്യർക്ക് അവർക്ക് യോഗ്യതയും കഴിവും അർപ്പണബോധവും കഠിനാദ്ധ്വാനം ചെയ്യാനുള്ള സന്നദ്ധതയും സഹനശക്തിയും ഉണ്ടെങ്കിൽ മാത്രം സ്വന്തം സംഗീതജ്ഞാനം പകർന്നു നൽകി. അതിലൊരു ശിഷ്യനും വിനിമയശേഷി വളർത്തൽ, മന:സംഘർഷം കൈകാര്യം ചെയ്യൽ എന്നീ കാര്യങ്ങളിൽ വിദഗ്ദ്ധനുമായ റൂഷികുമാർ പാണ്ഡ്യയെ 1982ൽ വിവാഹം ചെയ്തു.

### സംഗീതമേ ജീവിതം

ബാബയുടെ ആദ്യപുത്രി അന്നപൂർണ്ണയുടെ ജ്യേഷ്ഠസഹോദരി സംഗീതത്തെ സ്നേഹിച്ചതിന്റെ പേരിൽ ഭർത്താവിന്റെ വീട്ടുകാരാൽ പീഡിപ്പിക്കപ്പെട്ട് അകാലത്തിൽ മരിക്കുകയാണുണ്ടായത്. അതുകൊണ്ടു തന്നെ അന്നപൂർണ്ണയെ സംഗീതം പഠിപ്പിയ്ക്കണ്ട എന്നായിരുന്നു അച്ഛനമ്മമാരുടെ തീരുമാനം. ജ്യേഷ്ഠനായ അലി അക്ബറിനെ സിത്താർ പഠിപ്പിച്ചു. ഒരുദിവസം പഠിപ്പിച്ച ഭാഗം വായിച്ചുപഠിക്കാൻ പറഞ്ഞ് കടയിൽ പോയി തിരിച്ചു വരുമ്പോൾ ബാബ കാണുന്നത് സിത്താറിൽ താൻ പഠിപ്പിച്ചുകൊണ്ടിരുന്ന ഭാഗങ്ങൾ കൃത്യതയോടെയും ചാരുതയോടെയും ജ്യേഷ്ഠന് വായിച്ചു കൊടുക്കുന്ന അന്നപൂർണ്ണയെയാണ്. അത് കേട്ടുകൊണ്ടു വന്ന ബാബ അന്നപൂർണ്ണയ്ക്ക് അപ്പോൾ തന്നെ സുർബഹാർ എടുത്തുകൊടുത്ത് സ്വന്തം ശിഷ്യയാക്കി. ഇന്ന് സുർബഹാർ വായിക്കുന്ന ലോകത്തിലെ ഏക കലാകാരിയാണ് അന്നപൂർണ്ണ. സിത്താറുമായി കാഴ്ചയിൽ സാമ്യമുണ്ടെങ്കിലും രാഗങ്ങളുടെ സ്വരങ്ങളിൽ നിന്നും സ്വരങ്ങളിലേക്കുള്ള സഞ്ചാരങ്ങൾ, ഇഴുകലുകൾ അതിന്റെ ഏറ്റവും ശുദ്ധതയിൽ സാദ്ധ്യമാക്കുന്ന ഒരുപകരണമാണ് സുർബഹാർ. പഠിച്ചെടുക്കാനും പരിശീലിയ്ക്കാനും സിത്താറിനേക്കാൾ കാഠിന്യമേറും ചിലരങ്ങനെയാണ്. ജീവിതത്തിലെ കഠിനമായ വഴികൾ നോക്കി സഞ്ചരിക്കുന്നവർ. ചെറുപ്പം മുതലേ വിഷമപാതകളിലൂടെ അന്നപൂർണ്ണ സഞ്ചരിച്ചു ചിലപ്പോൾ സ്വന്തം തിരഞ്ഞെടുപ്പിലൂടെ, ചിലപ്പോൾ വിധിവിഹിതം കൊണ്ട്.

സിത്താർ, സരോദ് തുടങ്ങിയ മറ്റുപകരണങ്ങളും വായിക്കാനറിയാമെങ്കിലും വാദകയുടെ ക്ഷമയോടെയുള്ള മീട്ടൽ ആവശ്യപ്പെടുന്ന, ശുദ്ധസംഗീതം പൊഴിക്കുന്ന സുർബഹാർ ആണ് അവർ തിരഞ്ഞെടുത്തത്. പ്രശസ്തിയും പണവും എത്ര വേണമെങ്കിലും ആരാധകലോകം കൊടുക്കാൻ തയ്യാറായിരിക്കെ അവർ വേദികൾ കയ്യൊഴിഞ്ഞു. ബാബ പറഞ്ഞു കൊടുത്ത മൈഹർ സെൻ സംഗീതം അതിന്റെ ശുദ്ധതയോടെ സാധകം ചെയ്തു കൊണ്ടിരിക്കുന്നു

### ബാംഗളൂർ നാഗരത്നമ്മ

വർഷം: 1926, സ്ഥലം: തിരുവയ്യാറിലെ ത്യാഗരാജോത്സവ വേദി. ത്യാഗരാജാരാധനയുടെ നടത്തിപ്പുകാരിൽ ഒരു പ്രധാന വിഭാഗമായ പെരിയകച്ചിയിലെ പ്രമുഖഗായകരോരുത്തരായി കച്ചേരിയവതരിപ്പിക്കുകയാണ്. വയലിനിൽ ഗോവിന്ദസാമി പിള്ളൈയും മൃദംഗത്തിൽ അഴകൈ നമ്പി പിള്ളൈയും ആണ് അകമ്പടി സേവിക്കുന്നത്. പ്രധാനപ്പെട്ട പാട്ടുകാരുടെ ഊഴം കഴിഞ്ഞപ്പോൾ അതാ ഒരു സ്ത്രീ വേദിയിലേക്ക് കയറി വരുന്നു. അവർ ഇരുന്ന് കച്ചേരി തുടങ്ങി. ചുറ്റുമുള്ളവർ സ്തബ്ധരായി. അകമ്പടിക്കാർ ഉപകരണങ്ങൾ താഴെ വെച്ചു. 'നിറുത്തൂ, പെണ്ണുങ്ങൾ ഈ വേദിയിൽ പാടിക്കൂടാ' ഗോവിന്ദസാമി പിള്ളൈ കർശനമായി പറഞ്ഞു. അപമാനിതയായ ആ സ്ത്രീ തെല്ലും കൂസിയില്ല. അടുത്ത വർഷം മുതൽ സ്ത്രീകളും സ്ത്രീവിരുദ്ധരല്ലാത്ത പുരുഷന്മാരും കൂടി ത്യാഗരാജാരാധന വേറെത്തന്നെ നടത്തും എന്നു പറഞ്ഞവിടുന്നിറങ്ങിയ ആ മഹത് വ്യക്തിയാണ് ബാംഗളൂർ നാഗരത്നമ്മ. അവിടെയപ്പോൾ നടന്നത് ചരിത്രരേഖകളിൽ ശ്രുതിമധുരമായി രേഖപ്പെടുത്തിയ ഒരു സംഭവമായിരുന്നു. കാരണം ആ സ്ത്രീ വെല്ലുവിളിച്ചത് അപ്രമാദമായ പുരുഷ, ബ്രാഹ്മണമേധാവിത്വത്തേയായിരുന്നു. ദേവദാസി സമുദായത്തിൽ പെട്ട നാഗരത്നമ്മ പ്രവീണയായ ഒരു ഗായികയും നർത്തകിയുമായിരുന്നു.



**ബാംഗളൂർ നാഗരത്നമ്മ**

തഞ്ചാവൂരിനടുത്ത് കാവേരി തീരത്തെ ഒരു ചെറുപട്ടണമാണ് തിരുവയ്യാർ. വർഷാവർഷം ബഹുളപഞ്ചമി നാൾ മുതൽ ഒരാഴ്ച നടക്കുന്ന ത്യാഗരാജോത്സവം 1846 മുതൽ നടന്നു വരുന്നു. അവിടെ പങ്കെടുക്കുവാൻ വരുന്നവരുടെയും കേൾവിക്കാരായെത്തുന്നവരുടെയും എണ്ണം അനുവർഷം ഏറിവരുന്നു. കാഞ്ചീപുരം പട്ടു പുടവയും വൈരക്കമ്മലും തിളങ്ങുന്ന മൂക്കുത്തിയും മറ്റുമായി ഇവിടെ പാടാനെത്തിയിരുന്ന ബ്രാഹ്മണസമുദായത്തിൽ പെട്ട സ്ത്രീകൾക്ക് അതിനുള്ള വഴിയൊരുക്കിയത് ഒരു ദേവദാസിയായിരുന്നു എന്ന അറിവ് ആർക്കും അത്ഭുതവും കൗതുകവുമുളവാക്കും. ഇപ്പോൾ ജാതി മത ലിംഗ ഭേദമെന്യേ നിരവധി പേർ ഈ മഹത് വേദിയിൽ ഗാനാർച്ചന നടത്തുന്നുണ്ട്.

1926ലെ സംഭവത്തിനുശേഷം തൊട്ടടുത്ത വർഷം തന്നെ നാഗരത്നമ്മ ത്യാഗരാജാരാധനയിൽ കച്ചേരി അവതരിപ്പിച്ചു. രസകരവും ഉദ്വേഗജനകവുമായ ആ കഥ പിറകെ വരുന്നുണ്ട്.

**ബാംഗളൂർ നാഗരത്നമ്മ ജീവിതരേഖ**

1878 നവംബർ മൂന്നിന് മൈസൂർ ദേശത്തെ ദേവനകൊത്ത ഗ്രാമത്തിൽ ജനനം. അമ്മ പുട്ടലക്ഷ്മി അമ്മാൾ വൈഷ്ണവി നഞ്ചൻ ഗുഡിലെ ശ്രീകണ്ഠേശ്വരക്ഷേത്രത്തിലെ ദേവദാസിയായിരുന്നു. അച്ഛൻ  മൈസൂരിലെ ഒരു ബ്രാഹ്മണനായ സുബ്ബണ്ണ ആയിരുന്നു. മൈസൂരിൽ വക്കീലായി ജോലി ചെയ്തിരുന്ന എം സുബ്ബറാവു ആയിരുന്നു പുട്ടലക്ഷ്മിയുടെ സംരക്ഷകൻ. നാഗരത്നത്തിന് ഒന്നര വയസ്സുള്ളപ്പോൾ പുട്ടലക്ഷ്മിയും സുബ്ബറാവുവും തമ്മിലിടഞ്ഞു. ആ അമ്മയും കുഞ്ഞും എല്ലാം നഷ്ടപ്പെട്ട് തെരുവിലിറങ്ങേണ്ടി വന്നു. കഷ്ടകാലത്തിന്റെ കുറച്ച് വർഷങ്ങളായിരുന്നു പിന്നീടവർക്ക്. അതിനിടയിലും ആ അമ്മ മകളെ പാട്ടും നൃത്തവും സംസ്കൃതവും പഠിപ്പിച്ചു. ചാമരാജനഗറിൽ എത്തിപ്പെട്ട അവർ കൊട്ടാരത്തിലെ സംസ്കൃതപണ്ഡിതനും ശകുന്തളനാടകസഭയിലെ അദ്ധ്യാപകനുമായ ഗൃഹഭട്ട തിമ്മയ്യയെ പരിചയപ്പെട്ടു. അദ്ദേഹം കുഞ്ഞുനാഗരത്നത്തിന്റെ ഗുരുവായി. അങ്ങിനെ അമരകോശം, ജമിനിഭാരതം, രാജശേഖരവിലാസം, കുമാരവ്യാസഭാരതം തുടങ്ങിയ പദാവലികൾ, കന്നഡ, തെലുഗു, ഇംഗ്ലീഷ് ഭാഷകൾ എല്ലാം പഠിച്ചെടുത്തു. ഗുരുമുഖത്തുനിന്നു കേൾക്കുന്നത് പെട്ടെന്ന് പിടിച്ചെടുക്കുന്നതിനും പാഠങ്ങൾ ഹൃദിസ്ഥമാക്കുന്നതിനും അനിതരസാധാരണമായ കഴിവുണ്ടായിരുന്നു നാഗരത്നത്തിന്. അസൂയാലുക്കളുടെ കുപ്രചരണം മൂലം തിമ്മയ്യ നഗരത്നത്തിനെ പഠിപ്പിക്കാതായി.

മൈസൂർ തെരുവുകളിൽ ചാണകം വാരാൻ വിധിക്കപ്പെട്ടവയാണ് നാഗരത്നമ്മയുടെ കൈകൾ എന്ന ശാപവചസ്സുകളോടെയാണ് ഗുരു വിട്ടു പോയത്. എന്നാൽ ആ

കൈയ്യുകൾ കൊണ്ട് മഹാരാജാവിന്റെ കയ്യിൽ നിന്നും തങ്കവളകൾ സമ്മാനമായി വാങ്ങിപ്പിക്കും എന്ന പ്രതിജ്ഞയോടെ പുട്ടലക്ഷ്മി മകളേയും കൊണ്ട് കാഞ്ചീപുരത്തേക്ക് പോയി. സുഹൃത്തുക്കളെ കണ്ടെങ്കിലും അവിടെയും വിചാരിച്ച രീതിയിൽ ജീവിതം മുന്നോട്ട് പോയില്ല. തിരിച്ച് ബാംഗളൂരിൽ വരികയും സംഗീതവും നൃത്തവും അഭ്യസിക്കുകയും ചെയ്തു. 1891ൽ കഠിനാദ്ധ്വാനവും അലച്ചിലും കാരണം പുട്ടലക്ഷ്മി ക്ഷയരോഗം വന്നു മരിക്കുമ്പോഴേക്കും നാഗരത്നമ്മ നല്ലൊരു സംഗീതജ്ഞയും നർത്തകിയുമായി ക്കഴിഞ്ഞിരുന്നു. അമ്മ സ്വപ്നം കണ്ടിരുന്നതു പോലെ ധനികരും കലാസാമൂഹികരംഗത്തെ പ്രമുഖരും കച്ചേരികൾക്കായി അവരെ ക്ഷണിക്കുവാൻ തുടങ്ങി. പ്രശസ്തിയും ധനസ്ഥിതിയും വെച്ചടി കയറ്റമായിരുന്നു പിന്നീട്. വിനയവും സംഗീതപ്രതിഭയും ഉള്ളവൾ എന്ന് ഈ കാലത്തെ നാഗരത്നമ്മയെ പ്രശസ്ത കർണ്ണാടക സംഗീതകാരൻ മൈസൂർ വാസുദേവാചാര്യർ രേഖപ്പെടുത്തുന്നുണ്ട്. ഇക്കാലത്താണ് പദവിയും പണവും അധികാരവും കൊണ്ട് ഔന്നത്യത്തിലുള്ള ജസ്റ്റിസ് നരഹരി റാവുവിനെ നാഗരത്നമ്മ പരിചയപ്പെടുന്നത്. അദ്ദേഹം പിന്നീടവരുടെ സംരക്ഷകനായി മാറുകയും ബാംഗളൂർ നഗരത്തിരക്കിൽ നിന്നൊഴിഞ്ഞൊരു കുന്നിന്മുകളിൽ ബംഗ്ളാവ് പണിത് അവരെ താമസിപ്പിക്കുകയും ചെയ്തു. പൊതുരംഗത്ത് പ്രശസ്തരായ ജസ്റ്റിസിന്റെ സുഹൃത്തുക്കൾക്ക് ആതിഥ്യമരുളുകയും അവരുടെ ചർച്ചകളിലും വാദപ്രതിവാദങ്ങളിലും പങ്കെടുക്കുകയും ചെയ്ത ആ കാലഘട്ടം പിൽക്കാലത്ത് പല സന്നിഗ്ദ്ധഘട്ടങ്ങളിലും നിന്നുപെഴക്കാനും നീതിക്കു വേണ്ടി വാദിയ്ക്കാനുമുള്ള ഊർജ്ജവും മനശ്ശക്തിയും നാഗരത്നമ്മാളിന് നൽകിയിട്ടുണ്ടാകണം.

തന്റെ ഇരുപത്തഞ്ചാം വയസ്സിലാണ് നാഗരത്നമ്മ മദ്രാസ് സംസ്ഥാനത്തിലെത്തുന്നത്. ദേവദാസിയായ വീണ ധനമ്മാൾ എന്ന കലാകാരിയാണ് അക്കാലത്ത് അവിടെ നിറഞ്ഞുനിന്നിരുന്നത്. രണ്ടു പേരും കണ്ടുമുട്ടിയ നാൾ മുതൽ 1938ൽ ധനമ്മാളുടെ വിയോഗം വരെ പരസ്പരം കൂട്ടായും താങ്ങായും തുടർന്നു. ഈ കാലഘട്ടത്തിൽ ശ്രദ്ധേയമായ ഒരു പിടി കച്ചേരികൾ നടത്തുന്നുണ്ട് നാഗരത്നമ്മ. 146 നഗരങ്ങളിലായി 1235 കച്ചേരികളും മദ്രാസിൽ മാത്രമായി 849 കച്ചേരികളും നടത്തിയതായി 1931ൽ രേഖപ്പെടുത്തിയിരിക്കുന്നു. പല രാജാക്കന്മാരിൽ നിന്നുമായി ഒരുപാട് പുരസ്കാരങ്ങളും ലഭിച്ചു അവർക്ക്. പ്രസിദ്ധ ആന്ധ്രാകവി പുരാണം സൂര്യനാരായണ തീർത്ഥയുടെ കയ്യിൽ

**ഫെമിനിസം എന്ന വാക്ക് ഇന്ത്യയിലെന്നല്ല യൂറോപ്പിൽ പോലും കേട്ടു തുടങ്ങുന്നതിനുമുൻപ് അതിൽ വിശ്വസിക്കുകയും പെൺപദവി ഉയർത്തിപ്പിടിക്കുകയും പെണ്ണുങ്ങൾക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ നേടിയെടുക്കുവാനായി പോരാടുകയും ചെയ്ത ഒരു മഹതിയായിരുന്നു നാഗരത്നമ്മ.**

നിന്നും ലഭിച്ച വിദ്യാസുന്ദരി പട്ടം പിന്നീടവർ പേരിനൊപ്പം ചേർത്തു.

കുട്ടിക്കാലത്ത് ദാരിദ്ര്യത്തിൽക്കൂടി കടന്നു പോകേണ്ടി വന്നതുകൊണ്ടാവാം കച്ചേരികൾക്ക് ലഭിക്കുന്ന പ്രതിഫലത്തിന്റെ കണക്കു സൂക്ഷിക്കുന്നതിലും അത് നന്നായി നിക്ഷേപിക്കുന്നതിലും ശ്രദ്ധാലുവായിരുന്നു അവർ. അന്നത്തെക്കാലത്ത് ആദായനികുതി അടച്ചിരുന്ന അപൂർവ്വം കലാകാരികളിലൊരാളായിരുന്നു. നാഗരത്നമ്മ. 1900 കളുടെ തുടക്കത്തിലാണ് സൌണ്ട് റിക്കാർഡിംഗ് വരുന്നത്. ശബ്ദം രേഖപ്പെടുത്തുന്നത് തൊണ്ടയെ ബാധിക്കും എന്നും മറ്റുമുള്ള അന്ധവിശ്വാസവും പുതിയ സാങ്കേതിക വിദ്യകളോടുള്ള ഭയവും മൂലം പല പാട്ടുകാരും റിക്കാർഡിങ്ങിന് വിസ്സമ്മതിച്ചു. അങ്ങിനെ പിന്നത്തെ തലമുറകൾക്ക് ഒരുപാട് ശബ്ദങ്ങൾ നഷ്ടമായി. എന്നാൽ 1905ൽ നാഗരത്നമ്മ തന്റെ ശബ്ദം റിക്കാർഡ് ചെയ്ത് ഡിസ്കിലാക്കി. നാഗരത്നമ്മ ആലപിച്ച കീർത്തനങ്ങൾ യൂട്യൂബിൽ ഇന്നും കേൾക്കാൻ സാധിക്കുന്നതിന് അവരുടെ ധൈര്യത്തിനും ഇച്ഛാശക്തിക്കും നാം കടപ്പെട്ടിരിക്കുന്നു. ആദ്യ ഗ്രാമഫോൺ കമ്പനിയായ The Gramaphone & Typewriter Limited (GTTL) നു വേണ്ടി ഒരുപാട് ഡിസ്കുകൾ പാടി റിക്കാർഡ് ചെയ്തിട്ടുണ്ട് നാഗരത്നമ്മ. ഇതിനിടെ പെൺകുട്ടികളെ ക്ഷേത്രങ്ങളിൽ നടയിരുത്തുന്നതും ക്രമേണ വേശ്യാവൃത്തിയിലേക്ക് നയിക്കുന്നതുമായ ദേവദാസി സമ്പ്രദായത്തിനെതിരെയുള്ള ബ്രിട്ടീഷ് സർക്കാരിന്റെ നടപടികൾ ശക്തിയാർജ്ജിച്ചു വരുന്നുണ്ടായിരുന്നു. അതോടെ നൃത്തമുപേക്ഷിച്ച് ആദ്ധ്യാത്മകപ്രഭാഷണത്തിലേക്ക് കടന്നു നാഗരത്നമ്മ.

1921ലാണ് ത്യാഗരാജന്റെ തിരുവയ്യാറിലുള്ള സമാധിയുടെ ശോചനീയാവസ്ഥയെക്കുറിച്ച്

നാഗരത്നമ്മ മനസ്സിലാക്കുന്നത്. ഉടനെ അവിടം സന്ദർശിച്ച് തിരുവയ്യാറിൽ കാവേരി തീരത്ത് സ്വസമ്പാദ്യത്തിൽ നിന്ന് ഒരു തുക ചെലവാക്കി ഒരു ചെറിയ സ്ഥലം വാങ്ങുകയും അവിടെ ത്യാഗരാജപ്രതിമ സ്ഥാപിക്കുകയും ചെയ്തു അവർ. ക്രമേണ അത് ചെറിയ ക്ഷേത്രമായി പരിണമിച്ചു. 1952ൽ മരിയ്ക്കുന്നതു വരെ അവിടെത്തന്നെ താമസമാക്കി നാഗരത്നമ്മ.

**പ്രവർത്തനങ്ങൾ**

ഫെമിനിസം എന്ന വാക്ക് ഇന്ത്യയിലെന്നല്ല യൂറോപ്പിൽ പോലും കേട്ടു തുടങ്ങുന്നതിനുമുൻപ് അതിൽ വിശ്വസിക്കുകയും പെൺപദവി ഉയർത്തിപ്പിടിക്കുകയും പെണ്ണുങ്ങൾക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ നേടിയെടുക്കുവാനായി പോരാടുകയും ചെയ്ത ഒരു മഹതിയായിരുന്നു നാഗരത്നമ്മ. അതിന് ദൃഷ്ടാന്തമായ ഒരു സംഭവം, ത്യാഗരാജാരാധനയിൽ പങ്കെടുത്തത് മുൻപ് പ്രതിപാദിച്ചിരുന്നല്ലൊ.

1847ൽ ത്യാഗരാജൻ മരിച്ചതിൽപ്പിന്നെ അടുത്ത ബന്ധുക്കളും ശിഷ്യരും തുടങ്ങിവെച്ച ശ്രദ്ധാഞ്ജലി വർഷാവർഷം ചെറിയ തോതിൽ നടന്നു വന്നിരുന്നു. 1914മുതലാണ് 5 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന പൂജാദി കർമ്മങ്ങളും സംഗീതക്കച്ചേരികളും ഉഞ്ചവൃത്തിയുമൊക്കെയായി ആഘോഷം വിപുലപ്പെടുത്തിയത്. ആദ്യകാലങ്ങളിൽ പ്രബലങ്ങളായ രണ്ട് സംഘങ്ങൾ–പെരിയ കച്ചി, ചിന്ന കച്ചി–നേതൃത്വം കൊടുത്തുകൊണ്ട് വേറെ വേറെയായിട്ടാണ് അഞ്ജലി നടത്തിയിരുന്നത്. പുരുഷ, ബ്രാഹ്മണ മേധാവിത്വം അധമത്വം കൽപ്പിച്ച് അകറ്റി നിറുത്തിയ രണ്ടു വിഭാഗക്കാരായിരുന്നു നാദസ്വരക്കാരും സ്ത്രീകളും. രണ്ടു കൂട്ടർക്കും വേദിയിൽ പാടാൻ വിലക്കുണ്ടായിരുന്നു. പക്ഷെ പരിപാടി നടത്താനാവശ്യമായ പണത്തിന്റെ നല്ലൊരു പങ്ക് വഹിക്കുന്ന നാദസ്വരക്കാരെ പ്രീതിപ്പെടുത്താനായി വൈകുന്നേരത്തെ ഊർവലത്തിന് അകമ്പടി സേവിക്കാൻ അവരെ കൂടെ കൂട്ടി.

1914 മുതൽ 1926 വരെ പെണ്ണുങ്ങൾ ത്യാഗരാജോത്സവ വേദിയിൽ പാടാറില്ലായിരുന്നു. അക്കാലത്ത് കച്ചേരി അവതരിപ്പിക്കുന്ന നിലവാരത്തിൽ സംഗീതമഭ്യസിച്ചിരുന്നത് ദേവദാസി സമുദായത്തിൽ പെട്ടവർ മാത്രമായിരുന്നു. ബ്രാഹ്മണസ്ത്രീകൾ പാട്ടു പഠിച്ചിരുന്നുവെങ്കിലും അത് വീട്ടിലെ പുരുഷന്മാരെ ആനന്ദിപ്പിക്കാനും പൂജാസമയത്ത് ആലപിക്കാനും വേണ്ടി മാത്രമായിരുന്നു. പെണ്ണാണെന്നുള്ളതിനു പുറമെ ദേവദാസി ആണെന്നുള്ള നിഷിദ്ധത കൂടി മറി കടക്കേണ്ടതുണ്ടായിരുന്നു നാഗരത്നമ്മയ്ക്ക്. പരിപാടിക്ക് നേതൃത്വം വഹിച്ചിരുന്ന പുരുഷന്മാരിൽ പലരും ദേവദാസികളുമായി ബന്ധം പുലർത്തിയിരുന്നുവെങ്കിലും ത്യാഗരാജോത്സവവേദിയിൽ ഒരു സ്ത്രീ അതും ഒരു ദേവദാസി പാടുക എന്നത് അവരുടെ ചിന്തകളിൽ പോലുമുണ്ടായിരുന്നില്ല. കാലം കൊണ്ടുറച്ചു പോയ ആ ഒരു കീഴ്‌വഴക്കമാണ് 1926ൽ നാഗരത്നമ്മ ഉടച്ചു കളഞ്ഞത്. (കേരളത്തിൽ 300 കൊല്ലം വേണ്ടി വന്നു ഒരു സ്ത്രീക്ക് തിരുവനന്തപുരത്തെ നവരാത്രി മണ്ഡപത്തിൽ പാടാൻ. 2006ൽ പാറശ്ശാല പൊന്നമ്മാൾ എന്ന മഹാഗായികയാണ് അന്നുവരെ പുരുഷസ്വരം മാത്രം മുഴങ്ങിക്കേട്ടിരുന്ന നവരാത്രി മണ്ഡപത്തിൽ ആദ്യമായി പാടിയ സ്ത്രീ)

1927 ത്യാഗരാജാരാധനയുടെ ദിവസങ്ങൾ അടുക്കുന്നു. സമാധിയുടെയടുത്തുള്ള വാഴത്തോപ്പ് വെട്ടി തുറസ്സുണ്ടാക്കുന്നു, പന്തലിടുന്നു, സ്റ്റേജ് കെട്ടുന്നു. എല്ലാറ്റിനും മേൽനോട്ടം വഹിച്ചു കൊണ്ട് നാഗരത്നമ്മ ഓടിനടക്കുന്നുണ്ട്. അടുത്തുള്ള വീടുകളിലായി നാല്പതോളം ദേവദാസികൾക്ക് താമസസൗകര്യമൊരുക്കിയിട്ടുണ്ട്. ഉച്ചയാകുമ്പോഴേക്കും ദേവദാസികളെത്തിത്തുടങ്ങി. എല്ലാവരും ഉത്സാഹത്തിലാണ്. ചിലർ പാടുന്നു, ചിലരാടുന്നു, ചിലർ പകിട കളിക്കുന്നു. ആകപ്പാടെ ജഗപൊക.

വൈകുന്നേരമായി. പെരിയ കച്ചിയുടെ ആരാധന തുടങ്ങി. തൊട്ടപ്പുറത്തെ സ്റ്റേജിൽ നാഗരത്നമ്മയും നാൽപ്പത് ദേവദാസികളും ആലാപനം തുടങ്ങി. നാഗരത്നമ്മയുടെ ഉദ്ഘാടനപ്രസംഗത്തോടെയായിരുന്നു തുടക്കം. (പരിപാടിക്ക് വീണ ധനമ്മയുടെ അനുഗ്രഹാശിസ്സുകളുമുണ്ടായിരുന്നു). നിമിഷനേരം കൊണ്ട് ആളുകൾ കൂടി. പെണ്ണുങ്ങളുടെ സദസ്സ് നിറഞ്ഞു. അപ്പുറത്ത് നിന്ന് ആഹാരവും ഇപ്പുറത്തുനിന്ന് ആസ്വാദനവും. പുരുഷ, ബ്രാഹ്മണ മേധാവികൾക്ക് ഇതിലും വലിയൊരു നാണക്കേടും ആഘാതവുമുണ്ടാകാനില്ല. അതിനടുത്ത വർഷം മുതൽ ആണുങ്ങൾക്കൊപ്പം പെണ്ണുങ്ങളും ത്യാഗരാജാരാധനാ വേദിയിൽ പാടിത്തുടങ്ങി.

പതിനെട്ടാം നൂറ്റാണ്ടിലെ ദേവദാസിയായ പണ്ഡിത മുതുപളനിയുടെ 'രാധികാസാന്ത്വനം' എന്ന രചന പൂർണ്ണരൂപത്തിൽ അച്ചടിച്ച് പുറത്തു കൊണ്ടുവന്നതാണ് നാഗരത്നമ്മയുടെ പ്രശംസാർഹമായ മറ്റൊരു പ്രവർത്തനം. പതിനെട്ടാം നൂറ്റാണ്ടിൽ തഞ്ചാവൂർ ഭരിച്ചിരുന്ന മറാത്താരാജാവ് പ്രതാപസിംഹന്റെ നിയമപരമല്ലാത്ത ഭാര്യയും കൊട്ടാര കവയിത്രിയുമായിരുന്നു മുതുപളനി. അവർ ആണ്ടാളുടെ തിരുപ്പാവൈ തമിഴിൽനിന്നും തെലുങ്കിലേക്ക് വിവർത്തനം ചെയ്തു. രാധികാസാന്ത്വനം തെലുങ്കിൽ രചിക്കുകയും ചെയ്തു. സ്വന്തം ജ്യേഷ്ഠപുത്രിയെ വിവാഹം കഴിക്കുന്ന കൃഷ്ണന് രാധ നൽകുന്ന ഉപദേശങ്ങളും ആ

‘പുറത്തിറങ്ങൂ അനിയത്തീ, നിന്റെ പാട്ടു കേൾക്കാൻ ജനം ആവലോടെ കാത്തിരിക്കുന്നു. സംഗീതം പുരുഷന്റെ കുത്തകയല്ല. ഒരുവന്റെ ഈഗോയ്ക്കു വേണ്ടി ബലി കൊടുക്കേണ്ടതല്ല നിന്റെ ആലാപനം. ശ്രോതാക്കളുടെ കയ്യടിയും കൂടിയാവുമ്പോഴേ നിന്റെ സംഗീതം പൂർണ്ണത പ്രാപിയ്ക്കൂ. വരൂ, വേദിയിലേക്ക് കയറൂ, പാടൂ’

വിവാഹത്തിൽ വൈകാരികമായി തകർന്നു പോകുന്ന രാധയെ കൃഷ്ണൻ ആശ്വസിപ്പിക്കുന്നതുമാണ് പ്രമേയം. എന്നാൽ സാധാരണ കൃഷ്ണഗീതികൾ പോലെ അതൊരു ഭക്തി കാവ്യമായിരുന്നില്ല, ശൃംഗാര,കാമ കാവ്യമായിരുന്നു. ആൺപെൺ ബന്ധത്തിലെ ചെറിയ ചെറിയ നിഗൂഢതകളും, ആകാംക്ഷകളും അസൂയയും ശാരീരിക ചോദനകളും എല്ലാം മറയില്ലാതെ വർണ്ണിക്കുന്ന ഒരു കൃതിയാണത്. പൗരസ്ത്യവിഷയവൈജ്ഞാനികനായ ചാൾസ് ഫിലിപ് ബ്രൌൺ 1855ൽ മദ്രാസ് ഓറിയന്റൽ ലൈബ്രറിക്ക് കൈമാറിയ ഗ്രന്ഥശേഖരത്തിൽ ഒന്ന് രാധികാസാന്ത്വനമായിരുന്നു. അത് 1887ൽ പ്രസിദ്ധീകരിച്ചു. വീരേശലിംഗം എന്ന തെലുഗു സാമൂഹ്യപരിഷ്കർത്താവ് തെലുങ്ക് കവികളുടെ ചരിത്രം സമാഹരിച്ചപ്പോൾ അതിൽ രാധികാസാന്ത്വനത്തെക്കുറിച്ചും മുത്തുപളനിയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ദേവദാസി സമ്പ്രദായത്തെ ശക്തമായി എതിർത്തിരുന്ന അദ്ദേഹം രാധികാസാന്ത്വനം എന്ന കൃതിയുടെ ഉള്ളടക്കം തന്നെ ഞെട്ടിച്ചതായും അതൊരു വേശ്യ രചിച്ച നാണം കെട്ട കൃതിയാണെന്നും എഴുതി. 1907ൽ പുസ്തകത്തിന്റെ മറ്റൊരു വേർഷൻ വെങ്കടനരശ് എന്ന എഴുത്തുകാരൻ പുറത്തിറക്കി.അത് 1887ൽ പ്രസിദ്ധീകരിച്ച ഒറിജിനലിൽ നിന്നും വ്യത്യസ്തമാണെന്ന് നാഗരത്നമ്മ കണ്ടെത്തി. രചയിതാവായ മുത്തുപളനി തന്നെയും തന്റെ മുത്തശ്ശിയേയും അമ്മായിയെയും പറ്റി അവരിലൂടെ തന്നിലേക്ക് നീണ്ട പാരമ്പര്യ ഗുണങ്ങളെപ്പറ്റിയും ഒക്കെ എഴുതിയത് പിന്നീട് പുറത്തുവന്ന പുസ്തകങ്ങളിൽ ഒഴിവാക്കിയിട്ടുണ്ടായിരുന്നു. ഇത് നാഗരത്നമ്മയെ ചൊടിപ്പിച്ചു. വിട്ടുപോയ ഭാഗങ്ങളെല്ലാമുൾപ്പെടുത്തി, വീരേശലിംഗത്തിന്റെ അഭിപ്രായ പ്രകടനങ്ങൾ ക്കൊക്കെ മറുപടിയും ചേർത്ത് 1910ൽ പുസ്തകം അവർ വീണ്ടുമിറക്കി. താൻ കൂടി ഉൾപ്പെട്ട ദേവദാസികുലത്തിലെ അംഗമാണു മുത്തുപളനി എന്നതിൽ തനിക്കഭിമാനമുണ്ടെന്നവരെഴുതി. പക്ഷെ പുസ്തകത്തിനെതിരെ ശക്തമായ വിമർശനങ്ങളുയർന്നു. പലരും അതിലെ ലൈംഗികതയെ വിമർശിച്ച് എഡിറ്റോറിയൽ വരെ എഴുതി. പുസ്തകം നിരോധിച്ചു. നീണ്ട നിയമയുദ്ധത്തിനുശേഷമാണ് നാഗരത്നമ്മയ്ക്ക് പിന്നീട് പുസ്തകമിറക്കാനായത്.

ഭാരതത്തിലെ ഒരുപാട് ആചാരനുഷ്ഠാനങ്ങളിൽ കൈ കടത്തിയിട്ടുണ്ട് ബ്രിട്ടീഷുകാർ. ദേവദാസികൾക്കെതിരെയുള്ള നിയമം നിർമ്മിക്കുന്നതിനു വേണ്ടി ബ്രാഹ്മണരുൾപ്പെടെയുള്ള സവർണ്ണർ ശബ്ദമുയർത്തിയിരുന്നു. എന്നാൽ നാഗരത്നമ്മ സ്വന്തം സമുദായത്തെ ഒരിയ്ക്കലും തള്ളിപ്പറഞ്ഞില്ല. വീണ ധനമ്മാൾ, ബാലസരസ്വതി തുടങ്ങിയ മികച്ച കലാകാരികൾ ദേവദാസികളായിരുന്നുവെന്നും അവർ തനത് കലയുടെ സൂക്ഷിപ്പുകാരാണെന്നും നാഗരത്നമ്മ വാദിച്ചിരുന്നു. ദേവദാസികളുടെ ക്ഷേമത്തിനായുള്ള സംഘടനയുടെ ഭാരവാഹിയായിരുന്നു അവർ. തന്റെ ജീവിതാവസാനം വരെ ദേവദാസി എന്ന ഐഡന്റിറ്റി ഉയർത്തിപ്പിടിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു നാഗരത്നമ്മ.

ഒരു പുരുഷന്റെ ഈഗോ കാരണം എന്നെന്നേക്കുമായി വേദി വിടാൻ തീരുമാനിച്ച അന്നപൂർണ്ണയേയും പല പുരുഷന്മാരോട് പോരാടി വേദി വാങ്ങിച്ചെടുത്ത നാഗരത്നമ്മയേയും ഓർമ്മിക്കുമ്പോൾ അടിയ്ക്കടി മനസ്സിൽ വരുന്നൊരു ചോദ്യമുണ്ട് നാഗരത്നമ്മ അന്നപൂർണ്ണാദേവിയെ കണ്ടുമുട്ടിയിരുന്നെങ്കിൽ എന്തു പറഞ്ഞേനേ?

‘പുറത്തിറങ്ങൂ അനിയത്തീ, നിന്റെ പാട്ടു കേൾക്കാൻ ജനം ആവലോടെ കാത്തിരിക്കുന്നു. സംഗീതം പുരുഷന്റെ കുത്തകയല്ല. ഒരുവന്റെ ഈഗോയ്ക്കു വേണ്ടി ബലി കൊടുക്കേണ്ടതല്ല നിന്റെ ആലാപനം. ശ്രോതാക്കളുടെ കയ്യടിയും കൂടിയാവുമ്പോഴേ നിന്റെ സംഗീതം പൂർണ്ണത പ്രാപിയ്ക്കൂ. വരൂ, വേദിയിലേക്ക് കയറൂ, പാടൂ’

(IE Malayalam എന്ന ഓൺലൈൻ പ്രസിദ്ധീകരണത്തിൽ മാർച്ച് 2018ൽ പ്രസിദ്ധീകരിച്ച ലേഖനമാണിത്. അതിനുശേഷം ഒക്ടോബർ പതിമൂന്നിന് തൊണ്ണൂറ്റിയൊന്നാം വയസ്സിൽ അന്നപൂർണ്ണാദേവി അന്തരിച്ചു.)

*അന്നപൂർണ്ണാദേവി മുംബൈയിൽ താമസിക്കുന്ന വീടിന്റെ പേര്

ആധാരം: 1 An unheard melody Annapurna Devi, an authorized biography by Swapan Kumar Bandyopadyay, Roli Books pvt ltd,2005

2 The Devadasi and the Saint, The life and times of Bangalore Nagarathnamma, Sriram V, East West, 2007

■






**മീനാക്ഷി അജയകുമാർ**
എഴുത്തുകാരി, ചരിത്ര
വിഭാഗത്തിൽ ബിരുദാനന്തര
ബിരുദ വിദ്യാർഥി

# കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി....

**ഞാ**ൻ പുഷ്പാവതി. മിശ്രവിവാഹിതരുടെ അഞ്ചാമത്തെ മകൾ. അച്ഛൻ പാണനാണ്. ദളിതാണ്. അമ്മ ഈഴവസമുദായത്തിൽപ്പെട്ട ആളാണ്. അമ്മയെ കുടുംബത്തിൽ നിന്നൊഴിവാക്കി. അങ്ങനെ മാമൻ, മാമി തുടങ്ങിയ ബന്ധങ്ങളൊക്കെ നഷ്ടപ്പെട്ടു. അച്ഛൻ മദ്യപാനിയായിരുന്നു. വളരെ താഴ്ന്ന സാമൂഹ്യസാമ്പത്തിക പരിതസ്ഥിതിയായിരുന്നു. ചെറുപ്പത്തിൽ കടുത്ത ദാരിദ്ര്യമനുഭവിച്ചിട്ടുണ്ട്. അമ്മയുടെ കൂടെ പാടത്തും പറമ്പത്തും പണിയെടുത്ത ബാല്യം. സ്കൂളിൽ നിന്നു വന്നാൽ പശുവിനെ മേയ്ക്കാൻ കൊണ്ടുപോകും. പഠിത്തം എന്ന പരിപാടിയൊന്നുമില്ല. കുട്ടിക്കാലത്ത് വെയിലും മഴയുമൊന്നും കളയാറില്ല. കരുമാടിക്കുട്ടികളായിട്ടാണ് വളർന്നത്.

പാടാനുള്ള കഴിവ് അച്ഛന്റെ കയ്യിൽ നിന്ന് വന്നതാണ്. അന്തിയോളം പണിത് അന്തിക്ക് മോന്തി ബോധമില്ലാതെയാണെങ്കിലും എന്നെ മടിയിലിരുത്തി പാട്ട് പാടിക്കും. എന്നോട് ഒരു പ്രത്യേക വാത്സല്യമുണ്ടായിരുന്നു. കെ.പി.എ.സി.യുടെ വിപ്ലവഗാനങ്ങളും, നാടകഗാനങ്ങളും പാടിപ്പിക്കും. അതായിരുന്നു പ്രോത്സാഹനം. പെൺകുട്ടികളെ അടിക്കാറില്ല. എന്നാൽ അമ്മക്ക് വയറുനിറച്ചും കിട്ടുമായിരുന്നു. അങ്ങിനെ ഭയവിഹ്വലമായ ഒരു ബാല്യമായിരുന്നു. പൊതുവെ ജാതിപരമായ ഒറ്റപ്പെടലായിരുന്നു. അമ്മയാണ് മക്കളെ വളർത്തിയത്.

സ്കൂളിൽ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ ദ്രൗപദി നങ്ങ്യാർ എന്ന ടീച്ചർ പഠിപ്പിച്ച ലളിതഗാനം പാടി സബ്ജില്ലയിൽ ഫസ്റ്റ് കിട്ടി. ഒറ്റയ്ക്കു വരാൻ പ്രായമാകുമ്പോൾ പാട്ട് പഠിപ്പിച്ചുതരാം എന്ന് ടീച്ചർ പറഞ്ഞത് ഓർത്ത് ഏഴാം ക്ലാസ്സായപ്പോൾ സ്വയം സൈക്കിൾ ചവിട്ടി നാലു കിലോമീറ്റർ അപ്പുറമുള്ള വീട്ടിൽ പോയി പഠിക്കാൻ തുടങ്ങി. പെൺകുട്ടികൾ സൈക്കിൾ ചവിട്ടാതിരുന്ന ഒരു കാലത്ത് ഞങ്ങടെ നാട്ടിൽ (തൃശ്ശൂർ ജില്ലയിൽ വേലൂരാണ് വീട്) നിത്യജീവിതത്തിന്റെ ഭാഗമായി സൈക്കിൾ ചവിട്ടി നടന്നിരുന്ന ആദ്യത്തെ പെൺകുട്ടിയായിരുന്നു ഞാൻ. അത് കണ്ട് ആൺകുട്ടികൾ കൂവിയിട്ടുണ്ട്, കളിയാക്കിയിട്ടുണ്ട്.

എനിക്ക് പതിമൂന്ന് വയസ്സായപ്പോൾ ചേട്ടൻ സി.പി.ഐ (എം.എൽ.) റെഡ് ഫ്ളാഗിൽ ചേർന്ന് നിരീശ്വരവാദമൊക്കെ പറയാൻ തുടങ്ങി. സമൂഹത്തിലെ സാമ്പത്തിക അസമത്വത്തിനും പിന്നാക്കാ

വസ്ഥയ്ക്കും കാരണം ഇവിടുത്തെ ഫ്യൂഡൽ മുതലാളിത്ത വ്യവസ്ഥയാണ് സാമൂഹ്യക്രമത്തിന്റെ പ്രശ്നമാണ് എന്നൊക്കെ ചെറുപ്രായത്തിലേ മനസ്സിലാക്കി. ഒമ്പതാം ക്ലാസ്സിലെത്തിയപ്പോൾ കെ.വി.എസ്. (സി.പി.ഐ. (എം.എൽ)ന്റെ വിദ്യാർത്ഥി സംഘടന)ൽ പ്രവർത്തിക്കാൻ തുടങ്ങി. പ്രീഡിഗ്രി വരെ പ്രവർത്തിച്ചിട്ടുണ്ട്. അങ്ങിനെ കൗമാരകാലം രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പൊലിഞ്ഞുപോയി. എല്ലാ കുട്ടികളുടേയും പോലെ വർണ്ണശബളമായിരുന്നില്ല, വളരെ ഊഷരമായിരുന്നു കൗമാരം. പിന്നീട് ഉള്ളിൽ ആധികാരികമായി സംഗീതം പഠിക്കണമെന്ന് തോന്നലുണ്ടായി. 'നീ ഞങ്ങടെ കൺമുന്നിലിരിക്കുമ്പോൾത്തന്നെ വലിയ വിപ്ലവകാരിയാണ്, എവിടെങ്കിലും പോയാൽ എന്തായിരിക്കും അതുകൊണ്ട് പോണ്ട' എന്നായിരുന്നു മാതാപിതാക്കളുടെ പ്രതികരണം. പിന്നെ സഹോദരനൊക്കെ സപ്പോർട്ട് ചെയ്തു. പാലക്കാട് സംഗീത കോളേജിൽ ചേർന്നു. സംഗീതം പഠിക്കാൻ തുടങ്ങിയപ്പോഴാണ് മനസ്സിനൊരു ഹീലിംഗ് കിട്ടിയത്. പഠിക്കുന്നതിനു സമാന്തരമായി പതിനേഴു വയസ്സുവരെ സംഗീതം അഭ്യസിച്ചിരുന്നുവെങ്കിലും ചുറ്റുപാടുകൾ, രാഷ്ട്രീയ പ്രവർത്തനം എല്ലാമെന്നെ അലോസരപ്പെടുത്തിയിരുന്നു. പാലക്കാട് പോയപ്പോൾ ഏഴു വർഷക്കാലം ഹോസ്റ്റലിൽ നിന്ന് പഠിച്ചു. സ്വസ്ഥതയുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഏകാഗ്രമായി പഠിക്കുകയും ഏകതാ ബുദ്ധിയിൽ സംഗീതത്തിനെ മാത്രം മനസ്സിലെടുത്ത് ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്യുന്ന സമയമൊഴികെ എല്ലാ സമയവും സംഗീതം പ്രാക്ടീസ് ചെയ്യാനും പറ്റിയിരുന്നു. രാവിലെ നാലുമണിക്കൊക്കെ എഴുന്നേറ്റ് സാധകം ചെയ്തിരുന്നു. കൃത്യനിഷ്ഠയോടെ പഠിച്ചു. പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ആകാശവാണിയിൽ കർണ്ണാടക സംഗീതത്തിൽ 'ബി' ഗ്രേഡ് ഉണ്ടായിരുന്നു. അത് വളരെ ബുദ്ധിമുട്ടുള്ള ഒരു നേട്ടമാണ്. രണ്ടുമൂന്നു തവണ ശ്രമിച്ചിട്ടും അത് കിട്ടാത്ത അദ്ധ്യാപകർ പോലുമുണ്ടായിരുന്നു. അപ്പോഴാണ് എനിക്ക് കിട്ടിയതിന്റെ വില എനിക്ക് മനസ്സിലായത്. കർണ്ണാടക സംഗീത പാഠമാലയിലും സംഗീതക്കച്ചേരിയിലും എന്റെ പേര് അനൗൺസ് ചെയ്തുകേൾക്കുമ്പോൾ വളരെ സന്തോഷം തോന്നിയിരുന്നു. ഇറങ്ങിക്കഴിഞ്ഞ് സെൻട്രൽ ഗവൺമെന്റിന്റെ സ്കോളർഷിപ്പോടുകൂടി ഗുരുകുലം സമ്പ്രദായത്തിൽ മങ്ങാട് നടേശൻ സാറിന്റെ അടുത്ത് പഠിച്ചു. ഇങ്ങിനെ സ്ട്രഗിൾ ചെയ്ത് പഠിച്ചിട്ടും, 2000ൽ പുറത്തിറങ്ങിയപ്പോഴാണ് റിയാലിറ്റി. തൊഴിൽ വേണം. കച്ചേരികൾ വേണം. പക്ഷെ കച്ചേരിയൊക്കെ നിലനിൽക്കുന്നത് ഒരു സവർണ്ണ സിസ്റ്റത്തിനെ കേന്ദ്രീകരിച്ചാണ്. അവിടേക്ക് നമുക്ക് എൻട്രി ഇല്ല. കർണ്ണാടക സംഗീതകച്ചേരികൾ എന്നെപ്പോലുള്ളവർക്ക് പ്രാപ്യമല്ലാത്ത ഒരവസ്ഥയുണ്ടായിരുന്നു. മാത്രമല്ല ഡിപ്ലോമ നാലു വർഷം, പോസ്റ്റ് ഡിപ്ലോമ മൂന്നു വർഷം. കോളേജ് യൂണിവേഴ്സിറ്റിയിലേക്ക് അഫിലിയേറ്റ് ചെയ്തു. പോസ്റ്റ് ഡിപ്ലോമയിൽ എനിക്ക് ഫസ്റ്റ് റാങ്കുണ്ടായിരുന്നു. കലാമണ്ഡലത്തിൽ ഒഴിവുണ്ടെന്ന് പത്രത്തിൽ കണ്ട് അപേക്ഷിച്ചു. ക്വാളിഫിക്കേഷൻ കൊണ്ടും ഇന്റർവ്യൂ കൊണ്ടും മികച്ച അർഹതയുള്ള ഉദ്യോഗാർത്ഥി ആയിരുന്നു ഞാൻ. പക്ഷെ പിന്നീട് മങ്ങാട് നടേശൻ സാറിൽ നിന്നറിയാൻ കഴിഞ്ഞത് മറ്റൊരാളെ നിയമിക്കാൻ വേണ്ടി നടത്തിയ ഒരു പ്രഹസനമായിരുന്നു ആ ഇൻർവ്യൂ എന്നാണ്. നമ്മളൊക്കെ ആരാ പിന്നെ? ഇങ്ങിനെയൊക്കെയാണ് ജാതി പ്രവർത്തിക്കുന്നത്. ഒരു ദളിതിന് വിദ്യാഭ്യാസം കൊണ്ട് തന്റെ സാമൂഹ്യവ്യവസ്ഥയെ മറികടക്കാൻ കഴിയുന്നില്ല. അതിന് വലിയ ഉദാഹരണമാണ് ഞാൻ. ആ സമയത്ത് വലിയ സങ്കടവും നിരാശയുമായിരുന്നു. മനുഷ്യനെപ്പോലെ ജീവിച്ചേ പറ്റൂ. കഷ്ടപ്പെടാനുള്ള മനസ്സുണ്ടല്ലോ, നമുക്ക്. ട്യൂഷനെടുത്ത് അലഞ്ഞിട്ടുണ്ട്. പക്ഷെ മാന്യമായി ജീവിക്കാൻ പറ്റിയ സാഹചര്യമുണ്ടായിരുന്നില്ല. അങ്ങിനെയാണ് തൃശ്ശൂരിലുള്ള ചേതന റിക്കാർഡിംഗ് സ്റ്റുഡിയോയുമായി ബന്ധപ്പെടുന്നത്. ഹൈ ക്വാളിറ്റി ഉപകരണങ്ങളുള്ള കേരളത്തിലെ മികച്ച സ്റ്റുഡിയോ ആണത്. ഒരു കാലത്ത് ഏറ്റവും കൂടുതൽ റിക്കോർഡിംഗും റീ റിക്കോർഡിംഗും ഡബ്ബിംഗും നടന്നിരുന്ന ഒരു സ്റ്റുഡിയോ ആയിരുന്നു ചേതന. ഞാനൊന്നും ഒരിക്കലും സിനിമയിലെത്തുമെന്ന് വിചാരിച്ചിട്ടില്ല.

പൊയ്കയിൽ അപ്പച്ചൻ എഴുതിയിട്ടുണ്ടല്ലോ, 'കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി കാണുന്നുണ്ട് അനേകം വംശത്തിൻ ചരിത്രങ്ങൾ' അതുപോലെ നമ്മളെങ്ങനെ ചരിത്രം കുറിക്കാൻ ശ്രമിച്ചാലും അത് രേഖപ്പെടുത്തപ്പെടുന്നില്ല. ചരിത്രം മായ്ച്ചുകളയാനാണ് ശ്രമിക്കുന്നത്. അത് വ്യവസ്ഥിതിയുടെ പ്രശ്നമാണ്.

അങ്ങനെ ചേതനയിൽ പാടാൻ തുടങ്ങി. സിനിമയിൽ പാടുന്നതിന് വലിയ പാഷൻ ഒന്നുമില്ലായിരുന്നു. ജീവിക്കാൻ വേണ്ടി പാടി. ആദ്യം സിനിമയിൽ പാടിയത് 'നമ്മൾ' എന്ന സിനിമയിൽ 'കാത്തുകാത്തൊരു മഴയത്ത്' ആയിരുന്നു. ഞാൻ പാടിയ ട്രാക്ക് നേരെ സിനിമയിലുപയോഗിക്കുകയായിരുന്നു. ഞാനറിഞ്ഞില്ല. ഒരു ദിവസം ബസ്സിൽ പോകുമ്പോൾ കേട്ടു. അപ്പോൾ വിചാരിച്ചു: 'ങേ, ഇത് ഞാൻ പാടിയതാണല്ലോ' അതാണ് തുടക്കം. ഒരു സംഗീത സംവിധായകൻ ഇൻഡസ്ട്രി സസ്റ്റ് ആയി പെരുമാറി. ഞാനയാൾക്ക് ചുട്ട മറുപടി കൊടുക്കുകയും അയാളുടെ പാട്ട് വേണ്ട എന്നു പറയുകയും ചെയ്തു. ചേതനയിലും രവീസ് എന്ന് സ്റ്റുഡിയോയിലും അദ്ദേഹത്തിന്റെ പാട്ടുവേണ്ട എന്നറിയിക്കുകയും ചെയ്തു. പിന്നീട്, 2005ൽ രണ്ടുവർഷത്തേക്ക് ഖത്തറിൽപോയി പണിയെടുത്തു. തിരിച്ചുവന്ന് രണ്ടുവർഷം കഴിഞ്ഞ

പ്പോൾ 'സാൾട്ട് ആന്റ്പെപ്പറി'ലെ പാട്ട് കിട്ടി. ഖത്തറിൽ പോകുന്നതിനുമുമ്പ് 'കബീർ മ്യൂസിക് ഓഫ് ഹാർമണി' എന്ന ആൽബം ഇറക്കിയിരുന്നു. സംഗീതത്തിന്റെ രംഗത്തിലാണെങ്കിലും സമൂഹ ത്തിൽ നടക്കുന്ന സംഭവങ്ങൾ-മാറാട് കലാപം, ഗോധ്ര കലാപം ഇതൊക്കെ എന്നെ വല്ലാതെ ബാധിച്ചിട്ടുണ്ടായിരുന്നു. എനിക്ക് സംഗീത സാഹിത്യ അക്കാഡമി പരിസരങ്ങളും അവിടത്തെ സൗഹൃദങ്ങളും സജീവമായിട്ടുണ്ടായിരുന്ന ഒരു സമയം കൂടിയായിരുന്നു അത്. എന്റെ കൂടെ കേരളവർമ്മ കോളേജിൽ ഉണ്ടായിരുന്ന കെ.വി. എസിലെ പഴയ സുഹൃത്തുക്കളെയും എ.ഐ. എസ്.എഫ്., എസ്.എഫ്.ഐ. പോലുള്ള ഇടതു പക്ഷ സുഹൃത്തുക്കളെയും കാണാനും പൊതുവി ഷയങ്ങൾ ചർച്ച ചെയ്യാനുമുള്ള സാഹചര്യമുണ്ടാ യിരുന്നു. എന്റെ സുഹൃത്ത് ശ്രീകൃഷ്ണൻ ആണ് കബീറിന്റെ ഈരടികൾ പരിചയപ്പെടുത്തുന്നത്. അത് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പാട്ട് ആക്കി ഇറക്കുക എന്ന ആശയം അവനാണ് പറയു ന്നത്. എല്ലാവരും സമാനചിന്താഗതിക്കാരായതു കൊണ്ട് ഞാനതേറ്റെടുത്തു. കമ്പോസ് ചെയ്തു, പാടി. തർജ്ജമ ചെയ്തത് സലിംരാജ്, പ്രൊഫ. വി. അരവിന്ദാക്ഷൻ, ശ്രീകൃഷ്ണൻ എന്നീ സുഹൃത്തു ക്കളായിരുന്നു. ഒരുപാട് നിരൂപകശ്രദ്ധ പിടിച്ചു പറ്റിയ ഒരു വർക്കായിരുന്നു അത്. വ്യത്യസ്തമായ വഴിയിൽക്കൂടി ചെയ്യുന്ന വർക്കുകൾ സാമാന്യജന ങ്ങളിലേക്കെത്തുന്നില്ല ചെറിയ സർക്കിളുകളി ലൊതുങ്ങിപ്പോയി. എന്നാൽ ഇപ്പോൾ ഇവിടെ നില്ക്കുന്ന ബ്രാഹ്മണിക്കൽ ജാതി വ്യവസ്ഥയ്ക്കും, രാഷ്ട്രീയ അവസ്ഥയ്ക്കും നല്ല മറുപടിയാണ് അന്നു മിന്നും ഇത്തരം പാട്ടുകൾ. ഞാൻ ശ്രീ നാരായണ ഗുരുവിന്റെ നാലുവർക്കുകൾ ചെയ്തിട്ടുണ്ട്. ദൈവ ദശകം, അനുകമ്പാദശകം, കുണ്ഡലിനീപാട്ട്, സദാ ചാരം. ഇനിയും കുറേ ചെയ്യാനാഗ്രഹമുണ്ട്. താഴെ ത്തട്ടിലുള്ള ആൾക്കാരുടെ സ്വത്വങ്ങളെ അഭിസം ബോധന ചെയ്യേണ്ടതുണ്ടെന്ന ബോധ്യത്തിലാണ് പൊയ്കയിൽ അപ്പച്ചന്റെ വർക്കുകൾ തുടങ്ങിയത്. ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുകയാണ്.

പാരിടത്തിലുള്ള ചരിത്രങ്ങൾ
ഓരോന്നും പരിചിന്തനം ചെയ്തീടുക
വംശത്തെ
കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ

കബീറിന്റെ വരികളും ഡയരക്ട് ആയിട്ടുള്ള ഭാഷയാണ്. ഇവിടെ നിലനിൽക്കുന്ന മതമൗലിക വാദത്തിന് പറ്റിയ മരുന്നാണ് ആ വരികൾ. ആരാ ണീശ്വരനെന്നും കാണിച്ചുകൂട്ടുന്നതെല്ലാം വെറും അസംബന്ധമാണെന്നും അതിൽ കൃത്യമായി പറയുന്നുണ്ട്.

അപരിചിതനല്ലോ ഈശ്വരൻ
ഈ ജഗത്തിൻ ഈശ്വരൻ നിങ്ങൾക്കപരിചിതൻ

നമുക്ക് സരസ്വതിയെ ധ്യാനിച്ച് സ്വസ്ഥമായി പൂജ ചെയ്യാൻ പറ്റുന്നുണ്ടോ, വിശ്വാസവും ഭക്തിയും ആചാരവുമൊക്കെ വ്യവസായവത്ക്കരി ച്ചു. ഈശ്വരൻ ആത്യന്തികമായിട്ട് ഏകരൂപമാണ്, മൂലരൂപം ഒന്നാണ്. അമ്പലം മനുഷ്യശരീരം പോലെയും ഉള്ളിലുള്ള ആത്മാവ് വിളക്കായും സങ്കല്പിക്കുന്നു. ശബരിമലയിലാണെങ്കിലും പതിനെട്ടു പടിയൊക്കെ ചവിട്ടി മുകളിലെത്തി യാൽ തത്ത്വമസി - നീ തന്നെയാണ് ഞാൻ - എന്നല്ലേ എഴുതി വെച്ചിട്ടുള്ളത്? കബീർ പറയുന്നു.

നീ എവിടെയാണെന്നെ തേടുന്നത്
ഞാനരികിലുണ്ടല്ലോ,
പള്ളിയിലോ കഅബയിലോ അമ്പലത്തിലോ
ആചാരങ്ങളിലോ പൂണൂൽ ഉപനയനങ്ങളിലോ

ഒന്നുമല്ല ഞാനുള്ളത്. പിന്നെവിടെയാണ്? ശ്വാസ ങ്ങളുടെ ശ്വാസമാണ്. എന്റെയുള്ളിൽത്തന്നെയാണ്. ഇതെല്ലാം ഉൾക്കൊണ്ടാണ് ഞാൻ ജീവി ക്കുന്നത്. ഹിന്ദുസ്ഥാനിയിൽ ഒരുപാട് കബീർ വേർഷൻസുണ്ട്. എന്റെ കയ്യിൽ വരികൾ കിട്ടിയ പ്പോൾ അടുത്ത നിമിഷം ട്യൂൺ മനസ്സിൽ വന്നു.

അപരിചിതനല്ലോ ജഗദീശ്വരൻ
ഈ ജഗത്തിൻ ഈശ്വരൻ - നിങ്ങൾക്കപരിചിതൻ
അലറിവിളിക്കുവതെന്തിന് നിങ്ങൾ
ബധിരനോ പ്രഭു - പ്രപഞ്ചനാഥൻ
കാതോർക്കുമെൻ പ്രഭു
വെറുമൊരു പുഴുവിന്റെ
ചെറിയൊരു പദചലനത്തിനുപോലും
അപരിചിതനല്ലോ ജഗദീശ്വരൻ

ജട വളർത്തീടുന്നു സന്ന്യാസികൾ
താടി നീട്ടുന്നു മൗലവിമാർ
പരിണമിച്ചിടുന്നു മുഖച്ഛായകൾ
ആടുകളെപ്പോൽ കേവലമാടുകളെപ്പോൽ

ഉടയാടകൾ കാവിയിൽ മുക്കിടുന്നു സന്ന്യാസികൾ
കുതിർത്തീടുന്നില്ല മാനസം സ്നേഹ വർണ്ണങ്ങളിൽ

-ഇത് പെട്ടെന്നു തന്നെ ട്യൂൺ ചെയ്തു.

ആസാദിയെന്ന ഗാനം ആവേശത്തിന്റെ പുറത്താണ്. കനയ്യ ജയിലിൽ നിന്നും ജെ.എൻ.യു വിൽ തിരിച്ചുവന്ന് മുഴക്കുന്ന ആസാദി യൂട്യൂ ബിൽ കണ്ടപ്പോൾ ഞാൻ വിചാരിച്ചു: എന്തൊരു റിഥമിക് ആണിത്. ഇതൊരു ഗാനരൂപമാക്കാമെന്ന് വിചാരിക്കുമ്പോൾ തന്നെയാണ് ഷാഹിന വിളിച്ചു ചോദിക്കുന്നത് "നിനക്കിതൊരു ഗാനമാക്കിക്കൂടെ" എന്ന്. അവൾ പറഞ്ഞ അന്ന് തന്നെ ഞാൻ പാടിയ വീഡിയോ അവൾക്കയച്ചു കൊടുത്തു. പെട്ടെന്നത് വലിയ സംഭവമായി മാറി. കയ്യിൽ നിന്നും പൈസ യെടുത്താണത് ചെയ്തത്. ഷാഹിനയും കുറച്ചു പൈസയെടുത്തു. യൂട്യൂബിൽ അത് ഹിറ്റായി. എന്റെ വീഡിയോ ആരൊക്കെയോ എടുത്തിട്ട് - ചോദിച്ചിട്ടൊന്നുമല്ല - മാറ്റി വേറെ തരത്തിൽ വീഡിയോ ഇട്ടിട്ടുണ്ട്. നല്ല ഒരു കാര്യത്തിനു

വേണ്ടിയായതിനാൽ ഞാൻ കോപ്പി റൈറ്റ് പ്രശ്ന മൊന്നുമുന്നയിച്ചില്ല. അങ്ങിനെയത് ഇന്ത്യയൊട്ടു ക്കുമറിയപ്പെടുന്ന ഒരു ഫ്രീഡം സോങ്ങായി മാറി. അതിന്റെ ഇൻസ്പിരേഷൻ കനയ്യ തന്നെയാണ്. കമല ബാസിന്റെ വായിൽ നിന്നാണ് ആസാദി മുദ്രാവാക്യങ്ങൾ ആദ്യം വന്നത്. നാലഞ്ചു മാസ ങ്ങൾക്കുമുമ്പ് ശ്രീനാരായണ ഗുരുവിന്റെ പുതിയ വർക്ക് ചെയ്തിരുന്നു. അതിൽ സദാചാരം എന്ന കൃതിയാണ്

നല്ലതല്ല ഒരുവൻ ചെയ്ത
നല്ല കാര്യം മറപ്പത്
നല്ലതല്ലാത്തതുടനെ മറന്നീടുക - അതുത്തമം
നെല്ലിന് നീര് വിട്ടീടിൽ
പുല്ലിനും പോയിടുന്നത്
കല്ലിലത്രെ ജലം
നെല്ലിൽ ചെല്ലും വഴി തടുക്കുകിൽ

നെല്ലിന് വെള്ളം കൊടുക്കുമ്പോൾ അതിനിട യ്ക്കുള്ള പുല്ലും വളരും.

അതു വിചാരിച്ച് നെല്ലിലേക്കുള്ള വെള്ളം നിറു ത്തരുത്

അതുപോലെ
പേരും പെരുമയും നല്ലോരാരുമേ കൈവിടില്ലത്
നേരറ്റ കൃപണർക്കൊട്ടും ചേരാ നേരെ വിപര്യം

**വർണ്ണവിവേചനം**

സംഗീതലോകത്ത് കളർ ഡിസ്ക്രിമിനേഷൻ നന്നായിട്ടുണ്ട്. ജാതി വർക്ക് ചെയ്യുന്നതു തന്നെ ആ വഴിയിൽക്കൂടിയാണ്. സിനിമാരംഗത്തുമുണ്ടത്. എന്നെ കണ്ടുകഴിഞ്ഞാൽ ഞാനേതു പാട്ടുപാടണ മെന്നു നിശ്ചയിക്കപ്പെടുന്ന ഒരു ബോധം മലയാളി കളുടെയുള്ളിലുണ്ട്. ഞാൻ പാട്ട് കമ്പോസ് ചെയ്യു ന്നത് ഏതു രീതിയിലാണെന്ന് നോക്കിയാൽ എനിക്ക് എല്ലാ പാട്ടും ചെയ്യാൻ പറ്റും എന്നു മനസ്സിലാകും. കമ്പോസിംഗ് എന്റെ പാഷൻ ആണ്. എനിക്ക് എല്ലാത്തരം ഗാനങ്ങളും പാടാൻ പറ്റും. എന്റെ ശബ്ദം നല്ല മെലഡിക് പറ്റിയതാണെ ന്നെനിക്കറിയാം. ഞാൻ ഏഴു കൊല്ലം കർണ്ണാ ട്ടിക്കും പഠിച്ചിട്ടുണ്ട്. പക്ഷെ സിനിമയിലെനിക്ക് ഫോക്ടച്ചുള്ള പാട്ടേ കിട്ടൂ. ഇവിടത്തെ പുരുഷാ ധിപത്യ വ്യവസ്ഥയിൽ സ്ത്രീയെക്കുറിച്ച് ചില സങ്കല്പങ്ങളുണ്ട്. സ്ത്രീ എങ്ങനെയായിരിക്കണം, അവളുടെ ശബ്ദമെങ്ങിനെയായിരിക്കണം എന്നത് പാട്ടിൽ പോലും പ്രതിഫലിക്കുന്നുണ്ട്. ലോലമായ, ശബ്ദമേ സ്ത്രീക്ക് പാടുള്ളൂ എന്നതാണതിലൊന്ന്. പക്ഷെ പല വോയ്സ് കൾച്ചറിലും മെലഡിയുണ്ടാ ക്കാം. പാടുന്ന സ്ത്രീ കാണാൻ ഇങ്ങനെയായിരി ക്കണം, അവളുടെ ശബ്ദം ഇങ്ങിനെ വേണം എന്നൊക്കെ ഓരോ ബോധങ്ങളുണ്ടിപ്പൊ. വിഷ്വൽ മീഡിയ ഇത്രയുമില്ലാതിരുന്നതുകൊണ്ടാവും അവർക്കിത്ര പാട്ടുകൾ പാടാൻ പറ്റിയിട്ടുണ്ടാവുക. ഒരു ട്രെയിൻ യാത്രയിൽ ഒരു പട്ടാളക്കാരനെ പരിച യപ്പെട്ടു. പാട്ടുകാരിയാണെന്നു പറഞ്ഞപ്പോൾ അയാൾ പറയുകയാണ്: 'കണ്ടാ തോന്നില്ലാട്ടോ' ഭാഗ്യം കൊണ്ട് ഞാൻ പാടിയ പാട്ടുകൾ പോപ്പുലർ ആണ്. വലിയ മെഗാ ഷോകളിലൊന്നും എന്നെ കാണില്ല. ഇവിടത്തെ മിക്ക ഗായികമാരുമായിട്ടും കൊടുക്കൽ-വാങ്ങൽ ഇല്ലാത്ത ഗായികയാണ് ഞാൻ. ഇതിനൊക്കെ വിളിച്ചാലല്ലേ അതുണ്ടാവൂ. എന്നെ ആ ചിന്തേലേ വരില്ല അവർക്ക്. ഒറ്റയ്ക്കാണ് ഞാൻ എന്റെ പരിപാടികൾ നടത്തുന്ന്. എനിക്ക് ജീവിക്കണം. സിനിമയിൽ ചാൻസ് കിട്ടിയില്ലെന്നു വെച്ച് ഞാൻ മിണ്ടാതിരിക്കില്ല. ഞാൻ വർക്ക് ചെയ്തോണ്ടിരിക്കും.ഇന്നും ഒരു വീഡിയോ ഇറ ങ്ങുന്നുണ്ട്. ഇനിയും ഇറങ്ങാനുണ്ട്. എന്റെ വർക്കു കൾ ചെയ്യുന്നുണ്ട്. പ്രൊഡ്യൂസർമാരെ കണ്ടെ ത്താൻ ശ്രമിച്ചോണ്ടിരിക്കും. വേറെ സപ്പോർട്ട് ഒന്നു മില്ല. നമ്മുടെ ഒരു ഇച്ഛാശക്തി കൊണ്ട് പിടിച്ചു നിൽക്കുകയാണ്. ഒന്ന് തളർന്നാൽ പോയി. തളരാൻ പാടില്ല.

ക്വാസിൽ നസ്റുൾ ഇസ്ലാമിന്റെ ദാരിദ്ര്യം എന്ന കവിത ചെയ്തിട്ടുണ്ട്. വളരെ ടച്ചിംഗ് ആണത്.

ദാരിദ്ര്യമേ മഹാനാക്കി നീയെന്നെ
എനിക്കേകി നീ ശ്രീ യേശുവിൻ സ്ഥാനം
മുൾക്കിരീടത്തിൻ ശോഭയും
എനിക്കേകി നിർലോഭം നീ
താപസാ, ധീരമാം ആവിഷ്ക്കാര സാഹസികത്വം
തന്നു നീ തീക്ഷ്ണമാം വചനങ്ങൾ
ഏകി നീയുദ്ധത ദിഗംബരദൃഷ്ടി - നിൻ
ശാപത്താലെൻ അഗ്നിവീണയിന്നൊരു ഖഡ്ഗ മായ് മാറിപ്പോയി
പാടുന്നു ഞാൻ പൂമാല കോർക്കുന്നു ഞാൻ

ഈ കവിത ഞാൻ കമ്പോസ് ചെയ്തു. പിന്നെ മാധവിക്കുട്ടിയുടെ കഥകളിൽ നിന്നുമെടുത്തിട്ടുള്ള റൊമാന്റിക് വരികൾ ചേർത്ത് നാലഞ്ചു പാട്ടുകൾ ചെയ്തിട്ടുണ്ട്. ശ്രീദേവി കർത്താ ആണ് വരികൾ മുങ്ങിത്തപ്പിയെടുത്തത്.

അറിയുന്നു പ്രിയനേ നിൻ പ്രണയം
ഒഴിഞ്ഞ കടലാസു കൂടെന്ന്
സൗവർണ്ണശീല പൊതിഞ്ഞു നീ നീട്ടും
ശുഷ്കമാം സമ്മാനമെന്ന്

ഞാൻ തന്നെ എഴുതിയ നാലു പാട്ടുകളടക്കം ഒൻപതു പാട്ടുകളുടെ ഒരു ആൽബം ഇറക്കിയി ട്ടുണ്ട്.

അനിതാ തമ്പിയുടെ 'നീലക്കടലിൽ നിന്നമ്മ കൈക്കുമ്പിളിൽ കോരിയെടുത്ത നിലാമലരേ...'

സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ മകളേ, വെയിൽചായുന്നു കൊന്നപ്പൂ പോലെ'

രാഘവൻ തിരുമുല്പാടെഴുതിയ 'സൂര്യനുമാഴി യിൽ മുങ്ങി, ദേവകാര്യത്തിനായിട്ടൊരുങ്ങി...'

തുടങ്ങിയ താരാട്ടുപാട്ടുകളും കമ്പോസ് ചെയ്തിട്ടുണ്ട്. വിക്രമാദിത്യൻ, നമ്മൾ, ചൂണ്ട, ഉട യോൻ, തൃശ്ശിവപേരൂർ ക്ലിപ്തം, സോൾട്ട് & പെപ്പർ, ഗോഡ് ഫോർ സെയിൽ, കൂട്ട് എന്നീ സിനിമകളിൽ പാടിയിട്ടുണ്ട്. സോൾട്ട് & പെപ്പർ എന്ന സിനിമയിലെ "ചമ്പാവ് പുന്നെല്ലിൻ ചോറ്" എന്ന ഗാനം വളരെയധികം ജനപ്രീതി നേടി.

■

സജിത മഠത്തിൽ/
പി.കെ. മേദിനി



പി.കെ. മേദിനി

സജിത മഠത്തിൽ
സിനിമാ-നാടക അഭിനേത്രി

# പടപ്പാട്ടിന്റെ പരുക്കൻ വഴികളിലൂടെ

ജാതീയത കൊടികുത്തി വാഴുന്ന കാലത്ത്, ഒരു ഈഴവാത്തി കുടുംബത്തിലാണ് ഞാൻ ജനിക്കുന്നത്. 1933 ആഗസ്റ്റ് എട്ടാം തീയതി. അച്ഛൻ കങ്കാണിയും അമ്മ പാപ്പിയും. എന്റെ അമ്മ പന്ത്രണ്ടു കുട്ടികളെ പ്രസവിച്ചു. അന്ന് പേര് പറയുന്നതിനൊപ്പം ജാതിയും പറയേണ്ട കാലമായിരുന്നു. പക്ഷേ എന്റെ അച്ഛൻ ഒരു വേറിട്ട മനുഷ്യനായിരുന്നു. ജാതിയിൽ കുറഞ്ഞവന് ഷർട്ട് ഇടാൻ പറ്റാത്ത കാലത്ത് സ്വർണ്ണ കുടുക്കുള്ള ഷർട്ടുമായാണ് അച്ഛൻ തന്റെ തൊഴിലായ ബാർബർ പണി ചെയ്തിരുന്നത്. വായനയൊക്കെ ഉണ്ടായിരുന്ന, ശ്രീനാരായണഗുരു പ്രസ്ഥാനത്തോടൊക്കെ താൽപ്പര്യമുണ്ടായിരുന്ന നല്ല കലാകാരനായിരുന്നു അദ്ദേഹം. മൃദംഗം നന്നായി വായിക്കുമായിരുന്നു. ഞങ്ങൾ കുട്ടികൾക്ക് പ്രത്യേകതയുള്ള പേരുകളാണ് അദ്ദേഹം നൽകിയത്. പത്മനാഭൻ, ബാവ, ചക്രപാണി, ശാരംഗപാണി, ഭാർഗവി, വസുമതി, മേദിനി, ദയാനന്ദൻ, ജലം എന്നിങ്ങനെയുള്ള പേരികളിലൂടെ ഞങ്ങൾ അക്കാലത്ത് വ്യത്യസ്തരായി. അമ്മയാണ് പാട്ടിന്റെ ഗുരു. അമ്മയുടെ അമ്മാനപാട്ടുകളുടെ ഈണം ഇന്നും മനസ്സിലുണ്ട്. പക്ഷെ പാട്ടിനും, താളലയത്തിനുമപ്പുറത്ത് ദാരിദ്ര്യം ഞങ്ങളെ ചുറ്റിപ്പിടിച്ചിരുന്നു. ജീവിക്കാൻ അല്ലെങ്കിൽ ചാവാതിരിക്കാനുള്ള ശ്രമം ആയിരുന്നു അന്നത്തെ ഓരോ പ്രവൃത്തിയും. ഞങ്ങൾ മംഗലത്ത് വീട്ടുകാരുടെ കുടികിടപ്പുകാരായിരുന്നു. വോട്ടുപോലും ഇല്ലാത്തവർ. കുടികിടപ്പുകാർക്ക് വാടക കൊടുക്കണ്ട, പക്ഷെ ആ വിശാലമായ പറമ്പിലെ തെങ്ങുകൾക്കു മുഴുവൻ വെള്ളം കോരി നനക്കണം. ആഴമുള്ള കിണറുകളിൽനിന്നോ, ദൂരെയുള്ള കുളത്തിൽനിന്നോ വലിയ കുടത്തിൽ വെള്ളം മുക്കിയെടുത്ത് നൂറു കണക്കിനുവരുന്ന തെങ്ങിന്റെ ചുവടുകളിൽകൊണ്ട് ഒഴിക്കണം. ചേട്ടന്മാരോടൊപ്പം കുട്ടിയായ ഞാനും പൊങ്ങാത്ത കുടവുമായി നനക്കാൻ പോകും. കാര്യസ്ഥന്മാർ വന്ന് മണ്ണിൽ വിരലുകൊണ്ട് അമർത്തി നനവ് പരിശോധിക്കും. തൃപ്തി ആയില്ലെങ്കിൽ വീണ്ടും വീണ്ടും വെള്ളമൊഴിപ്പിക്കും. ദേഷ്യം വന്നാൽ തല്ലും. പകലന്തിയോളം കുടുംബം പോറ്റാനുള്ള ജോലി എടുത്തു കഷ്ടപ്പെടുന്നവർക്കാണ് താമസിക്കാനൊരു ഇടം നൽകിയതിന്റെ പേരിൽ ഇങ്ങനെ ക്രൂരമായ പീഢനം. കുട്ടികളെയും വെറുതെ വിടില്ല.

സ്വന്തം കഷ്ടപ്പാടിൽനിന്നാണ് അന്നത്തെ തൊഴിലാളികൾക്ക് സമരത്തിന്റെ ഊർജ്ജം കിട്ടിയത്.

അച്ഛന്റെ താളബോധവും പാട്ടുമൊക്കെ എന്നിലും കലാതാൽപ്പര്യം ഉണ്ടാക്കി. ബാവ ചേട്ടനും, ശാരംഗപാണിയും നല്ല കലാകാരന്മാരായിരുന്നു. അവരുടെ വാൽസല്യവും കലാകാരിയായി വളരുന്നതിൽ എന്നിൽ ഏറെ പങ്കുവഹിച്ചു. പക്ഷെ ദാരിദ്ര്യം ജീവിതത്തിന്റെ സന്തോഷങ്ങളെ വഴിമുടക്കി. ഞാൻ സ്കൂളിൽ പാട്ടുപാടി ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. എല്ലാവർക്കും എന്നെ വലിയ കാര്യവുമായിരുന്നു. പക്ഷെ അമ്മ അസുഖമായി മരിച്ചതോടെ വീട്ടിലെ അവസ്ഥ വളരെ മോശമായി. എനിക്കന്ന് പന്ത്രണ്ടു വയസ്സേ വരൂ. ഫീസുകൊടുക്കാതായപ്പോൾ സ്കൂളിൽനിന്നു പുറത്താക്കി. പഠനം ആറാം ക്ലാസ്സിൽ നിലച്ചു. പിന്നീട് സൗജന്യ വിദ്യാഭ്യാസം കേരളത്തിൽ വന്നപ്പോൾ ഞാൻ ഏറെ സന്തോഷിച്ചു. അന്ന് സ്കൂളിന്റെ പടികൾ ഇറങ്ങിവന്നപ്പോൾ ഞാൻ അനുഭവിച്ച പിടച്ചിൽ ഒരു വിദ്യാർത്ഥിയ്ക്കും ഇനി അനുഭവിക്കേണ്ടി വരില്ലല്ലോ!

ദിവാൻ ഭരണത്തിനെതിരെ പൊരുതാനുള്ള തീരുമാനം തൊഴിലാളികൾ എടുക്കുന്നത് അക്കാലത്താണ്. മൂത്ത ജേഷ്ഠൻ ബാവ ആശാൻ എന്നു വിളിക്കുന്ന പി.കെ. ബാവ തൊഴിലാളി യൂണിയന്റെ ഭാരവാഹിയും, വയലാർ സമരത്തിന്റെ തൊഴിലാളി ക്യാമ്പിന്റെ ക്യാപ്റ്റനുമായിരുന്നു. യോഗം തുടങ്ങും മുമ്പ് ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനായി പാട്ടുപാടി തുടങ്ങണമെന്ന് നിർബന്ധം പിടിച്ചത് അദ്ദേഹമാണ്. സ്വയം നന്നായി പാടുമായിരുന്നു. എന്റെ പാടാനുള്ള താൽപ്പര്യം കണ്ട് കൂടെ കൊണ്ടുപോകാൻ തുടങ്ങി. അങ്ങിനെയാണ് ഞാനും പടപാട്ടുകാരിയായി മാറിയത്. വയലാർ സമരത്തെത്തുടർന്ന് ചേട്ടനായ വാവയ്ക്കൊപ്പം ഞാനും ഒളിവിൽപ്പോയി. സിപിയുടെ പട്ടാളം ഞങ്ങളുടെ കൂര തല്ലിത്തകർത്ത് ഇല്ലാതാക്കി. മാറി മാറി ചേട്ടനൊപ്പം ഒളിവിൽ താമസിച്ചു. ഒടുവിൽ ചേട്ടനെ പോലീസ് പിടികൂടി. വർഷങ്ങളുടെ ജയിൽവാസത്തിനുശേഷം ചേട്ടൻ തിരിച്ചുവന്നത് പോലീസ് മർദ്ദനത്തിൽ തകർന്ന ശരീരവുമായിട്ടായിരുന്നു. എന്റെ കൗമാരത്തെ തകർത്ത കാഴ്ചയായിരുന്നു അത്. വിരലുകൾ തൂങ്ങി, വെള്ളംപോലും എടുക്കാനാവാതെ വന്നു നിൽക്കുന്ന ചേട്ടൻ! ദാരിദ്ര്യമാർന്ന ചുറ്റുപാടിൽ പോരാട്ട വീര്യത്തോടെ ജീവിക്കുന്ന തൊഴിലാളികൾക്കുവേണ്ടി എനിക്കു ചെയ്യാനാവുന്നത് പാടുക എന്നതു മാത്രമായിരുന്നു!

### ബാല്യത്തിലെ ചില സന്തോഷങ്ങൾ

ഞങ്ങളുടെ വീടിന്റെ പടിഞ്ഞാറുവശത്താണ് പുത്തൻ പുരയ്ക്കൽ എന്ന വീട്. ആൾതാമസമൊന്നുമില്ലാതെ ഒറ്റപ്പെട്ട വീട്. അവിടെ ഒരു സഖാവ് ഒളിവിൽ കഴിയുന്നുണ്ടെന്നത് ബാവച്ചേട്ടൻ പറഞ്ഞ് അറിഞ്ഞതാണ്. എനിക്കന്ന് 12 വയസ്സേ പ്രായം വരൂ. ഒളിവിലിരിക്കുന്ന വീട്ടിലെ ജനൽപാളി തുറന്ന് സഖാവ് വിളിച്ചാൽ ഓടിച്ചെന്ന് സഹായിക്കേണ്ട ചുമതലയും ആങ്ങള എനിക്ക് തന്നു. പി. കൃഷ്ണപിള്ളയായിരുന്നു, ആ സഖാവ്. അന്നദ്ദേഹം പ്രമുഖനാണെന്നൊന്നും എനിക്കറിയില്ലായിരുന്നു. ഒരിക്കൽ ജനലിലൂടെ തലയിട്ട് ചോദിച്ചു, "വിശക്കുന്നു കഴിക്കാൻ എന്തെങ്കിലും ഉണ്ടോ കൊച്ചേ" എന്ന്. ദാരിദ്ര്യകാലമല്ലെ? വീട്ടിൽ അല്പം പയർ വേവിച്ചത് ഇരുപ്പുണ്ടായിരുന്നു. മൂപ്പിക്കാൻ വെളിച്ചെണ്ണ പോലും ഇല്ല, ഞാൻ ഉള്ളതുകൊണ്ടു കൊടുത്തു. കൂടെ ചക്കരയിട്ട കാപ്പിയും. ഞാനതു നൽകിയപ്പോൾ എന്നെ നോക്കി സന്തോഷത്തോടെ ചിരിച്ചു. മറ്റൊരിക്കൽ ഒരു തുണിക്കെട്ട് തന്നിട്ടു പറഞ്ഞു അടുത്തുള്ള ഒരു അലക്കുകാരൻ ചേട്ടന്റെ വീട്ടിൽ കൊണ്ടുചെന്നു കൊടുക്കാൻ. അതിനകത്ത് പുസ്തകങ്ങൾ ഒളിപ്പിച്ചിട്ടുണ്ടായിരുന്നു. ഇഎംഎസ്സിന്റെ ഒന്നേകാൽ കോടി മലയാളികൾ എന്ന അക്കാലത്ത് നിരോധിച്ച പുസ്തകം. ആരുടെയും ശ്രദ്ധ പറ്റാതെ അന്ന് കുട്ടികളായിരുന്നു ഇത്തരം രഹസ്യമായ കാര്യങ്ങൾ ചെയ്തിരുന്നത്. സഖാവുമായി ചിലവഴിച്ച നിമിഷങ്ങൾ ഇന്നും നിറം മങ്ങാതെ എനിക്ക് മുന്നിലുണ്ട്. എന്തൊരു വാൽസല്യവും സ്നേഹവുമായിരുന്നു ആ മുഖത്ത്. എന്നോട് സംസാരിച്ച് ദിവസങ്ങൾക്കുശേഷം രണ്ടാഴ്ചപോലും ആയിക്കാണില്ല അതിനുമുമ്പ് സഖാവ് പാമ്പുകടി ഏറ്റ് മരിച്ചു. ഞാനാ വാർത്ത കേട്ട് കുറെ കരഞ്ഞു. അറിഞ്ഞവരെല്ലാം കരഞ്ഞുകൊണ്ട് പാർട്ടി ഓഫീസിൽ ചെന്നു. അവസാനത്തെ ഒരു നോട്ടത്തിനായി. കൃഷ്ണപിള്ള സഖാവിനൊപ്പം ചിലവഴിച്ച ആ അപൂർവ്വ നിമിഷങ്ങൾ എന്റെ ജീവിതത്തിന്റെ സ്വകാര്യ അഭിമാനമാണ്.

### കലയിലൂടെ രാഷ്ട്രീയം

തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ പ്രവർത്തനങ്ങളിൽ കലയ്ക്കും ഒരു പ്രധാന ഇടമുണ്ടായിരുന്നു. കലാപ്രവർത്തനം എന്നു പറഞ്ഞാൽ അടി കിട്ടുന്ന കാലമാണ് അന്ന്. തൊഴിലാളി സാംസ്കാരിക കേന്ദ്രത്തിലൂടെയാണ് പൊതുരംഗത്തേക്കും കലാവേദിയിലേക്കും ഞാൻ വന്നത്. തൊഴിലാളി കലാകേന്ദ്രം നിരോധിച്ചപ്പോൾ ജനാധിപത്യ കലാകേന്ദ്രം തുടങ്ങി. അതും പിന്നീട് നിരോധിച്ചു.

പട്ടിണി അനുഭവിച്ചു ജീവിച്ച ഞങ്ങൾക്ക് അന്നു പ്രചരിച്ച പാട്ടുകൾ തൊട്ടത് ഹൃദയത്തിലായിരുന്നു.

"ഉരിയരിപോലും കിട്ടാനില്ല
പൊന്നു കൊടുത്താലും"
"ആസന്നമായി സജീവസമരം...
ഭാരതഭൂവിലും"

തുടങ്ങിയ എസ്.കെ. ദാസിന്റെ പാട്ടുകൾ എന്റെ മനസ്സിൽ കേറിക്കൂടിയത് നന്നേ ചെറുപ്പത്തിലായിരുന്നു. ഈ പടപ്പാട്ടുകളെ ഭരണവർഗ്ഗം ഭയന്നിരുന്നു, നിരോധിച്ചിരുന്നു എന്നു കേൾക്കുമ്പോൾ ഇന്നത്തെ തലമുറയ്ക്ക് കൗതുകം തോന്നും.

രാമൻകുട്ടി ആശാൻ ആയിരുന്നു തൊഴിലാളി കലാസാംസ്കാരിക കേന്ദ്രത്തിന്റെ പ്രധാനി. നിമിഷ കവി ആയിരുന്നു അദ്ദേഹം. പെട്ടെന്ന് പാട്ടുകൾ എഴുതി ഉണ്ടാക്കും. ടി.വി. തോമസ്സ് എന്ന ജനനായ കൻ ഒരു തിരഞ്ഞെടുപ്പിൽ തോറ്റപ്പോൾ കരഞ്ഞി രുന്ന പ്രവർത്തകരുടെ മനോധൈര്യം വർധിപ്പിക്കാൻ ആശാനെഴുതിയ മനോഹരമായ ഒരു പാട്ടുണ്ട്. ആജാ... ആജാ... എന്നു തുടങ്ങുന്ന പഴയ ഹിന്ദി പാട്ടിന്റെ ശൈലിയിൽ. ഞാൻ കരഞ്ഞിരിക്കുമ്പോ ഴാണ് ടി.വി. ആ പാട്ടിന് ഈണമിടാൻ പറയുന്നത്. ഞാൻ അപ്പോൾ മൂളിയ ഹിന്ദി പാട്ടിന്റെ ഈണ ത്തിൽ ആശാൻ വരികൾ പണിതു.

പെട്ടീ... പണപ്പെട്ടീ
കണ്ടോ മണിമാളിക...
പുൽമാടത്തിന്നെതിരെ...
ഒരു ഭാഗം പണപ്പെരുമാൾ
മറുഭാഗം മർദ്ദിതൻ...

കരഞ്ഞുകൊണ്ടു തന്നെ പാടിത്തുടങ്ങി. പക്ഷെ പിന്നീട് ഞങ്ങൾ ആ പാട്ടിലൂടെ തോൽവിയെ മറികടന്നു, കൂടുതൽ ശക്തരായി. എന്തുകൊണ്ട് ടി.വി. തോറ്റുവെന്ന് വ്യക്തമാക്കുന്ന പാട്ടിയിരുന്നു അത്. സമ്പന്നവർഗ്ഗത്തിനുമാത്രം സംഗീതം പഠിക്കാനും നൃത്തം ചെയ്യാനും അവകാ ശമുള്ള ഒരു കാലം, തൊഴിലാളികൾക്ക് ഷർട്ടിടാൻ സ്വാതന്ത്ര്യമില്ലാതിരുന്ന കാലം. ജോലി ചെയ്താൽ കൂലി കിട്ടാത്ത കാലം. ആ കാലത്താണ് തൊഴിലാ ളികൾ സ്വയം പാട്ടെഴുതിയതും ഉറക്കെ പാടിയതും അതുകേട്ട് ഭരണകൂടം അസ്വസ്ഥരായ ആ പാട്ടുകൾ നിരോധിച്ചതും. തൊഴിലാളികളുടെ കലാപ്രവർത്ത നത്തിന്റെ ശക്തി അതായിരുന്നു. പിന്നീട് എല്ലാ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും കേന്ദ്രം കെ.പി.എ.സി. ആയി മാറി! പടപ്പാട്ടുകൾ പതുക്കെ നിശ്ശബ്ദമായി! രാഷ്ട്രീയത്തിന്റെ ലോകം പിന്നീട് കലയെ കൈവിട്ടു.

### പാട്ടിന്റെ പെൺവഴികൾ

എന്റെ വീടിനടുത്ത് ഒരു നാണിമുത്തശ്ശി ഉണ്ടായിരുന്നു. അവരും അമ്മയുമാണ് ആ പ്രദേ ശത്തെ പ്രധാന പാട്ടുകാർ. ഓണത്തിന്, പത്തുദിവ സവും പാട്ടുണ്ട്. അടുത്തുള്ള വീട്ടിൽ നിന്നൊക്കെ ആളുകൾ കൂടും. ജീവിതകഥകളാണ് പാട്ടുരൂപ ത്തിൽ അമ്മയും നാണിമുത്തശ്ശിയും അമ്മാനപ്പാട്ടി ലൂടെ പാടിയത്. ചെറുപ്പത്തിലെ പാടാൻ കാരണം ഞാൻ കേട്ട പാട്ടുകളാണ്.

പുന്നപ്ര-വയലാർ സമരത്തിന്റെ നേതൃത്വ നിര യിലുണ്ടായിരുന്ന മീനാക്ഷി ആശാട്ടി എന്റെ സ്വഭാ വത്തെ രൂപപ്പെടുത്തുന്നതിൽ ഏറെ പങ്കു വഹിച്ചു. സമൂഹത്തിനുവേണ്ടി ജീവിക്കണം എന്നൊക്കെ അവർ പറഞ്ഞാണ് ഞാനാദ്യം കേൾക്കു ന്നത്. കലയും രാഷ്ട്രീയവും പരസ്പരം ചേർത്തുവെ ക്കേണ്ടതിന്റെ ആവശ്യം നല്ല ബോധ്യമുണ്ടായിരുന്നു അവർക്ക്. തൊഴിലാളി കലാകേന്ദ്രത്തിന്റെ പ്രവർത്തന ത്തിലേക്ക് എന്നെ കൈപിടിച്ച് കൊണ്ടുപോയത് മീനാക്ഷി ആശാട്ടിയാണ്. പതിനഞ്ചാം വയസ്സിൽ ട്രാവൻകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ആക്ടിംഗ് സെക്രട്ടറിയായി നിയമിതയായി മീനാക്ഷി ചേച്ചി. ഇപ്പോൾ അത് ആലോചിക്കുമ്പോൾ അത്ഭുതം തോന്നും. കാളിക്കുട്ടി ആശാട്ടിയും മീനാക്ഷി ചേച്ചിയും പുന്നപ്ര-വയലാർ സമരകാലത്ത് നേതൃത്വനിരയിലുണ്ടായിരുന്നു. സമരത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ച തൊഴിലാളി കുടുംബ ങ്ങളുടെ വീടുകളിൽ കയറി ഇറങ്ങി ആശ്വസിപ്പിക്കു ന്നത് എനിക്ക് നല്ല ഓർമ്മയുണ്ട്.

അനസൂയയാണ് അക്കാലത്ത് എന്നോടൊപ്പം പാടിയിരുന്നത്. എനിക്കു മുമ്പുതന്നെ പടപ്പാട്ടുരം ഗത്ത് എത്തിയവർ. “മണ്ണെറിഞ്ഞാലും പൊന്നു കായ്ക്കുന്ന മണ്ണാണെൻ നാട്ടിലങ്ങൊക്കെ” എന്ന ഗാനമായിരുന്നു അനസൂയയുടെ ഹിറ്റ് ഗാനം. എട്ടാം ക്ലാസ്സുവരെ പഠിച്ചശേഷം പഠനം നിർത്തി യാണ് അവൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ കലാപ്ര വർത്തനത്തിൽ പൂർണ്ണമായി മുഴുകിയത്. പുന്നപ്ര-വ യലാർ സമരത്തിൽ അനസൂയയെ തേടിപ്പിടിച്ച് ജയി ലിലിട്ടു. വീടു വളഞ്ഞ് വീട്ടുകാരെയും പോലീസ് പിടിച്ചു. പതിനൊന്നു മാസം അവളും ഒളിവിൽപ്പോ യി. ഞങ്ങളുടെ പാട്ടുകൾ അക്കാലത്ത് ഒരു തരംഗം തന്നെ സൃഷ്ടിച്ചിരുന്നു. ജീവിതപ്രാരാബ്ധങ്ങൾ പാട്ടുകാരികളെ നിശ്ശബ്ദരാക്കി. പുതിയ കാലത്തിന് പിന്നീട് പടപ്പാട്ടുകാരെ ആവശ്യമില്ലാതായി. ഗൗരി അമ്മയാണ് എനിക്ക് ഏറെ ആവേശം നൽകിയ മറ്റൊരു രാഷ്ട്രീയപ്രവർത്തക. പ്രസ്ഥാനത്തിനു വേണ്ടി അവർ ഏറെ സഹിച്ചു. ഞാനവരെ ഗൗരി ചേച്ചി എന്നായിരുന്നു വിളിച്ചിരുന്നത്. പോലീസിന്റെ മർദ്ദനം അവർ ഏറെ സഹിച്ചിട്ടുണ്ട്. എന്നെ ഒത്തിരി സഹായിച്ചിട്ടുണ്ട് ഗൗരിയമ്മ. ദേവസ്വം ബോർഡ് മന്ത്രിയായിരുന്ന സമയത്ത് അവർ അനുവദിച്ചുതന്ന ഭൂമി വിറ്റിട്ടാണ് ഞാനെന്റെ മകളുടെ വിവാഹം നട ത്തിയത്. അവർ എന്നോടു കാണിച്ച കരുതലിൽ ഒരു സ്ത്രീയുടെ മനസ്സറിയുന്ന രാഷ്ട്രീയപ്ര വർത്തക നിഴലിച്ചു കിടപ്പുണ്ട്. കൂത്താട്ടുകുളം മേരി യുടെ ജീവിതകഥകൾ എന്നിൽ കുറച്ചൊന്നുമല്ല ആവേശമുണ്ടാക്കിയത്. കാളിക്കുട്ടി ആശാട്ടിയുടെ നേതൃത്വം ഒട്ടേറെ സ്ത്രീകളെ രാഷ്ട്രീയത്തിലേക്ക് ആകർഷിച്ചു. മീനാക്ഷിചേച്ചിയും, കാളിക്കുട്ടി ആശാട്ടിയും ഞങ്ങളുടെ അഭിമാനമായിരുന്നു. സുഭ ദ്രാമ്മ തങ്കച്ചിയും, രാധമ്മ തങ്കച്ചിയും ഒക്കെ എന്റെ ഓർമ്മയിൽ തെളിഞ്ഞുനിൽക്കുന്നുണ്ട്. ഈ സ്ത്രീകളുടെ സമരാവേശവും, രാഷ്ട്രീയപ്രവർത്ത നങ്ങളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ചെറുതായല്ല, വലിയതോതിൽ തന്നെ. അവരില്ലായിരുന്നെങ്കിൽ ഇന്നത്തെ മേദിനി ഇല്ലായിരുന്നു!

### നിരോധിച്ച പാട്ടും അറസ്റ്റും

നിരോധിച്ച പാട്ടുകൾ പൊതുപരിപാടികളിൽ പാടി അപ്രത്യക്ഷരാവുക എന്നതായിരുന്നു ഞങ്ങ ളുടെ പരിപാടി. ഭരണവർഗ്ഗത്തിന് ഈ പടപ്പാട്ടുകൾ ഏറെ അസ്വസ്ഥതയുണ്ടാക്കി. കോട്ടയത്ത് പടപ്പാട്ടു

കൾ നിരോധിച്ചകാലം. അപ്പോഴേയ്ക്കും എനിക്ക് വയസ്സ് പതിനേഴായി കാണും. ഒരു വിദ്യാർത്ഥി ഫെഡറേഷന്റെ പരിപാടിക്ക് എന്നെ അവർ പാടാനായി ക്ഷണിച്ചു. കോട്ടയം തിരുനക്കര മൈതാനത്തുവെച്ച്. നിരോധിച്ച പാട്ടുപാടാൻ പോകുന്നതിനു മുമ്പ് ജില്ലാ സെക്രട്ടറി ഓഫീസിൽ ചെന്ന് അന്നത്തെ സെക്രട്ടറി വി എസ് അച്യുതാനന്ദനെ കണ്ടു വിവരം പറഞ്ഞു. അറസ്റ്റുണ്ടാവും എങ്കിലും പോകണമെന്ന് അദ്ദേഹം പറഞ്ഞു. രണ്ടുവർഷമായി നിരോധിച്ച പാട്ടുപാടിയതിന്റെ പേരിൽ എനിക്ക് അറസ്റ്റുവാറണ്ടുണ്ട്. എങ്കിലും ആലപ്പുഴയിലേക്കുള്ള ബോട്ട് കയറി. മനസ്സിൽ പേടിയൊന്നും തോന്നിയില്ല, വി എസ് സഖാവ് പറഞ്ഞ് അയച്ചതല്ലെ! തിരുനക്കര മൈതാനിയിലെ യോഗം തുടങ്ങി. ആർ സുഗതനൊക്കെ പങ്കെടുത്ത യോഗം. ജനങ്ങൾ തിങ്ങിക്കൂടിയിട്ടുണ്ട്. എസ് കെ ദാസിന്റെ "സാമ്രാജ്യത്വം വൻകിട ബൂർഷ്വാവർഗം ജന്മിത്വം മർദ്ദക ചൂഷക മൂർത്തികൾ മൂവരും ഒത്തു ഭരിക്കുന്നോ" എന്നു തുടങ്ങുന്ന നിരോധിച്ച ഗാനമാണ് ഞാനന്ന് പാടിയത്. യോഗസ്ഥലത്തുവെച്ച് സഖാക്കൾ സൂചിപ്പിച്ചു, ചിലപ്പോൾ അറസ്റ്റുണ്ടാവുമെന്ന്. എങ്കിലും ആ വലിയ ജനാവലിക്കുവേണ്ടി ഞാൻ ഉറക്കെ പാടി. പിന്നെ കോട്ടയം ഭാസിയുടെ വീട്ടിലേക്കുപോയി. ഭാസിചേട്ടന്റെ അമ്മയ്ക്കുവേണ്ടി ഞാനാ രാത്രി വീണ്ടും പാട്ടു പാടി. അതിനിടയ്ക്കാണ് ശബ്ദം കേട്ടത്. കൂത്താട്ടുകുളം മേരിയുടെ ജീവിതമൊക്കെ എനിക്കറിയാമായിരുന്നു, അവർ അനുഭവിച്ച യാതനകൾ ഞങ്ങളെല്ലാം മനസ്സിലാക്കിയിരുന്നതാണ്. അങ്ങിനെ ആയി തീരുമോ എന്റെയും ജീവിതം? ഞാൻ അല്പം അസ്വസ്ഥയായി. ഭാസിചേട്ടന്റെ അമ്മ വാവിട്ടു കരഞ്ഞു. ഈ കൊച്ചുപെൺകുട്ടിയെ, ഈ അർദ്ധരാത്രിക്ക്? ആ അമ്മ വിലപിച്ചു. സബ് ഇൻസ്പെക്ടർ രഹസ്യമായി ഭാസിചേട്ടനോട് പറഞ്ഞു. പേടിക്കേണ്ട, ഇന്നു രാത്രി കുഴപ്പമില്ലാതെ ഞാൻ നോക്കിക്കൊള്ളാം എന്ന്. അല്പം ആശ്വാസമായി. എന്നെ വണ്ടിയിൽ കയറ്റിയിരുത്തി. പോലീസുകാർ കിട്ടിയ അവസരം പാഴാക്കിയില്ല. ലാത്തികൊണ്ട് ശരീരത്തിൽ അവർ കുത്തുന്നുണ്ടായിരുന്നു. സ്റ്റേഷനിൽ വെളിച്ചം കുറവായിരുന്നു. ലോക്കപ്പിലെ കള്ളന്മാരെ മാറ്റി എനിക്കായി ഇടം തന്നു. പോലീസുകാരിൽ ചിലർ എന്റെ അടുത്തേക്കുവന്ന് ഉപദേശിക്കാൻ തുടങ്ങി. നീ പെൺകുട്ടിയല്ലെ, കലാരംഗത്തു തന്നെ നിൽക്കണമെങ്കിൽ കഥാപ്രസംഗത്തിന്റെ ഫീൽഡിന് നല്ല ഡിമാന്റ് ഉണ്ടല്ലോ അതു നോക്കിക്കൂടെ എന്നൊക്കെ. പാർട്ടിക്കുവേണ്ടിയും മറ്റും പാടി നടക്കുന്നത് പെൺകുട്ടികൾക്ക് ചേർന്നതല്ല എന്നവർ പറയുന്നുണ്ടായിരുന്നു. ഏതായാലും ഒരു പായ കിട്ടി. ഞാൻ രാത്രി ലോക്കപ്പിൽ കിടന്നുറങ്ങി. രാത്രി അവിടെ ചിലവഴിച്ചപ്പോൾ എനിക്ക് ഒരു കാര്യം മനസ്സിലായി. പോലീസുകാരിലും എന്റെ പാട്ട് ഇഷ്ടപ്പെടുന്നവർ ഉണ്ടെന്ന്. ഒരു പോലീസുകാരൻ എന്റെ പാട്ട് ഇഷ്ടമാണെന്ന കുറിപ്പ് എഴുതി ലോക്കപ്പിന്റെ അകത്തേക്ക് ഇട്ടത് എനിക്ക് അത്ഭുതം ഉണ്ടാക്കി. പുറകെ വന്ന പോലീസുകാരൻ ആ കുറിപ്പ് കണ്ട് എന്നെ അനാവശ്യമായി ശകാരിക്കുകയും ചെയ്തു. രാവിലെ ചില സഖാക്കളെത്തി, അവരെ കണ്ടപ്പോൾ എനിക്ക് ശ്വാസം വീണു. അവർ സ്നേഹപൂർവ്വം എനിക്ക് കാപ്പി വാങ്ങിച്ചുതന്നു. പക്ഷെ രാവിലെ ഇൻസ്പെക്ടർ രാജൻ സ്റ്റേഷനിൽ എത്തി. പോലീസുകാർ അയാളുടെ മുന്നിലേക്ക് എന്നെ കൊണ്ടുപോയി. നിനക്ക് തിരുവിതാംകൂറിലെ പോലീസുകാരുടെ പേരൊക്കെ പാട്ടായി പാടണമല്ലെ എന്നു ഗർജ്ജിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല. ആ പാട്ട് ഒന്നു പാടൂ എന്ന് ആജ്ഞാപിച്ചു. പാട്ടിന് വിലക്കുണ്ട് അതിനാൽ പാടാൻ പറ്റില്ല എന്നു ഞാനും. ഒടുവിൽ നരവേട്ടക്കാർ എം എസ് പിക്കാർ, അച്ചുതപ്പാപ്പാട്ടി, ഒ എം ഖാദർ, നാടാർ രാജൻ, കുട്ടികൾ മന്നാടി, ഒന്നും തലപൊക്കില്ലിവിടെ... എന്നുള്ള വരികളിൽനിന്ന് പേരുകൾ മാത്രം പറയാൻ ആവശ്യപ്പെട്ടു. പറഞ്ഞില്ലെങ്കിൽ അടി കിട്ടുമെന്ന് എനിക്ക് തോന്നി. ഞാൻ പതുക്കെ പേരുകൾ നിരത്തി. അതിലുള്ള നാടാർ രാജൻ അയാൾ തന്നെയായിരുന്നു. നിനക്ക് എന്റെ പേരും അറിയാമല്ലെ എന്നു പറഞ്ഞുകൊണ്ട് ഒറ്റ അടി. അതിനിടയിൽ മറ്റൊരു പോലീസ് എന്റെ മുടിക്ക് കുത്തിപ്പിടിച്ച് "പോടീ റാസ്കൽ" എന്നും പറഞ്ഞ് എന്നെ ലോക്കപ്പിനകത്തുവെച്ച് പൂട്ടി. എന്നെ കൂടുതൽ അടിയിൽനിന്നു രക്ഷപ്പെടുത്താനുള്ള തന്ത്രമായിരുന്നു അത്. കോടതിയിൽ എന്നെ ഹാജരാക്കിയപ്പോൾ എന്റെ കൈകെട്ടിയുള്ള നിൽപ്പ് മജിസ്ട്രേറ്റിന് സുഖിച്ചില്ല. കൈകൂപ്പണമെന്നൊന്നും എനിക്ക് അറിയില്ലായിരുന്നു. അദ്ദേഹം ശിക്ഷ വിധിച്ചു, 500 രൂപ കെട്ടിവെക്കാൻ. കോടതി അലക്ഷ്യത്തിന്! അന്ന് 500 രൂപയൊക്കെ വലിയ തുകയാണ്. നാലു മണിക്കു മുമ്പെ അത്രയും കെട്ടിവെച്ചില്ലെങ്കിൽ അന്നും രാത്രി ഞാൻ ലോക്കപ്പിൽ കിടക്കേണ്ടിവരും. എന്തും സംഭവിക്കാം, പക്ഷെ സഖാക്കൾ തിരുനക്കര മൈതാനത്തിനടുത്തുള്ള ഷോപ്പുകളിൽനിന്നു പിരിച്ചെടുത്ത തുകയുമായി വന്ന് നാലു മണിക്കുമുമ്പ് പൈസ കെട്ടി. അങ്ങിനെ എന്റെ താൽക്കാലിക ശിക്ഷ അവസാനിച്ചു. അന്നു കടകൾ കയറി ഇറങ്ങി നാലഞ്ചു മണിക്കൂറിനുള്ളിൽ അവർ അത്രയും പണം പിരിച്ചെടുത്തത്, എന്റെ പാട്ടിനോടുള്ള അവരുടെ സ്നേഹം കൊണ്ടായിരുന്നു.

### യൗവ്വനം, വിവാഹം

സ്ത്രീസൗന്ദര്യത്തെക്കുറിച്ച് അന്നത്തെ ധാരണകൾ എല്ലാം വ്യത്യസ്തമായിരുന്നു. ഞാൻ യൗവ്വനത്തിൽ ഇതുപോലെ മെലിഞ്ഞിട്ടല്ലായിരുന്നു. തടിച്ച പ്രകൃതി, നീണ്ടമുടി ഉണ്ടായിരുന്നു. പൊട്ടൊന്നും തൊടില്ല. ചിലപ്പോൾ കണ്ണെഴുതും. അന്ന് പാർട്ടിയുടെ ഭാഗമായി ജീവിച്ചിരുന്ന സ്ത്രീകൾ കുറേ ആഭരണമൊന്നും ഇട്ടുനടക്കില്ല. ശരീരം കൊണ്ടും മനസ്സുകൊണ്ടും പാർട്ടിക്കാരാണവർ. എനിക്ക് ഏറെ ആഗ്രഹിച്ച്, അച്ഛൻ കഷ്ടപ്പെട്ട് ഒരു

നേർത്ത സ്വർണ്ണമാല വാങ്ങിച്ചുതന്നു. ചെറുപ്പമല്ലെ, ഏറെ സന്തോഷത്തോടെ ഞാനത് ചാർത്തി നടക്കാൻ തുടങ്ങി. ഒന്നു രണ്ടു ദിവസം കഴിഞ്ഞ് അതും അണിഞ്ഞ് പാർട്ടി ഓഫീസിൽ ചെന്നു. അന്നത്തെ ജില്ലാ പാർട്ടി സെക്രട്ടറി വി എസ് ആണ്. "നിനക്ക് ഈ മാലയുടെ ആവശ്യമൊന്നും ഇല്ല", എന്നും പറഞ്ഞ് അത് അഴിച്ചുമാറ്റി മേശക്കകത്തു വെപ്പിച്ചാണ് പാട്ടുപാടാൻ എന്നെ പറഞ്ഞുവിട്ടത്. അതിനുശേഷം മാല ഇടണമെന്ന് എനിക്ക് തോന്നിയിട്ടില്ല. ഞാൻ മനസ്സുകൊണ്ടും ശരീരം കൊണ്ടും ഒരു പാർട്ടി പ്രവർത്തകയായി മാറുകയായിരുന്നു.

എന്നാൽ ചക്കരകാപ്പിയും കുടിച്ച് പാട്ടും പാടി നടന്നാൽ ഒരു ജീവിതമാകില്ലല്ലോ. ജീവിതത്തിൽ വിവാഹവും കുട്ടികളും വേണം. ഒരു കൂട്ടു വേണം എന്നൊക്കെ എനിക്ക് തോന്നാൻ തുടങ്ങി. വയസ്സ് ഇരുപത് കഴിഞ്ഞു. വീട്ടിൽ ആങ്ങളമാർ വിവാഹം കഴിച്ചു. ഞാൻ അമ്മയില്ലാത്ത വീട് നാടകത്തിലഭിനയിച്ചും, നൃത്തനാടകങ്ങൾക്ക് പാട്ടുപാടിയും കിട്ടുന്ന വരുമാനംകൊണ്ട് മുന്നോട്ടു കൊണ്ടുപോകാൻ പാടുപെടുകയാണ്. പടപ്പാട്ടു പാടി മാത്രം ജീവിക്കാൻ ആഗ്രഹിച്ചവളാണെങ്കിലും, അതിൽനിന്ന് വരുമാനമില്ലല്ലോ. ഞാൻ ഇടപെടുന്ന പാർട്ടി ലോകത്തുനിന്ന് ആരെയും എനിക്ക് കണ്ടെത്താൻ പറ്റിയില്ല. വിവാഹമല്ലെ? പ്രണയം പോലെയല്ല അത്. ജാതിയും, മതവും സമ്പത്തും എല്ലാം അതിന്റെ ഘടകങ്ങളായി മാറില്ലെ? സ്ത്രീധനം കൊടുക്കാനുള്ള കാശും എന്റെ കൈയ്യിലില്ല. തിരുവിതാംകൂറിൽ ബഹുഭാര്യാത്വം നിലവിലുള്ള കാലമാണത്. അത്തരം വിവാഹ ആലോചനകളൊക്കെ നടന്നെങ്കിലും അതിനു ഞാൻ കീഴ്പ്പെട്ടില്ല. പിന്നെ നടന്നത് ഒരു കൂടിയാലോചനയാണ്. ആങ്ങളമാരും തലമൂത്ത ബന്ധുക്കളും തീരുമാനിച്ചു, കെ.പി.എ.സിയെക്കൊണ്ട് "നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി" നാടകം കളിപ്പിച്ചിട്ട് അതിൽനിന്നു കിട്ടുന്ന ടിക്കറ്റ് പണം കൊണ്ട് എന്റെ വിവാഹം നടത്താമെന്ന്. എനിക്കത് വലിയ നാണക്കേടായി തോന്നി. ഞാനതിനെ എതിർത്തു. എനിക്ക് മൊത്തത്തിൽ മടുപ്പു തോന്നി. എന്റെ അപ്പച്ചിയുടെ മകൻ ശങ്കുണ്ണിയേട്ടനെ ഞാൻ ചെറുപ്പത്തിലേ കാണുന്നതാണ്. സുമുഖനും സുശീലനുമാണ്. ആരോഗ്യപ്രശ്നങ്ങൾ കാരണം വിവാഹം കഴിച്ചിരുന്നില്ല. ഞാനദ്ദേഹത്തോട് എന്റെ സ്നേഹം അറിയിച്ചു. അദ്ദേഹം കോൺഗ്രസ്സുകാരനാണ്. ഞാൻ അറിയപ്പെടുന്ന കമ്യൂണിസ്റ്റുകാരിയും. ഏറെ എതിർപ്പോടെ ഞങ്ങൾ രജിസ്റ്റർ വിവാഹം ചെയ്തു. മലയാറ്റൂർ രാമകൃഷ്ണനായിരുന്നു എറണാകുളത്തെ രജിസ്റ്റർ ഓഫീസിൽ രജിസ്റ്റാറായി അന്ന് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ആൾക്കൂട്ടമൊന്നുമില്ലാതെ വിവാഹിതരായി. എന്റെ മനസ്സിൽ ഞാൻ പാട്ടുപാടി കൂട്ടിയ ജനാവലിയുടെ ഇരമ്പം കേൾക്കാമായിരുന്നു. ഞങ്ങൾ ജീവിതം ആരംഭിച്ചു, അദ്ദേഹത്തിന്റെ കുടുംബത്തിനൊപ്പം.

ഞങ്ങൾ ജീവിതം സന്തോഷത്തോടെ, പ്രണയത്തോടെ തുടങ്ങി. ഞങ്ങൾക്ക് രണ്ട് പെൺകുട്ടികളുണ്ടായി. ഇളയവൾക്ക് രണ്ടുവയസ്സുള്ളപ്പോൾ അദ്ദേഹം രോഗബാധിതനായി. രോഗം തിരിച്ചറിയാത്ത ചികിത്സ പത്തുവർഷത്തോളം തുടർന്നു. കിടപ്പാടം കടപ്പെടുത്തി. തൊഴിലാളി സഖാക്കളാണ് മരുന്നും റേഷനും എത്തിച്ചത്. അവരുടെ തുച്ഛമായ വരുമാനത്തിൽനിന്ന് ഒരു പങ്ക്! മക്കൾക്ക് 14 ഉം 12 ഉം വയസ്സായപ്പോഴേക്കും അദ്ദേഹം എന്നെ വിട്ടു പോവുകയും ചെയ്തു. ടിവിയും ഗൗരി അമ്മയും അക്കാലത്ത് എന്റെകൂടെ നിന്നു സഹായിച്ചു. പക്ഷെ വ്യക്തിപരമായി ഒറ്റപ്പെടൽ താങ്ങാനാവാതെ ആത്മഹത്യയെക്കുറിച്ചുപോലും ഞാൻ ആലോചിച്ചു. ഞാൻ പാർട്ടിക്കാരിയാണ് എന്ന തോന്നലിൽ പിടിച്ചുനിന്നാണ് അത്തരം മോശം വിചാരങ്ങളെ ഞാൻ മറികടന്നത്.

**പാട്ടുനിലച്ച കാലങ്ങൾ**

ചേട്ടന്റെ മരണം ജീവിതത്തെ ആകെ മാറ്റി. ദീർഘകാലം ഉള്ളതു മുഴുവൻ വിറ്റ് ചികിത്സിക്കുകയായിരുന്നു. പത്തു നീണ്ട വർഷങ്ങൾ. കുട്ടികളെ വളർത്തി വലുതാക്കുകയും, ഭർത്താവിനെ കൊണ്ടു നടന്നു ചികിത്സിക്കുകയും ആയിരുന്നു ഞാൻ. മരണം നൽകിയ ശൂന്യതയും, ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ പറ്റായ്മയും ഒക്കെ കൂടി ആയപ്പോൾ ഞാനാകെ തളർന്നു. ചേട്ടന്റെ മരണവാർത്ത അറിഞ്ഞ് പല സഖാക്കളും വന്നു കണ്ടു. ജനയുഗം പത്രത്തിലെ ചെറിയ വാർത്ത കണ്ട് അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന അച്യുതമേനോൻ ഒരു കത്തും നൂറുരൂപയും അയച്ചുതന്നു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വന്നു കാണാനും പറഞ്ഞിരുന്നു ആ കത്തിൽ. മൂന്നു നാലു മാസം ഞാനാ കത്ത് പിടിച്ചിരുന്നു. ആലോചിച്ചു. പിന്നെ പോയി കാണാൻ തീരുമാനിച്ചു. എനിക്ക് സെക്രട്ടറിയേറ്റിലേക്ക് പോയി പരിചയമൊന്നുമില്ല. ഞാൻ ഗേറ്റിന്റെ മുമ്പിലെത്തിയപ്പോൾ മുഖ്യമന്ത്രിയുടെ കാറുവരുന്നു. ഞാൻ ഓടിച്ചെന്ന് കൈകാണിച്ചു. വാർഡന്മാർ എന്റെ നേരെ കുതിച്ചുവന്നു. ഞാനാകെ പേടിച്ചുപോയി. പക്ഷേ മുഖ്യമന്ത്രിയുടെ കാറ് പുറകോട്ടുവന്ന് എന്നെ കയറ്റി ക്ലിഫ് ഹൗസിലേക്ക് പോയി. അദ്ദേഹത്തിന്റെ ഭാര്യ അമ്മിണി അമ്മയോട് ഞാൻ എന്റെ ബുദ്ധിമുട്ടുകൾ പറഞ്ഞു. എല്ലാ ജോലിയും പി എസിക്കുവിട്ട കാലമാണ്. എങ്കിലും കേരള സ്പിന്നിംഗ് മിൽസിൽ എനിക്ക് ജോലി കിട്ടി. ഇരുപതു രൂപയായിരുന്നു ശമ്പളം. വീട്ടിൽനിന്ന് കിലോമീറ്ററുകൾ നടക്കണം. മില്ലിനകത്തും മുപ്പതു സ്പിന്നിൽ നടന്നുപോകുന്ന ഒരു ജോലി ആയിരുന്നു. ഏകദേശം ഏഴു മണിക്കൂർ നടക്കുന്ന ജോലി. അസാധ്യ പൊടിയാണ്. പഞ്ഞിപ്പൊടി തലനിറച്ചാവും, ആരോഗ്യത്തെ ഒക്കെ ബാധിക്കും. ബിർളാ മാനേജ്മെന്റിന് തൊഴിലാളി പ്രശ്നമല്ലല്ലോ. അവർക്കു ലാഭം കിട്ടണം. ഞങ്ങൾ ആരോഗ്യപ്രശ്ന

ത്തിനായി, കുടിവെള്ളത്തിനായി ഒക്കെ സമരം ചെയ്തിട്ടുണ്ട്. അരമണിക്കൂർ വിശ്രമത്തിനായി വഴക്കിട്ടിട്ടുണ്ട്. ആദ്യത്തെ ആറുമാസം ട്രെയിനിങ്ങായിരുന്നു. അതിരാവിലെ ഏഴു മണിക്ക് ജോലിക്ക് കയറണം. നടക്കുകയല്ലാതെ വേറെ വഴിയില്ല... നടന്നു തീർത്ത ആ വഴികളിലൂടെ പിന്നീട് ഞാൻ നടന്നത് ആ പഞ്ചായത്തിന്റെ സാരഥി ആയിട്ടായിരുന്നു.

**പഞ്ചായത്തിന്റെ സാരഥി**

അമ്പത്തിയഞ്ചു വയസ്സു കഴിഞ്ഞ് ഞാൻ കേരള സ്പിന്നേഴ്സിൽനിന്നു പിരിയുന്ന ആദ്യ വർഷമാണ് തെരഞ്ഞെടുപ്പു വന്നത്. എന്റെ വാർഡിൽ എന്നെ നിർത്തി. പക്ഷേ പതിനഞ്ചോളം വോട്ടുകൾക്കാണ് ഞാനന്ന് തോറ്റത്. അത് സഖാക്കളിലും എന്നിലും ഒരു ധൈര്യമുണ്ടാക്കി. ഒന്നുകൂടി ശ്രമിച്ചാൽ ജയിക്കുമെന്ന തോന്നലുണ്ടാക്കി. എന്റെ പാട്ടിനെ ഇവിടുത്തുകാർ ഏറെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്കറിയാം. അപ്പോഴാണ് മണ്ണാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായി നിന്നത്. വനിതാ സംവരണ സീറ്റിൽ. എനിക്ക് ജയിക്കുമെന്ന് ആത്മവിശ്വാസം ഉണ്ടായിരുന്നു. ഞാൻ അവിടുത്തെ പ്രശ്നങ്ങൾ പഠിച്ചുതന്നെയാണ് ഇലക്ഷന് സംസാരിച്ചത്, ജനങ്ങളെ നേരിട്ടത്. അങ്ങിനെ ഞാൻ ജയിച്ച് പ്രസിഡന്റായി. എസ്.സി./എസ്.ടി. വിഭാഗത്തിനുള്ള ഫണ്ട് ഞങ്ങൾ പൂർണ്ണമായും വിനിയോഗിച്ചു. സംസ്ഥാനത്തുതന്നെ ഞങ്ങളുടെ ഗ്രാമപഞ്ചായത്തിനായിരുന്നു അന്നതിനു മുമ്പിൽ. ജീവിതകഷ്ടതകൾ എനിക്കല്ലാതെ ആർക്കാണ് മനസ്സിലാവുക? രാഷ്ട്രീയവും പാട്ടും എനിക്ക് രണ്ടല്ലായിരുന്നു. ഞാൻ എവിടെ ചെന്നാലും പാട്ട് ഒരു കഥാപാത്രമായി വരും. ഞാൻ പാടും, അവർ പഞ്ചായത്തിന്റെ ജോലിയിൽ എന്നെ സഹായിക്കും. സഹപ്രവർത്തകരെ ജോലിചെയ്യിപ്പിക്കാൻ ഞാൻ പാട്ടിനെ ഒരു ആയുധമാക്കി. പാട്ടിലൂടെ എന്റെ സ്നേഹം ഞാൻ പങ്കുവെച്ചു. അവർ അവരുടെ പണികളിൽനിന്ന് ഒരിക്കലും മാറിനിന്നില്ല. ഞങ്ങൾ ഒന്നിച്ചിരുന്ന് പാടുകയും പഞ്ചായത്തിന്റെ പ്രോജക്ടുകൾ ചർച്ചചെയ്യുകയും ചെയ്തു. ഒന്നിച്ച് പഞ്ചായത്തിലൂടെ നടന്നുപാടി.

“മനസ്സു നന്നാവട്ടെ...
മതമേതെങ്കിലും ആകട്ടെ
മാനവഹൃത്തിൽ ചില്ലയിലെല്ലാം
നാമ്പുകൾ വിരിയട്ടെ!”

അരിയോട് ബ്ലോക്ക് പഞ്ചായത്തിലെ ഓമനപ്പുഴ കടപ്പുറം എനിക്ക് മറക്കാൻ പറ്റാത്ത സ്ഥലമാണ്. അഞ്ചുവർഷക്കാലം ഞാനാസ്ഥലത്തെ പ്രതിനിധീകരിച്ചിരുന്നു. സുനാമി വന്നകാലം, വീടു മുഴുവൻ തകർന്ന്, സമയത്തിന് ഒരു സഹായവുമെത്താതെ ജനങ്ങൾ ക്രുദ്ധരായി ബഹളം വെച്ചുകൊണ്ടിരിക്കുമ്പോഴാണ് ഞാനവിടെ ചെന്നിറങ്ങുന്നത്. പ്രതിഷേധം കണ്ട് ജനപ്രതിനിധികൾ പേടിച്ചു. വണ്ടി എറിഞ്ഞുടക്കാൻ ശ്രമിച്ചു. പലരും ഓടി രക്ഷപ്പെട്ടു. ഞാനവിടെ നിന്നു. ഞാനവിടെനിന്ന് പണ്ട് കുറെ പാടിയിട്ടുണ്ട്. ജനക്ഷേമ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. പിന്നെ ഞാനെന്തിന് ഓടണം? എല്ലാറ്റിനുമൊടുവിൽ അവർ എന്നെ സ്നേഹംകൊണ്ട് പൊതിഞ്ഞു.

**കലയുടെ മറ്റുവഴികളിലേക്ക്**

എനിക്ക് പടപ്പാട്ടുകാരി ആയി ജീവിക്കണം എന്നായിരുന്നു ആഗ്രഹം. പക്ഷെ വീട് സ്ത്രീകൾക്ക് എന്നും ഉത്തരവാദിത്വമാണ്. പുന്നപ്രവയലാർ സമരം കഴിഞ്ഞ് ബാവചേട്ടൻ ജയിൽമോചിതനായി ആരോഗ്യം തകർന്നിരിക്കുന്ന കാലം. ദാരിദ്ര്യം കൊടികുത്തുന്ന ആ കാലത്താണ് ഡാൻസിന് പിന്നണി പാടാൻ പോവുന്നത്. ചെറിയ പൈസ കിട്ടും. പിന്നെ കൊടാമംഗലം സദാനന്ദന്റെ നാടകത്തിൽ അഭിനയിക്കാൻ പോയി. സന്ദേശം എന്നായിരുന്നു ആ നാടകത്തിന്റെ പേര്. എനിക്ക് അഭിനയിക്കാനുള്ള കഴിവോ, ശാരീരിക ഭംഗിയോ ഒന്നും ഇല്ലായിരുന്നു. പക്ഷെ പാട്ടുകാരി എന്ന നിലയിൽ എന്നെ അവരെല്ലാം അംഗീകരിച്ചു. ചെറായി അംബുജം, എസ്.ആർ. പങ്കജം എന്നിവരൊക്കെയായിരുന്നു ആ സംഘത്തിലെ നടികൾ. ഞാനവർക്കൊപ്പം കുറച്ചുകാലം കഴിഞ്ഞു. അക്കാലത്ത് സ്റ്റേജിൽ പാടി അഭിനയിക്കുകയായിരുന്നു പതിവ്. ഇരുന്നൂറുവേദികളിൽ ഈ നാടകം അവതരിപ്പിച്ചു. ഇടവേളയിൽ ജന്മി-കർഷക നൃത്തമൊക്കെ ഉണ്ടായിരുന്നു ആ നാടകത്തിൽ.

“ഇക്കാണും പാടങ്ങൾ നമ്മൾ തൻ
കൈക്കളാൽ തീർന്നതോ
പാടുപെട്ട് പണിയെടുക്കും
കർഷകർ നമ്മൾ.”

കർഷകയായി ഞാനാണ് നൃത്തം ചെയ്തിരുന്നത്. അപ്പോഴേയ്ക്കും പാർട്ടിയുടെ നിരോധനം നീങ്ങിയിരുന്നു. തിരിച്ചുവരണമെന്ന് വി.എസ് പറഞ്ഞതനുസരിച്ച് ഞാൻ നാടകാഭിനയം നിർത്തി.

പിന്നീട് പി.ജെ. ആന്റണി ചേട്ടൻ എന്നെ പ്രതിഭ ആർട്സിലേക്ക് വിളിപ്പിച്ചു. ‘ഇൻക്വിലാബിന്റെ മക്കളിൽ’ റോസിയുടെ വേഷം ചെയ്യാനായിട്ട്. പറവൂർ ഭരതനും, ശങ്കരാടി ചേട്ടനും ഒക്കെ ആ നാടകത്തിലുണ്ടായിരുന്നു. പക്ഷെ എട്ട് നാടകം കഴിഞ്ഞപ്പോൾ ‘ഇൻക്വിലാബിന്റെ മക്കൾ’ നിരോധിച്ചു. ഞാൻ വീണ്ടും ഡാൻസിന് പാടാനൊക്കെ പോയി ജീവിതം മുന്നോട്ടുനീക്കി. പിന്നെ വിവാഹവും, ചേട്ടന്റെ മരണവും കഴിഞ്ഞ് കേരള സ്പിന്നിംഗ് മിൽസിൽ ജോലി കിട്ടി ട്രെയിനിംഗ് കഴിഞ്ഞിരിക്കുന്ന കാലത്താണ് വീണ്ടും നാടകത്തിലേക്ക് പോകാനുള്ള അവസരം ഉണ്ടായത്. ഫാക്ടറിയുടെ ഒരു ആഘോഷവേള, എൻ.എൻ. പിള്ള സാറിന്റെ നാടകം, ഒപ്പം തൊഴിലാളികളുടെ ഗാനമേളയും. ഞാൻ എല്ലാം കൊണ്ടും തകർന്നിരിക്കുന്ന കാലമായിരുന്നു. വലിയൊരു ഇടവേളക്കുശേഷം ഞാൻ പാടി.

"മനസ്സു നന്നാവട്ടെ" എന്ന എന്റെ പ്രിയപ്പെട്ട ഗാനം. ഞാൻ പാടിയ കാര്യമറിഞ്ഞ് എൻ.എൻ. പിള്ള കാര്യങ്ങൾ തിരക്കി. എന്റെ ആരോഗ്യം പാടെ തകർന്നിരുന്നു. മനസ്സും. എന്നിലെ കലാകാരിയുടെ വേദന ആ വലിയ കലാകാരന് മനസ്സിലായിക്കാണും. കമ്പനിയുടെ പരിശീലന കാലയളവിൽ എന്നെ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനുള്ള പെർമിഷൻ അദ്ദേഹം അധികൃതരിൽനിന്നു വാങ്ങിച്ചെടുത്തു. എനിക്ക് അദ്ദേഹം 35 രൂപ ശമ്പളം വാഗ്ദാനം ചെയ്തു. ഒരുമാസം വിശ്രമവും നല്ല ആഹാരവും തന്നു. ഞാൻ പതുക്കെ ആരോഗ്യമൊക്കെ വീണ്ടെടുത്തു. 'കാപാലിക' എന്ന നാടകമായിരുന്നു അന്ന് കളിച്ചുകൊണ്ടിരുന്നത്. ഞാൻ പിന്നണിപാടുകയാണ് ചെയ്തിരുന്നത്. ഒരിക്കൽ എന്റെ ശബ്ദം സ്റ്റേജിൽ കേട്ട് ഒ.എൻ.വിയും, ഒ. മാധവനുമൊക്കെ വന്നു ഞങ്ങളുടെ മേദിനിയുടെ ശബ്ദമാണല്ലോ എന്നു ചോദിച്ചിട്ടുണ്ട്. എന്റെ അന്നത്തെ അവസ്ഥയ്ക്ക് നിങ്ങളൊക്കെ കാരണമാണെന്ന് എന്ന് എൻ.എൻ. പിള്ള അവരോട് പറയുകയും ചെയ്തു. എന്നെ കെ.പി.എ.സിയിൽ എടുക്കണമായിരുന്നു എന്നും ഇങ്ങനെയുള്ള കൂലിവേലയ്ക്ക് വിടരുതായിരുന്നെന്നും എൻ.എൻ. പിള്ള വിശ്വസിച്ചു. ഞാനെന്തായിരിക്കും കെ.പി.സി.സിയിൽ ചേരാൻ താൽപ്പര്യപ്പെടാതിരുന്നത്? ഞാനതിന് ശ്രമിച്ചിട്ടില്ല എന്നു പറയുന്നതാണ് വാസ്തവം. അവരെന്നെ വിളിച്ചതുമില്ല. കെ.പി.എ.സി. സുലോചനയുടെ പാട്ടിനുമുമ്പിൽ എന്നിലെ പടപ്പാട്ടുകാരി അപകർഷതാബോധത്തോടെയാണ് നിന്നത്. ആ തരം പാട്ടുകൾ എന്റെ തൊണ്ടയിൽനിന്നു വരുവാൻ ബുദ്ധിമുട്ടാണ്. പക്ഷെ പിന്നീട് ഞങ്ങൾ ഒന്നിച്ച് ഒട്ടേറെ വേദികളിൽ പാടി. ചെറുപ്പത്തിലൊരിക്കൽ 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' നാടകത്തിൽ പകരക്കാരിയായി പങ്കെടുത്തിട്ടുമുണ്ട്.

### പുതിയ കാലത്തെ സന്തോഷങ്ങൾ

എന്റെ അറുപതുകളുടെ അവസാനത്തിൽ ഞാൻ ഒരു സിഡിയുടെ നിർമ്മാണത്തിന്റെ ഭാഗമായത് എന്റെ ജീവിതത്തിൽ ഉണ്ടായ വലിയ കാര്യമായിരുന്നു 'റെഡ് സല്യൂട്ട്' എന്ന ആൽബം ഇറക്കിയത്. സംഗീത ഉപകരണങ്ങളുടെ അകമ്പടിയോടെ ഞാൻ സ്റ്റുഡിയോക്കകത്തിരുന്ന് എന്റെ പടപ്പാട്ടുകൾ റിക്കാർഡ് ചെയ്തു. വലിയൊരു കൂട്ടം ജനങ്ങളിലേക്ക് വിപ്ലവഗാനങ്ങൾ എത്തിക്കാനായതിൽ എനിക്ക് സന്തോഷം തോന്നി. എന്നെക്കുറിച്ച് ഒരു ഡോക്യുമെന്ററിയും പി.ആർ.ഡി ചെയ്യുകയുണ്ടായി. പത്തു പതിനഞ്ചു ദിവസം ഞാൻ അതുവരെ നടന്ന വഴികളിലൂടെ തിരിച്ചുനടന്നു. അതിന്റെ സംവിധായകയായ സജിത മഠത്തിലിന്റെ നിർബന്ധപ്രകാരം വൈക്കം ടി.വി. പുരം കവലവരെ പോയി. അവിടെ വെച്ചാണ് ഞാനാദ്യമായി മൈക്കിലൂടെ പാടിയത്. പുന്നപ്ര-വയലാർ സമരശേഷമുള്ള സ്വീകരണമായിരുന്നു അത്. വീണ്ടും ആ കവലയിൽചെന്നു നിന്നപ്പോൾ അന്നുപാടിയ "മർദ്ദകാ...." എന്ന പാട്ട് എന്റെ ചുണ്ടിലൂടെ ഞാനറിയാതെതന്നെ പുറത്തേക്ക് ഒഴുകി. കോട്ടയത്തും, തിരുവനന്തപുരത്തും, ആലപ്പുഴയിലും ഒക്കെ ആയിരുന്നു അതിന്റെ ചിത്രീകരണം. മകളും കൊച്ചുമക്കളും അവരുടെ കുട്ടികളുമൊക്കെയായി വീട്ടിലേക്ക് ഒതുങ്ങിക്കൊണ്ടിരുന്ന എനിക്ക് ആ യാത്ര ഏറെ സന്തോഷം പകർന്നു. 'മേദിനിയും ഉച്ചഭാഷിണിയും' ഉണ്ടാവുമെന്ന നോട്ടീസിലെ വാചകങ്ങൾക്ക് ഇപ്പോഴും നിറം മങ്ങിയിട്ടില്ലെന്ന് എനിക്ക് ബോദ്ധ്യമായി. എവിടെയും ഒരുകൂട്ടം പരിചയക്കാർ എന്റെ ചുറ്റും കൂടി. അത് എന്റെ പാട്ടിനോടുള്ള സ്നേഹമായിരുന്നു.

### വസന്തത്തിന്റെ കനൽവഴിയിലൂടെ

വസന്തത്തിന്റെ കനൽവഴിയിലൂടെ എന്ന സിനിമയിൽ എൺപതാമത്തെ വയസ്സിൽ ഞാൻ അഭിനയിച്ചു. 1940-കളിലെ കേരളത്തിലെ സാമൂഹ്യ സാഹചര്യത്തിൽ കർഷകത്തൊഴിലാളി സമരങ്ങളിൽ നേരിട്ട് പങ്കെടുത്ത ചിരുത എന്ന കഥാപാത്രത്തെയാണ് അനിൽ നാഗേന്ദ്രൻ സംവിധാനം ചെയ്ത 'വസന്തത്തിന്റെ കനൽവഴിയിൽ' ഞാൻ അവരിപ്പിച്ചത്. അതേ സിനിമയിൽ ഒരു പാട്ടും ഞാൻ ട്യൂൺ ചെയ്യുകയുണ്ടായി. എന്റെ എൺപതാം വയസ്സിൽ കിട്ടിയ വലിയ അംഗീകാരമായിട്ടാണ് ഞാൻ ഈ അഭിനയത്തെ കാണുന്നത്. ഗൗരിഅമ്മയും മുകേഷും ഒക്കെ ഉണ്ടായിരുന്നു ലൊക്കേഷനിൽ. കുറെകാലത്തിനുശേഷം അവർക്കുവേണ്ടി 'റെഡ് സല്യൂട്ട്' പാടി. സുരഭിയെപ്പോലുള്ള പുതിയ തലമുറ എനിക്ക് സന്തോഷം തന്നു. "കത്തുന്ന വേനലിലൂടെ...." എന്ന പാട്ടായിരുന്നു ഞാനാ സിനിമയിൽ ട്യൂൺ ചെയ്തുപാടിയത്.

ഇപ്പോഴും പാടാൻ പോകും. ബസ്സിലും, ട്രെയിനിലും മറ്റും കയറി തന്നെയാണ് വലിയൊരു പങ്കും യാത്ര. ആരോഗ്യം പതുക്കെ മോശമാകാൻ തുടങ്ങിയിട്ടുണ്ട്. എങ്കിലും കമ്യൂണിസ്റ്റ് രക്തം എന്റെ ശരീരത്തിലൂടെ ഒഴുകുന്നതുകൊണ്ട് ഞാനൊന്നും കാര്യമാക്കാറില്ല. ഇടതും വലതുമൊന്നും എന്നെ ബാധിച്ചിട്ടില്ല. പിളർപ്പിൽ ഞാൻ അന്ധാളിച്ചു നിന്നിട്ടുണ്ട് എങ്കിലും. ഞാൻ കണ്ട കഷ്ടപ്പാടുകൾ, തൊഴിലാളി ജീവിതങ്ങൾ മനസ്സിൽ കലമ്പൽ കൂടുന്നിടത്തോളംകാലം എന്റെ പടപ്പാട്ടുകൾ ഇരമ്പലായി മാറുകതന്നെ ചെയ്യും.

ജീവിതത്തെക്കുറിച്ച് സന്തോഷം മാത്രമേ എനിക്കുള്ളൂ. എന്റെ പടപ്പാട്ടുകളാണ് എന്റെ ജീവൻ. എന്റെ മക്കളെപ്പോലെ ഞാനവരെ സ്നേഹിച്ചു. കൊണ്ടുനടന്നു ഇത്രയും കാലം. ഇടയ്ക്ക് ജീവിതത്തിൽ തളർന്നു... പക്ഷേ ശബ്ദത്തെ ആരോഗ്യം മാത്രമെ തളർത്തിയിട്ടുള്ളൂ. ആശുപത്രി കിടക്കയിൽ കിടക്കുമ്പോഴും വിളിവരും പാട്ടിനായി... എനിക്ക് അപ്പോൾ എന്തെന്നില്ലാത്ത ഊർജ്ജം വരും. ഞാൻ പാടും. എന്റെ പടപ്പാട്ടുകൾ.... ■

സി.എസ്. മീനാക്ഷി/
രശ്മി സതീഷ്

# സംഗീതം, സമരം, സഞ്ചാരം

ഭൂമിക്കുവേണ്ടിയുള്ള ആദിവാസികളുടെ നിൽപ്പുസമരത്തിൽ പങ്കുചേർന്നുകൊണ്ട് 'ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ' എന്നുറക്കെ പാടിയ രശ്മി, സംഗീതം സമരത്തിനുവേണ്ടിയും സാമൂഹ്യപ്രവർത്തനങ്ങൾക്കു വേണ്ടിയും ഉപയോഗിക്കാമെന്ന് വിശ്വസിക്കുന്ന രശ്മി. യാത്രകളിഷ്ടപ്പെടുന്ന, പുതിയ പുതിയ ഭക്ഷണങ്ങളിഷ്ടപ്പെടുന്ന രശ്മി, ചെറുപ്പകാലത്തു തന്നെ മുഴുനീളെ ശാസ്ത്രീയ സംഗീതക്കച്ചേരികൾ നടത്തിയിരുന്ന രശ്മി, സിനിമകളിൽ വ്യത്യസ്ത റോളുകളിൽ അഭിനയിക്കുന്ന രശ്മി. ഈ ഗായികയുടെ ജീവിത വഴികൾ വ്യത്യസ്തവും വൈവിധ്യമാർന്നതുമാണ്.

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല സ്വദേശി. മൂന്നുനാലു വയസ്സുള്ളപ്പോഴേ ശാസ്ത്രീയ സംഗീതം അഭ്യസിച്ചിരുന്നു. പ്രീഡിഗ്രി വരെയൊക്കെ ശാസ്ത്രീയ സംഗീതവും സിനിമാപ്പാട്ടും മാത്രമേ അറിയാമായിരുന്നുള്ളൂ. പിന്നീട് ഡിഗ്രി കാലത്താണ് സിനിമകൾ, വെസ്റ്റേൺ മ്യൂസിക്ക് ഉൾപ്പെടെയുള്ള പല പാട്ടുരൂപങ്ങളും പരിചയപ്പെടുന്നത്. ബി.എസ്.സി. ഫിസിക്സ് കഴിഞ്ഞ് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ വയനാട് ബത്തേരിയിലുള്ള സെന്റർ ഫോർ പി.ജി. സ്റ്റഡീസ് ഇൻ സോഷ്യൻ വർക്കിൽ എം.എസ്. ഡബ്ല്യൂ.വിന് ചേർന്നു. റൂറൽ ആന്റ് അർബൻ കമ്യൂണിറ്റി ഡെവലപ്മെന്റ് പഠിക്കുന്നതിന്റെ ഭാഗമായി ഫീൽഡ് വർക്ക് ചെയ്യേണ്ടിയിരുന്നു. ആ സമയത്ത് കൂട്ടുകാരുടെ കൂടെ പഠനത്തിന്റെ ഭാഗമായി തെരുവു നാടകങ്ങളും മറ്റും അവതരിപ്പിച്ചിരുന്നു. ആദിവാസി സമൂഹവുമായി പരിചയപ്പെട്ടപ്പോൾ അവരുടെ ജീവിതം തന്നെ സംഗീതവുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് മനസ്സിലായി. കുഞ്ഞിനെ ഉറക്കുമ്പോൾ, പണിയെടുക്കുമ്പോൾ, ആഘോഷവേളകളിൽ എല്ലാം അവർ പലതരം പാട്ടുകൾ പാടുന്നു. അങ്ങനെ അത്തരം പാട്ടുകളുമായി ഒരു പരിചയം കൈവന്നു.

എം.എസ്.ഡബ്ല്യൂ. കാലം കഴിഞ്ഞ് ആരോഗ്യവകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലും കുറച്ചുകാലം ജോലി നോക്കി. ജോലിയിൽ നിന്ന് ലീവെടുത്താണ് കൊൽക്കത്തയിലുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ഓഡിയോഗ്രാഫി കോഴ്സിനു ചേരുന്നത്. ജോലിയിൽ നിന്ന് ലീവെടുത്തു പോകുന്നതിനെക്കുറിച്ച് വീട്ടുകാർക്ക് കുറച്ച് വിഷമവും ആശങ്കയുമൊക്കെ ഉണ്ടായിരുന്നു. പക്ഷെ എന്റെ തെരഞ്ഞെടുപ്പ് ശരിയാണെന്ന് പിന്നീടെല്ലാവരും ശരിവെച്ചു.

### കൽക്കട്ട ജീവിതം

നാല്പ്പത്തിരണ്ടു ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ക്യാമ്പസിനുള്ളിൽത്തന്നെ എല്ലാ സൗകര്യവും ഉണ്ടായിരുന്നു. കൂടെയുള്ളവർ അധികസമയവും ക്യാമ്പസിൽ ത്തന്നെ ചിലവിടുമ്പോൾ ഞാൻ പുറത്തു പോകുമായിരുന്നു. പുറത്ത് എനിക്കൊരുപാട് സുഹൃത്തുക്കളുണ്ടായിരുന്നു. മെട്രോവിൽ കയറി ഓരോ സ്ഥലങ്ങൾ സന്ദർശിക്കും. കൽക്കട്ടയെപ്പറ്റി വായിച്ചുവായിച്ചു ഇഷ്ടം തോന്നിയ ഓരോ തെരുവും ഓരോ കഥ പറയും. ആഫ്രോ-ക്യൂബൻ വാദ്യ സംഗീതജ്ഞരുൾപ്പെടെ ലോകത്തുള്ള എല്ലാത്തരം പാട്ടുകാരും അവിടെ വരും. എല്ലാ വീട്ടിലെയും

ഒരംഗത്തിനെങ്കിലും വായ്പ്പാട്ടോ ഉപകരണ സംഗീതമോ രബീന്ദ്രസംഗീതമോ അറിഞ്ഞിരിക്കും.

**പബ്ബ് സംസ്ക്കാരം**

പബ്ബുകളുടെ ചീത്ത വശങ്ങൾ മാത്രമേ നാം മലയാളികൾ കാണുന്നുള്ളൂ. പക്ഷേ പബ്ബുകൾകൊണ്ട് സമൂഹത്തിനു പ്രയോജനങ്ങളുമുണ്ട്. ജോലി സംബന്ധമായും മറ്റും വലിയ മാനസിക–ശാരീരിക സമ്മർദ്ദമനുഭവിക്കുന്നവർ വാരാന്ത്യങ്ങളിൽ പബ്ബുകളിൽ വന്ന് സംഗീതം കേൾക്കുമ്പോൾ, താളത്തിനൊത്ത് ചുവടുകൾ വെക്കുമ്പോൾ അവരുടെ ഊർജ്ജം വീണ്ടെടുക്കുവാനും പൂർവ്വാധികം പ്രവർത്തക്ഷമത കൈവരിക്കുവാനും കഴിയും. ലോകത്തെ എല്ലാ ബാന്റുകളെയും കണ്ടത് കൽക്കട്ടയിലെ പബ്ബുകളിലും ഉത്സവങ്ങളിലുമാണ്.

**വേദികൾ**

കേരളത്തിൽ അധികം ആസ്വാദകരും പ്രത്യേകിച്ച് ഇൻഡോർ പരിപാടികളുടെ കാണികൾ അനങ്ങാതിരുന്നു പാട്ടുകേൾക്കുന്നവരാണ്. എന്നാൽ സർവ്വം മറന്ന് ആടിപ്പാടുന്നവരും താളത്തിനൊത്ത് നൃത്തം ചെയ്യുന്നവരുമുണ്ട്. കോഴിക്കോട് വളയത്ത് ഗദ്ദിക ഉത്സവത്തിന്റെ ഭാഗമായുള്ള പെർഫോമൻസിന്റെ സമയത്ത് മദ്ധ്യവയസ്ക്കരായ പെണ്ണുങ്ങൾ എല്ലാം മറന്ന് ആസ്വദിച്ച് ഡാൻസ് ചെയ്തു. അവരുമായി ഒരു ഗിവ് & ടേക്ക് സംവിധാനം ഉണ്ടായിരുന്നു. നേരെ മറിച്ച് തലശ്ശേരി ജഗന്നാഥ ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ടു നടന്ന പരിപാടി വൻ പോലീസ് സംരക്ഷണത്തിലായിരുന്നു. അന്ന് ഞാനല്ലാതെ പതിനായിരത്തോളം വരുന്ന കാണികളിൽ ഒരാൾപോലും അനങ്ങിയില്ല. ഞാൻ ഏറ്റവും അധികം ആസ്വദിച്ചു ചെയ്ത പരിപാടികളിലൊന്ന് എന്റെ ബാന്റിന്റെ ലോഞ്ച് നടന്ന പേഗൻ ഫെസ്റ്റ്. രണ്ട്, ഫോർട്ടു കൊച്ചിയിൽ പല ബാന്റുകൾ സംയുക്തമായി നടത്തിയ ബംബോലോ ബോബ് മാർലി എന്ന ബോബ് മാർലിയോടുള്ള ആദരവായി നടത്തിയ പരിപാടി. അന്ന് ജനങ്ങൾ സംഗീതത്തിന്റെ മാസ്മരിക വലയത്തിൽപ്പെട്ട് ആടിത്തകർത്തു.

**സംഗീതപരീക്ഷണങ്ങൾ**

എന്നെ സംബന്ധിച്ച് സംഗീതം ആത്മനിഷ്ഠവും അതേ സമയം കൈയ്യടികളിൽ ഉത്തേജിതമാകുന്നതുമാണ്. ഉപകരണങ്ങളില്ലെങ്കിൽ മെലഡികൾ പാടും. ഒരു റോക്ക് ഫ്യൂഷൻ ആസ്വദിക്കുന്ന ലെവലിൽ തന്നെ ചെമ്പൈ സംഗീതോത്സവവും എനിക്ക് ആസ്വദിക്കാനാവും. ഫോക്കിൽ നിന്ന് കുറച്ചുമാറി പ്രതിരോധത്തിന്റെ സംഗീതം എന്ന രീതിയിൽ സൂഫിയായ ഫയസ്സ് അഹമ്മദ് ഫയസ്സിന്റെ പാട്ടുകളോ, ഗസലുകളോ, ഹം ദേക്കേംഗേ പോലുള്ള പാട്ടുകളോ എടുത്ത് 'രസതന്ത്ര' എന്നൊരു പരീക്ഷണം ചെയ്യുന്നുണ്ട്. നാടൻ പാട്ടുകളുടെ സ്ലോ വേർഷൻ, ഹം ദേക്കേംഗേ, മസ്ത് കലന്തർ തുടങ്ങിയവയുടെ സൂഫി വേർഷനൊക്കെ ചെയ്തു നോക്കി. ഈ ശൈലി കുറെപ്പേർക്ക് ഇഷ്ടപ്പെട്ടു. നാഗപ്പാട്ട് ആയാലും തോറ്റം പാട്ടായാലും അതിലൊക്കെയുള്ള ട്രാൻസ് എലമെന്റ് (അനുഭൂതി മണ്ഡലം എന്ന് ഏകദേശം പറയാം) ആണ് നമ്മൾ ആസ്വദിക്കുന്നത്. പുതിയ രീതിയിൽ പുതിയ ഉപകരണങ്ങളുടെ അകമ്പടിയോടെ കൊടുക്കുകയാണെങ്കിലും ഈ അനുഭൂതി സൃഷ്ടിക്കാൻ സാധിച്ചാൽ ആളുകളാസ്വദിക്കും. ഞെരളത്ത് ഹരിഗോവിന്ദൻ മുൻകൈയെടുത്ത് നടത്തിയ പെൺപാട്ട് എന്ന പരിപാടിയിൽ പങ്കെടുത്ത നാഗപ്പാട്ടുകാർ, പുള്ളുവൻ പാട്ടുകാർ തുടങ്ങി പല പരമ്പരാഗത കലാകാരികളേയും കാണുകയും ആർക്കൈവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**'രസ' എന്ന ബാന്റ്**

പഴയതും ആധുനികവും തത്സമയമുള്ളതും (Pre, Past, Present) ആയ തോറ്റംപാട്ട്, നാഗപ്പാട്ട് (പരമ്പരാഗതം), ഇനി വരുന്ന തലമുറക്ക് (സമകാലീനം) എന്നീ പാട്ടുശൈലികൾ ഇലക്ട്രോണിക് മ്യൂസിക്കിന്റെ അകമ്പടിയോടെ അവതരിപ്പിക്കാറുണ്ട്. തോറ്റംപാട്ടിന് ചെണ്ട, സോപാനത്തിന് ഉടുക്ക്, പിന്നെ മഴമൂളി തുടങ്ങി പല പാട്ടുകൾക്കും മാറി മാറി വരുന്ന ഉപകരണങ്ങളെ പരിചയപ്പെടുത്തുന്നവ കൂടിയാണ് എന്റെ വേദികൾ.

ഇപ്പോൾ അധികം പ്രചാരത്തിലില്ലാത്ത പഞ്ഞപ്പാട്ട്, പുള്ളുവൻപാട്ട്, നാഗപ്പാട്ട് എന്നിവയൊക്കെ ലോകമറിയുന്നവിധം അവതരിപ്പിച്ചാൽ നമ്മുടെ സംസ്കാരത്തേയും ചരിത്രത്തേയുമൊക്കെ അറിയാൻ ആരെങ്കിലുമൊക്കെ ശ്രമിക്കും. എനിക്കിതൊക്കെ അറിയാൻ ജിജ്ഞാസയും കൗതുകവുമുണ്ട്. തെയ്യത്തിന്റെ മുന്നിൽ നിൽക്കാൻ ഭയമുണ്ടെങ്കിലും അവരുടെ രീതികളൊക്കെ ചോദിച്ചു മനസ്സിലാക്കാറുണ്ട്.

ചെറുപ്പത്തിൽ ഉത്സവത്തിന് കഥകളിയും ഓട്ടൻതുള്ളലുമൊക്കെ കാണാൻ പോകുമ്പോൾ മലയാളം ടീച്ചറായ അമ്മയുടെ അമ്മ കഥ പറഞ്ഞു തരും. അങ്ങനെ കാണുന്നതുകൊണ്ട് മനസ്സിലാവുമായിരുന്നു. നിണത്തോടുകൂടി പെർഫോമൻസ് വരുമ്പോൾ പറഞ്ഞുതന്നിട്ടു കൊണ്ടുപോകും. അപ്പോൾ അതൊക്കെ കാത്തിരിക്കും. പാറശ്ശാല മഹാദേവക്ഷേത്രം പറയൻമാരുടെ ക്ഷേത്രമാണ്. അവിടെ കൊടിയേറ്റിനുള്ള അവകാശം പറയൻമാർക്കാണ്. പറയൻതുള്ളൽ തുള്ളിയാണ് കൊടിയേറ്റുക.

**ജാതി, ജെൻഡർ, നിലപാടുകൾ**

ജെൻഡറിനേക്കാളും ജാതി വ്യവസ്ഥയാണ് സ്വാധീനം. നിറവും ജാതിയും സ്വാധീനം ചെലുത്തുന്നു. സ്റ്റേജ് ഷോ സെലക്ടീവാണ്.




സിനിമാപ്പാട്ടുകൾ പാടാറില്ല. ബാന്റ് പതിനാല് സ്റ്റേജ്, വലിയ സ്റ്റേജ് ഷോ പത്തിൽ താഴെ. വിപണിയുടെ സൗന്ദര്യസങ്കൽപ്പം വെളുത്ത ചർമ്മമാണ്. അത് ക്വാളിറ്റിയിലും കോൺഫിഡൻസിലുമാണ് കിടക്കുന്നത് എന്ന് ഇപ്പോൾ മനസ്സിലായി വരുന്നു. കറുത്ത തൊലിയുള്ള നടിമാരും മോഡലുകളും വന്നുതുടങ്ങിയിട്ടുണ്ട് എന്നാൽപോലും. അതുകൊണ്ടുതന്നെ പല പരിപാടികളിലും തഴയപ്പെട്ടിട്ടുണ്ട്. പിന്നെ നമ്മളെടുക്കുന്ന നിലപാട്, അഭിപ്രായങ്ങൾ, മനോഭാവം എല്ലാം സ്വാധീനിക്കുന്നുണ്ട്. വൻ ബജറ്റ് പടങ്ങളിൽ പോലും സംഗീതവിഭാഗത്തിനു നീക്കിവെക്കുന്നത് തുച്ഛമായ പൈസയാണ്. അതുകൊണ്ടുതന്നെ പ്രതിഫലവും കുറവാണ്. പ്രളയം കാരണം പരിപാടികൾ കുറവായിരുന്നു. ഇപ്പോൾ ഓരോ ബുക്കിംഗ് കിട്ടിവരുന്നുണ്ട്. ക്ലാസെടുക്കാനും സംഗീതത്തെക്കുറിച്ച് സംസാരിക്കുവാനും പോകാറുണ്ട്. ഗൾഫ് രാജ്യങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ആദിവാസികളോടൊപ്പം നിൽപ്പ് സമരത്തിൽ 'ഇനി വരുന്നൊരു തലമുറക്ക് ഇവിടെ വാസം സാദ്ധ്യമോ' എന്ന ഗാനം ആലപിച്ച് പങ്കെടുത്ത ആളായിട്ടാണ് കുറെപ്പേർ എന്നെ അറിയുന്നത്. പിന്തുണ നൽകണമെന്ന് എനിക്ക് തോന്നുന്ന സമരങ്ങളെ ഞാൻ പിന്തുണയ്ക്കും.

**അഭിനയം**

22 ഫീമെയിൽ കഴിഞ്ഞ് ഇടുക്കി ഗോൾഡ്, ഉട്ടോപ്യയിലെ രാജാവ്, പരീത് പണ്ടാരി എന്ന പടം – ഫുൾലെങ്ത് മുസ്ലീം യുവതിയായി അഭിനയിച്ചു – മെഹർ എന്ന തിയേറ്ററിൽ വന്നുപോയി. ഷാനവാസ് സംവിധാനം ചെയ്യുന്ന തലതൊട്ടപ്പൻ എന്ന പടത്തിൽ ചെറിയൊരു റോൾ ചെയ്യുന്നുണ്ട്. മദ്ധ്യവയസ്ക്കയായ ആംഗ്ലോ ഇൻഡ്യൻ റോൾ ചെയ്യുന്നു. അഭിനയിക്കാൻ ഇഷ്ടമാണ്. സജിത മഠത്തിലിന്റെ കാളിയിലെ കൂളിയുടെ വേഷം ചെയ്തു. കുട്ടികളുടെ ഇടയിൽ വർക്ക് ചെയ്യണം. കുട്ടികളുടെ ക്യാമ്പിൽ ടീംകളികൾ പറഞ്ഞുകൊടുക്കാൻ ഇഷ്ടമാണ്. കുട്ടികളുമായി സംവദിക്കാനും ഇഷ്ടമാണ്. കോഴിക്കോട് ദയാപുരം സ്ക്കൂളിൽ പാടാനും വർത്തമാനം പറയാനും പോകാറുണ്ട്. യൂറോപ്പിലൊക്കെ സ്ട്രീറ്റ് മ്യൂസിക്ക്, ജിപ്സി മ്യൂസിക്ക് ഒക്കെയുണ്ട്. അവിടെ പഠനസംബന്ധമായോ ആർട്ടിസ്റ്റ് എന്ന നിലയിലോ എക്സ്ചേഞ്ച് പ്രോഗ്രാം നടത്താനാഗ്രഹമുണ്ട്. അതിനുള്ള സാദ്ധ്യതകളന്വേഷിച്ചുകൊണ്ടിരിക്കുന്നു. ദിവസവും പുതിയ പുതിയ കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു. യാത്രകളും ഭക്ഷണവും ഏറെ ഇഷ്ടം. അതിൽ നിന്നൊക്കെയാണ് പുതിയ കാര്യങ്ങൾ ചെയ്യാനുള്ള പ്രചോദനം ലഭിക്കുന്നത്. സ്റ്റേജ് പെർഫോമൻസുകൾ നടത്തുക, ആർക്കൈവിംഗ്, സംഗീത സംബന്ധിയായ സ്വതന്ത്ര പ്രോജക്ടുകൾ നടത്തുക എന്നതൊക്കെയാണ് ലക്ഷ്യം.

■

സി.എസ്. മീനാക്ഷി/
പ്രസീദ ചാലക്കുടി

# നിന്നെ കാണാൻ എന്നെക്കാളും....

ആദ്യമാദ്യം സദസ്യർ കാൽകൊണ്ട് പതുക്കെ താളമിടുന്നത് പിന്നീട് കയ്യടിയാവുന്നു. ക്രമേണ ഇരിപ്പിടം വിട്ടെഴുന്നേറ്റ് ഇളകിമറിയുന്നു. അങ്ങിനെ സദസ്സിനെ ഒട്ടാകെ നൃത്തം വെപ്പിക്കാൻ, ഊർജ്ജം പകരാൻ മാത്രം കരുത്തുറ്റ ശബ്ദമാണ് പ്രസീദ ചാലക്കുടിയുടേത്. നാടൻപാട്ട് രംഗത്ത് കഴിഞ്ഞ പത്തു പതിനഞ്ച് വർഷമായി ലോകത്തങ്ങോളമിങ്ങോളമുള്ള വേദികളിൽ നിറഞ്ഞാടുകയാണ് പ്രസീദ. പ്രസീദ തന്നെ പറയുന്നതുപോലെ ഓരോ പാട്ടു പാടുമ്പോഴും ശരീരവും മനസ്സുമർപ്പിച്ച് നൂറുശതമാനം ലയിച്ചാണ് പാടുന്നത്. അതു തന്നെയായിരിക്കണം കാണികളെ കൈയ്യിലെടുക്കുന്നതിന്റെ രഹസ്യവും. ഈ ഗായികയുടെ പാട്ടുവഴികളിൽ കൂടി നമുക്കൊന്നു സഞ്ചരിക്കാം.

**പഠനകാലം, പാട്ടുകാലം**

ചാലക്കുടിയിൽ നിന്ന് അതിരപ്പിള്ളിയിലേക്ക് പോകുന്ന വഴി കാഞ്ഞിരക്കിള്ളി ഹരിജൻ കോളനിയിലാണ് താമസം. പ്ലസ്ടു കാലഘട്ടം വരെയൊക്കെ സിനിമാപ്പാട്ട് പാടി നടന്നിരുന്ന പ്രസീദ നാടൻ പാട്ടിലേക്കെത്തിപ്പെടുന്നത് കേരള വർമ്മ കോളേജിൽ ബി.എസ്.സി. ബോട്ടണിക്ക് പഠിക്കുമ്പോഴാണ്. കൂടെയുള്ള ലാലപ്പൻ ചേട്ടനും മറ്റു കൂട്ടുകാരുമാണ് നാടൻപാട്ടിന്റെ കാര്യത്തിൽ പ്രസീദയുടെ ഗുരുക്കന്മാർ. എസ്.എഫ്.ഐ. കാൽനടജാഥകളുടെ ഭാഗമായി അഭിനയം, പാട്ട് എല്ലാറ്റിലും പങ്കെടുക്കുന്നു. 'കൈതോലപ്പായ വിരിച്ച്....' എന്ന പാട്ടൊക്കെ പാടിയിരുന്നു അക്കാലത്ത്. രണ്ടായിരത്തിരണ്ടിൽ കെ.എസ്.കെ.ടി.യു.ന്റെ കലാജാഥയ്ക്ക് വേണ്ടിയാണ് ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എഴുതി അഡ്വ. പ്രേംപ്രസാദ് ചിട്ടപ്പെടുത്തിയ 'നിന്നെക്കാണാൻ എന്നെക്കാളും ചന്തം തോന്നും കുഞ്ഞിപ്പെണ്ണേ...' എന്ന ഗാനം പാടുന്നത്. അത് കേരളം മുഴുവനുമുള്ള സ്റ്റേജ് പരിപാടികളിലൂടെ ജനകീയമായി. ഇടതുപക്ഷ രാഷ്ട്രീയ പ്രവർത്തനവും പാട്ടും അങ്ങിനെ തുടർന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വടകര കേന്ദ്രത്തിൽ നിന്ന് രണ്ടാം റാങ്കോടുകൂടിയാണ് എം.എ. ഫോക്ക്ലോർ പാസ്സാവുന്നത്. തുടർന്ന് ഡിപ്ലോമ ഇൻ ആർക്കൈവ്സ് എടുത്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഫോക്ക്ലോറിൽ പട്ടികജാതി വിഭാഗത്തിൽ ആദ്യമായി നെറ്റും ജെ.ആർ.എഫും പാസ്സാവുന്നത് പ്രസീദയാണ്. കേരള കലാമണ്ഡലത്തിൽ നിന്നാണ് എം.ഫിൽ ചെയ്തത്. 'കാക്കരിശ്ശി നാടകവും കൂടിയാട്ടവും തമ്മിലുള്ള ഒരു താരതമ്യ പഠനം' ആയിരുന്നു വിഷയം. കലാമണ്ഡലത്തിൽ പി.എച്ച്ഡിക്ക് ചേർന്നുവെങ്കിലും അവിടെ നിലനിന്നിരുന്ന ജാതിപരമായ വിവേചനം നിമിത്തവും, ജീവിയ്ക്കുവാൻ പാട്ടുപരിപാടികൾ നടത്തേണ്ടത് അനിവാര്യമായതിനാലും പഠനം തുടർന്നില്ല. ചില ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റം കാരണം ജെ.ആർ. എഫ്. സ്കോളർഷിപ്പ് തുക കൈയ്യിൽ കിട്ടുവാനുള്ള ബുദ്ധിമുട്ട് മാനസിക വിഷമമുണ്ടാക്കി. അന്ന് തീരെ മോശം സാമ്പത്തികാവസ്ഥയിലായിരുന്നു. ഒരു സെന്റ് ഭൂമി പോലുമുണ്ടായിരുന്നില്ല. പക്ഷെ പ്രതികരിക്കാനാവുന്ന സാഹചര്യമല്ല കലാമണ്ഡലത്തിലുള്ളത്. പ്രതികരിക്കുന്നവരെ പലരീതിയിൽ പീഡിപ്പിക്കുന്ന ഒരന്തരീക്ഷമാണവിടെ. അതുകൊണ്ട് ഡ്രാമാ സ്കൂളിൽ സുനിൽകുമാറിന്റെ ശിക്ഷണത്തിൽ 'പുലയസമുദായത്തിലെ നാടൻ പാട്ടുകൾ' എന്ന വിഷയത്തിൽ പി.എച്ച്.ഡിക്ക് ചേർന്നു. പക്ഷെ ഒരുപാട് പരിപാടികൾ കിട്ടിക്കൊണ്ടിരിക്കുന്നതിനാൽ പഠനം തുടരാൻ കഴിഞ്ഞിട്ടില്ല. ജീവിക്കാൻ പൈസയുണ്ടാക്കുക എന്നതാണല്ലോ പ്രധാനം. മാത്രവുമല്ല പി.എച്ച്.ഡി എടുക്കുന്നതുകൊണ്ട് ജോലി സാദ്ധ്യത കൂടുന്നുമില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഫോക്ലോർ ടീച്ചിംഗ് പോസ്റ്റിന് പട്ടികജാതിക്കാർക്ക് ഒരു സീറ്റാണുള്ളത്. അതിതുവരെ വിളിച്ചിട്ടുമില്ല.

ചെറുപ്പത്തിൽ ക്ലാസിക്കൽ മ്യൂസിക്ക് പഠിക്കാൻ വലിയ ആഗ്രഹമായിരുന്നു. പക്ഷെ അച്ഛൻ പൈസ തന്നില്ല. 'പിന്നെ, പണിയെടുത്ത് കുടുംബം നോക്കാൻ പെടാപ്പാട് പെടുമ്പൊ ഒരു സംഗീതം, എന്നമ്മ. എന്നിട്ടും ബാബുരാജ് മാഷുടെ അടുത്ത് ചേർന്നു. അമ്പതു രൂപ കൊടുക്കാനില്ലാത്തതു



പ്രസീദ ചാലക്കുടി

കൊണ്ട് വെറും നാലുശനി-ഞായർ കഴിഞ്ഞ് നിറുത്തി. ആ ദിവസങ്ങളിൽ കിട്ടിയ ചില വരിശ കളാണ് ആ മേഖലയിലെ സമ്പാദ്യം.

പിഗ്മാൻ എന്ന സിനിമയിൽ തുളുഭാഷ യിൽ ഒരു പാട്ട് പാടിയിട്ടുണ്ട്. പക്ഷെ സിനിമ വിജയിച്ചില്ല. സഖാവ് പി. കൃഷ്ണപിള്ളയുടെ കഥ പറയുന്ന 'വസന്തത്തിന്റെ കനൽവഴികൾ' സിനിമയുടെ പശ്ചാത്തല സംഗീതസംവിധാനം ചെയ്തു. നല്ലൊരനുഭവമായിരുന്നു.

**വേദിയിലെ അനുഭവങ്ങൾ**

ഇന്ത്യയിലുടനീളവും ഗൾഫ്, സിംഗപ്പൂർ, ലണ്ടൻ തുടങ്ങിയ വിദേശരാജ്യങ്ങളിലും പരിപാടി കൾ അവതരിപ്പിച്ചിട്ടുണ്ട് പ്രസീദ. സദസ്സിലേക്കിറ ങ്ങിച്ചെന്നിട്ടൊക്കെ പാടാറുണ്ട്. പക്ഷേ കേറിപ്പിടി ക്കുന്ന സംഭവമൊന്നുമുണ്ടായിട്ടില്ല. അത് ശബ്ദ ത്തിന്റെ ഒരു കരുത്തും മുഴക്കവും പൗരുഷഭാവവും എല്ലാം കൊണ്ടായിരിക്കാം. പിന്നെ കോഡ്ലെസ്സ് മൈക്ക് ഉള്ളപ്പോൾ എന്തു പേടിക്കാൻ. അത് നല്ല ആയുധമാണ്. ഒരു പള്ളിയിൽ കമ്മിറ്റിയുടെ അനു വാദത്തോടുകൂടി സദസ്യരുടെ ഇടയിലിറങ്ങിപ്പാടി യപ്പോൾ കുറച്ചു സദാചാരപോലീസുകാർ കയറി പ്പോകാൻ പറഞ്ഞു. അപ്പോൾ നിറുത്തി പാട്ട്. പിന്നീട് കമ്മിറ്റിയിടപെട്ട് ക്ഷമ ചോദിച്ചതിൽപ്പിന്നെ യാണ് തുടർന്നത്. പ്രളയസമയത്ത് പരിപാടികൾ കുറവായിരുന്നുവെങ്കിലും ഒക്ടോബർ മുതൽ വീണ്ടും നല്ല ബുക്കിംഗ് കിട്ടിത്തുടങ്ങിയിട്ടുണ്ട്. കലയേയും കലാകാരികളേയുമൊന്നുമില്ലാതാ ക്കാൻ പ്രളയത്തിനാവില്ല. കലാകൂട്ടായ്മ എന്ന സംഘടന രൂപീകരിച്ചു. പ്രളയം ബാധിച്ച് കഷ്ടപ്പാടു കൾ അനുഭവിക്കുന്ന കലാകാരന്മാരെ സഹായി ക്കാൻ തൃശ്ശൂർ വെച്ച് ഒരു പരിപാടി നടത്തി. ഇനി ചാലക്കുടിയിൽ നടത്തും. അതിന് രാഷ്ട്രീയ-മത പരിഗണനകളൊന്നുമില്ല, കല മാത്രം. റെഡ് ബാന്റ് എന്ന ഒരു ബാന്റും ഉണ്ട്. മറ്റ് ബാന്റുകൾ വിളി ച്ചാലും പാടാൻ പോകാറുണ്ട്. കരിങ്കാളി, വട്ടമുടി, മാണി, മുടിയാട്ടം, മയിലാട്ടം തുടങ്ങി മദ്ധ്യകേരളത്തിലെ കലാരൂപങ്ങളെ ക്കുറിച്ച് പഠിക്കാൻ പതി ഫോക്‌ലോർ അക്കാദമി രൂപീകരിച്ചിട്ടുണ്ട് (പതി എന്നാൽ ദൈവത്തറ എന്നർത്ഥം)

**ഫോക്‌ലോറിനെപ്പറ്റി**

ഫോക്സോങ്ങുകൾക്ക് സ്വീകാര്യത കൂടിവരുന്ന കാലമാണ്. "ഏനുണ്ടോടി അമ്പിളിച്ചന്തം", "കാറ്റേ, കാറ്റേ..." ഒക്കെ ഫോക് ടച്ച് ഉള്ള പാട്ടുകളാണ്. പക്ഷെ അക്കാദ മിക് മേഖലയിൽ ക്ലാസിക്കൽ കല കൾക്ക് കിട്ടുന്ന ഒരു പരിഗണനയും അംഗീകാരവും നാടൻ കലകൾക്ക് കിട്ടുന്നില്ല. ഫോക്‌ലോർ പഠിക്കുക എന്നാൽ മാനവിക സംസ്ക്കാരം പഠിക്കുക തന്നെയാണ്. നമ്മുടെ വേരുകളെക്കുറിച്ചുള്ള ഒരന്വേഷണമാണ്. പക്ഷെ അത് നമ്മുടെ പാഠ്യവിഷയമായി വരുന്നതേ യില്ല. കേരള കലാമണ്ഡലത്തിലോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലോ ഇതൊരു പാഠ്യവിഷയമല്ല. അതുകൊണ്ട് സ്കൂൾതലം മുതലേ നാടൻ പാട്ടും മറ്റ് നാടൻകലാരൂപങ്ങളും പഠിപ്പിയ്ക്കാൻ സർക്കാരും മറ്റു ബന്ധപ്പെട്ടവരും നടപടി കൈക്കൊള്ളണം. അല്ലെങ്കിലവ മരിച്ച് മണ്ണടിയും.

നമ്മുടെ മുമ്പിൽ മൂന്നാളേ ഉള്ളൂവെങ്കിലും സമർപ്പിതമായി ആത്മാർത്ഥമായി പാടും. ശരീരം, ശാരീരം, മുഖഭാവങ്ങൾ, അംഗവിക്ഷേപങ്ങൾ എല്ലാം നൂറുശതമാനം പാടുന്ന സമയത്ത് സമർപ്പി തമായിരിക്കും. ഏറ്റ പരിപാടികൾക്ക് എന്തു കഷ്ട പ്പാടു സഹിച്ചും എത്തിച്ചേരും. മുഖത്ത് ചിക്കൻ പോക്സ് കുരുക്കൾ ഉള്ളപ്പോഴും ഒമ്പതുമാസം ഗർഭമുള്ളപ്പോഴുമൊക്കെ കേരളത്തിലുടനീളം യാത്ര ചെയ്ത് വേദികളിൽ പാടിയിട്ടുണ്ട്. പ്രസീദ ചാലക്കുടി എന്ന് നോട്ടീസിൽ അടിച്ചിട്ടുണ്ടെങ്കിൽ പരിപാടിക്ക് എത്തിയിരിക്കും.

**രാഷ്ട്രീയ വിശ്വാസം**

ചെറുപ്പം മുതലെ സഖാവ് ഇ.എം.എസ്., പി.കൃഷ്ണപിള്ള, അയ്യങ്കാളി തുടങ്ങിയവരെക്കുറി ച്ചൊക്കെ വായിക്കുന്നതുകൊണ്ടും പട്ടികജാതി വിഭാഗമായതുകൊണ്ടും കമ്യൂണിസ്റ്റ് പാർട്ടിയോ ടാണ് അനുഭാവം. പക്ഷെ പരിപാടികളവതരിപ്പി ക്കുന്നതിന് രാഷ്ട്രീയഭേദമെന്യേ എല്ലാ പാർട്ടി ക്കാരും വിളിക്കാറുണ്ട്.

**കുടുംബം**

ഭർത്താവ് മനോജ് പെരുമ്പിലാവ് ഗായക നാണ്. മകൻ കാളിദാസ്.

(പ്രസീദയുമായി നടത്തിയ അഭിമുഖ സംഭാഷണ ത്തിന്റെ അടിസ്ഥാനത്തിൽ സി.എസ്. മീനാക്ഷി തയ്യാറാക്കിയത്)

■



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# നൂർജഹാൻ.. മെലഡിയുടെ ചക്രവർത്തിനി

'ആവാസ് ദേ കഹാൻ ഹേ, ദുനിയാ മേരി ജവാൻ ഹേ' എന്ന ഗാനം ആദ്യം കേൾക്കുന്നത് എന്റെ അച്ഛന്റെ അതിമധുരമാർന്ന ആലാപനത്തിലൂടെയാണ്. സൈഗാളിന്റെയും മുഹമ്മദ് റാഫിയുടെയും തലത് മെഹ്മൂദിന്റെയും ആരാധകനായിരുന്ന അച്ഛന്റെ ഇഷ്ടഗായികമാർ മൂന്നു പേരായിരുന്നു നൂർജഹാൻ, ഷംഷാദ് ബീഗം, പിന്നെ തെന്നിന്ത്യയിലെ കോകിലം എം.എസ് സുബ്ബലക്ഷ്മി. നൂർജഹാന്റെ സ്വരമാധുര്യത്തിൽ തന്നെ ആ ഗാനം കേൾക്കാൻ ഞാൻ പിന്നെയും ഒരുപാട് കാലം കാത്തിരിക്കേണ്ടി വന്നു. യൂട്യൂബിനൊക്കെ മുൻപുള്ള എഴുപതുകളിലെയും എൺപതുകളിലെയും ബാല്യ കൗമാരങ്ങൾക്കു ഭൂതകാലം മിക്കതും പറഞ്ഞു കേട്ട അറിവുകളാണ്. ഇന്ത്യൻ സിനിമാസംഗീതത്തിന്റെ വൈവിധ്യമാർന്ന ലോകത്തെ പാടി പരിചയപ്പെടുത്തിയിരുന്ന അച്ഛൻ നൂർജഹാന്റെ കഥയെ ഈറനണിഞ്ഞ കണ്ണുകളോടെ, ഗദ്ഗദത്തോടെയാണ് പറഞ്ഞിരുന്നത്. 1946 ൽ ഇറങ്ങിയ അന്മോൽ ഘടി എന്ന ചിത്രത്തിലെ ഈ ഗാനം സിനിമയേക്കാൾ പ്രശസ്തി നേടി. അനവധി തലമുറകൾ അത് പാടി നടന്നു. ഇന്നും വിരഹത്തിന്റേയും പ്രണയത്തിന്റേയും തീവ്രമായ ആവിഷ്കാരമായി ആ പാട്ടു മോഹിപ്പിക്കുന്നു. ഏതോ വിദൂരതയിലുള്ള സ്നേഹിതന്റെ ശബ്ദം കേൾക്കാനുള്ള പ്രണയവാഞ്ഛയെ ഹൃദയഹാരിയായ ഭാവാവിഷ്കാരത്തിലൂടെ ശ്രോതാക്കളിൽ എത്തിക്കുന്നതിൽ ഒരു വലിയ പങ്കു വഹിക്കുന്നത് അതിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ഗായികയുടെ അനന്യമായ, സവിശേഷമായ ശബ്ദസൗകുമാര്യമാണ്. കാരണം സ്ത്രീശബ്ദത്തെ ചില നിശ്ചിത മാതൃകകൾ അനുസരിച്ചു ചിട്ടപ്പെടുത്താത്ത, ക്രമീകരിക്കാത്ത ഒരു സംഗീത ഭാവുകത്വത്തിന്റെ അടയാളങ്ങൾ ആ പ്രൗഢഗംഭീരമായ ശബ്ദത്തിൽ ഉണ്ട്. ഇന്നും മാന്ത്രിക അനുഭൂതി പകരുന്ന ആ ഗാനം ആലപിച്ച നൂർജഹാൻ വിഭജനത്തിനു മുൻപത്തെ ഇന്ത്യയിലെ പിന്നണിഗാനരംഗത്തെ ചക്രവർത്തിനി തന്നെയായിരുന്നു. മങ്കേഷ്കർ സഹോദരിമാർ അവരുടെ പിൻമുറക്കാരാണ്. അവരെ ആരാധിച്ചാണ് തങ്ങൾ വളർന്നതെന്നു ലത മങ്കേഷ്കർ തന്നെ പറഞ്ഞിട്ടുണ്ട് .

ആരായിരുന്നു നൂർജഹാൻ? അവിഭജിത ഇന്ത്യയുടെ അഭിമാനമായിരുന്നു ആ കലാകാരി. സ്വാതന്ത്ര്യലബ്ധിയിൽ, സാദത് ഹസ്സൻ മാന്തോയെ പോലെ നമുക്ക് നഷ്ടപ്പെട്ട അനവധി അമൂല്യ രത്നങ്ങളിൽ ഒരാൾ. മല്ലിക ഏ തരന്നം അഥവാ മെലഡിയുടെ രാജ്ഞി എന്ന് കൊണ്ടാടപ്പെട്ട സംഗീതജ്ഞ. വിഭജനം ഏൽപ്പിച്ച അനവധി മുറിവുകളുടെ ചരിത്രത്തിന്റെ ഭാഗമാണവർ. 1925ൽ പഞ്ചാബിൽ അള്ളാ രാഖി വൈസി എന്ന പേരിൽ ജനിച്ച പെൺകുഞ്ഞു നൂർജഹാൻ ആയി മാറിയ യാത്രയിൽ സാഹസികതയുണ്ട്, സംഘർഷങ്ങളുണ്ട്. സംഗീതത്തിലെ, സിനിമയിലെ, കലാലോകത്തിലെ പെൺ ചരിത്രമുണ്ട്. ആറു ദശകങ്ങളോളം പാടി ബ്രിട്ടീഷ് ഇന്ത്യയെയും പിന്നീട് തന്റെ ദേശമായി അവർ സ്വീകരിച്ച പാകിസ്ഥാനെയും ത്രസിപ്പിച്ച ഇവർ കലാജീവിതം തുടങ്ങുന്നത് ബാലനടിയായിട്ടായിരുന്നു. നാടകത്തിൽ നിന്നും സിനിമയിലേക്ക് ചേക്കേറുമ്പോൾ കുടുംബത്തിന്റെ പൂർണ പിന്തുണയും പ്രചോദനവും ആ കുട്ടിക്ക് കൂട്ടിനുണ്ടായിരുന്നു. ആദ്യം കൽക്കത്തയിലും പിന്നീട് മുംബൈയിലും അന്നത്തെ പല താരങ്ങളെയും പോലെ അവർ പാടി അഭിനയിച്ചു. ഒരു വൻ ആരാധകവൃന്ദം തന്നെ അവർക്കു ചുറ്റും വളർന്നു വന്നു. പാകിസ്ഥാനിൽ ഒരു



നൂർജഹാൻ

താരപ്രതിഭാസം തന്നെ ആയിരുന്ന നൂർജഹാൻ ആദ്യത്തെ പാകിസ്താനി സ്ത്രീ സംവിധായികയും കൂടിയാണെന്നുള്ളത് അവരുടെ കലാവ്യക്തിത്വത്തിനു മാറ്റുകൂട്ടുന്നു. അവരുടെ ജനപ്രീതി മർലിൻ മൺറോക്കു തുല്യമായിരുന്നെന്നു അവരുടെ സമകാലീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഉർദുവിലും പഞ്ചാബിയിലും ഹിന്ദിയിലുമായി പതിനായിരത്തോളം ഗാനങ്ങൾ ആലപിച്ച നൂർജഹാൻ അതിർത്തികൾക്കപ്പുറം സഞ്ചരിച്ച്, ഇരു ജനതകളുടെയും പൊതുവികാരമായി മാറി. 1935 ൽ കെ കുറി എന്ന സിനിമയിൽ ഹരിശ്രീ കുറിച്ച ആ അനുഗ്രഹീത  കലാകാരി 1961 ൽ രണ്ടാം ഭർത്താവിന്റെ നിർബന്ധത്തിനു വഴങ്ങി മിർസാ ഗാലിബ് എന്ന ചിത്രത്തിലൂടെ അഭിനയജീവിതത്തോട് വിടപറഞ്ഞു. പക്ഷെ പിന്നീട് പിന്നണി ഗായികയായി മാത്രം അവർ ഒതുങ്ങിക്കൂടുക ആയിരുന്നില്ല. ശിഷ്ട ജീവിതം പ്രശസ്തിയുടെയും  ആത്മാവിഷ്കാരത്തിന്റെയും കൊടുമുടിയിലേക്കുള്ള ആരോഹണം തന്നെ ആയിരുന്നു. സ്വാഭാവികമായും ഇച്ഛാശക്തിയും തന്റേടവും പ്രതിഭയും ഉള്ള ഏതു സ്ത്രീയും അനുഭവിച്ചിട്ടുള്ളത് പോലെ ഒരുപാട് തെറ്റിദ്ധാരണകളും, പിരിമുറുക്കങ്ങളും, വൈകാരിക പ്രതിസന്ധികളും അവരുടെ ജീവിതത്തിലും പ്രയാസങ്ങൾ സൃഷ്ടിച്ചു. പ്രണയങ്ങൾ, വിവാഹമോചനങ്ങൾ, അപവാദങ്ങളുടെ നീണ്ട പരമ്പരകൾ. ഇതിലൊന്നും തളരാതെ അന്നത്തെ പ്രതാപികളായ ഗായകരായ മെഹ്ദി ഹസ്സൻ, അഹമ്മദ് റഷ്ദി, നസ്രത് ഫത്തേ അലി ഖാൻ എന്നിവർക്കൊപ്പം അവർ പാടി. നമ്മുടെ പ്രിയഗായകനായ റാഫി അവരോടൊപ്പം യുഗ്മഗാനം പാടാൻ ആഗ്രഹിച്ചിരുന്നു എന്ന് കേട്ടിട്ടുണ്ട്. മറ്റൊരു മുഹമ്മദ് റാഫിയും കിഷോർകുമാറും സാധ്യമല്ലാത്തപോലെ മറ്റൊരു നൂർജഹാനും സാധ്യമല്ലെന്നു ആശാ ബോൺസ്ലെ ആണയിടുന്നു. അതിരുകൾക്കപ്പുറത്തു നമ്മൾ അവരെ ഏറെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തെങ്കിലും, 1965ൽ ഇന്തോ പാക് യുദ്ധ സമയത്തു ദേശസ്നേഹ ഗീതികൾ പാടി അവർ അവരുടെ രാഷ്ട്രത്തിന്റെ ആത്മവീര്യത്തെ ജ്വലിച്ചു നിർത്തിയത് കല ഒരിക്കലും ഒരു ചരിത്രാതീതമായ ഇടത്തിൽ നിൽക്കുന്നില്ല എന്ന് നമ്മെ ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

അവാർഡുകളും അംഗീകാരങ്ങളും വാരിക്കൂട്ടി 2000 ത്തിൽ ഡിസംബർ ഇരുപത്തിമൂന്നാം തീയതി അവർ യാത്ര പറഞ്ഞപ്പോൾ ഇരുരാജ്യങ്ങളിലും അവർ നൊമ്പരങ്ങൾ അവശേഷിപ്പിച്ചു. ജാവേദ് അഖ്തറിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: 'നമ്മളും പാക്കിസ്താനും തമ്മിലുള്ള അമ്പത്തിമൂന്നു വർഷത്തെ ബന്ധങ്ങൾ ഏറ്റവും മോശപ്പെട്ട അവസ്ഥയിൽ എത്തിനിൽക്കുമ്പോഴും നമ്മുടെ സാംസ്കാരിക പൈതൃകമായിരുന്നു നമ്മളെ ഇണക്കി നിർത്തിയിരുന്നത്. നൂർജഹാൻ അങ്ങിനെയൊരു കണ്ണി ആയിരുന്നു. അവരുടെ മരണം അതിനു ഇടിച്ചിൽ വരുത്തിയിട്ടുണ്ടോ എന്ന് ഞാൻ ഭയക്കുന്നു. ഇല്ല, നമ്മൾ ആ  പൈതൃകം മറന്നിട്ടില്ല എന്നതിന് ദൃഷ്ടാന്തമാണല്ലോ നന്ദിത ദാസിന്റെ മാന്തോ എന്ന ചിത്രം. ഇന്ത്യൻ ചരിത്രത്തിലെ നിത്യഹരിതനായികയായി വാഴ്ത്തപ്പെട്ട നൂർജഹാനെയും പുനർസന്ദർശിക്കാനുള്ള അവസരം നമുക്കുണ്ടാക്കാം. അതു വലിയൊരു വീണ്ടെടുക്കൽ ആയിരിക്കും. അത് വരെ നമുക്കാ ഗാനം പാടിക്കൊണ്ടിരിക്കാം: 'ആവാസ് ദേ കഹാൻ ഹേ..'

■



**രേണുക പി.സി.**
വളാഞ്ചേരി പ്രവാസി ആർട്സ് & സയൻസ് കോളേജിലെ വൈസ് പ്രിൻസിപ്പാൾ, വായന, യാത്രകൾ, എഴുത്ത്. പെയിന്റിംഗ് എന്നിവ ഏറെ ഇഷ്ടം

# വയലാറിന്റെ പെൺപാട്ടുകൾ




**ലോ**കം ഇന്നേ വരെ കണ്ടതിൽ വെച്ചേറ്റവും മനുഷ്യകഥാനുഗായിയായ കലയാണ് സിനിമ. സിനിമ എന്നും മനുഷ്യന് കൗതുകം നൽകുന്നു. മാത്രമല്ല സിനിമ യ്ക്ക് ജീവിതത്തെ അഗാധ മായി സ്വാധീനിക്കാനുള്ള കഴിവുമുണ്ട്.

സ്വാഭാവികമായും നമ്മുടെ സംഗീതലോക ത്തെ സാന്ദ്രമാക്കുന്നതിൽ ചലച്ചിത്ര ഗാനങ്ങൾക്കും നിർണ്ണായകമായ പങ്കാണു ള്ളത്. ഒരിക്കലെങ്കിലും ഒരു ഇഷ്ടഗാനത്തിന്റെ രണ്ട് വരി മൂളാത്തവരുണ്ടോ? ജനകീയ മായ ഒരു സംഗീതശാഖ യാണ് ചലച്ചിത്രഗാനങ്ങൾ. റേഡിയോ മാത്രം കൂട്ടുണ്ടായിരുന്ന കാലത്ത്, ഏറ്റവും കൂടുതൽ ശ്രോതാക്കൾ ഉണ്ടായിരുന്നതും സിനിമാപ്പാട്ടുകൾക്കായിരുന്നു. യേശുദാസും, ജയചന്ദ്രനും, മാധുരിയും, ജാനകിയും, സുശീല യും എല്ലാം നമുക്ക് സുപരിചിതരായിരുന്നു. മറ്റുള്ളവരെ കേൾക്കാനുള്ള ക്ഷമയുള്ള ഒരു കാലഘട്ടം കൂടിയായിരുന്നു അത്. മാത്രമല്ല, കൂട്ടംചേർന്ന് കേൾക്കാനുള്ള ഐക്യബോധവും റേഡിയോ നമുക്ക് നൽകിയിരുന്നു. ഇന്ന് എന്തും സ്വന്തമായി കേൾക്കാനും ആസ്വദിക്കാനുമാണ് നമുക്കിഷ്ടം. ആൾക്കൂട്ടത്തിലലിയാതെ സ്വന്തമായ ലോകത്ത് തങ്ങി നിൽക്കാനാണ് ഇന്നത്തെ മനുഷ്യനിഷ്ടം. പക്ഷേ, സംഗീതം ഒത്തുചേർന്ന് ആസ്വദിക്കുന്നതിലൂടെ നാം ഒന്നാണെന്ന ഒരു വിശ്വാസം നമുക്ക് ലഭിച്ചിരുന്നു എന്നതൊരു സത്യമാണ്. ഇനി നമുക്ക് പാട്ടുകളുടെ ലോക ത്തേക്ക് ഒരു യാത്രയാകാം.

പാട്ടുകൾ കേൾക്കുമ്പോൾ പപ്പ വ്യക്ത മായ ഒരു പിന്തുണ വയലാറിന് നൽകിയിരുന്നു എന്നത് എന്നെയും ഒരു വയലാർ രാമവർമ്മ ആരാധികയാക്കി. ഗാനരചന വയലാർ എന്നു പറയുന്ന മാത്രയിൽ സംഗീതം ദേവരാജൻ എന്ന് ഞാൻ ഉരുവിടും. 'ഇന്ദ്രവല്ലരി പൂ ചൂടി വരും സുന്ദര ഹേമന്ത രാത്രി'യും, 'ഉത്തരായണക്കിളി പാടി ഉന്മാദിനിയെ പോലെ..'യും, 'നിത്യകാമുകീ ഞാൻ നിൻ മടിയിലെ'യും, 'സീതപ്പക്ഷീ... സീത പ്പക്ഷി'യും എല്ലാം എത്ര തവണ കേട്ടാലും

മതിവരാത്ത കാലം.

പപ്പയുടെ ആത്മസുഹൃത്ത് മോഹൻ ദാസ് മാഷ് ചില ദിവസങ്ങളിൽ ഞങ്ങളുടെ വീട്ടിൽ അതിഥിയായെത്താറുണ്ട്. സംസാരിച്ച് സംസാരിച്ച് ചില ദിവസങ്ങളിൽ യാത്ര അടുത്ത ദിവസത്തേക്ക് മാറ്റിവെയ്ക്കുന്ന സാഹചര്യങ്ങളും കുറവല്ല. അത്തരം ദിവസങ്ങൾ എനിക്കേറെ പ്രിയപ്പെട്ടവയായിരുന്നു. കാരണം, മുറ്റത്ത് കസേരകൾ ഇട്ട് അവരിരുന്ന് സംസാരിക്കും. ആ സംസാരം രാഷ്ട്രീയവും പൊതു വിഷയങ്ങളും കടന്ന് പാട്ടുകളിൽ ചെന്ന് ചേക്കേറും. സ്വാഭാവി കമായും രാത്രിയിലെ ചലച്ചിത്രഗാനങ്ങൾ റേഡിയോവിൽ നിന്നും പശ്ചാത്തലത്തിൽ ഒഴുകി നിറയുന്നുണ്ടാവും. അങ്ങനെ ഒരു രാത്രി...

'വെൺചന്ദ്രലേഖയൊരപ്സര സ്ത്രീ വിപ്രലംഭശൃംഗാര നൃത്തമാടാൻ വരും അപ്സര സ്ത്രീ..' എന്ന ഗാനം യേശുദാസ് പാടുകയാണ്. എല്ലാവരും പാട്ടിന്റെ ലോകത്താണ്. ഞാനും അർത്ഥമറിയാതെ ഗാനം കേൾക്കുന്നു.

'ഈ പാട്ടിൽ വയലാറെന്തിനാണ് വെറും ശൃംഗാരത്തെ മാറ്റി നിർത്തി വിപ്രലംഭശൃംഗാരത്തെ കൂട്ടുപിടിച്ചത് എന്നറിയാമോ?' മാഷ് പപ്പയോട് ചോദിച്ചു.

'സംഭോഗശൃംഗാരത്തിന് മുമ്പേയുള്ള അവസ്ഥയല്ലേ വിപ്രലംഭം?' പപ്പ മറുപടിയായി ചോദിച്ചു.

'അതെ.. തീർച്ചയായും.. തുടർന്നുള്ള വരികളിൽ നിലാവാകുന്ന അപ്സരസ്ത്രീയുടെ മാദകത്വം കമിതാക്കളിൽ സൃഷ്ടിക്കുന്ന ഉന്മാദ മാണ് വയലാർ ലക്ഷ്യമാക്കുന്നത്. സ്ത്രീസൗന്ദ ര്യത്തെ വർണ്ണിക്കുമ്പോൾ ഉള്ളിലെ മാടമ്പി വയലാറിൽ സജീവമാകും. ഒരൊറ്റ സ്ത്രീ പോലും വയലാറിന്റെ കണ്ണിൽ വിരൂപയല്ല.. ശ്രദ്ധിച്ചിട്ടുണ്ടോ?' മാഷ് ഉത്സാഹത്തോടെ മുന്നിലേക്ക് ഒന്നുകൂടി നീങ്ങിയിരുന്ന് ചോദിച്ചു.

ഞാൻ പപ്പയെ നോക്കി. എനിക്ക് ഒന്നും ശരിക്കങ്ങ് മനസ്സിലാവുന്നില്ലെങ്കിലും ആകാംക്ഷ യോടെ പപ്പയുടെ മറുപടിക്കായി ഞാൻ കാതോ ർത്തു.

ഗണേശ് ബീഡിക്ക് തിരികൊളുത്തി പപ്പ മറുപടി നൽകുകയാണ്..

'വയലാറിന്റെ ഗാനങ്ങളിൽ എന്നും താൻ പറഞ്ഞ ആ മാടമ്പിത്തരം ഉണ്ട്. എനിക്കത് ഇഷ്ട വുമാണ്. കാരണം, ശൃംഗാരത്തെയും പ്രണയ ത്തേയും ആവിഷ്ക്കരിക്കുന്നിടത്ത് ഏറ്റവും ഉദാത്തമായതേ കാണാവൂ.. കേൾക്കാവൂ..'

പുകയൊന്ന് അകത്തേക്കെടുത്ത് ഊതി വിടുന്നതിനിടയിൽ പപ്പ തുടർന്നു....

'പാരിജാതം തിരുമിഴി തുറന്നു പവിഴമുന്തിരി പൂത്തു വിടർന്നു..' എന്ന ഗാനത്തിൽ വയലാർ ആ പ്രണയസമാഗമത്തിന് വേണ്ടുന്ന കാഴ്ചകളേ കാണുന്നുള്ളൂ.. ആ രാത്രിയിൽ ആ നിമിഷത്തിൽ മറ്റെന്തൊക്കെ കാഴ്ചകൾ ഉണ്ടായിരുന്നിരിക്കാം. പക്ഷേ, അനുഗൃഹീതനായ കവി തന്റെ ഗാന പശ്ചാത്തലത്തിന് അനുയോജ്യമായതേ കാണു ന്നുള്ളൂ..'

ഞാൻ വായും പൊളിച്ച് അവരുടെ സംഭാ ഷണം നിശ്ശബ്ദമായി കേട്ടുകൊണ്ടിരുന്നു. വയലാർ രാമവർമ്മ എന്ന കവി എന്നിൽ വളരുകയായിരുന്നു. വയലാർ കൃതികൾ വായിച്ച് വായിച്ച് ഓരോ ഗാന വും ഞാൻ ഹൃദിസ്ഥമാക്കി.. വാക്കുകളുടെ പൂപ്പാ ലിക എന്റെ മുന്നിൽ തെളിയുന്നു. കവികല്പന കളുടെ വസന്തം എനിക്ക് മുന്നിൽ പൂത്തുലയുന്നു.

പിന്നീട് കൗമാരവും കഴിഞ്ഞ് യൗവന ത്തിൽ എത്തിയപ്പോൾ ചില ഗാനങ്ങൾ എന്റെ ജീവിതത്തിലെ ചില സന്ദർഭങ്ങളുമായി എത്ര ഒട്ടിനിൽക്കുന്നവയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു.

'കവിളത്ത് കരിവണ്ടിൻ ചുംബനപ്പാടുമായ് ഇലവർങപ്പൂക്കൾ വിടർന്നു ഒരു സ്വർഗ്ഗവാതിൽ ക്കിളിയായ് ഞാൻ' എന്ന വരികൾ എന്റെ പ്രണയ ഭാവങ്ങൾക്ക് ചിറക് നൽകിയവയായിരുന്നു. ഇലവർങപ്പൂക്കൾക്ക് അങ്ങനെ ഇതളിൽ ഒരു ചുംബനപ്പാടുണ്ടോ എന്ന് അന്നും ഇന്നും എനിക്കറിയില്ല.. പക്ഷേ ആദ്യചുംബനത്തിന്റെ മാസ്മരികതയിൽ നമ്മളും ഒരു സ്വർഗ്ഗവാതിൽ ക്കിളിയാകും എന്ന് തിരിച്ചറിഞ്ഞത് ഈ വരികളി ലൂടെയാണ്.

സ്ത്രീ സൗന്ദര്യം ആവാഹിച്ചെടുത്ത ചില വയലാർ ഗാനങ്ങളുണ്ട്.

'ഹിമവാഹിനീ.. ഹൃദയഹാരിണീ നിനക്കോ എന്റെ പ്രിയമുള്ളവൾക്കോ മാദകസൗന്ദര്യം?' എന്ന് ചോദിക്കുമ്പോൾ കവിക്ക് സംശയമില്ല തന്നെ പ്രിയപ്പെട്ടവൾ തന്നെയാണ് ഏറെ സൗന്ദര്യ വതി എന്ന കാര്യത്തിൽ. ചിരി കൊണ്ട് നിലാവിനെ പോലും നിറം കൂട്ടുന്നവളാക്കുന്ന കാമുകിയെ, വയലാർ മറ്റൊരു ഗാനത്തിൽ വർണ്ണിക്കുന്നു. 'വെള്ളിക്കുടക്കീഴേ.. അല്ലിക്കുടക്കീഴേ..' എന്ന ഗാനമാണത്. പുഷ്പമംഗലയായ ഭൂമിക്ക് വേളി പ്പുടവയുമായി വരുന്ന വെളുത്ത വാവിനോട്, തന്റെ മടിയിൽ മയങ്ങുന്ന മാലതീലതയെ, കാമുകിയെ തൊടരുതെന്ന് വിലക്കാനും വയലാറിന് ധൈര്യമുണ്ടായി.

കാമുകിയുടെ നീലക്കണ്ണുകളിൽ അനന്ത മായ സൗന്ദര്യക്കാഴ്ചകൾ കണ്ടെത്തുന്ന മറ്റൊരു ഗാനമുണ്ട്.

'നീലക്കണ്ണുകളോ
ദിനാന്തമധുരസ്വപ്നങ്ങൾ തൻ
ചന്ദനച്ചോലയ്ക്കുള്ളിൽ വീണ് പാതിയടയുന്ന
നൈവേദ്യ പുഷ്പങ്ങളോ?

കാലം കൊത്തിയെടുത്ത ഹംസദമയന്തീ ശില്പം എന്നും നളന്നാലങ്കാരിക ഭംഗിയോടെ




എഴുതും സന്ദേശകാവ്യങ്ങളോ..'

കാമുകിയുടെ നോട്ടത്തെ ഇതിലും മനോഹരമായി ചിത്രീകരിക്കാനാർക്കു കഴിയും?

പരസ്പരം തമ്മിലലിയാൻ കൊതിക്കുന്ന പ്രണയികളുടെ മോഹങ്ങളാണ് തുടർന്നുള്ള വരികളിൽ.. നോക്കൂ..

'തൊട്ടേനെ, ഞാൻ മനസ്സുകൊണ്ട് കെട്ടിപ്പിടിച്ചേനേ... ഈ ചിത്രത്തൂണിലെ പ്രതിമ പോലെ മാറിൽ ഒട്ടിപ്പിടിച്ചേനെ ഞാൻ..' ഒരുപക്ഷേ ഈ മോഹങ്ങൾ വെറും മോഹങ്ങളായിത്തന്നെ മാറിയിരിക്കാം. എങ്കിലും മനസ് കൊണ്ട് അവർ പരസ്പരം ഒന്നാകുന്നതിന്റെ സൗന്ദര്യം ആസ്വാദകരിലേക്കും പകരാൻ വയലാറിന് കഴിഞ്ഞു.

'ആദമോ ഹവ്വയോ

അനുരാഗകഥയിൽ ആരെയാരാദ്യമായ്
കീഴടക്കി ആരുടെ കൺമുനകൾ
ശൃംഗാരകലകൾക്കാദ്യത്തെ മുഖവുരയെഴുതീ..'

ഇവിടെ സ്ത്രീയും പുരുഷനും തുല്യനിലയിലാണ് കവിയുടെ മുന്നിൽ വരുന്നത്! ഒരാളില്ലെങ്കിൽ മറ്റേ ആൾക്ക് പൂർണ്ണതയില്ലെന്ന ഉറച്ച നിലപാട്. തുടർന്ന് കവി ഈ ചോദ്യം പ്രകൃതിയിലേക്ക് എടുത്തെറിയുകയാണ്..

'കാറ്റിന്റെ വിരലൊന്ന് തൊടുമ്പോൾ നാണിക്കും കാട്ടുവാകപ്പൂവുകൾക്കറിയില്ലേ?' എന്നും 'പച്ചിലക്കൂട്ടിൽ തണുപ്പു മാറ്റും പാതിരാപ്പക്ഷികൾക്കറിയില്ലേ?' എന്നും ചോദിക്കുന്നു.

'പറഞ്ഞു തരൂ മൂകവികാരത്തിൽ ഭാഷയിൽ നിങ്ങൾ പറഞ്ഞു തരൂ' എന്നും തുടർന്ന് യാചനയാണ്.

ആൺപെൺ സംഗമമാണ് ഈ ലോകത്തിന്റെ അടിസ്ഥാന ശക്തിധാരയെന്ന് കവി പറയാതെ പറയുന്ന ഗാനങ്ങൾ ഇനിയുമുണ്ട്. സ്ത്രീയെ വെറും ഉപഭോഗവസ്തുവായി കാണാൻ ശ്രമിച്ച കവിയാണെന്ന ഒരാക്ഷേപം വയലാറിനെതിരെയുണ്ട്. അതിൽ വാസ്തവമുണ്ടോ എന്നു ചോദിച്ചാൽ ഉണ്ടെന്നും പറയേണ്ടി വരും.

'എന്റെ മോഹം തീരും വരെ നീ എന്നിൽ വന്ന് നിറയൂ' എന്നും 'എന്റെ ദാഹം തീരും വരെ നീ എന്നെ വന്ന് പൊതിയൂ' എന്നും പറയുന്നിടത്ത് പുരുഷന്റെ സുഖപ്രാപ്തിക്കുള്ള ഒരു വെറും



ഉപകരണം മാത്രമായി സ്ത്രീ മാറ്റപ്പെടുന്നുണ്ട്. എന്നാൽ,

'സന്യാസിനീ .. നിൻ പുണ്യാശ്രമത്തിൽ ഞാൻ സന്ധ്യാപുഷ്പവുമായ് വന്നു..' എന്ന ഗാനത്തിൽ സ്ത്രീത്വത്തിന് മുന്നിൽ നിരുപാധികം മാപ്പു പറയുന്ന പുരുഷനേയും വയലാർ വരച്ചിടുന്നുണ്ട് എന്നത് കാണാതിരിക്കാനാവില്ല.

'സുമംഗലീ.. നീ ഓർമ്മിക്കുമോ സ്വപ്നത്തിലെങ്കിലും ഈ ഗാനം ?' എന്ന ഗാനത്തിൽ, ഒരു കാലത്ത് തന്റെ കാമുകിയും ഇപ്പോൾ അന്യന്റെ ഭാര്യയുമായ സ്ത്രീയോട് നിശ്ശബ്ദമായ ക്രൗര്യത്തോടെ, പ്രതികാരദാഹത്തോടെ പറയുന്ന വരികൾ നോക്കൂ..

'പിരിഞ്ഞു പോകും നിനക്കിനി ഈ കഥ മറക്കുവാനേ കഴിയൂ
നിറഞ്ഞ മാറിലെ ആദ്യ നഖക്ഷതം മറയ്ക്കുവാനേ കഴിയൂ കൂന്തലാൽ മറയ്ക്കുവാനേ കഴിയൂ..'

ഒറ്റനോട്ടത്തിൽ വിരഹിയായ കാമുകന്റെ പരിദേവനമാണെന്ന് തോന്നാമെങ്കിലും കാമുകിയെ വിടാതെ പിന്തുടരുന്ന ഒരു ക്രൂരമനസ്സിന്റെ മിന്നലാട്ടം ഇതിലുണ്ട്. കഥാപാത്രത്തിന്റെ മനസ്സിലേക്ക് ഊളിയിട്ടിറങ്ങിയ കവിമനസ്സ് അത് കണ്ടെത്തിയതാണ് ഈ ഗാനത്തിന്റെ വിജയം.

വയലാറിന്റെ മറ്റൊരു ഗാനത്തിലേക്ക് നമുക്കൊന്ന് പോകാം. ആദ്യശ്രവണത്തിൽ സ്വർഗ്ഗപുത്രിയായ നവരാത്രിയെ പ്രകീർത്തിക്കുന്ന ഒരു ഗാനമെന്ന് തോന്നാം. പക്ഷേ, സുഹൃത്തിന്റെ സുന്ദരിയായ ഭാര്യയെ നോക്കി വ്യംഗ്യമായി പാടുന്ന ഗാനം. മദ്യസദസിൽ വെച്ച് തന്റെ ഉള്ളിലെ മൃഗീയമായ കാമം അവളെ പറയാതെ പാടിക്കേൾപ്പിക്കുന്ന വക്രത..

'നിന്നെ കരവലയത്തിലൊതുക്കുവാൻ ഒന്നു ചുംബിക്കുവാൻ അഭിനിവേശം.. അഭിനിവേശം അഭിനിവേശം..'

ഈ ഗാനത്തിൽ തന്നെ മറ്റൊരു പദപ്രയോഗം വയലാർ നടത്തുന്നത് നോക്കൂ.. 'നിന്നെ പ്രണയപരാധീനയാക്കുവാൻ എന്തെന്നില്ലാത്തൊരഭിനിവേശം' എന്നാണത്. പ്രണയത്താൽ പരാധീനയാക്കുക എന്നത് ബലാത്സംഗത്തിന് ബദലായ സുന്ദരമായൊരു പ്രയോഗമാണ്. കഥാസന്ദർഭത്തിൽ വില്ലൻപരിവേഷത്തിലുള്ള കഥാപാത്രമാണ് ഈ ഗാനം ആലപിക്കുന്നത്. എത്ര സൂക്ഷ്മമായാണ് കവി അയാളുടെ മനോഗതം വ്യക്തമാക്കുന്നത്!

ഇനി വയലാറിന്റെ ചില പെൺപാട്ടുകളെ നമുക്കൊന്ന് പരിശോധിക്കാം. ആദ്യമായി പറയട്ടെ, വയലാറിന്റെ നായികമാരെല്ലാം പ്രണയത്തെയും കാമത്തെയും മറയില്ലാതെ പ്രകടിപ്പിക്കുന്നവരാണ്. ഉദാഹരണങ്ങൾ നിരവധിയുണ്ട്..

'എന്നെ നിൻ കണ്ണുകൾ തടവിലാക്കി എന്നെ നിൻ യൗവ്വനം അടിമയാക്കി ഏതിന്ദ്രജാല പ്രയോഗം കൊണ്ടു നീ എന്നെ വശംവദയാക്കീ..?' വിഷ്ണുവിജയം എന്ന ചിത്രത്തിൽ മദ്ധ്യവയസ്സിലെത്തി നിൽക്കുന്ന നായികക്ക് തന്നെക്കാൾ പ്രായം കുറഞ്ഞ നായകനോട് തോന്നുന്നത് കാമം മാത്രമാണ്.. അത് സുവ്യക്തമായി നായിക പാടുന്നു.. അല്ലെങ്കിൽ വയലാർ പാടിക്കുന്നു.

മറ്റൊരു ഗാനം.. 'ഉദ്യാനപാലകാ നിൻ പുഷ്പവാടിയിൽ ഈ കാട്ടുമുല്ലയ്ക്കിടമുണ്ടോ മൊട്ടിട്ടു നാളുകൾ ഏറെയായി ഒന്ന് പൊട്ടിവിടരുവാൻ മോഹം' എന്ത് പറയാൻ! തന്റെ ഇംഗിതം വാക്കുകളിലൂടെ നായിക പ്രകടിപ്പിക്കുന്നത് എത്ര ധീരതയോടെയാണ്!

കാമുകനെ കൈക്കലാക്കിയ മോഹിനിയാട്ടമാടിയ മല്ലികയെയും നമുക്കറിയാം..

'മല്ലികേ മല്ലികേ മാലതീ മല്ലികേ വന്നുവോ വന്നുവോ വസന്തസേനൻ വന്നുവോ?'

എത്ര മറച്ചുവെച്ചാലും രാത്രിയിൽ രഹസ്യമായി കാമുകസമാഗമം നടന്നത് താൻ കണ്ടുപിടിച്ചതിന്റെ ലഹരി കിനിയുന്ന ഗാനം. ഇവിടെയും സ്ത്രീയുടെ അപ്രമാണിത്വം വയലാർ വരച്ച് കാണിക്കുന്നു.

പ്രണയത്തിലും ലൈംഗികതയിലും ഉറച്ച നിലപാട് വ്യക്തമാക്കുന്നതാണ് വയലാറിന്റെ ഗാനങ്ങൾ. സംശയമുണ്ടെങ്കിൽ ദാ നോക്കൂ..

'കാട് കുളിരണ് കൂട് കുളിരണ് മാറിലൊരു പിടി ചൂടൊണ്ടോ..?' നേരിട്ടൊരു ചോദ്യമാണ്. നാണമോ ഒളിച്ചു പിടിക്കലോ ഒന്നുമില്ല.. തുടർന്നുള്ള വരികളിൽ കുറുമാട്ടി എന്ന സുന്ദരിയുടെ പ്രണയ പ്രഖ്യാപനങ്ങളാണ്..

'കൈയിൽ തേൻ കുഴലുണ്ടോ കാട്ടുതേക്കിൻ ചാറുണ്ടോ ആറ്റുതീരത്തിലാണോ കാവൽമാടത്തിലാണോ നിൻ മയക്കം..' ഇവിടെ ഉറക്കമല്ല; വെറും മയക്കം മാത്രം!

'പൊന്നും തിങ്കൾക്കലപ്പ കൊണ്ടുഴുതിട്ട വയനാടൻ മണ്ണിൽ ആരും ആരും വിതയ്ക്കാത്ത മുത്തു വിതയ്ക്കുവാൻ പോരൂ.. പോരു നീ..'

പറയാൻ വാക്കുകളില്ല. ധീരമായ ക്ഷണം!




എന്നാൽ സ്ത്രീ വെറും കാമരൂപിണിക ളായി മാത്രമല്ല വയലാർ ഗാനങ്ങളിൽ വരുന്നത്. അമ്മയായും സ്നേഹത്തിന്റെ പാൽക്കടലായും കാത്തിരിപ്പിന്റെ വ്യഥ ഉള്ളിൽ കിനിയുന്ന അമൃത വാഹിനിയായും അവളെ കവി അവതരിപ്പിച്ചിട്ടുണ്ട്.

'മണ്ണിൽ പെണ്ണായ് പിറന്ന തെറ്റിന് മാപ്പു തരു'
എന്നും,

'തീരാത്ത ദു:ഖത്തിൻ തീരത്തൊരു നാൾ
സ്ത്രീയായ് ദൈവം ജനിക്കേണം ആട്ടിൻ തോലിട്ട
ചെന്നായ്ക്കൾ വാഴും നാട്ടുമ്പുറത്ത് വളരേണം'
എന്നും,

'നീയും വിധവയോ നിലാവേ'
എന്നും

'നിങ്ങളൊരിക്കൽ ചൂടിയെറിഞ്ഞൊരു
നിശാഗന്ധിയാണ് ഞാൻ' എന്നുമൊക്കെ അവൾ പാടുന്നുണ്ട്.

'എന്തും എന്തും വന്നോട്ടെ
എല്ലാരുമെല്ലാരും കണ്ടോട്ടെ
കയ്യിലിരിക്കും മുന്തിരിക്കിണ്ണം
കളയുവതില്ലിനി ഞാൻ
തട്ടിക്കളയുവതി
ല്ലിനി ഞാൻ..' എന്ന് ധീരമായി പ്രഖ്യാപിക്കുന്ന പെൺകുട്ടികളുടെ മനസ്സിൽ നിന്നും മേൽ പറഞ്ഞ ദുഃഖപുത്രിമാർക്ക് ധൈര്യം കടം വാങ്ങിയാൽ തീരാവുന്ന പ്രശ്നമേയുള്ളൂ..

'കണ്ണുകൾ കരിങ്കൂവളപ്പൂക്കൾ
കവിളുകൾ കമലപ്പൂക്കൾ
അവയിൽ നിൻ കൈവിരലുകൾ
ഒഴുകുമ്പോഴൊരു നിശാഗന്ധിയാകും
ഞാൻ..' എന്നൊരു ഗാനമുണ്ട്. അതിൽ 'ഞാനൊരാൺ പൂ ചൂടി മയങ്ങും' എന്ന് വയലാർ എഴുതിയിരിക്കുന്നു. ഇതേ ആൺപൂവിനെ 'വെള്ളിത്താഴ്വര പൂത്തിറങ്ങിയതാൺപൂവോ പെൺ പൂവോ?' എന്ന് മറ്റൊരു ഗാനത്തിലും കവി അവതരിപ്പിക്കുന്നുണ്ട്.

അമ്മ എന്ന സ്ത്രീഭാവത്തെ സമസ്തസൗന്ദര്യത്താലും വരച്ചിട്ട ഒരു പാട്ടിനെ കുറിച്ച് കൂടി പരാമർശിക്കട്ടെ,

'അമ്മേ അമ്മേ അവിടത്തെ
മുന്നിൽ ഞാനാര്? ദൈവമാര്?'

സ്ത്രീയുടെ പൂർണ്ണത പദാനുപദം തെളിഞ്ഞു വരുന്ന വരികൾ.. അപ്പോൾ വയലാറിനെ സ്ത്രീവിരുദ്ധനെന്ന് പറയാനെങ്ങനെ കഴിയും? പ്രേമിക്കുമ്പോൾ, പ്രണയം തുളുമ്പുന്ന മനസുള്ളപ്പോൾ ഏത് സ്ത്രീയും സുന്ദരിയാണ്.. എല്ലാം തികഞ്ഞ വളാണ്.. അതാണ് വയലാറിന്റെ നിലപാട് !

'പ്രേമിച്ച് പ്രേമിച്ചു നിന്നെ ഞാനൊരു ദേവ സ്ത്രീയാക്കും' എന്നാണ് വയലാർ തരുന്ന വാക്ക്.. നമുക്കത് വിശ്വസിച്ചു കൂടെ? വയലാർ ഓരോ സ്ത്രീയെയും ക്ഷണിക്കു
കയാണ്..

'ചക്രവർത്തിനീ നിനക്ക് ഞാനെന്റെ
ശില്പഗോപുരം തുറന്നു
പുഷ്പപാദുകം പുറത്ത് വെയ്ക്കു നീ
നഗ്നപാദയായ് അകത്തു വരൂ..' പ്രണയ ത്തിന്റെ ഉപാസകനായ കവീ.. അങ്ങ് ഇവിടെ അനാഥമാക്കി പോയ സിംഹാസനം ഇനിയും ആരും അധീനപ്പെടുത്തിയില്ല. മതിയാകുംവരെ... കൊതി തീരും വരെ ആരും ഈ തീരത്ത് ജീവിച്ചിട്ടില്ല എന്ന ദു:ഖസത്യം കുറിച്ചിട്ട തൂലികയ്ക്ക് കൂപ്പുകൈ..! ■



**രാധാമാധവൻ**
ആട്ടക്കഥ രചയിതാവ്,
എഡിറ്റർ സമകാലിക
സംഗീതം മാസിക

# അടുക്കള മുതൽ ആട്ടക്കഥവരെ

**പ**തിനഞ്ചാം നൂറ്റാണ്ടിൽ കളരിപ്പയറ്റ്, തെയ്യം, കൃഷ്ണനാട്ടം എന്നിങ്ങനെ വിവിധ കലാരൂപങ്ങളുടെ ഓജസ്സും ഊർജ്ജവും ഉൾക്കൊണ്ട് ഉരുത്തിരിഞ്ഞുവന്ന വിശ്വമോഹനമായ ഒരു കലയാണ് കഥകളി. സാഹിത്യം, സംഗീതം, ശില്പകല, ചിത്രകല എന്നിവയെല്ലാം ഇതിൽ സമഞ്ജസമായി സന്നിവേശിപ്പിച്ചിരിക്കുന്നു. അതിലെ സാഹിത്യവിഭാഗമാണ് ആട്ടക്കഥ.

കഥകളി ഒരു 'പുരുഷകല'യായിട്ടത്രേ അംഗീകരിക്കപ്പെട്ടു പോന്നത്. അരങ്ങത്തു കാണുന്ന ആട്ടം, കൊട്ട്, പാട്ട് എന്നിവയിലോ അണിയറയിൽ പ്രവർത്തിക്കുന്ന ചുട്ടി, പെട്ടി എന്നിവയിലോ അതിനും മുന്നേ തയ്യാറായി വരേണ്ട ആട്ടക്കഥാരചനയിലോ സ്ത്രീ സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല. അഭ്യസനകാലത്തെ അമിതമായ അദ്ധ്വാനം, രാത്രികാലങ്ങളിൽ ഉറക്കമൊഴിഞ്ഞുള്ള അവതരണ സമ്പ്രദായം, പെട്ടിയുമേറ്റി അങ്ങോളമിങ്ങോളമുള്ള അലച്ചിൽ, സുരക്ഷിതത്വമില്ലായ്മ - ഇതൊക്കെയാണ് കാരണങ്ങളായി പറഞ്ഞു കേട്ടിട്ടുള്ളത്. സർക്കസ്സിൽ അഭ്യാസം എത്ര കഠിനമാണ്. കഥകളിയോട് ഏറെ സമാനതകൾ ഉള്ള കൂടിയാട്ടത്തിൽ സ്ത്രീ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് സ്ത്രീകൾ തന്നെയാണല്ലോ എന്നെല്ലാം ഞാൻ 'ദുശ്ശോദ്യം' ചോദിച്ചിട്ടുണ്ട്. സർക്കസ്സ് ഒരു കൂട്ടുകുടുംബം പോലെയാണ്, കൂടിയാട്ടത്തിൽ ഒരേ കുടുംബക്കാർതന്നെയാണ് പരമ്പരയായി ചെയ്തു പോരുന്നത് എന്നൊക്കെയായിരുന്നു മറുപടി.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ നാമമാത്രമായി (ഒന്നോ രണ്ടോ) സ്ത്രീകൾ അരങ്ങിലെത്തി. അമ്പതുകളിൽ സ്ത്രീകളുടെ 'വേഷംകെട്ട്' അപൂർവ്വമല്ലാതായി. അറുപതുകളിൽ വനിതാട്രൂപ്പു തന്നെ രൂപം കൊണ്ടു. അരങ്ങത്തെ പിന്നണിപ്പാട്ടുകാരായ പൊന്നാനി-ശങ്കിടിമാരായും വനിതകൾ എത്തി. അപൂർവ്വമായി മാത്രം കൊട്ടിലും കണ്ടിട്ടുണ്ട്. ചുട്ടി

കുത്താനും ഇപ്പോൾ പെണ്ണുങ്ങൾ പഠിക്കുന്നുണ്ട്. അതിന്റെ പ്രവൃത്തിപഥത്തിൽ എത്തിയോ എന്ന റിഞ്ഞില്ല. പെട്ടിയുടെ ഭാരം വഹിക്കുന്ന വനിതയെ കണ്ടെത്തിയിട്ടില്ല. ആട്ടക്കഥാരചനയിലേയ്ക്കു കടന്നുവന്ന സ്ത്രീകളും വിരളം തന്നെ.

കീചകവധം, ദക്ഷയാഗം, ഉത്തരാസ്വയം വരം എന്നീ അതിമനോഹരങ്ങളായ ആട്ടക്കഥകൾ രചിച്ച ഇരയിമ്മൻതമ്പിയുടെ മകൾ കുട്ടിക്കുഞ്ഞി തങ്കച്ചിയുടേതാണ് ആട്ടക്കഥാ ചരിത്രത്തിൽ ഒരു സ്ത്രീയുടെ ആദ്യത്തെ പാദമുദ്ര. പാർവ്വതീപരിണ യം, ശ്രീമതീ സ്വയംവരം, മിത്രസഹമോക്ഷം എന്നീ മൂന്നു കഥകളാണ് അവർ രചിച്ചിട്ടുള്ളത്. എന്നാൽ ഇതിൽ ഒന്നുപോലും പിതാവിന്റേതിനൊപ്പം അര ങ്ങുകളിൽ എത്തിക്കപ്പെട്ടിട്ടില്ല. പിന്നീട് കോട്ടക്കൽ ഡോ. പി.കെ. വാരിയരുടെ സഹധർമ്മിണി മാധവി ക്കുട്ടി വാരസ്യാർ വിശ്വാമിത്രൻ, കുമാരസംഭവം എന്നീ രണ്ടു ആട്ടക്കഥകൾ എഴുതി. കോട്ടക്കൽ വി. എസ്.വി. നാട്യസംഘം നിലവിൽ ഉള്ളതിനാൽ അവർക്ക് തന്റെ കഥകൾ അരങ്ങിൽ എത്തിക്കാൻ ബുദ്ധിമുട്ടേണ്ടിവന്നില്ല. ചരിത്രത്തിൽ മൂന്നാം സ്ഥാനം രാധാമാധവനാണ്. ഞാൻ എങ്ങനെ ഇവിടെ എത്തിപ്പറ്റി?

അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് സ്ത്രീകൾ പ്രവേശിക്കാൻ തുടങ്ങിയ കാലത്ത് ജനനം. 'അസൂര്യംപശ്യ'കളായി 'കെട്ടു'കൾക്കു ള്ളിൽ – ആ വാക്കിന്റെ രണ്ടർത്ഥവും അന്വർത്ഥ മാണ് – കഴിഞ്ഞിരുന്ന അന്തർജ്ജനങ്ങൾ (അകത്തു ള്ളാൾ എന്നു മലയാളം) ചേലപ്പുതപ്പും ഓലക്കുട യുമായി ബസ്സിലും തീവണ്ടിയിലും സഞ്ചരിക്കുന്ന തിൽ അസ്വാഭാവികത തീരെയില്ലാതിരുന്ന കാലം എന്റെ ബാല്യം. എന്റെ വല്ല്യേടത്തിക്ക് (ഇപ്പോൾ വയസ്സ് എൺപത്തിനാല്) ഋതുമതിയായശേഷം സ്കൂളിൽ പോവാൻ കാരണവന്മാരിൽ (കാരണ വത്തിമാരിൽ) നിന്നും അനുവാദം കിട്ടിയത് ഏട്ടന്മാർ നാലുദിവസം നിരാഹാരം അനുഷ്ഠിച്ച തിനുശേഷം! അച്ഛൻ പരമഭക്തൻ, ഭക്തിയിലൂടെ അന്നാട്ടിൽ വിപ്ലവം സൃഷ്ടിച്ച വ്യക്തി. "ഈശ്വരന് പെൺകിടാങ്ങളോട് അതൃപ്തി തീരെയില്ല. വേണ്ട പോലെ വസ്ത്രധാരണം ഇല്ലാത്തതുകൊണ്ടും പരപുരുഷനെ കാണരുത് എന്ന നിയമം നിലവിൽ ഉണ്ടായിരുന്നതുകൊണ്ടുമാണ് ഇവരെ അമ്പല ത്തിലേയ്ക്കു വിടാതിരുന്നത് ഇത്രയും കാലം. ഇപ്പോൾ വസ്ത്രം ധരിക്കുന്നുണ്ട്. വിദ്യാലയത്തിൽ പോകുമ്പോൾ പരപുരുഷന്മാരെ കാണുന്നുമുണ്ട്. അതുകൊണ്ട് കുടുംബത്തിന്റെ പരദേവതയെ പോയി തൊഴണം, അമ്പലത്തിൽ പോണം പെൺകിടാങ്ങളും..." അച്ഛന്റെ യുക്തിവാദം. "ന്റെ കുട്ട്യോളെ വിട്ട്ല്യ. കുട്ടൻ സ്വന്തം കുട്ട്യോളെ ഷ്ടംപോലെ ചെയ്തോളൂ." അതായിരുന്നു പ്രതികര ണം. മുണ്ടും ബ്ലൗസുമായി തിരുവൈരാണി ക്കുളത്ത് ശ്രീ പാർവ്വതിദേവിയെ തൊഴാൻ പോകു മ്പോൾ, ആചാരം കാത്തു സൂക്ഷിക്കുന്നവരിൽ നിന്നും ചെവി പൊട്ടിപ്പൊകുന്ന വിധത്തിൽ കേട്ടിട്ടുള്ള വാക്കുകൾ ഏട്ടത്തി പറഞ്ഞു തന്നിട്ടു ണ്ട്. എനിക്ക് ആ പ്രായമായപ്പോഴേയ്ക്കും വിലക്കുകൾ അസ്തമിച്ചു.

അമ്പലങ്ങളിലും ഇല്ലങ്ങളിലും ഉള്ള 'കളി' (കളി എന്നാൽ കഥകളിയാണ്!) കാണാൻ ഓർമ്മവെച്ച നാൾമുതൽ അച്ഛൻ എന്നെ കൊണ്ടു പോകാറുണ്ട്. മടിയിലിരുത്തി കഥ പറഞ്ഞുതരും. ചേങ്ങിലയോ, ഇലത്താളമോ, ചെണ്ടയോ, മദ്ദളമോ, വേഷാഡംബരമോ, മുദ്രകളോ, കലാശങ്ങളോ, കത്തി-താടി-കലി-കരി-ഹനുമാൻ വേഷങ്ങളുടെ വിവിധ തരത്തിലുള്ള അലർച്ചകളോ, പുരികമിള ക്കിയുള്ള ശൃംഗാരമോ, കണ്ണുരുട്ടുന്ന ക്രൗര്യമോ, കുടൽമാല വലിച്ചിഴയ്ക്കുന്ന ബീഭത്സമോ താടിയും കവിളും വിറകൊള്ളുന്ന കരുണമോ... ഏതാണ് എന്നെ ആളോളം പൊക്കമുള്ള കളിവിളക്കിനു താഴെ പൂഴിമണ്ണിൽ രാവുമുഴുവൻ പിടിച്ചിരുത്തി യിരുന്നത്! അങ്ങനെ തുടർച്ചയായി പല രാവു കൾ....

അപ്ഫന്റെ (ചെറിയച്ഛന്റെ) മക്കളും ഞങ്ങളും ഏകോദരസഹോദരങ്ങളെപ്പോലെ സ്നേഹിച്ച് തമ്മിത്തല്ലി കളിച്ചു വളർന്നു – മാവിൻചുവട്ടിലും പെരിയാറ്റിലും മണപ്പുറത്തും തട്ടിൻപുറത്തും അമ്പലമുറ്റത്തും ഒക്കെയായി. രാക്കളികളുടെ പിറ്റേന്ന് ഉറക്കം കഴിഞ്ഞെണീറ്റാൽ ആ കളികൾ ഞങ്ങൾ ആവർത്തിക്കുകയുണ്ടായി. അണിയറയിൽ നിന്നും മനയോല കരി കുങ്കുമം ഇവയുടെയെല്ലാം അവശിഷ്ടം പെറുക്കിയെടുത്ത തുപയോഗിച്ച് വേഷങ്ങൾ ഒരുങ്ങും. ദുര്യോധനവ ധവും കീചകവധവും കിരാതവും ദക്ഷയാഗവും എല്ലാം അരങ്ങേറും. അനിയൻ ഹരിദാസ് ആണ് സ്ഥിരം പൊന്നാനി. ഹരി പിന്നീട് കലാമണ്ഡല ത്തിൽ ചേർന്നു പഠിച്ച്, മൃണാളിനി സാരാ ഭായിയുടെ കൂടെ പ്രവർത്തിച്ച്, കഥകളിയുടെ ലോകത്തേയ്ക്ക് വെമ്പലോടെ തിരിച്ചെത്തി ഭാവ ഗായകൻ എന്ന പ്രശസ്തി നേടി.

കാലം മുന്നോട്ട് – ഏട്ടന്റെ (വെണ്മണി വിഷ്ണു) സ്നേഹവാത്സല്യഭരിതമായ കരുതൽ എന്നെ കലാശാലയിൽ എത്തിച്ചു. ഗണിതത്തിൽ ബിരുദാനന്തരബിരുദമെടുത്തു. വിവാഹിതയായി. കേരളം വിട്ടു. രണ്ടു കുഞ്ഞുങ്ങൾക്കമ്മയായി. അഞ്ചെട്ടുവർഷം കഴിഞ്ഞ് നാട്ടിൽത്തന്നെ തിരി ച്ചെത്തി. അപ്പോഴേയ്ക്കും രാക്കളികൾക്കൊപ്പം കഥകളിക്ലബ്ബുകളിലെ സന്ധ്യക്കളിയും ധാരാള മായിക്കഴിഞ്ഞു. പൂർവ്വാധികം ആവേശത്തോടെ കളികാണൽ പുനരാരംഭിച്ചു. മകൾ ലാവണ്യ കലാമണ്ഡലം കൃഷ്ണൻ നായരാശാന്റെ കൈയിൽ നിന്നും 'കച്ചയും മെഴുക്കും' സ്വീകരിച്ചു. ശ്രീ ഫാക്റ്റ് പത്മനാഭന്റെ ശിക്ഷണത്തിൽ അഭ്യാസം ആരംഭിച്ചു. ഒമ്പതാം വയസ്സിൽ, രുഗ്മിണിസ്വയംവരം കൃഷ്ണനായി എറണാകുളം ടി.ഡി.എം. ഹാളിൽ അരങ്ങേറി. അരങ്ങിൽ കാണുന്ന തൗര്യത്രികത്തിന്റെ അഴക് നേടിയെടു ക്കാൻ അർപ്പണബോധത്തോടെ എത്രമാത്രം

അഴലുകളിലൂടെ ഉഴലണം എന്ന് മകളുടെ പാഠങ്ങളിലൂടെ ഞാൻ കണ്ടറിഞ്ഞു. മുദ്രകൾ (കഥകളി ഭാഷ) ഏതാണ്ടൊക്കെ മനസ്സിലാക്കി.

ഭാഗവതകഥകളിലൂടെ ജീവിതാനുഭവങ്ങൾ വിശകലനം ചെയ്യുക എന്റെ ഒരു ശീലമാണ്. ഒറ്റയ്ക്കിരിക്കുമ്പോൾ മാത്രമല്ല, സുഹൃദ്സദസ്സിൽ വെച്ചും ഭാര്യമാരെ കളിയാക്കുകയും കുത്തിനോവിക്കുകയും ചെയ്യുന്ന ധാരാളം പേരെ കാണാറുണ്ട്. (എനിക്കുമുണ്ട് ആ അനുഭവം!) പരാതി പറഞ്ഞാലോ, തമാശ പറഞ്ഞതല്ലേ... അരസികേഷു... എന്നൊക്കെപ്പറഞ്ഞ് വീണ്ടും ഈ വിഷയം കൈകാര്യം ചെയ്യുന്ന ഒരു ഘട്ടമുണ്ട് ഭാഗവതത്തിൽ. ഞങ്ങൾ പിണങ്ങിയിരുന്ന ഒരു ദിവസം മിന്നൽപോലെ അതെന്റെ ഹൃദയത്തിലേക്കു കയറി. മുറിയടച്ചിരിപ്പായി.. അടുത്ത മുറിയിൽ കഥകളിക്ലാസിലെ താളനിബദ്ധമായ ചുവടുകൾ - എന്റെ ആദ്യത്തെ ആട്ടക്കഥ - രുഗ്മിണിമോഹനം - പിറന്നു: കൗമാരപ്രായത്തിൽ, ആരൊക്കെയോ പുകഴ്ത്തുന്നതു കേട്ടുകേട്ടു പ്രേമിച്ചുപോയ പുരുഷന്റെ കൂടെ വിവാഹത്തലേന്ന് ചാടിപ്പോയ രുഗ്മിണിയ്ക്ക് ഒരിക്കലും അതിൽ കുണ്ഠിതം തോന്നിയതേയില്ല. യൗവനകാലമെല്ലാം കഴിഞ്ഞതിനുശേഷം ഒരുനാൾ കൃഷ്ണൻ പ്രിയതമയെ 'ചൂടാക്കുക'യാണ് - നീ ഇപ്പോഴും സുന്ദരി തന്നെ. അന്നു ചെയ്തത് തെറ്റായിപ്പോയെന്നു തോന്നുന്നുണ്ടെങ്കിൽ പോകാം. എനിക്ക് നിന്നോട് പ്രത്യേകിച്ചൊരു മമതയൊന്നുമില്ല' എന്ന്. രുഗ്മിണി തളർന്നു വീഴാൻ തുടങ്ങി. അപ്പോൾ കൃഷ്ണൻ ഓടിവന്നു വാരിയെടുത്തു. മാറോടണച്ച് ഉപചാരങ്ങൾ ചെയ്ത്

"ചെന്തളിർച്ചുണ്ടു കടിച്ചു ചൊടിച്ചു നീ
ചെന്താർശരചാപംപോൽ നിന്റെ
ചില്ലീലതകൾ വളച്ചു ജ്വലിച്ചുകൊ-
ണ്ടൊന്നെന്നെ നോക്കു" മെന്നു കരുതിയാ

ണിതു പറഞ്ഞത് എന്നും ത്വത്പ്രേമദാസോƒ സ്മൃഹം എന്നു അടിയറവു പറയുന്ന കൃഷ്ണനെയാണ് അതിൽ കാണുക. തമാശയ്ക്കാണെങ്കിൽ പോലും, നോവിച്ചാൽ സാന്ത്വനിപ്പിക്കാനും സാധിക്കണം പരസ്പരം എന്നു സാരം. ഓരോ കൊച്ചു കൊച്ചു വഴക്കും പരസ്പര്യത്തെ കൂടുതൽ ഇഴുക്കമുറ്റതാക്കണം എന്നു ചുരുക്കം. എങ്കിലേ 'തേൻനിലാവ്' ജീവിതം മുഴുവൻ ആസ്വദിക്കാനാവൂ. അരങ്ങിൽ ആ കഥ പലവട്ടം തിളങ്ങി. ആദ്യാവതരണത്തിൽ എന്റെ അനുജൻ കലാമണ്ഡലം വെൺമണി ഹരിദാസ് പാടാനുണ്ടായിരുന്നു.

കവിതയെഴുത്തുപോലെയല്ലേയല്ല ആട്ടക്കഥാരചന, അത് ഏതാണ്ടൊരു സിനിമ/നാടകം മോഡലാണ് എന്നു പറയാം: കഥ-തിരക്കഥ-സംഭാഷണം-സംഗീതം-സംവിധാനം എന്ന രീതിയാണ് സ്വീകരിക്കേണ്ടത്. ഒരു കഥ മനസ്സിൽ കൊളുത്തുന്നു. അതിനെ കഥകളിലേയ്ക്ക് - ആട്ടക്കഥയിലേയ്ക്ക് - പകർത്തുമ്പോൾ രംഗങ്ങൾ നിശ്ചയിക്കപ്പെടുന്നു. കഥാപാത്രങ്ങൾ, അവരുടെ സ്വഭാവവിശേഷങ്ങൾ, വേഷവിധാനം (ആഹാര്യം എന്നു കഥകളിഭാഷ) എന്നിവയെക്കുറിച്ചെല്ലാം ചിന്തിക്കണം. പുരാണങ്ങളിൽ ഉള്ള കഥയാണ് എങ്കിൽപ്പോലും അത് അതേപടി ആവണമെന്നില്ല ആട്ടക്കഥയിൽ. ആട്ടക്കഥാരചയിതാവിന്റെ മനോഗതിക്കനുസരിച്ച് മാറ്റങ്ങൾ വരുത്തിക്കാണാറുണ്ട്. കഥാപാത്രങ്ങളുടെ സ്വഭാവം എന്ത് എന്നു നിശ്ചയിക്കുന്നത് രചയിതാവാണ്. സ്വഭാവനിർമ്മിതിക്കനുസരിച്ച് 'പച്ച'-'കത്തി'-'ചുവന്നാടി'-കറുത്താടി'-ലളിത-'കരി'-എന്നീ 'വേഷം' നിശ്ചയിക്കണം. കഥകളിയിൽ അഭിനയം ചതുർവിധമാണ് - നാലു തരം, ആംഗിഗം, വാചികം, ആഹാര്യം, സാത്വികം. അംഗചലനങ്ങൾ കൊണ്ടുള്ള അഭിനയമാണത്രെ ആംഗികം. കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം വാചികമാണ്.

പദ്യരൂപമാണ് സംഭാഷണം-ഗദ്യമല്ല. അത് നിർവ്വഹിക്കുന്നത് നടനല്ല, പിൻപാട്ടുകാരാണ്. പദങ്ങൾക്ക് സന്ദർഭാനുസൃതമായ രാഗ-താള-ഭാവങ്ങൾ നിശ്ചയിക്കേണ്ടതുണ്ട്. ഒരേ രാഗം തന്നെ പല ഭാവങ്ങളിലും പ്രയോഗിക്കുക പതിവുണ്ട്. കൂടാതെ ആട്ടക്കഥയിലെ ഓരോ വാക്കിനും ശരിയായ മുദ്രയില്ലേ എന്നു കൂടി ചിന്തിക്കണം ആട്ടകഥാകൃത്ത്.

കപിദ്ധ്വജചരിതം, ശബരീചരിതം, ദിവ്യകാരുണ്യചരിതം, നചികേതസ്സ്, ശ്യാമ, മാതൃകന്യാചരിതം, നൗകാചരിതം ഈ ആട്ടക്കഥകൾ എല്ലാം തന്നെ അരങ്ങിൽ അവതരിപ്പിച്ച് ആസ്വാദകരുടെ പ്രശംസ നേടിത്തന്ന കഥകളാണ്. മിക്കകഥകളിലും സ്ത്രീജീവിതത്തിന്റെ ഏതെങ്കിലും പ്രശ്നം എടുത്തുകാണിച്ചിട്ടുണ്ടാവും. അരങ്ങിലേയ്ക്ക് എത്തിച്ചു കഴിഞ്ഞിട്ടില്ലാത്ത സുഭദ്രാദ്രൗപദീയം, അംബാശപഥം, ചിത്രാധനഞ്ജയം എന്നിവയും അത്തരത്തിൽ പെൺവഴികളിലൂടെ ചിന്തിക്കുന്നവയാണ്.

കപിദ്ധ്വജചരിതത്തിലെ പാഞ്ചാലി യുധിഷ്ഠിര പത്നിയായിരിക്കെത്തന്നെ അർജ്ജുനസാമീപ്യം കൊതിക്കുന്നവളാണ്. ഒരു സാഹചര്യത്തിൽ അർജ്ജുനൻ തീർത്ഥാടനത്തിന് ഇറങ്ങിത്തിരിക്കുമ്പോൾ,

''ഇനിയെന്നു കാണും ഈ സുരുചിരാകാരനെ
ഇനസമവീര്യനെ ഇന്ദുവദനനെ
പൗരവശ്രേഷ്ഠനെ മദനസമാനനെ
പൗരുഷമൂർത്തിയാം എൻ സവ്യസാചിയെ"

എന്നിങ്ങനെ പരിതപിക്കുന്നവൾ.

സുഭദ്രാദ്രൗപദീയത്തിലെ പാഞ്ചാലിയാവട്ടെ, ധർമ്മപുത്രൻ, ഭീമൻ എന്നിവരുടെ 'ഊഴം' കഴിഞ്ഞ് അർജ്ജുനന്റെ വരവിനായി തുടികൊട്ടുന്ന ഹൃദയത്തോടെ കാത്തുകാത്തിരിക്കുകയാണ് മണിമഞ്ചമൊരുക്കി 'ആദ്യരാത്രി' ആഘോഷിക്കുവാൻ. അപ്പോൾ (തീർത്ഥയാത്ര കഴിഞ്ഞ്) അർജ്ജുനൻ തിരിച്ചുവരുന്നതോ! അമ്മാമന്റെ മകൾ സുഭദ്ര എന്ന പുതുമണവാട്ടിയേയും കൊണ്ട്. അത്തരം ഒരു സന്ദർഭത്തിൽ സ്ത്രീ ഹൃദയത്തിൽ ഉണ്ടാകാവുന്ന എരിച്ചിലും പൊരിച്ചിലുമാണ് അതിലൂടെ പ്രതിപാദിക്കുന്നത്.

ശബരീചരിതത്തിലെ ശബരി – കുഞ്ഞുനാൾ മുതലേ നീലവർണ്ണത്തോടു കൗതുകം തോന്നിയവൾ – കൗമാരപ്രായത്തിൽ നീലക്കാർവർണ്ണനായി മനസ്സിൽ സങ്കൽപ്പിച്ചുണ്ടാക്കിയ വിഷ്ണുവിനെ പ്രണയിക്കാൻ തുടങ്ങിയവൾ – കാട്ടിൽ കണ്ടുമുട്ടിയ ഏതോ ഒരു കാട്ടാളന്റെ കറുപ്പിൽ വിഷ്ണുവിനെ കണ്ടെത്തിയവൾ – ആ കാട്ടാളനുമായി രമിച്ചത് പാപമല്ല എന്നു വിശ്വസിച്ചവൾ – പാപപുണ്യങ്ങൾ (തെറ്റും ശരിയും) നിശ്ചയിക്കുന്നത് ശരീരം കൊണ്ടു ചെയ്യുന്ന പ്രവൃത്തിയെമാത്രം നോക്കിയല്ല; മനസ്സിലേയ്ക്കു നോക്കാൻ സാധിക്കണം വിധികർത്താക്കൾക്ക്.

സ്ത്രീയുടെ മറ്റൊരു സംഘർഷനിമിഷമാണ് മാതൃകന്യാചരിതത്തിലൂടെ സംവദിക്കുന്നത്. ആദ്യ സന്താനത്തെ, സൂര്യസൂനുവായ കർണ്ണനെ, ആറ്റിൽ ഒഴുക്കേണ്ടിവന്ന അവിവാഹിതയായ കുന്തിയുടെ വേദന. കുടുംബത്തിന്റെ മാനം രക്ഷിക്കാൻവേണ്ടി കുഞ്ഞിനെ കളയേണ്ടിവരുന്ന മാതൃത്വത്തിന്റെ പിടച്ചിൽ – 'പെണ്ണിന് ഒരു കുഞ്ഞു പിറന്നാൽ "അച്ഛനാര്?" എന്ന ചോദ്യശരങ്ങൾ ഏൽക്കാതെ, സ്വേച്ഛയാ വളർത്താൻ സാദ്ധ്യമാകുന്ന ഒരു കാലം വരുമോ' എന്നു ചിന്തിപ്പിക്കുന്നുണ്ട് ആ കഥയിൽ. അംബാശപഥത്തിലെ അംബ രണ്ടുതരത്തിലാണ് അപമാനിതയാകുന്നത്. ആദ്യം ഒരാൾ (ഭീഷ്മർ) വന്ന് അഭിപ്രായം ആരായാതെ തേരിൽ പിടിച്ചുകയറ്റി അനുജനു കാഴ്ച വെയ്ക്കുന്നു. അടിയറവു പറയാതെ എതിർത്തു നിൽക്കുന്ന അംബ തനിയ്ക്ക് ഒരു കമിതാവുണ്ട് എന്ന് ഭീഷ്മരോടു ചങ്കൂറ്റത്തോടെ പറയുന്നു. "എങ്കിൽ തിരിച്ചു കൊണ്ടു പോയിവിടാമല്ലോ" എന്നു ദാക്ഷിണ്യം കാട്ടി ഭീഷ്മർ. ആഹ്ലാദത്തോടെ കാമുകനെ സമീപിച്ചപ്പോഴാണ് രണ്ടാമത്തെ അപമാനം. അയാൾ പറയുന്നു, "ഒരുത്തൻ പിടിച്ചുകൊണ്ടുപോയ നിന്നെ ഞാനുണ്ടോ സ്വീകരിക്കുന്നു! ഹും!" എന്ന്. അവഹേളനത്തിന്റെ തീച്ചൂളയിൽ നിന്നും പ്രതികാരമൂർത്തിയായി ഉയരുകയാണ് അംബ.

ചിത്രാധനഞ്ജയത്തിലെ ചിത്ര തന്റെ 'പെണ്ണഴക്' ഇല്ലാത്ത ശരീരത്തെ നിന്ദിച്ച അർജ്ജുനനെ മധുരമായ പ്രതികാരത്തിലൂടെ പാഠം പഠിപ്പിക്കുന്നവളാണ്. ശരീരവടിവുകൾ മാറിക്കൊണ്ടേയിരിക്കും. ശരിയായ സൗന്ദര്യം കാണാൻ അകത്തേയ്ക്കു നോക്കാൻ പഠിക്കണം.

ദിവ്യകാരുണ്യചരിതം യേശുവിന്റെ കുരിശു മരണവും ഉയിർത്തെഴുന്നേല്പ്പും ചിത്രീകരിക്കുന്നു. ഇരുപതിലധികം അരങ്ങുകളിൽ കാണികളെ കണ്ണീരണിയിക്കുകയും വികാരനിരഭരരാക്കുകയും ചെയ്തിട്ടുണ്ട് അതിന്റെ അവതരണം. ആ കഥയിലും സ്ത്രീയുടെ സ്ഥാനം അന്തഃപുരം മാത്രം എന്ന സൂചനയുണ്ട്. പിലാത്തോസിന് ഭാര്യയെ കാര്യമാണ്. എന്നാൽ അവൾ എന്തെങ്കിലും ഒന്ന് ഉപദേശിക്കാൻ പുറപ്പെട്ടാൽ, "മിണ്ടാതിവിടെ സുഖമായിരുന്നോ, ഭരണകാര്യങ്ങളിൽ ഇടപെടേണ്ട" എന്നാണ് മറുപടി.

നൗകാചരിതം ആട്ടക്കഥയിൽ ഗോപിമാരുടെ കൃഷ്ണനോടുള്ള നിസ്വാർത്ഥവും സ്വാഭാവികവുമായ ഉൽക്കടപ്രേമത്തിന്റെ മുന്നിൽ പ്രകൃതിപോലും കുമ്പിട്ടുപോകുന്ന സന്ദർഭമാണ് അവതരിപ്പിക്കുന്നത്. ഇതിന്റെ അവതരണത്തിൽ ഒരു പ്രത്യേകത പരീക്ഷിക്കുകയുണ്ടായി. അതു വിജയിക്കുകയും ചെയ്തു. കഥകളിയിലെ 'ചിട്ട' അനുസരിച്ച് പുരുഷവേഷങ്ങൾ മാത്രം ചെയ്തു വരുന്ന ഒരു പ്രത്യേകതരം നൃത്തമാണ് അഷ്ടകലാശം. ഏറ്റവും ആഹ്ലാദം പ്രകടമാക്കുന്ന അവസരങ്ങളിലാണ് അതിന്റെ പ്രയോഗം. ഈ കഥയിലെ സ്ത്രീവേഷങ്ങൾ (ഗോപികമാർ) രാസലീല അഷ്ടകലാശത്തിലൂടെ പുരുഷവേഷത്തോടൊപ്പം (കൃഷ്ണൻ) അവതരിപ്പിച്ചു. അത് കാണികൾ നന്നായി ആസ്വദിക്കുകയും ഉണ്ടായി.

ഞാൻ എഴുതി അവതരിപ്പിച്ച ആട്ടക്കഥകളിൽ ബഹുഭൂരിഭാഗവും ചിട്ടപ്പെടുത്തിയത് കലാമണ്ഡലം സാജനാണ്. ഗുരുസദനം ബാലകൃഷ്ണൻ, ശാന്തിനികേതനം ലതമോഹനകൃഷ്ണൻ, കലാമണ്ഡലം മനോജ് എന്നിവരും ഓരോ കഥ കോറിയോഗ്രാഫ് ചെയ്തിട്ടുണ്ട്. സംഗീതം ചെയ്തിട്ടുള്ളത് മനോജ് പുല്ലൂർ, നെടുമ്പിള്ളി രാംമോഹൻ, കലാമണ്ഡലം മോഹനകൃഷ്ണൻ, അത്തിപ്പറ്റ രവി, ദീപ പാലനാട് എന്നിവരാണ്. എന്റെ ഹൃദയം അറിഞ്ഞ് ചൊല്ലിയാടി കാഴ്ചക്കാരുടെ ഹൃദയത്തിൽ രസം പകർന്ന പ്രസിദ്ധരായ വേഷക്കാർ, പാട്ടുകാർ കൊട്ടുകാർ ഇവരെയെല്ലാം പേരെടുത്തുപറയാതെ തന്നെ ഞാൻ ഉള്ളിൽ കൊണ്ടുനടക്കുന്നു...

"ഏറ്റവും അധികം ആട്ടക്കഥകൾ രചിച്ച് അരങ്ങിൽ എത്തിയ വനിത – രാധാമാധവൻ" എന്ന് ഡോ. വെള്ളിനേഴി അച്യുതൻകുട്ടിയുടെ 'കഥകളിയുടെ കൈപ്പുസ്തകം' എന്ന ആധികാരികഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നെ സംബന്ധിച്ചേടത്തോളം കവിത 'എഴുതി'ക്കഴിയുകയേ വേണ്ടൂ, ഹൃദയത്തിനു ലാഘവം ലഭിക്കും. അതുകൊണ്ടു തന്നെ കവിതയുടെ രണ്ടു സമാഹാരങ്ങളേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. ഡോ. അയ്യപ്പപ്പണിക്കർ സാറ് ആസ്വാദനക്കുറിപ്പെഴുതിത്തന്ന 'വാസനച്ചെപ്പും' സുഗതകുമാരിച്ചേച്ചി അവതാരികയെഴുതിയ 'പാതിരാമഴ'യും. മറ്റെല്ലാം കടലാസിൻ താളുകളിൽ കൈക്കുറിപ്പായിക്കിടപ്പാണ്. അതുമതിതാനും. എന്നാൽ ആട്ടക്കഥയുടെ കഥ അതല്ല. എഴുതിക്കഴിഞ്ഞാൽ ഉള്ളു കുതികൊള്ളുകയാണ് രംഗപാഠം എങ്ങനെയിരിക്കും എന്നറിയാൻ. ഒരേ കഥ പല കലാകാരന്മാരും ചെയ്യുമ്പോൾ വരുന്ന ആസ്വാദ്യത ഒന്നുവേറെത്തന്നെ. അതുകൊണ്ടു തന്നെ ഓരോന്നിന്റേയും വീണ്ടും വീണ്ടും വീണ്ടുമുള്ള അവതരണങ്ങൾക്കായി കാത്തിരിക്കയാണ് എന്റെ അമ്മമനസ്സ്.

■

## അന്വേഷി കേസ് ഡയറി

# വിവാഹത്തിലെ തെരഞ്ഞെടുപ്പുകൾ



സ്മിത

**ബി**രുദാനന്തര ബിരുദത്തിന് പഠിക്കുന്ന വെളുത്തുമെലിഞ്ഞ ഇരുപത്തൊന്ന് വയസ്സുകാരിയായ നിഷയുടെ കഥയാണിത്. കരഞ്ഞു ചീർത്ത മുഖവുമായി ഒരു ദിവസം അന്വേഷിയുടെ ഓഫീസിലേക്ക് വന്നു. "ചേച്ചി അവൾക്കു പേടിയാകുന്നു" എന്നു പറഞ്ഞ് വന്നയുടനെ പൊട്ടിക്കരഞ്ഞു. അവളെ സമാധാനിപ്പിച്ച് അവളുടെ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞു. ഡിഗ്രിക്കു പഠിക്കുമ്പോൾ സീനിയറായ മുസ്ലീം പയ്യനുമായി പ്രണയത്തിലായി. വേർപിരിയാനാവാത്തവിധം അവർ അടുത്തു. പഠിച്ചു രണ്ടുപേർക്കും ജോലിയായാൽ വിവാഹിതരാവാനായിരുന്നു തീരുമാനം. അതിനിടയ്ക്ക് വീട്ടിലറിഞ്ഞു. പ്രശ്നമായി. പഠിത്തം മുടങ്ങി. അന്യമതസ്ഥനുമായുള്ള വിവാഹം സങ്കൽപ്പിക്കാൻ പോലും അവളുടെ വീട്ടുകാർക്ക് കഴിയില്ലായിരുന്നു. അവന്റെ നാട്ടിലും വീട്ടിലും പ്രശ്നമായി. പ്രശ്നം വീട്ടുകാരിൽ നിന്നും സമുദായങ്ങൾ ഏറ്റെടുത്തു. രണ്ടുപേർക്കും വീട്ടിൽ നിൽക്കാൻ പറ്റാത്ത അവസ്ഥയായി.

നിഷക്കാണെങ്കിൽ വീട്ടിൽ നിന്നുള്ള കുറ്റപ്പെടുത്തലും, ശാരീരിക പീഡനങ്ങളും സഹിക്കാൻ പറ്റാത്ത അവസ്ഥയായി. ഈ സാഹചര്യത്തിലാണ് സുഹൃത്തുക്കളുടെ സഹായത്തോടെ അവൾ അന്വേഷിയിലെത്തുന്നത്. അന്വേഷി അവൾക്ക് താമസസൗകര്യം കൊടുത്തു. ഒരു ലക്ഷ്യവുമില്ലാതെ മരവിച്ച അവസ്ഥയിലായിരുന്നു അവൾ. ഷോർട്ട് സ്റ്റേ ഹോമിലെ താമസവും, സ്നേഹപൂർണ്ണമായ ഇടപെടലും കൗൺസെലിങ്ങും കൊണ്ട് നിഷ പഴയ സ്ഥിതിയിലായി. തീരുമാനമെടുക്കാനുള്ള കഴിവ് വീണ്ടെടുത്തു. അവൾ ഉറച്ച ശബ്ദത്തിൽ തന്നെ പറഞ്ഞു "എനിക്ക് അവനെ വിവാഹം കഴിച്ച്, പഠിത്തം പൂർത്തിയാക്കണം. അതിനുവേണ്ട സഹായമാണ് അന്വേഷി ചെയ്തു തരേണ്ടത്." ഇതും പറഞ്ഞ് പ്രതീക്ഷയോടെ നോക്കിയിരുന്നു. അന്വേഷി അവൾക്ക് എല്ലാതരത്തിലുള്ള പിന്തുണയും ഉണ്ടാവുമെന്ന് ഉറപ്പുകൊടുത്തു. യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞുകൊടുത്തു. രണ്ടുമൂന്നു സെഷൻ കഴിഞ്ഞപ്പോൾ അവൾ ജീവിതത്തെ പ്രതീക്ഷയോടെ നോക്കിക്കാണാൻ തുടങ്ങി.

അന്വേഷി ആദ്യം ചെയ്തത് അവൾ പ്രണയിക്കുന്ന ആളെക്കുറിച്ചന്വേഷിക്കുകയാണ്. അയാളെ നേരിട്ട് കണ്ട് സംസാരിക്കുന്നതിനായി ഓഫീസിലേക്ക് വിളിപ്പിച്ചു സംസാരിച്ചു. അയാൾ കാര്യങ്ങളെ ഗൗരവത്തോടെ കാണുന്നയാളാണെന്ന് മനസ്സിലായി. പിന്നീട് നിഷയുടെ വീട്ടിൽപോയി മാതാപിതാക്കളെയും സഹോദരങ്ങളെയും ഓഫീസിലേക്ക് വിളിപ്പിച്ചു. അവരുമായി സംസാരിച്ചപ്പോഴാണ് അവരും കടുത്ത മാനസിക സമ്മർദ്ദത്തിലാണെന്ന് മനസ്സിലായത്. കൗൺസിലിങ്ങ് സെപ്പറേറ്റ് സെഷനായും ജോയിന്റ് സെഷനായും നൽകി. അവർ ഒരിക്കലും ഈ വിവാഹത്തിന് സമ്മതിക്കില്ലെന്ന് മനസ്സിലായി. ഈ കാര്യം നിഷയെ ബോധ്യപ്പെടുത്തി. നിഷ പിൻമാറില്ലെന്ന കാര്യം വീട്ടുകാരെയും. വീട്ടുകാർക്ക് പയ്യനെക്കുറിച്ചും കുടുംബത്തെക്കുറിച്ചും ഞങ്ങൾ അന്വേഷിച്ചറിഞ്ഞ കാര്യങ്ങൾ ബോധ്യപ്പെടുത്തി കൊടുത്തു. ഗുണപ്രദമല്ലാത്ത കാര്യങ്ങൾ അന്വേഷി ചെയ്യില്ലെന്ന് പറഞ്ഞിട്ടും അവർ അംഗീകരിക്കാൻ തയ്യാറായില്ല. അവരുടെ ഭയം സമൂഹത്തിനെയായിരുന്നു. സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം വിവാഹം കഴിക്കാനുള്ള അപേക്ഷ കൊടുക്കാനുള്ള സഹായങ്ങൾ നിഷയ്ക്ക് ചെയ്തു കൊടുത്തു. പയ്യനോട് നല്ല ഒരു ജോലി കണ്ടുപിടിക്കാൻ പറഞ്ഞു. നിഷയുടെ പഠിപ്പു തുടരാനുള്ള സഹായവും ചെയ്തു കൊടുത്തു. വിവാഹത്തിനുള്ള അപേക്ഷ കൊടുത്ത് ഒരു മാസം കൂടി ഷോർട്ട് സ്റ്റേ ഹോമിൽ താമസിപ്പിച്ചു.

വിവാഹം കഴിക്കുമെന്നുറപ്പായപ്പോൾ രാഷ്ട്രീയക്കാരും മതനേതാക്കളും ഇടപെടാൻ തുടങ്ങി. വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ ഭീഷണിപ്പെടുത്താൻ തുടങ്ങി. അതിലൊന്നും തളരാതെ പിടിച്ചു നിൽക്കാനുള്ള കരുത്ത് അവൾക്ക് നൽകി. രജിസ്ട്രാർ ഓഫീസിലേക്ക് പോകുന്ന ദിവസം രാവിലെ തന്നെ അന്വേഷി ഓഫീസിന്റെ പരിസരത്ത് മതപ്രവർത്തകർ തെളിഞ്ഞും ഒളിഞ്ഞും നിന്നിരുന്നു. അതു മനസ്സിലാക്കി അന്വേഷി പ്രവർത്തകർ മറ്റൊരു വഴിയിലൂടെ അവളെ റോഡിലെത്തിച്ചു. വിവാഹം സുഖമായി കഴിഞ്ഞു. ഇരുകൂട്ടരും സന്തോഷത്തോടെ ജീവിക്കുന്നു. നിഷ പഠിത്തം കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചുവെന്നറിയാൻ കഴിഞ്ഞു. ഇപ്പോൾ സമൂഹത്തിൽ നിന്നുള്ള ഇടപെടലുകളൊന്നുമില്ല. ഇരുവീട്ടുകാരും അവരോട് സഹകരിക്കുന്നുണ്ടെന്നും അന്വേഷണത്തിൽ മനസ്സിലായി.

ഫോളോ-അപ്പ് ചെയ്യാനായി വിളിച്ചപ്പോൾ അവൾ പറഞ്ഞു "ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചിടത്തുനിന്നും എന്നെ ഉയർത്തിക്കൊണ്ടുവന്നത് നിങ്ങളാണ്" മാനസികമായി ആകെ തളർന്ന ഒരാശ്രയവുമില്ലാതെ ഒറ്റപ്പെട്ടുപോയ വ്യക്തിയായിരുന്നു നിഷ. സമയോചിതമായ പ്രവർത്തനത്തിലൂടെ അവളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞതിൽ ഞങ്ങൾക്കും സംതൃപ്തിയുണ്ട്.

■

**കവിത**



ഗീതാഞ്ജലി
കൃഷ്ണൻ

# അഭയാർഥികൾ

ഭൂതലം മഴകൊണ്ടു തണുത്തു വിറകൊൾകെ,
സാഗരം കാറ്റിൻ കയ്യിലാഹ്ലാദ നൃത്തം വയ്ക്കേ,
മേരു പർവതങ്ങൾ സൂര്യജ്വാലകൾ പാനം ചെയ്തു
കൃഷ്ണമേഘങ്ങളിൽ തല ചായ്ച്ചുറങ്ങവേ.
ധൂമകേതുവോ, നക്ഷത്രപ്പകർച്ചയോ, ക്ഷുദ്രഗ്രഹങ്ങളോ
ആരു തന്നതാണന്നീ ജീവന്റെ കണ്ണീർക്കണം?
ആട്ടിയോടിച്ചില്ലാ, കരുണയാലഭയം നൽകീ
ഉയിരേകി കൈക്കുമ്പിളിൽ കെടാതെ വച്ചൂ ഭൂമി.
അന്നുതൊട്ടിന്നേവരെ എത്രയോ ജന്മങ്ങളായ്
ജീവന്റെ ജൈത്രയാത്ര ചുറ്റുന്നൂ ഭൂമിക്കൊപ്പം!
ഏകകോശവും മഹാവൃക്ഷവുമൊരേ തരം
കണങ്ങൾക്കെല്ലാം ചേർച്ച, വായുവും പയസ്സും താൻ.
പച്ചിലക്കൈകൾ കൊണ്ടു ഭൂമിയെ പുണർന്നിട്ടും,
കൊച്ചുകാലുകൾ കൊണ്ടു കാടതിൽ നൃത്തം വച്ചും,
ആഴിതന്നഗാധത്തിൽ തുഴഞ്ഞു നീന്തിച്ചെന്നും
ആകാശച്ചരിവുകൾ ചിറകിനാൽ വട്ടം വച്ചും,
ഭൂമി പൂക്കുകയാണു ജീവന്റെ സംഗീതത്താൽ,
ആകാശഗംഗക്കുള്ളിൽ  അനന്യസഞ്ചാരിണീ.
പാമ്പുകൾ, പറവകൾ, പന്നൽച്ചെടികൾ,പ്രൈമേറ്റുകൾ,
കാലികൾ, കഴുകന്മാർ, കരടിക്കൂട്ടം, പൂപ്പൽ.
ചിപ്പിക്കും ശംഖിനും പിന്നെ കടലിന്റെ നിധികൾക്കും
എല്ലാർക്കുമഭയമീ കരിനീലയൊറ്റഗ്രഹം.
അതിർത്തികൾ വരഞ്ഞിട്ട് രാജ്യങ്ങൾ തിരിച്ചിട്ട
മർത്യന്റെ വിഡ്ഢിത്തമേ, വിനാശമാം മൂഢത്വമേ,
മരത്തിൽ നിന്നും മണ്ണിൽ കാൽവച്ച നാളന്നു നീ
അഭയാർത്ഥിയായിട്ടല്ലേ വാഴ്വതിന്നിടം നേടി?
അഭയം തേടിത്തേടി വൻകരകളേത്താണ്ടി,
തരളമാം ചങ്ങാടത്തിൽ കടലുകൾ കടന്നേറി.
കാലിമേക്കുന്നോരായി, സാർഥവാഹകരായി,
സ്വർണവും തേനും പിന്നെ മതവും വിൽക്കാൻ പോയി.
പടയോട്ടങ്ങൾ, വൃഥാ വംശയുദ്ധങ്ങൾ, പക,
സിന്ധുവിൽ സംസ്കാരങ്ങൾ, യൂഫ്രട്ടീസ് നദീതടം.
മായന്റെ കൊട്ടാരങ്ങൾ, പടുത്തേറിയ സാമ്രാജ്യങ്ങൾ,
കാലത്തിൽ മണൽക്കാറ്റിൽ തകർന്നടിഞ്ഞില്ലാതായി.
വംശശുദ്ധിയൊന്നുണ്ടോ? ജീവന്നു മതമുണ്ടോ?
കൊന്നുകൂട്ടുകയല്ലേ മഹത്താമഹിംസാമതം?*
പലായനം ചെയ്യാത്തവർ മനുഷ്യവംശത്തിലില്ലാ,
കെടാതെ സൂക്ഷിക്കാനായ്, ജീവന്റെ തിരിനാളം.
കേവലചരാചര നിയമമോർക്കാത്ത മർത്യാ,
കാറ്റിലും കടലിലും കൊടും വിഷങ്ങൾ വിതച്ചോനേ,
സരടങ്ങളേപ്പോൽ നീയും പൂർവിയിൽ മറഞ്ഞിടാം,
കഠിനം; തുടരുമൂഴി നിത്യഭ്രമണം നിർബാധയായ്.

*മ്യാന്മാറിലെ വംശഹത്യ: ബുദ്ധമതക്കാരാണു ചെയ്യുന്നത്.

**പെൺപക്ഷം**



അജിത കെ.

# ചരിത്രം മുന്നോട്ടു പോവുകയോ പുറകോട്ടടിക്കുകയോ?

നൂറ്റാണ്ടിലെ ഒരു മഹാപ്രളയ ദുരന്തം കഴിഞ്ഞ് മാസങ്ങൾ രണ്ട് കഴിയുന്നതേയുള്ളൂ. അതിനുമുമ്പ് ആ പ്രളയകാലത്തുണ്ടായ ജാതിമത വ്യത്യാസങ്ങളേയും സാമ്പത്തിക ഉച്ചനീചത്വങ്ങളേയും പുറന്തള്ളിയ ഏറ്റവും സുന്ദരമായ ആ ജനകീയ ഐക്യം, ഊതിവീർപ്പിച്ച ബലൂണിൽ സൂചി കുത്തിയ പോലെ അപ്രത്യക്ഷമായിരിക്കുന്നു!

സുപ്രീംകോടതി അടുത്ത കാലത്ത് സുപ്രധാനമായ മൂന്ന് വിധികൾ പ്രസ്താവിച്ചു. ഒന്ന്, ബ്രിട്ടീഷ് സദാചാര പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന ഐ.പി.സി. 377-ാം വകുപ്പ് റദ്ദാക്കി, രണ്ട്, വിവാഹേതര ബന്ധത്തിന്റെ ക്രിമിനൽവല്ക്കരണം റദ്ദാക്കി, അവസാനത്തേതായിരുന്നു ശബരിമല യുവതീ പ്രവേശം അനുവദിക്കുന്ന വിധി. ഇന്ത്യൻ ഭരണഘടനയിൽ എടുത്തു പറയുന്ന പൗരന്റെ/പൗരയുടെ മൗലികാവകാശത്തെ അടിസ്ഥാനമാക്കിയുള്ള ഈ വിധി, സംസ്ഥാനത്ത് വർഗ്ഗീയ ധ്രുവീകരണം ലക്ഷ്യം വെക്കുന്ന ബി.ജെ.പി-ആർ.എസ്.എസ്. തുടങ്ങിയ സംഘപരിവാർ ശക്തികൾക്ക് കിട്ടിയ പിടിവള്ളിയായി. ജനങ്ങൾക്കിടയിൽ രൂഢമൂലമായി നിലനിൽക്കുന്ന മതവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളിലൂന്നിയ ആചാരങ്ങളും മുതലെടുത്തുകൊണ്ട് സ്ത്രീകളെത്തന്നെ രംഗത്തിറക്കി സ്ത്രീകളുടെ തന്നെ മൗലികാവകാശങ്ങളെ എതിർക്കാൻ പ്രേരിപ്പിക്കുക, സുപ്രീംകോടതി വിധിയെ പിന്തുണയ്ക്കുന്ന സംസ്ഥാന സർക്കാറിനെ വെട്ടിലാക്കുക എന്നീ ചരിത്രത്തെ പുറകോട്ടടിപ്പിക്കുന്ന ദുഷ്കർമ്മങ്ങൾ അവർ ചെയ്തു കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ മതേതര-ജനാധിപത്യ-പുരോഗമന-സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് ഹിന്ദുത്വത്തിന്റെ തേരോട്ടം മുന്നേറുകയാണ്. കേരളം ഗുജറാത്തിനേക്കാൾ ഭീകരമായ വർഗ്ഗീയ ചേരിതിരിവുകളുടേയും കലാപങ്ങളുടേയും ദുരന്തഭൂമി ആകാൻ പോവുകയാണോ?

**കേരളം ഗുജറാത്തിനേക്കാൾ ഭീകരമായ വർഗ്ഗീയ ചേരിതിരിവുകളുടേയും കലാപങ്ങളുടേയും ദുരന്തഭൂമി ആകാൻ പോവുകയാണോ?**

ഇതിന്നിടയിൽ ചെറുപ്പക്കാരായ സ്ത്രീകൾക്കിടയിൽ, പ്രത്യേകിച്ച് സിനിമാമേഖലയിലും പത്രപ്രവർത്തക തലത്തിലും ഉയർന്നുവരുന്ന 'മീ ടൂ' എന്ന പ്രസ്ഥാനം വളരെയേറെ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. ഇത് ഹോളീവുഡിൽ നിന്ന് തുടങ്ങി ഇന്ന് കേരളത്തിലും വ്യാപിച്ചിരിക്കയാണ്. കാലങ്ങളായി മൂടിവെക്കപ്പെട്ട ഇത്തരം സത്യങ്ങൾ പല വൻതോക്കുകളേയും കടപുഴക്കി എറിഞ്ഞിരിക്കുന്നു. താനനുഭവിച്ച പീഡനങ്ങൾ തുറന്ന് പറയാൻ ധൈര്യപ്പെട്ട നമ്മുടെ കന്യാസ്ത്രീ സഹോദരിയെ പോലെ നമ്മുടെ മത-സാമൂഹ്യഘടനകളിലെ സ്ത്രീവിരുദ്ധത തുറന്നു കാട്ടപ്പെട്ടുകൊണ്ടിരിക്കയാണ്.

അന്വേഷിയെന്ന സ്ത്രീ അവകാശങ്ങൾക്ക് വേണ്ടി കോഴിക്കോട് രൂപീകരിക്കപ്പെട്ട സ്ത്രീ പ്രസ്ഥാനത്തിന് ഇതിന്നിടയ്ക്ക് ഇരുപത്തഞ്ച് വർഷം തികയുകയാണ്. പുറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ, കോഴിക്കോട് ഇത്തരമൊരു സംഘടന ഇത്രയും കാലം നിലനിന്നുവെന്നത് തന്നെ അത്ഭുതമാണ്. ഒരു കൂട്ടം സ്ത്രീകളുടെ കഠിനാദ്ധ്വാനവും ആത്മാർത്ഥതയും സ്വയംസമർപ്പണവും ഇതിന്റെ പുറകിലുണ്ട്. സാമൂഹ്യമായ ഒരുപാട് എതിർപ്പുകളും പ്രതിസന്ധികളും കടന്നാണ് എത്ര സാമ്പത്തിക വിഷമതകളുണ്ടെങ്കിൽ പോലും അന്വേഷി ബാല്യവും കൗമാരവും കടന്ന് യൗവനത്തിലെത്തി നില്ക്കുന്നത്. തലയുയർത്തി നിൽക്കുന്ന ഈ സ്ത്രീ പ്രതീകം എക്കാലവും ഒരു മാതൃകയായിത്തീരുമെന്ന പ്രതീക്ഷയോടെ ഈ പെൺപക്ഷം ഞാൻ സമർപ്പിക്കുന്നു.



സാറാ ജോസഫ്

# കാൽനൂറ്റാണ്ട് പിന്നിടുന്ന അന്വേഷിക്ക് അഭിവാദ്യങ്ങൾ!



**ജീ**വിതത്തിൽ പുറന്തള്ളപ്പെടുന്ന സ്ത്രീകൾക്ക് കോഴിക്കോടെന്നാൽ അജിതയും അന്വേഷിയുമാണ്. കുഞ്ഞീബിക്ക് തുണയായി തെരുവിലിറങ്ങിക്കൊണ്ട് സ്ത്രീപക്ഷ സമരങ്ങൾക്ക് പുതിയ ദിശ ഉണ്ടാക്കിയ അജിത തുടർന്ന് നടത്തിയ ധീരമായ മുന്നേറ്റങ്ങളുടെയും വിജയങ്ങളുടെയും ഫലമായിട്ടാണ് അന്വേഷി ആരംഭിക്കുന്നത്. ഐസ്ക്രീം പാർലർ കേസ് അങ്ങേയറ്റം വരെ കൊണ്ടുപോകാൻ അജിതയും അന്വേഷിയും അനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകളും അപമാനങ്ങളും ഗുരുതരമായിരുന്നു. നിയമയുദ്ധങ്ങൾക്കു പിന്നാലെ ദൃഢനിശ്ചയത്തോടെ അജിതയും അന്വേഷിയും നടത്തിയ മാരത്തോൺ ഓട്ടം തീർച്ചയായും സ്ത്രീയുടെ പക്ഷത്തേക്ക് സമൂഹമനസ്സിനെ ആവാഹിക്കാൻ കെല്പുള്ളതായി മാറി. തുടർന്ന്, പുറന്തള്ളപ്പെടുമ്പോൾ, വീട്ടിൽ നിന്നിറങ്ങേണ്ടി വരുമ്പോൾ നിരാലംബരാകുന്ന സ്ത്രീകൾക്ക് ഒരു അഭയസ്ഥാനമില്ലെന്ന പ്രശ്നം അന്വേഷി ഏറ്റെടുത്തു. കേരളത്തിന്റെ നല്ല മനസ്സ് അന്വേഷിയോടൊപ്പം നിന്നു. വളരെ ചെറിയ നിലയിൽ തുടങ്ങിയ ആ സംരംഭം 25 കൊല്ലത്തിനുള്ളിൽ ശാഖോപശാഖകളായി പടർന്നു പിടിച്ചിരിക്കുന്നു. അന്വേഷി ഓഫീസിനു പുറമേ ഒരു ഷോർട്ട് സ്റ്റേ ഹോം, സ്ത്രീകളുടെ ലൈബ്രറി തുടങ്ങിയ പല സ്ഥാപനങ്ങൾ ഇന്ന് അന്വേഷിക്കുണ്ട്. സ്ത്രീകളുടെ ഉന്നമന പഠന ഗവേഷണങ്ങൾ, നാടകങ്ങൾ, ശില്പശാലകൾ, കലാ സാംസ്കാരിക പ്രവർത്തനങ്ങൾ എല്ലാറ്റിനുമുപരി മാധ്യമ പ്രവർത്തനത്തിൽ എട്ടാം വർഷത്തിലേക്ക് വിജയകരമായി പ്രവേശിക്കുന്ന 'സംഘടിത' എന്ന മാസിക, നിരവധി സെമിനാറുകൾ എന്നിങ്ങനെ ബൗദ്ധിക തലത്തിലുള്ള ഒട്ടേറെ പ്രവർത്തനങ്ങളും അന്വേഷി നിരന്തരം ചെയ്തു കൊണ്ടിരിക്കുന്നു. മാത്രമല്ല കൗമാരക്കാരായ പെൺകുട്ടികൾക്ക് നേരെയുണ്ടാകുന്ന അക്രമങ്ങൾ തടയാനും അവർക്ക് സംരക്ഷണം നൽകാനും സംസ്ഥാന സർക്കാർ ആരംഭിച്ച 'നിർഭയ' ഷെൽട്ടർ ഹോമുകളിൽ കോഴിക്കോട്ടെ സ്ഥാപനം നാലുവർഷങ്ങളായി അന്വേഷി നടത്തുന്നു.

"എല്ലാ സ്ത്രീകൾക്കുമായി ജാതി മത വർഗവർണ്ണ വ്യത്യാസമില്ലാതെ ഒരിടം" അതാണ് അന്വേഷി.

സ്ത്രീകൾക്ക് നേരെ നടക്കുന്ന അക്രമങ്ങൾക്കെതിരെ നിയമയുദ്ധങ്ങൾ നടത്താൻ അന്വേഷിയുടെ നിയമ വിഭാഗമുണ്ട്. മുഴുവൻ സമയപ്രവർ

**പരിഷ്കരണങ്ങളോ ഒത്തു തീർപ്പുകളോ കൊണ്ട് 'മാറ്റം' കൊണ്ടുവരാനാവില്ല. സ്ത്രീ കൾക്ക് ഒത്തുതീർപ്പുകളോ സംവരണങ്ങളോ അല്ല ആവശ്യം. സാമ്പത്തികവും സാമൂഹികവും ജനാധിപത്യപരവുമായ തുല്യ തയാണ്. ഇത് നേടണമെങ്കിൽ സ്ത്രീകൾക്ക് ബ്രാഹ്മണിക്കൽ പുരുഷാധിപത്യത്തോട് നിരന്തരം പോരാടേണ്ടി വരും.**

ത്തകരും ഭാഗികമായി സഹായിക്കുന്നവരും അനുഭാവികളും സഹകാരികളും ഒക്കെയായി വലിയൊരു സ്ത്രീ സാന്നിദ്ധ്യം ഇന്ന് അന്വേഷി ക്കുണ്ട്.

നമ്മുടെ നവോത്ഥാന മൂല്യങ്ങൾ സ്ത്രീ പ്രശ്നങ്ങൾ ഏറ്റെടുത്ത് ചില പരിഷ്ക്കരണങ്ങൾ നടത്തിയെന്നത് ശരിയാണ്. എന്നാൽ ലിംഗവിവേ ചനത്തിൽ അടിയുറപ്പിച്ചു നിൽക്കുന്ന കേരള സമൂഹത്തിൽ ജാതിമത-വർഗ-വ്യത്യാസമില്ലാതെ ആണും പെണ്ണും സ്വാംശീകരിച്ചു നിലനിർത്തിയി ട്ടുള്ളത് ബ്രാഹ്മണിക്കൽ പുരുഷാധിപത്യ മൂല്യങ്ങ ളാണ്. അത് തികച്ചും സ്ത്രീവിരുദ്ധവുമാണ്. വളരെ കുറച്ച് അപവാദങ്ങളൊഴിച്ചാൽ ലിംഗനീതി ക്കുവേണ്ടി നിലകൊള്ളുന്ന സ്ഥാപനങ്ങൾ ഇല്ലെന്നു തന്നെ പറയാം.

എന്നാൽ സ്ത്രീ വിമോചനാശയങ്ങളിലൂന്നി പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ത്രീ കൾ എണ്ണത്തിൽ കുറവാണെങ്കിലും അടിസ്ഥാന പരമായ സാമൂഹ്യമാറ്റം വരുത്തുന്നതിൽ വലിയ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു. ലിംഗനീതിയിലടി യുറച്ച ഒരു നവകേരള നിർമ്മാണം നടക്കണമെങ്കിൽ സവർണ്ണ പുരുഷാധിപത്യ മൂല്യങ്ങളുടെ കരിങ്കൽ ത്തറകൾ പൊളിച്ചു കളയേണ്ടതുണ്ട്. അന്വേഷി യടക്കമുള്ളവരുടെ ചിന്തയും പഠനവും പ്രവർത്തന ങ്ങളും, സമൂഹത്തിൽ ലിംഗനീതിയെക്കുറിച്ചുള്ള ബോധ്യങ്ങൾ ഉണ്ടാക്കിയെടുത്തു. പരിഷ്കരണ ങ്ങളോ ഒത്തുതീർപ്പുകളോകൊണ്ട് 'മാറ്റം' കൊണ്ടു വരാനാവില്ല. സ്ത്രീകൾക്ക് ഒത്തുതീർപ്പുകളോ സംവരണങ്ങളോ അല്ല ആവശ്യം. സാമ്പത്തികവും സാമൂഹികവും ജനാധിപത്യപരവുമായ തുല്യത യാണ്. ഇത് നേടണമെങ്കിൽ സ്ത്രീകൾക്ക് ബ്രാഹ്മണിക്കൽ പുരുഷാധിപത്യത്തോട് നിരന്തരം പോരാടേണ്ടി വരും.

ഈയടുത്ത കാലത്ത്, കേരളത്തിന്റെ തെരുവീഥികൾ കണ്ട അസാധാരണമായ കന്യാസ്ത്രീ സമരവും WCC യുടെ സമരവും പോലെയുള്ളവ സാധ്യമാകുന്നത് ദശകങ്ങളായി സ്ത്രീവിമോചനപ്രവർത്തകരുടെ ആശയപ്രചാ രണവും പ്രവർത്തനവും മൂലമാണ്.

ലിംഗനീതി നിഷേധിക്കപ്പെട്ട സ്ത്രീകളും ട്രാൻസ്ജെൻഡറുകളും ഒറ്റക്കെട്ടായി മാറി ബ്രാഹ്മണിക്കൽ പുരുഷാധിപത്യ മൂല്യവ്യവസ്ഥ യിൽ അധിഷ്ഠിതമായ നീതിനിയമവ്യവസ്ഥയിൽ തിരുത്തലുകൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഈ യടുത്ത് ട്രാൻസ്ജെൻഡറുകൾക്ക് തുല്യനീതി ഉറപ്പാക്കുന്നതും, വിവാഹേതരബന്ധം കുറ്റകര മല്ലാതാക്കുന്നതും ശബരിമലയിലെ സ്ത്രീ പ്രവേശം ഉറപ്പാക്കുന്നതും തുടങ്ങിയ സുപ്രിം കോടതി വിധികൾ ലിംഗനീതിയിലൂടെ സാമൂഹ്യമാറ്റത്തി നായി ഒത്തുതീർപ്പില്ലാത്ത വിമോചനാശയങ്ങൾ മുന്നോട്ടുവെച്ച് നിരന്തരം ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്നവരുടെ ശ്രമഫല മാണ്. അതിന്റെ മുൻനിരയിൽ അന്വേഷിയുണ്ട്.

25 മത്തെ വാർഷികം ആഘോഷിക്കുന്ന അന്വേഷിക്കും അജിതയ്ക്കും എന്റെ അഭിവാദ്യ ങ്ങൾ !

പ്രിയപ്പെട്ട 'സംഘടിത' വായനക്കാരോട്,

ഈ മാസം 17-ാംനു അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, കോഴിക്കോ ടിന് ഇരുപത്തഞ്ച് വർഷം തികയുകയാണ്. അന്നേ ദിവസം കോഴിക്കോട് കെ.പി. കേശവ മേനോൻ ഹാളിൽ വെച്ച് ഈ വാർഷികം ഞങ്ങൾ ആഘോഷിക്കുകയാണ്.

അന്നുതന്നെ 'മതരാഷ്ട്രീയവും സ്ത്രീകളും' എന്ന വിഷയത്തെക്കുറിച്ച് സെമിനാറും നടക്കുന്നു.

അഭിമാനകരമായ ഈ മുഹൂർത്തത്തിൽ ഞങ്ങളോടൊപ്പം പങ്കുചേരാൻ സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

**'സംഘടിത' പത്രാധിപ സമിതിക്കുവേണ്ടി**
**കെ. അജിത**



വാസ്തവം



ഡോ.ജാൻസി ജോസ്

# മീ ടൂവിൽ തകരുന്ന മുഖംമൂടികൾ

'മീ ടു' ഏറ്റവും നല്ല രാഷ്ട്രീയ പ്രതിരോധമാണ്. ഓരോ പെണ്ണിനും പറയാനുള്ളത് പറയാനുള്ള അവസരം ഉപയോഗപ്പെടുത്തുന്ന സമരം തന്നെയാണിത്. സമൂഹത്തെ സേവിക്കുന്നവർ അതിനു യോഗ്യരായിരിക്കണം എന്ന തിരിച്ചറിവു നല്കുന്നുണ്ട് ഈ തുറന്നു പറച്ചിൽ. ആരാര് ആദ്യം പറയും എന്നതാണ് ആകെയുള്ള കൺഫ്യൂഷൻ. മാത്രമല്ല, ആരെക്കുറിച്ച് ആദ്യം പറയും എന്നതും ഒരു പ്രശ്നമാണ്. പെണ്ണെന്ന നിലയിൽ ഏതെങ്കിലും തരത്തിൽ ലൈംഗികമായി ദുരുപയോഗം ചെയ്തിട്ടുള്ളവർ വളരെയധികം ഉണ്ട്. നോക്കു കൊണ്ടോ വാക്കു കൊണ്ടോ ചെയ്തി കൊണ്ടോ അതു അനുഭവിച്ചിട്ടുണ്ടാവും. ചിലരതിനെ നിസ്സാരമായി കരുതുന്നു. ചിലരതിനെ വിധിയെന്നു കരുതുന്നു. മറ്റു ചിലർ അതിനെ അംഗീകരിക്കുന്നു. ചുരുക്കം ചിലർ പ്രതികരിക്കാനാകാതെ വിഷമിക്കുന്നു. കുട്ടിക്കാലങ്ങളിൽ പറയാനുള്ള മടിയും താൻ തന്നെ തെറ്റുകാരിയാക്കപ്പെടും എന്ന ഭയവും തുറന്നു പറയുവാനോ പെൺകുട്ടികളെക്കൊണ്ട് തുറന്നു പറയിപ്പിക്കാനോ തുനിയാറില്ലായിരുന്നു. തിരിച്ചറിവിന്റെ കാലത്ത് വിവേകവും ബുദ്ധിയും മികവും പ്രകടമാക്കുന്ന കാലത്ത് ഇത്തരം അതിക്രമങ്ങൾക്കിരയായാൽ ഒരു പെണ്ണും അതു മറക്കുകയോ നിസ്സാരമായി കരുതുകയോ ചെയ്യില്ല. ചിലർക്ക് അപ്പോൾത്തന്നെ തുറന്ന പറയുവാനോ പ്രതികരിക്കുവാനോ കഴിഞ്ഞെന്നു വരില്ല. തുറന്നു പറയുവാനുള്ള ആർജ്ജവം നേടിയതിനു ശേഷം അവർ തുറന്നു പറയുക തന്നെ ചെയ്യും. അതാണിവിടെ നടന്നു കൊണ്ടിരിക്കുന്ന 'മീ ടു'.

'മീ ടു'വിനെ ആരൊക്കെ ഭയപ്പെടുന്ന എന്നറിയാൻ അതിനെതിരെ പ്രതിഷേധിക്കുന്നവരെ തിരഞ്ഞുപിടിച്ചാൽ മതിയാവും. ചിലർ ഭയന്നിട്ട് മിണ്ടാട്ടം മുട്ടിപ്പോയിട്ടുണ്ട്. മറ്റു ചിലർ ആരുമറിയാതെ നെഞ്ചിടിപ്പോടെ കഴിയുന്നു. ഞാനിതു പറയുമ്പോൾ ലോകത്തുള്ളവരെല്ലാം ഇത്തരത്തിലാണെന്ന ധാരണ എനിക്കില്ലട്ടോ. അക്കാര്യത്തിൽ ഒന്നേ എനിക്കു പറയുവാനുള്ളൂ. ചെയ്തവർ മറന്നു പോയിട്ടുണ്ടെങ്കിലും അനുഭവിച്ചവർ മറന്നു പോവില്ല എന്നതാണത്. എന്തായാലും ഇത്തരത്തിലുള്ള പ്രതിരോധങ്ങൾ സ്ത്രീകൾ തന്നെ കണ്ടെത്തുകയും സ്ത്രീക്ക് സ്ത്രീയായി കഴിയാനുള്ള അവകാശം സ്ഥാപിച്ചെടുക്കുകയും ചെയ്യും എന്നതിൽ തെല്ലു പോലും സംശയമില്ല.

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# സുനീതിയുടെ ലോകത്തിലേക്ക് ഒരു എത്തിനോട്ടം



**ക**ഴിഞ്ഞ കുറച്ചു മാസങ്ങളായി നമ്മളുടെ പൊതു സ്വകാര്യ ജീവിതങ്ങൾ കലുഷമാണ്. മീ ടു പ്രസ്ഥാനവും ശബരിമല വിവാദങ്ങളും ചേർന്ന് ഓർമിപ്പിക്കുന്ന ദുഃഖ സത്യമുണ്ട്. സ്ത്രീകളുടെ കെട്ടകാലങ്ങൾ തീർന്നിട്ടില്ല എന്നത്. ഏതു നിമിഷവും നഷ്ടപ്പെടാവുന്ന കൊച്ചു കൊച്ചു സ്വാതന്ത്ര്യങ്ങളാണ് നമ്മൾ ആസ്വദിച്ചു കൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിലാണ് സുനീതി നാംജോഷി എന്ന എന്റെ ഏറെ പ്രിയപ്പെട്ട കഥാകാരിയെ വീണ്ടും വായിക്കാൻ ഇടയായത്. അനന്യമായ നർമ്മബോധവും ദാർശനികമായ ഗരിമയും നിശിതമായ ഉൾക്കാഴ്ചകളും ഈ എഴുത്തുകാരിയുമൊത്തുള്ള സമയങ്ങളെ സമ്പന്നമാക്കുന്നു. അവരുടെ Feminist Fables എന്ന പുസ്തകം ഈസോപ്പ് കഥകൾക്കും പഞ്ചതന്ത്രകഥകൾക്കും ഒരു സ്ത്രീപക്ഷ ബദൽ ഉണ്ടാക്കാനുള്ള ശ്രമമാണ്. എനിക്ക് ഏറ്റവും പ്രിയങ്കരമായ ചില കഥകളുടെ മലയാള പരിഭാഷകളാണ് ഞാൻ വായനക്കാരുമായി ഈ ലക്കത്തെ വഴിത്താരകളിൽ പങ്കു വെക്കുന്നത്. കെട്ട കാലങ്ങളെ നമുക്ക് അതിജീവിക്കാം–ചിരിച്ചും ചിന്തിച്ചും സ്വപ്നം കണ്ടും. അധികാരത്തെ നോക്കി സത്യം വിളിച്ചു പറയുന്ന സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന വെല്ലുവിളികൾ ഭീകരമാണ്. അതുകൊണ്ടു തന്നെ സുനീതിയുടെ കഥകൾ ഇന്നും നമ്മോടു സംസാരിക്കുന്നു. ഒന്ന് വായിച്ചു നോക്കൂ.

**പാഠം**

രാജാവ് നഗ്നനായി പ്രത്യക്ഷപ്പെടുകയും, ഒരാളും ആ പ്രൗഢ നിമിഷത്തെ അലോസരപ്പെടു




ത്താതിരിയ്ക്കുകയും ചെയ്തതിന് ശേഷം, ഒരു കൊച്ചു പെൺകുട്ടി ഒന്നും മിണ്ടാതെ വീട്ടിലേയ്ക്ക് പോയി, അവളുടെ വസ്ത്രങ്ങൾ അഴിച്ചു മാറ്റി, അമ്മയോടു പറഞ്ഞു, "എന്നെ നോക്കൂ... ഞാൻ ഒരു രാജാവാണ്."

അമ്മ പറഞ്ഞു: "വിഡ്ഢിത്തം പറയല്ലേ കുഞ്ഞേ, ആൺകുട്ടികളാണ് രാജാക്കന്മാരാവുക. കൊച്ചു പെൺകുട്ടികൾ രാജാക്കന്മാരെ വിവാഹം ചെയ്യുന്നു; അവർ നാക്കടക്കി വെക്കാൻ പഠിക്കുന്നു. പ്രത്യേകിച്ചും രാജാവിന്റെ വസ്ത്രങ്ങളുടെ കാര്യത്തിൽ."

**പൊരുത്തക്കേട്**

ഒടുവിൽ, അവൾ മരിച്ചു സ്വർഗ്ഗത്തിലേക്കു പോയി. എല്ലാവരും നല്ലവരായിരുന്നു. സ്വർഗ്ഗ രാജൻ ദയാമയനും,പിതാമഹതുല്യനുമായിരുന്നു. അദ്ദേഹത്തിന് അവളെ ഇഷ്ടപ്പെട്ടു എന്ന് തോന്നി. അവളെ കാണുമ്പോഴെല്ലാം അദ്ദേഹം പുഞ്ചിരിച്ചു. അവൾക്കവിടെ ഒരിടം ഉണ്ടെന്നത് വ്യക്തമായിരുന്നു. അവൾ പ്രസന്നയായിരുന്നു. ഒരിക്കലും അവൾ മര്യാദകേടു കാണിച്ചില്ല. വേണമെങ്കിൽ അവൾക്കവിടെ നിഷ്പ്രയാസം പൊരുത്തപ്പെട്ടു പോകാമായിരുന്നു. പക്ഷേ അവൾ ഏകാന്തമായ കോണുകൾ അന്വേഷിക്കുവാനും കൂട്ടത്തെ ഒഴിവാക്കി ഒറ്റക്കു നടക്കുവാനും തുടങ്ങി. ഒരു ദിവസം സ്വർഗ്ഗാധിപൻ വിശാലമായ ഒരു ഹാളിലൂടെ നടന്നു പോകുമ്പോൾ, ജനാലയ്ക്ക് പുറത്തേക്ക് ഉറ്റുനോക്കി അവൾ നിൽക്കുന്നത് കണ്ടു. അവളുടെ തോളിലൂടെ കയ്യിട്ട് അയാൾ ചോദിച്ചു, "എന്താണ് പ്രശ്നം? നിനക്കിവിടം വീടു പോലെയല്ലേ? എന്താണിത്ര വിഷമം?" വീണ്ടും ഒരു കൊച്ചു പെൺകുട്ടിയായി, ഒന്നു പൊട്ടിക്കരഞ്ഞ് അവൾക്ക് 'സോറി' എന്നു പറയണമെന്നുണ്ടായിരുന്നു. പക്ഷേ അവൾ പറഞ്ഞത് ഇത്രമാത്രമായിരുന്നു: "ഇത് വീടു പോലെ തന്നെയാണ്. അതാണെന്നെ അലട്ടുന്നത്."

**നിസ്സംഗനായ കാമുകൻ**

അവൾ അതി സുന്ദരി ആണെന്നത് ആരും നിഷേധിച്ചില്ല. എല്ലാ ദിവസവും രാവിലെ തടാകത്തിലേക്ക് പോയി അവൾ തന്നെ ത്തന്നെ നോക്കിക്കൊണ്ട് നിന്നു. അല്പം ദൂരത്തായി ആട്ടിടയനായ നാർസിസ്സ് പിൻതുടർന്നിരുന്നു. അവൾ പിൻമാറി കഴിഞ്ഞാൽ അയാൾ അവൾ നിന്ന ഇടത്തു തന്നെ ചെന്ന് നിൽക്കുമായിരുന്നു. അയാൾ അവളുടെ പ്രതിബിംബത്തിനായി തിരഞ്ഞു, പക്ഷെ അയാൾക്ക് സ്വന്തം പ്രതിബിംബം മാത്രമേ കാണുവാൻ കഴിഞ്ഞുള്ളൂ. ഒരുദിവസം ആട്ടിടയനായ നാർസിസസ് സ്വന്തം മുഖത്തേക്ക് ഉറ്റുനോക്കി ഇരിക്കുമ്പോൾ സുന്ദരിയായ സ്ത്രീ തടാകത്തിലേക്ക് തിരിച്ചെത്തി. "നിങ്ങളെന്താണ് ചെയ്യുന്നത്?" അവൾ ആട്ടിടയനോട് ചോദിച്ചു "നിങ്ങളുടെ പ്രതിബിംബം തിരയുകയാണ്." "പക്ഷെ ഞാൻ കരയിലല്ലേ ജീവിക്കുന്നത്. വെള്ളത്തിലല്ലല്ലോ." സുന്ദരി പറഞ്ഞു. "നിങ്ങൾ ലജ്ജ കൂടാതെ എന്റെ മുഖത്തേക്ക് നോക്കുക. ഇതാ ഞാൻ." പക്ഷെ നാർസിസ്സ് എന്ന ഇടയൻ അവളുടെ നിർദ്ദേശം നിരസിച്ചു. അയാൾ സൗമ്യമായി പറഞ്ഞു: "നിങ്ങളെയല്ല. നിങ്ങളുടെ പ്രതിബിംബം മാത്രമേ എനിക്ക് ആവശ്യമുള്ളൂ."

■

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ






നാസയുടെ ബഹിരാകാശ ഗവേഷണങ്ങളിൽ നിർണ്ണായക സംഭാവന നൽകിയ ഒരു ഗണിതശാസ്ത്രജ്ഞ നൂറിന്റെ നിറവിൽ എത്തിനിൽക്കുകയാണിപ്പോൾ. കാതറീൻ ജോൺസൺ ആണ് നാസയുടെ ബഹിരാകാശ ഗവേഷണങ്ങളിൽ സങ്കീർണ്ണമായ ഗണിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയ വനിത. സ്ത്രീകൾ ഗണിതശാസ്ത്രം പഠിക്കുന്നതു പോയിട്ട് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവസരം പോലും തുച്ഛമായിരുന്ന ഒരു കാലത്ത് സ്വപ്രയത്നത്തിലൂടെ സ്വപ്നങ്ങൾ കൈയെത്തിപ്പിടിച്ച വനിതയാണ് കാതറീൻ.

1918 ഓഗസ്റ്റ് 16 ന് വെസ്റ്റ് വർജീനിയയിലെ വൈറ്റ് സൾഫർ സ്പ്രിങ്സിലാണ് കാതറീന്റെ ജനനം. കുട്ടിക്കാലത്തു തന്നെ അക്കങ്ങളെ കൂട്ടുകാരാക്കിയ കാതറീൻ ഗണിതത്തിലെ മികവു കൊണ്ട് എല്ലാവരെയും വിസ്മയിപ്പിച്ചു. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം വെസ്റ്റ് വർജീനിയ സ്റ്റാഫ് കോളേജിൽ ഗണിതം ഐച്ഛികവിഷയമായെടുത്ത് പഠിക്കാൻ അന്ന് അവസരം കിട്ടിയ അപൂർവ്വം കറുത്ത വർഗ്ഗക്കാരിൽ ഒരാളായിരുന്നു ആ പെൺകുട്ടി. 1937 ൽ ഉയർന്ന മാർക്കോടെ ബിരുദം നേടിയ ശേഷം വർജീനിയയിലെ ബ്ലാക്ക് പബ്ലിക് സ്ക്കൂളിൽ അധ്യാപികയായി സേവനമനുഷ്ഠിക്കാൻ തുടങ്ങി. 1939 ൽ അവിടുത്തെ ഗ്രാജ്വേറ്റ് സ്ക്കൂളുകളിൽ നടപ്പാക്കിയ പരിഷ്ക്കരണങ്ങളുടെ ഭാഗമായി വെസ്റ്റ് വർജീനിയ സ്റ്റേറ്റ് പ്രസിഡന്റ് കാതറീനും രണ്ട് പുരുഷ വിദ്യാർഥികൾക്കും പ്രശസ്തമായ വെസ്റ്റ് വർജീനിയ യൂണിവേഴ്സിറ്റിയിലെ ഗ്രാജ്വേറ്റ് മാത്സ് പ്രോഗ്രാമിലേക്ക് നേരിട്ട് പ്രവേശനം നൽകി. എന്നാൽ ആദ്യത്തെ സെഷൻ കഴിഞ്ഞപ്പോഴേക്കും കാതറീൻ വിവാഹിതയായി കുടുംബജീവിതത്തിലേക്ക് തിരിഞ്ഞു. പിന്നീട് തന്റെ മൂന്നു പെൺകുഞ്ഞുങ്ങൾ കുറച്ചൊന്നു വളർന്നതിനു ശേഷമാണ് കാതറിൻ വീണ്ടും ജോലിയിലേക്ക് തിരിഞ്ഞത്.

1953 ൽ NACA (നാഷണൽ അഡ്വൈസറി കമ്മിറ്റി എയ്റോനോട്ടിക്സ്) യിൽ ജോലി ലഭിച്ചത് കാതറിന്റെ ജീവിതത്തിലെ വഴിത്തിരിവായി. നാകയുടെ ലാങ്‌ലി ലാബിൽ ചേർന്നു പ്രവർത്തിക്കാനായി കാതറിൻ ഭർത്താവായ ജയിംസ് ഗോബിളിനും മക്കൾക്കുമൊപ്പം ന്യൂപോർട്ടിലേക്ക് താമസം മാറി. രണ്ടാഴ്ച കൊണ്ടു തന്നെ കാതറീന്റെ പ്രതിഭ തിരിച്ചറിഞ്ഞ ലബോറട്ടറി മേധാവി ഡൊറോത്തി വോഗൻ ഫ്ലൈറ്റ് റിസർച്ച് ഡിവിഷനിലെ പ്രോജക്റ്റിൽ കാതറീന് പ്രധാനപ്പെട്ട ഒരു ജോലി തന്നെ നൽകി. ഏറെ വൈകാതെ ജോലിയിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. തുടർന്നുള്ള നാലു വർഷങ്ങൾ ഫ്ലൈറ്റ് ടെസ്റ്റുകളുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ ഡാറ്റകൾ വിശകലനം ചെയ്യുന്ന തിരക്കിലായിരുന്നു കാതറിൻ. 1956 ൽ ഒരു വിമാനാപകടത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിൽ കാതറീൻ മുഴുകിയ സമയത്താണ് അർബ്ബുദ ബാധിതനായ ഭർത്താവിന്റെ മരണ വാർത്ത അവരെ തേടിയെത്തിയത്.

1957 ൽ സോവിയറ്റ് യൂണിയൻ ആദ്യ കൃത്രിമോപഗ്രഹമായ സ്പുട്നിക്ക് വിക്ഷേപിച്ചതോടെ ബഹിരാകാശ ഗവേഷണരംഗത്തെ കിടമൽസരം മുറുകി. യുഎസ്സും ബഹിരാകാശ ഗവേഷണങ്ങൾ ത്വരിതപ്പെടുത്താൻ തീരുമാനിച്ചു. അതോടെ കാതറീന്റെ ഗവേഷണങ്ങൾ പുതിയ മേഖലകളിലേക്ക് കടന്നു. 1958 ൽ നാക നാസ (NASA) ആയി മാറിയ

പ്പോൾ അതിലെ പ്രധാന സ്പേസ് ടാസ്ക് ഗ്രൂപ്പിൽ കാതറിനും സ്ഥാനം ലഭിച്ചു. അമേരിക്കയുടെ മനുഷ്യനെയും വഹിച്ചുകൊണ്ടുള്ള ആദ്യ ബഹിരാകാശ യാത്രയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി ട്രാജക്റ്ററി അനാലിസിസ് നടത്തുന്നതിൽ കാതറിൻ മുഖ്യ പങ്കു വഹിച്ചു. 1961 ലെ അലൻ ഷെപ്പേഡിന്റെ ബഹിരാകാശപ്പറക്കലിന് ഇത് ഏറെ സഹായകമായി. ബഹിരാകാശപ്പറക്കൽ, ബഹിരാകാശ പേടകങ്ങളുടെ ലാൻഡിങ് സ്ഥാനങ്ങൾ, കൃത്രിമോപഗ്രഹത്തിന്റെ ഭ്രമണ പഥം എന്നിവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ സമവാക്യങ്ങളുടെ സഹായത്തോടെ വിശകലനം ചെയ്തും പരിഹാരങ്ങൾ കണ്ടെത്തിയും കാതറിൻ ഒരു ഗവേഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. കറുത്ത വർഗ്ഗക്കാരിയായ ഒരു വനിത സ്വന്തം പേരിൽ ഒരു ഗവേഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു കൊണ്ട് ചരിത്രം കുറിക്കുക തന്നെയായിരുന്നു അന്ന്. 1962 ൽ ജോൺ ഗ്ലെൻ ഫ്രണ്ട്ഷിപ് 7 എന്ന പേടകത്തിൽ ഭൂമിയെ മൂന്നു തവണ വലം വച്ചു തിരിച്ചെത്തിയ ചരിത്ര ദൗത്യത്തിന്റെ വിജയത്തിനു പിന്നിലും കാതറിന്റെ ഗണിത ബുദ്ധിയുണ്ടായിരുന്നു. ഈ സങ്കീർണ ദൗത്യവുമായി ബന്ധപ്പെട്ട ഓർബിറ്റൽ സമവാക്യങ്ങൾ രൂപപ്പെടുത്തുന്നതിൽ കമ്പ്യൂട്ടർ സഹായം കൂടി പ്രയോജനപ്പെടുത്തി.

തന്റെ ഗവേഷണ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട നേട്ടമായി കാതറിൻ വിലയിരുത്തുന്നത് അപ്പോളോ–11 ചാന്ദ്രദൗത്യത്തിലെ ലൂണാർ ലാൻഡർ, മൂൺ ഓർബിറ്റിങ് കമാൻഡ് മൊഡ്യൂൾ എന്നിവയുമായി ബന്ധപ്പെട്ട അതിസങ്കീർണ്ണമായ ഗണിത പ്രശ്നങ്ങളുടെ നിർധാരണം തന്നെ. തന്റെ ഗവേഷണ കാലത്ത് ഇരുപത്തിയാറു ഗവേഷണ റിപ്പോർട്ടുകളാണ് ഈ വനിത പ്രസിദ്ധീകരിച്ചത്. ഓരോ ദിവസവും തന്റെ ജോലിയിൽ പുതുമ കണ്ടെത്തിക്കൊണ്ടിരുന്ന കാതറിൻ നീണ്ട മുപ്പത്തി മൂന്നു വർഷത്തെ ഗവേഷണത്തിനു ശേഷം 1986 ൽ നാസയിൽ നിന്നു വിരമിച്ചു. 2015 ൽ, 97 ആം വയസ്സിൽ അമേരിക്കയിലെ ഉന്നത ബഹുമതിയായ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം ഈ ശാസ്ത്രജ്ഞയെ തേടിയെത്തി. ■

## കാർട്ടൂൺ

**കടപ്പാട് : ഇന്റർനെറ്റ്**




**: ലൈംഗിക പീഡനം നടത്തിയവൻ സിനിമയിൽ അഭിനയിക്കുകയോ? വേണ്ട**
**: പകരം എന്റെ പാർട്ടിയിൽ ചേർന്നോളൂ**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

ഫോട്ടോഫീച്ചർ

# പെൺപാട്ടുവഴികൾ



## വൈക്കം വിജയലക്ഷ്മി

(വിചിത്രവീണാ വാദക)

അന്ധയായി വൈക്കത്ത് പിറന്നു. സംഗീതലോകത്ത് തന്റേതായ ശൈലി വികസിപ്പിച്ചിട്ടുണ്ട്. കർണ്ണാടക സംഗീതവും ലളിതഗാനവും സിനിമാഗാനവും, ഭക്തിഗാനങ്ങളും തനിക്ക് വഴങ്ങുമെന്ന് തെളിയിച്ചു കൊണ്ടിരിക്കുന്നു. നടൻ എന്ന സിനിമയിലെ 'ഒറ്റയ്ക്ക് പാടുന്ന...' എന്ന പാട്ടിന് മികച്ചഗായികയ്ക്കുള്ള സംസ്ഥാന അവാർഡും സെല്ലുലോയ്ഡ് എന്ന സിനിമയിലുള്ള ഗാനത്തിന് പ്രത്യേക ജൂറി പരാമർശവും ലഭിച്ചിട്ടുണ്ട്. വിചിത്രവീണ എന്ന അപൂർവ്വ ഉപകരണം വായിക്കുന്നതിൽ വിദഗ്ദ്ധയാണ്. വിവാഹത്തെ സംബന്ധിച്ച തന്റെ ധീരനിലപാടുകൾ കൊണ്ട് ശ്രദ്ധേയയായി.



## കേസർബായ് കേർകർ

(ബഹിരാകാശത്തിൽ മുഴങ്ങുന്ന ഇന്ത്യൻ ശബ്ദം)

1892ൽ ജനിച്ച് 1977ൽ അന്തരിച്ച കേസർബായ് ജയ്പൂർ അട്രൌളി ഖരാനയിൽ സ്വരമുദ്ര പതിപ്പിച്ച ഗായികയാണ്. സംഗീത നാടക അക്കാഡമി അവാർഡും പദ്മഭൂഷണും ലഭിച്ചിട്ടുണ്ട്. 1977ൽ അമേരിക്ക ബഹിരാകാശത്തേക്കയച്ച വോയേജർ എന്ന ബഹിരാകാശവാഹനത്തിൽ ലോകത്തെമ്പാടു നിന്നുമുള്ള ശബ്ദറികാർഡുകളുണ്ട്. അതിൽ ഇന്ത്യയിൽ നിന്നുമുള്ള സംഗീതവിഭാഗത്തിൽ അയച്ചിരിക്കുന്നത് കേസർബായ് കേർകറിന്റെ ഭൈരവ് രാഗത്തിലുള്ള 'ജാത് കാഹാൻ ഹോ' എന്ന ഗാനമാണ്.



## ദ്രുത ( കേരളത്തിലെ ആദ്യ പെൺബാന്റ് )

സ്ത്രീകൾ മാത്രം അംഗങ്ങളായിട്ടുള്ള കേരളത്തിലെ ഈ ബാന്റ് 2017ലാണ് തുടങ്ങിയത്. പാർവ്വതി രവികുമാർ ആണ് നയിക്കുന്നത്. എട്ടു പേരുള്ള ഈ ബാന്റിന്റെ ലക്ഷ്യം ഇന്തോ– ആഫ്രിക്കൻ പോലെ ലോകത്തുള്ള മറ്റ് പാട്ടുവഴികളുമായി ചേർന്ന് പുതിയ ഈണങ്ങൾ സൃഷ്ടിക്കുക എന്നതാണ് കേരളത്തിനകത്തും പുറത്തും നിരവധി പരിപാടികൾ നടത്തിയിട്ടുണ്ട്.



## റിമ്പ ശിവ

### (തബലവാദനത്തിലെ ബാലപ്രതിഭ)

ഇന്ത്യയിലെ വിരലിലെണ്ണാവുന്ന പെൺ തബലാ വാദകരിലൊരാൾ. കൊൽക്കത്തയിൽ ജനിച്ച റിമ്പ വളരെ കുഞ്ഞിലേ തബലവാദനത്തിൽ കഴിവ് തെളിയിച്ച ബാലപ്രതിഭയാണ്. അച്ഛനായ പ്രൊഫസർ സ്വപാൻ ശിവയിൽ നിന്ന് ഫാറൂക്ബാദ ഖരാന ശൈലിയിൽ തബലവാദനം പഠിച്ചു. ഇവരെപ്പറ്റി Rimpa Siva:Princess of Tabla എന്ന ഫ്രെഞ്ച് ഡോക്യുമെന്ററിയുണ്ട്. നാരിശക്തി എന്ന പെൺബാന്റിലെ അംഗമാണ്.